

# മുഹമ്മദ് തുഗ്ളക്ക് ഒരു പഠനം

ഡോ. സി കെ കരീം

# മുഹമ്മത് തുഗ്ളക്ക്
# ഒരു പഠനം

ഡോ. സി. കെ. കരീം

1980 വില–10ക

പ്രസാധകർ:

ചരിത്രം പബ്ലിക്കേഷൻസ്

തിരുവനന്തപുരം–695010

# MOHAMED TUGLAK - A STUDY

(Historical Research)

By

**Dr. C K. KAREEM**

First Impression September 1968

Second Impression June 1980

Copies: 1000

Price Rs. 10.00

Rights Reserved

Printed at: Anupama Printers, Trivandrum

Publishers: Charithram Publications

Trivandrum 695010

മൺമറഞ്ഞ മാതാപിതാക്കളുടെ
ഓർമ്മയ്ക്ക്

ഡോ. സി. കെ. കരീം

# ഉള്ളടക്കം


അവതാരിക

പ്രസ്താവന

അദ്ധ്യായം ഒന്ന് — തുഗ്ലുക്കിൻെറ ചരിത്രകാരൻമാർ

,, രണ്ട് — ചരിത്രകാരൻമാരുടെ തുഗ്ലുക്ക്

,, മൂന്ന് — കുററവും ശിക്ഷയും

,, നാല് — ഭരണപരിഷ്കാരങ്ങൾ

,, പരാജയമായിരുന്നില്ല.

,, അഞ്ച് — തലസ്ഥാനമാററം

ചരിത്രവങ്കത്തം.

,, ആറ് — മുഹമ്മദ് തുഗ്ലുക്കും

വൈദേശിക സമ്പർക്കവും.

,, ഏഴ് — മുഹമ്മദ് തുഗ്ലുക്കിൻെറ

ആത്മകഥ.

,, എട്ട് മഹാനായ ധിക്കാരി.

,, ഗ്രന്ഥസൂചി

# അവതാരിക

ചരിത്രപഠനം നമ്മുടെ വിദ്യാഭ്യാസപദ്ധതിയിലെ അതിപ്രധാനമായ ഒരു വിഷയമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഭാരതത്തിൻെറയും ലോകത്തിൻേറയും ചരിത്രം വിശദാംശങ്ങളോടു ഉൾപ്പെടെ പഠിച്ചുവരുന്നുണ്ട്. എങ്കിലും പരീക്ഷയെ ഭയപ്പെട്ടിട്ടല്ലാതെ ആ വിഷയത്തോട് എത്ര പേർ കൂറ് കാണിക്കുന്നുണ്ട്? എന്നാൽ ചരിത്രപഠനത്തിൻെറ പ്രാധാന്യമോർത്താലോ. ജനസമൂഹത്തിൻെറ അതിദീർഘമായ കഥയല്ലേ അത്? രാഷ്ട്രങ്ങളുടെയും, സമുദായങ്ങളുടേയും, മതങ്ങളുടേയും കലാപ്രവർത്തനങ്ങളുടേയും, ചുരുക്കത്തിൽ മനുഷ്യജീവിതത്തിൻെറ എല്ലാ ഭാവങ്ങളുടേയും കഥയാണ്, പൂർണ്ണമായ അർത്ഥത്തിൽ ചരിത്രം. ഈ വസ്തുസ്ഥിതി ഓർമ്മിച്ചുകൊണ്ടാണ് ചരിത്രപഠനത്തിൽ അത്യന്തം ബുദ്ധിപൂർവ്വമായ സമുത്സാഹം പ്രദർശിപ്പിക്കുന്ന ശ്രീ. കരീമിൻെറ ചരിത്രപഠനയത്നങ്ങളെ ഞാൻ സവിശേഷമായ കൗതുകത്തോടെ വീക്ഷിക്കുന്നത്. കലാലയത്തിലെ ചരിത്രാദ്ധ്യാപകൻ എന്ന നിലക്ക് ഉദ്യോഗകൃത്യമായി മാത്രമല്ല അദ്ദേഹം ഈ വിഷയം കൈകാര്യം ചെയ്യുന്നത്. പിന്നയോ ജ്ഞാനവിസ്തൃതിക്ക് ആത്മാർപ്പണം ചെയ്ത വിദ്യാർത്ഥി കൃതകൃത്യത നേടാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗമായിട്ടുകൂടിയാണ്. ശ്രീ. കരീമിൻെറ 'ഇന്ത്യാചരിത്രത്തിന് ഒരു മുഖവുര' എന്ന ഗ്രന്ഥം അതിനു മതിയായ ഉദാഹരണവുമാണ്. ആ ഗ്രന്ഥം മുഖാന്തിരമാണ് ഈ പ്രഗത്ഭ ചരിത്രപണ്ഡിതനെ എനിക്ക് പരിചയിക്കുവാൻ ഇടവന്നത്. ആ പരിചയവും, ആ വഴിക്ക് ഞങ്ങൾ തമ്മിലുണ്ടായ സ്നേഹബന്ധവുമാണ് ഇതിൻെറ അവതരണകൃത്യത്തിന് എനിക്ക് അവകാശം നല്കുന്നത്.

'മുഹമ്മദ് തുഗ്ലക്ക്, ഒരു പഠനം' എന്ന ഈ പ്രബന്ധം, ശാസ്ത്രീയ ചരിത്രപഠനത്തിലും, നിരൂപണപരമായ ചരിത്രരചനയിലും, സിദ്ധമായ സാമർത്ഥ്യത്തെയാണ് തെളിയിക്കുന്നത്. ഇൻഡ്യാചരിത്രത്തിലെ വിവാദപ്രശ്നങ്ങളിൽ ഏററവും മികച്ചുനില്ക്കുന്ന ഒന്നാണ് തുഗ്ലക്കിന്റെ ചരിത്രം. എത്ര പ്രതികൂല നിരൂപകനായിരുന്നാലും തുഗ്ലക്ക് ഒരു അസാധാരണ പുരുഷനായിരുന്നുവെന്ന വിഷയത്തിൽ തെല്ലും സംശയിക്കുവാൻ നിവൃത്തിയില്ല. എന്നാൽ ചരിത്രകാരന്മാരുടെ ഗണനയിൽ അനേകം രൂപത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് തുഗ്ലക്കിന്റെ വ്യക്തിത്വം. എങ്കിലും പൊതുവേയുള്ള ബോധം അല്പ്പമൊരു ഭ്രാന്തിന്റെ ഭാവം പ്രദർശിപ്പിച്ച ഒരു ഭരണാധികാരിയായിരുന്നു തുഗ്ലക്ക് എന്നത്രേ. നൂററാണ്ടുകൾക്കുശേഷം വരേണ്ട പുരോഗമന പരിഷ്കാരങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് സമകാലത്തോടു പൊരുത്തമില്ലാതെപോയ ഭരണാധിപനായിരുന്നു അദ്ദേഹമെന്ന് പരിഗണിക്കുന്ന ചരിത്രപണ്ഡിതന്മാരുമുണ്ട്. ഡൽഹിയിൽ നിന്നും ദേവഗിരിയിലേക്ക് തലസ്ഥാനം മാററിയെന്നു തുടങ്ങി, ആ സുൽത്താന്റെ സകല ഭരണകൃത്യങ്ങളേയും അനുകൂലമായും പ്രതികൂലമായും നിരൂപണം ചെയ്തുവരുന്നു. ഇങ്ങനെ ഇൻഡ്യാചരിത്രത്തിൽ അത്യന്തശ്രദ്ധ അർഹിക്കുന്ന ഒരു മഹാപുരുഷന്റെ ജീവിതത്തേയും കൃത്യത്തേയും ഒരു ചരിത്രപണ്ഡിതന്റെ സമചിത്തതയോടും ചരിത്രവിമർശകന്റെ നിരൂപണദൃഷ്ടിയോടും കൂടി പഠിച്ചിട്ടുള്ളതിന്റെ ഫലമാണ് ഈ പ്രബന്ധം. തുഗ്ലക്കിന്റെ ചരിത്രം രചിച്ചിട്ടുള്ള പണ്ഡിതന്മാരെപ്പററിയും ആ ചരിത്രകാരന്മാരുടെ ഭാവനയിൽപ്പെട്ട തുഗ്ലക്കിന്റെ വ്യക്തിത്വത്തെപ്പററിയും വേണ്ടതുപോലെ പ്രതിപാദിച്ചിട്ടുള്ളത് ഈ പ്രബന്ധത്തിന്റെ നല്ലൊരു പീഠികയാണ്. 'കുററവും ശിക്ഷയും' 'തലസ്ഥാനമാററം' — ചരിത്രവങ്കത്തം' തുടങ്ങിയുള്ള അദ്ധ്യായങ്ങളിലൂടെ ചരിത്രവിചാരം ചെയ്തുകൊണ്ടുപോകുന്ന ശ്രീ. കരീം തന്റെ ചരിത്രനായകനെ 'മഹാനായ

ഒരു ധികാരി' യാക്കി പ്രദർശിപ്പിക്കുകയാണ്, അവസാനത്തെ (എട്ടാം) അദ്ധ്യായത്തിൽ. ഒന്നിൽ കൂടുതൽ അഭിപ്രായങ്ങൾക്ക് വക നല്കുന്ന വസ്തുതകളാണ് തുഗ്ലക്കിൻെറ ചരിത്രത്തിൽ ആദ്യന്തം ഉള്ളതെന്ന കാര്യം വേണ്ടതുപോലെ മനസ്സിലാക്കികൊണ്ടുതന്നെയാണ് ശ്രീ. കരീം ഈ പ്രബന്ധം രചിച്ചിട്ടുള്ളത്. എങ്കിലും ചരിത്രപുരുഷന്മാരെ നിരൂപണം ചെയ്യുന്നത് പൂർണ്ണമായ ധാരണയോടുകൂടി വേണം എന്ന ബോധം ശ്രീ. കരീം ഗാഢമായി അവലംബിക്കുന്നു. ആ ബോധവും അതിനനുസരണമായ രചനാശൈലിയും, ഈ പ്രബന്ധത്തെ സുതരാം ആകർഷകമാക്കിത്തീർക്കുന്നു. ശ്രീ. കരീമിൻെറ സിദ്ധാന്തങ്ങളോട് പൂർണ്ണമായി യോജിക്കാത്തവർപോലും അദ്ദേഹത്തിൻെറ ചരിത്രരചനാ രീതിയെ അഭിനന്ദിക്കാതിരിക്കുകയില്ല.

ശ്രീ. കരീം നമ്മുടെ ചരിത്രവിജ്ഞാനശാഖക്ക് നല്കുന്ന വിലപ്പെട്ട സംഭാവനകളെപററി എനിക്കുള്ള അഭിനന്ദനം രേഖപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിൻെറ സാഹിത്യസംരംഭത്തിന് സകല വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

തിരുവനന്തപുരം

**ശൂരനാട്ട് കുഞ്ഞൻപിള്ള**

20 – 8 – 1966.

## ഒന്നാം പതിപ്പിന്റെ പ്രസ്താവന

ഏതൊരു ചരിത്ര ജിജ്ഞാസുവിന്റേയും ശ്രദ്ധയെ ഹഠാദാകർഷിക്കുന്ന വിഷയമാണു് മുഹമ്മദ് തുഗ്ലക്കിനെ സംബന്ധിച്ചുള്ള ഇന്ത്യാചരിത്ര പാഠങ്ങൾ. എന്നാൽ ഇന്നു കേട്ടുകൊണ്ടിരിക്കുന്ന മുഹമ്മദ് തുഗ്ലക്കിന്റെ ചരിത്രം എത്രമാത്രം വസ്തുനിഷ്ഠമാണെന്ന കാര്യം അവഗാഹമായ പഠനത്തിന് ആരും ഇതുവരേയും വിഷയമാക്കിയിട്ടില്ല. ചരിത്രവിചാരം നടത്തുന്നവരുടെ സവിശേഷശ്രദ്ധയെ ക്ഷണിക്കുന്ന ഒരു ചരിത്രനായകനാണ് മുഹമ്മദ് തുഗ്ലക്ക്. അദ്ദേഹത്തിന്റെ അപാരമായ അറിവിനെക്കുറിച്ചും അനല്പമായ ധിഷണാവിലാസത്തെ സംബന്ധിച്ചും ചരിത്രകാരൻമാർക്കാർക്കും എതിരഭിപ്രായമില്ലെങ്കിലും, പ്രായോഗിക രാഷ്ട്രീയത്തിൽ പരിതാപകരമായി പരാജയമടഞ്ഞ ഒരു ഭരണാധികാരിയും ലോകത്തൊരിടത്തും കാണുകയില്ലെന്നാണ് പരക്കേയുള്ള പക്ഷം. ഈ പൊതുധാരണയുടെ അടിസ്ഥാനത്തിൽ ഓരോ എഴുത്തുകാരന്റേയും സമ്പന്നമായ ഭാവനക്കൊപ്പിച്ച് ധാരാളത്തിലേറെ വിസ്മയകരങ്ങളായ കള്ളക്കഥകൾകൂടി ഓരോരുത്തരും എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ട്. അങ്ങനെ മുഹമ്മദ് തുഗ്ലക്കെന്ന ചരിത്രപുരുഷൻ ഇൻഡ്യാചരിത്രത്തിലെ ഏററവും വലിയ പ്രശ്നങ്ങളിൽ ഒന്നായി അവശേഷിച്ചിരിക്കുകയാണ്.

ഞാൻ ഈ പഠനത്തിൽ നടത്തിയിട്ടുള്ള ശ്രമം മദ്ധ്യകാലഘട്ടത്തിൽ എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഈ അദ്ധ്യായത്തെ പുനരവലോകനം നടത്തുകയും കിട്ടാവുന്ന ആധികാരിക രേഖകളുടെ വെളിച്ചത്തിൽ തുഗ്ലക്കിനെക്കുറിച്ചുള്ള കടങ്കഥകളെ ചരിത്രദൃഷ്ട്യാ പുനരാവിഷ്കരിക്കുക

ന്യമാണ്. ശ്രമകരമായ ഈ പ്രയത്നത്തിന് ധാരാളം സമയവും ചിന്തയും മുതൽ മുടക്കിയിട്ടുണ്ടെന്ന് ഈ പ്രസ്താവനയിൽ തുറന്നു പ്രഖ്യാപിക്കുന്നത് മനഃപൂർവ്വമായിതന്നെയാണ്. നമ്മുടെ വിചാരവികാരങ്ങളെ അലങ്കോലപ്പെടുത്തുന്ന ഇന്ന് നിലവിലുള്ള ഇൻഡ്യാ ചരിത്രസംവിധാനം സമൂലമായി പുനഃർനിർമ്മാണത്തിന് വിധേയമാക്കിയാൽ മാത്രമേ നമ്മുടെ ദേശത്തോടും സംസ്കാരത്തോടും ജനതയോടും നാം നീതികാട്ടിയെന്നഭിമാനിക്കുവാൻ സാധിക്കുകയുള്ളുവെന്ന് ഞാൻ ബലമായി വിശ്വസിക്കുന്നു. ഉപദ്രവം മാത്രം ചെയ്യുന്ന ഇന്നത്തെ ഇൻഡ്യാ ചരിത്രപഠനം രാജ്യത്തിനും ജനങ്ങൾക്കും ദ്രോഹമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഈ നിലക്ക് മാററം വരണമെന്നും, രാജ്യത്തോട് കൂറും സ്നേഹവുമുള്ള ഒരു തലമുറ വളർന്നുവരണമെന്നും നാം ആശിക്കുന്നു. വിവിധമതക്കാരും നിരവധി ഭാഷക്കാരും അധിവസിക്കുന്ന വിസ്തൃതമായ ഈ നാട്ടിൽ ദേശീയവും വൈകാരികവും ആയ ഐക്യദാർഢ്യം ഉറപ്പിക്കുവാൻ സാധിക്കണം. അതിന് ഏററവും കൂടുതൽ സഹായകമായ ഉപാധി ഇൻഡ്യാചരിത്രസംവിധാനം രചനാത്മകമായി പുനരാവിഷ്കരിക്കുകയാണ്. ആ വക സംരംഭങ്ങളിൽപ്പെട്ട ഒരെളിയ ശ്രമമാണ് ഞാൻ നടത്തിയിട്ടുള്ളത്.

എൻെറ പരിശ്രമങ്ങളെ ആത്മാർത്ഥമായും ബോധപൂർവ്വവും ശ്ലാഘിക്കുക മാത്രമല്ല പ്രോൽസാഹിപ്പിക്കുക കൂടി ചെയ്തുകൊണ്ടിരിക്കുന്ന ഉന്നതശീർഷനായ നല്ലൊരു മനുഷ്യനാണ് ഇതിന് അവതാരിക എഴുതിയിട്ടുള്ളത്. പണ്ഡിതനും പ്രശസ്തനുമായ ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള അവർകളാണത്. അദ്ദേഹത്തെ ഞാൻ വളരെ നന്ദിയോടുകൂടി സ്മരിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം,
15 — 2 — 1967.

**ഡോ. സീ. കെ. കരീം,**
ലക്ചറർ, സംസ്കൃത കോളേജ്,

## രണ്ടാംപതിപ്പിൻെറ ആമുഖം

'മുഹമ്മത് തുഗ്ലക്ക് – ഒരു പഠനം' എന്ന ഈ പുസ്തകത്തിൻെറ ആദ്യപതിപ്പ് 1967ലാണ് പുറത്തുവന്നത്. 1970ന് മുമ്പ് തന്നെ ഇതിൻെറ കോപ്പികൾ വിററുതീർന്നിരുന്നു. എന്നാൽ രണ്ടാമതൊരു പതിപ്പ് പ്രസിദ്ധീകരിക്കുവാൻ പല കാരണങ്ങളാലും ഇപ്പോഴേ അവസരം ലഭിച്ചുള്ളു.

ഈ പുസ്തകത്തെപ്പററി പ്രോൽസാഹനാജനകവും വിമർശനാത്മകവുമായ പല അഭിപ്രായങ്ങളും സഹൃദയരിൽനിന്നും ഉണ്ടായിട്ടുണ്ട്. അവയിൽ കൊള്ളേണ്ടത് കൊണ്ടും തള്ളേണ്ടത് തള്ളിയും ഒരു പുനരവലോകനം നടത്തിയാണ് ഈ പതിപ്പിറക്കുന്നത്. എന്നാൽ നിഗമനങ്ങളിലോ, വ്യാഖ്യാനങ്ങളിലോ, അപഗ്രഥനത്തിലോ ഒന്നും തന്നെ യാതൊരു മാററവും വരുത്തേണ്ടതായി എനിക്ക് തോന്നുകയുണ്ടായിട്ടില്ല. തന്മൂലം ആദ്യപതിപ്പിൽ നിന്നും ഒട്ടും വ്യത്യാസമില്ലാതെയാണ് ഇത് പുനഃപ്രകാശനം നടത്തുന്നത്.

ഈ പുസ്തകത്തിലെ നിഗമനങ്ങളോട് നൂറുശതമാനവും അനുകൂലിക്കാത്തവർക്കും, തീർത്തും എതിർപ്പ് പ്രകടിപ്പിക്കുന്നവർക്ക് കൂടിയും വിവാദപരമായ ചരിത്രവസ്തുതകളെ എങ്ങിനെ പുനർവിചാരം നടത്തുവാൻ സാധിക്കുമെന്നതിന് ഇതിലെ വ്യാഖ്യാന – അപഗ്രഥന രീതി അവലംബിക്കാവുന്നതാണ്. ഏററവും വിവാദപുരുഷനായ തുഗ്ലക്ക് മുഹമ്മദിനെ ചരിത്ര വസ്തുതകളുടെ ക്രിയാത്മകമായ സമീപനത്തിലൂടെ ഒരു ദാർശനിക ചക്രവർത്തിയായി കാണുവാൻ സാധിക്കും വിധം ചരിത്രോപാ

ദാനങ്ങൾ നിഷ്കൃഷ്ടമായ പഠനത്തിന് ഇവിടെ വിധേയമാക്കിയിരിക്കുന്നു. ജിജ്ഞാസുക്കളായ ഗവേഷകരുടെ ശ്രമകരമായ ഉപാസന തദ്വിഷയകമായുണ്ടാകുമെങ്കിൽ കുൽസിതബുദ്ധികളായ ആംഗ്ലേയചരിത്രകാരന്മാർ വികൃതവികലമാക്കിയ പല ഇൻഡ്യൻ ഭരണകർത്താക്കളും ചരിത്ര ജേതാക്കളായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. തുറന്നമനസ്സോടും നിഷ്പക്ഷബുദ്ധിയോടും കൂടിയുള്ള സമീപനമാണ് അനുപേക്ഷണീയമായിട്ടുള്ളത്. ചരിത്രകാരൻ ആരുടെയെങ്കിലും വക്കാലത്തും പിടിച്ച് വാദം നടത്തുന്ന വക്കീലല്ല; പ്രത്യുത, ഇരുഭാഗത്തേയും തെളിവുകൾ പരിശോധിച്ച് വിവേചനാപൂർവ്വം നീതിയുക്തമായ വിധിയെഴുതുന്ന ന്യായാധിപനാണ്. ഈ ഓർമ്മനിശ്ചയമായും ചരിത്രകാരന് എല്ലായ്പോഴും ഉണ്ടായിരിക്കണം. ഇവിടെ വളരെ പഴകിയതാണെങ്കിലും പ്രധാനമായ ഒരു കേസ്സിന്റെ വിധിയെഴുതുവാൻ തയ്യാറാകേണ്ട ചരിത്രകാരൻ പാവനമായ ആ ദൌത്യം നീതിപൂർവ്വം നിർവ്വഹിക്കണം. അത് സാധിക്കണമെങ്കിൽ എല്ലാത്തരം സ്ഥാപിതതാല്പര്യങ്ങളും പക്ഷാഭേദവും വിസ്മരിച്ച് തുറന്നമനസ്സോടെ തെളിവുകൾ പരിശോധിക്കുകയും അവധാനതയോടു കൂടി ഇരുഭാഗത്തേയും വിമർശനങ്ങളും വാദഗതികളും മനസ്സിലാക്കുകയും നിഷ്പക്ഷമായി വിധിപറയുകയും വേണം. അതിന് തയ്യാറുള്ളവർ ഇത്തരം ചരിത്രപ്രശ്നങ്ങൾ കൂടുതൽ കൂടുതൽ അറിയുകയും പഠിച്ച് പരിഹാരം കാണുകയും ചെയ്യട്ടെ. അത്തരം ഗവേഷണപഥത്തിലേയ്ക്കു കാലൂന്നാൻ ഈ പുസ്തകം ആർക്കെങ്കിലും പ്രചോദനം നല്കുമെങ്കിൽ ഞാൻ കൃതാർത്ഥനാണ്.

'ചരിത്രം പബ്ലിക്കേഷൻസി'ന്റെ 14-ാം മത്തെ പ്രസിദ്ധീകരണമാണിത്. ഞങ്ങളെ എല്ലാവിധത്തിലും സഹായിക്കുന്ന സഹൃദയർക്ക് ഞാൻ നന്ദിപറയുന്നു. അനുപമാ പ്രസ്സിൽ തന്നെയാണ് ഈ പുസ്തകവും അച്ചടിച്ചത്. ഞങ്ങളോട് പ്രത്യേകമായ താല്പര്യം കാണിച്ച് കൃത്യനിഷ്ഠയോടുകൂടി പുസ്തകം അച്ചടിച്ച് തരുന്ന അനുപമാ പ്രസ്സ് പ്രവർത്തകരോട് ഞാൻ കൃതജ്ഞനാണ്.

തിരുവനന്തപുരം—695010 ഡോ. സി. കെ. കരീം.
20 — 6 — 1980. ചരിത്രം പബ്ലിക്കേഷൻസ്.

## അദ്ധ്യായം ഒന്ന്

# തുഗ്ളക്കിൻെറ ചരിത്രകാരൻമാർ

ഇൻഡ്യാ ചരിത്രത്തിൽ ധാരാളം തെററുകഠം പററിയിട്ടുണ്ട്. മനപൂർവ്വമായ അസത്യപ്രചരണം നിരന്തരം നടത്തപ്പെട്ടതുകൊണ്ട് ഈ നുണകളത്രയും സാധാരണീകരിക്കപ്പെട്ടിരിക്കുന്നു. ഇത്തരം അനവധി നുണകളിൽ പ്രധാനമായതത്രെ മുഹമ്മദ് തുഗ്ലക്കിൻെറ കഥ. 'തുഗ്ലക്കിൻെറ പരിഷ്കാരം പോലെ' എന്ന പ്രയോഗം സാർവ്വത്രികമാണ്; അബദ്ധങ്ങഠംക്കും രാഷ്ട്രീയ പാപ്പരത്തങ്ങഠംക്കും, ഭരണവൈകല്യങ്ങഠംക്കുമുള്ള പര്യായമായി ഇത് ഉപയോഗിക്കുന്നു. ലക്കില്ലാത്ത ഏതു പ്രവർത്തിയേയും തുഗ്ളക്കിൻെറ ഭ്രാന്തൻനയം പോലെയെന്നും നാം വിശേഷിപ്പിക്കാറുണ്ട്. ചുരുക്കത്തിൽ മുഹമ്മദ്തുഗ്ളക്ക് എന്നു കേഠംക്കുമ്പോഠം ഊറി ഉതിരുന്ന പരിഹാസമാണ് അറിയുന്നവർക്കൊക്കെത്തന്നെ. മുഹമ്മദ് തുഗ്ളക്കിനെക്കുറിച്ച് ഗൗരവമായി പഠിക്കുവാൻ മിനക്കെട്ടവർ ദുർല്ലഭമെങ്കിലും ചരിത്രവിദ്യാർത്ഥികളിൽ ചിലരുണ്ട്. തുഗ്ളക്കിൻെറ സ്വഭാവത്തേയും, ഭരണപരിഷ്കാരങ്ങളെയും കുറിച്ച് സൂക്ഷ്മമായ പഠനം കേരളത്തിലിതുവരെയില്ല. തൻമൂലം എടുത്തുപന്യസിക്കാവുന്ന നല്ല വിഷയമാണിത്. ഒററയൊററയായി അവ പ്രത്യേകം വിശദീകരിച്ച് പ്രതിപാദിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന്നു മുമ്പ് അദ്ദേഹത്തെ പററി നമുക്ക് ലഭിക്കുന്ന വിവരങ്ങഠം എന്തൊക്കെയാണെന്നും, ഈ അറിവിൻെറ ധാരകഠം എത്രമാത്രം പ്രയോജനകരമാണെന്നും പരാമർശിയ്ക്കേണ്ടതായുണ്ട്. അതിൻെറ പ്രാരംഭമായി മുഹമ്മദ് തുഗ്ലക്കിൻെറ സമകാ

ഫീന ചരിത്രകാരൻമാർ ആരൊക്കെ ആയിരുന്നുവെന്നും അവരുടെ മത–രാഷ്ട്രീയ വിശ്വാസങ്ങൾ എത്രമാത്രം അവരുടെ ചരിത്രസംവിധാനത്തിൽ സ്വാധീനം നടത്തിയിട്ടുണ്ടെന്നും ചികഞ്ഞുനോക്കാം.

## 1. ഷിയാവുദ്ദീൻ ബരാണി

മദ്ധ്യകാലഘട്ടത്തിലെ മുസ്ലീം ചരിത്രകാരൻമാരിൽ പ്രാമാണികനത്രെ ഷിയാവുദ്ദീൻ ബരാണി. ''പാശ്ചാത്യ വീക്ഷണത്തിൽ ചരിത്രമെന്ന് വിശേഷിപ്പിക്കാവുന്ന ദുർല്ലഭം ഗ്രന്ഥങ്ങളിൽ മികച്ച മിഴിവോടുകൂടി നിൽക്കുന്നതാണ് ബർണിയുടെ ''തരീക്കീഫിഷോറായ്''' എന്നാണ്, എച്ച്. എം. ഈലിയട്ട് പ്രസ്താവിക്കുന്നത്. ബരാണിക്കുമുമ്പ് ദീർഘമായ ഒരു നൂററാണ്ടുകാലത്തെ ചരിത്രം സമകാലീകരേഖകൾ ഇല്ലാതെ കിടന്നിരുന്നു. 'തബ്ക്കാത്തി നാസിരി' എന്ന ചരിത്രഗ്രന്ഥമാണ് മുസ്ലീം ചക്രവർത്തിമാരെക്കുറിച്ചുള്ള പ്രധാന ആധികാരികരേഖ. 'മീൻ ഹാജൂദ്ദീൻ' എന്ന പണ്ഡിതൻ രചിച്ച ഈ പുസ്തകം ബാൽബൻ ചക്രവർത്തിയാകുന്നതുവരെ മാത്രമെ പ്രതിപാദിച്ചിട്ടുള്ളു. മീൻഹാജൂദ്ദീൻ നിർത്തിയിടത്തുനിന്നും തുടങ്ങുകയാണ് ബരാണി. ബാൽബൻ മുതൽ ഫിറോഷായുടെ ആറുകൊല്ലം വരെയുള്ള ചരിത്രം ബരാണി വിശദമായി വിവരിക്കുന്നു 'ദൈവാനുഗ്രഹമുണ്ടെങ്കിൽ ഫിറോസിൻെറ ബാക്കി കൊല്ലങ്ങളിലെ വിവരണം മറെറാരു ഭാഗമായെഴുതുവാനാഗ്രഹമുണ്ട്'' എന്ന മുഖവുരയോടുകൂടിയാണ് അദ്ദേഹം തുടങ്ങുന്നത്. അലാവുദ്ദീൻ തുടങ്ങി ഫിറോസ് വരെയുള്ളവരുടെ ഭരണം അടുത്തറിഞ്ഞ ബരാണിയുടെ വിവരണങ്ങൾ ആ നിലക്കുതന്നെ വളരെ ആദരണീയമാണ്. 1395–ലാണ് ഈ പുസ്തകം പൂർത്തിയാക്കുന്നത്. ഫിറോറോസ് ഷാ തുഗ്ലക്കിന്നാണിത് സമർപ്പിച്ചിരിക്കുന്നതും. ബംഗാളിലെ ഏഷ്യാററിക്ക് സൊസൈററി ഇത് പ്രസിദ്ധീകരിച്ചു.

'ഫത്തുവായി ജഹാന്താരി' എന്ന മറെറാരു പുസ്തകവും ബരാണിയുടേതായുണ്ട്. അത് 14-ാംനൂററാണ്ടിൻെറ ആദ്യകാലങ്ങളിലെഴുതിയതാണ്. രാഷ്ട്രീയ–സാമ്പത്തിക

ശാസ്ത്രങ്ങളുടെ കൂലങ്കഷമായി അവലോകനം ചെയ്ത് ബുദ്ധികൂർമ്മതയോടുകൂടി സ്വന്തം നിഗമനങ്ങൾ നടത്തുകയാണിതിൽ ബരാണി. ഒരു മുസ്ലീംചക്രവർത്തി അനുസരിക്കേണ്ട ആചാര മര്യാദകളും, നിർവ്വഹിക്കേണ്ട ചുമതലകളും, വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. നികുതിപിരിവുകളെ സംബന്ധിച്ചും, നീതിന്യായത്തെക്കുറിച്ചുമൊക്കെ ഐസ്ലാമിക നിയമനത്തിന് വിധേയമായി വിധികൾ കുറിച്ചിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിലെ അർത്ഥശാസ്ത്രമായി ഈ പുസ്തകത്തെ കണക്കാക്കാം. സ്വതന്ത്രചിന്തകനായ ഈ ചരിത്രകാരന് തനതായ ചില അഭിപ്രായങ്ങളും രീതികളുമുണ്ട്. തന്റെ വിശ്വാസപ്രമാണങ്ങൾക്കെതിരായ പ്രവൃത്തികളെ അദ്ദേഹം ആക്ഷേപിക്കുന്നു. സ്വന്തം വീക്ഷണത്തിന് നിരക്കാത്തതൊന്നും ബരാണിക്ക് പത്ഥ്യമല്ല. യാഥാസ്ഥിതിക സുന്നി മുസൽമാനായിരുന്ന ബരാണി എല്ലാ മുസ്ലീം ചക്രവർത്തിമാരും മതശാസനകളുടെ വളയത്തിൽ വരണമെന്നാഗ്രഹിച്ചു. ഐസ്ലാമിക നിയമങ്ങൾക്കെതിരായ എല്ലാ പ്രവൃത്തികളേയും അദ്ദേഹം വിമർശിക്കുന്നതും എതിർക്കുന്നതും ദൃശ്യമാണ്. മുസ്ലീം പൌരോഹിത്യത്തിന്റെ വക്താവായിട്ടാണദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. തൻമൂലം ചരിത്രവിവരണത്തിൽ സ്വാഭിപ്രായം ധാരാളം ചെലുത്തിയിട്ടുണ്ട്. അവിടെയാണ് ചരിത്രകാരനെന്ന നിലയിൽ ബരാണിയുടെ ഏററവും വലിയ പരാജയം.

ബരാണിയുടെ അനന്യസാധാരണമായ പ്രതിഭ ഏതൊരാളുടേയും യുക്തിവിചാരശേഷി ആലസ്യപ്പെടുത്തി സ്വന്തം അഭിപ്രായത്തിന്റെ അനുകൂലവർത്തികളാക്കും. 'താൻ വളരെ പ്രയാസം സഹിച്ചാണ് ഈ ചരിത്രഗ്രന്ഥം രചിക്കുന്നത്. ഇതംഗീകരിക്കപ്പെടുമെന്നു വിശ്വാസത്തോട്ട കൂടി. ഇത് വെറും ഒരു ചരിത്രവിവരണമെന്ന നിലക്ക് നോക്കുന്ന വായനക്കാർക്ക്, ധീരരായ രാജാക്കൻമാരുടേയും ആക്രമണകാരികളുടേയും, പ്രവർത്തികളും, പ്രയാണങ്ങളും വിവരിച്ചിരിക്കുന്നതു കാണാം. ഭരണനിയമങ്ങളോ, അതു നടപ്പിലാക്കുന്ന രീതിയോ തിരക്കി എത്തുന്നവർക്ക് അവയും ഇതിലുണ്ട്. ഭരണകർത്താക്കളുടെ വീഴ്ചകളെ വിമർ

ശിച്ചിരിക്കുന്നതും പരതിവരുന്നവർക്ക് മറ്റേതൊരിടത്തു
നിന്നും ലഭ്യമാകുന്നതിനേക്കാൾ അതിന്റെ പൂർണ്ണതയിൽ
ഈ ഗ്രന്ഥത്തിൽനിന്നും കിട്ടും' ഇത്ര ആത്മവിശ്വാസം
കാണിക്കുന്ന ഒരാളെ പെട്ടെന്ന് തള്ളിപ്പറയേണ്ട കാര്യമി
ല്ലല്ലോ.

എന്നാൽ രാഷ്ട്രവും മതവും വ്യത്യസ്ത ഘടകങ്ങ
ളാണെന്നും, അവയെ കൂട്ടിക്കലർത്തുന്നത് രാജ്യക്ഷേമത്തി
ന് ആപൽക്കരമാണെന്നും വിശ്വസിച്ചിരുന്ന മുസ്ലീം ചക്ര
വർത്തിമാർ മുഴുക്കെ ബറാണിയുടെ പഴിക്ക് വിധേയമാ
യിട്ടുണ്ട്. രാഷ്ട്രീയ ഇടപെടലുകളിൽനിന്ന് പൗരോഹി
ത്യത്തെ ഒഴിച്ചുനിർത്തിയ സന്ദർഭങ്ങളൊക്കെത്തന്നെ ബറാ
ണിക്ക് സഹിക്കാനൊത്തിട്ടില്ല. അലാവുദ്ദീനെക്കുറിച്ചെഴു
തുമ്പോൾ 'വിവരമില്ലാത്തവനും പണ്ഡിതൻമാരുമായി
ഇടപഴകാത്തവനും, ക്രൂരനും നിന്ദ്യനും എന്തും ചെയ്യാൻ
മടിയില്ലാത്തവനും' എന്നൊക്കെയാണ് രേഖപ്പെടുത്തിയിട്ടു
ള്ളത്. അതിന്റെ കാരണമെന്താണെന്ന് ബറാണിയുടെ ഭാ
ഷയിൽനിന്നമൂഹിക്കാം. 'അദ്ദേഹം ഭരണാധിപനായപ്പോൾ
രാഷ്ട്രവും ഭരണവും ഏകമാണെന്നും, മതവും മതശാസ
നകളും വ്യത്യസ്തമാണെന്നും കണക്കാക്കി. രാഷ്ട്രീയകാ
ര്യങ്ങളിൽ മുസ്ലീംപണ്ഡിതൻമാരുടെ ഉപദേശം ആരാ
ഞ്ഞിരുന്നില്ലെന്ന് മാത്രമല്ല, മതനിയമത്തിന്നനുസൃതമാണോ
അല്ലയോ എന്ന് നോക്കാതെയുമാണ് രാജ്യത്തിന് ഗുണക
രമെന്ന് കരുതിയിരുന്ന കാര്യങ്ങൾ അദ്ദേഹം ചെയ്തി
രുന്നത്. തൻമൂലം മതപണ്ഡിതൻമാർ അദ്ദേഹത്തെ സ
ന്ദർശിച്ചിരുന്നില്ല.'[1] അതുപോലെ തന്നെ മുഹമ്മത് തുഗ്ലക്കിനെ
ക്കുറിച്ചാകട്ടെ 'അരമനയുടെ പടിക്കൽ നിത്യേനയെന്നോണം
വിശ്വാസികളായ അനവധി മുസ്ലീംകളുടെ രക്തം ഒഴുക്കിയാ
ലേ ഈ ചക്രവർത്തിക്ക് തൃപ്തി വരൂ'' എന്നും, ''ശരി
യായ വിശ്വാസികളെ (മുസ്ലീംകൾ) ശിക്ഷിക്കുകയും വധി
ക്കുകയും ചെയ്യുകയെന്നത് അദ്ദേഹത്തെ സംബന്ധിച്ചിട
ത്തോളം നിത്യാചാരാവും ആസക്തിയുമായി തീർന്നിരു

1--Elliot and Dowson — Vol III, p. 183

ന്നു'' ² എന്നും വിശ്വാസത്തിനൊരുത്തവിധം എഴുതിപ്പിടി പ്പിച്ചിരുന്നുണ്ട്.

എങ്കിലും ധാരാളം കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥത്തെ ഡൽഹി സുൽത്താൻമാരെക്കുറിച്ചുള്ള ആധികാരിക രേഖയായി കണക്കാക്കുന്നത്. ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ട ഒരു കാര്യം ബറാണിയുടെ യാഥാസ്ഥിതികമതിവീക്ഷണമാണ്. നിഷ്പക്ഷമായ ചരിത്രസംവിധാനത്തിന് കുറെയൊക്കെ ഇത്തരം ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്താം. ഗ്രന്ഥകാരന്റെ ഇഷ്ടാനിഷ്ടങ്ങളെ നീക്കിനിർത്തിയാൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ അത്ര ബദ്ധപ്പെടേണ്ടതായി വരികയില്ല. എന്നാൽ ഇന്ത്യാ ചരിത്രമെഴുതിയ ഇംഗ്ളീഷുകാർ ബോധിക്കാതുകൊണ്ടു തന്നെ ബറാണിയുടെ പക്ഷപാതപരമായ പ്രസ്താവങ്ങളെ വിവേചനം നടത്താതെ അപ്പടി സ്വീകരിക്കുന്നു. മുസ്ലീംരാജാക്കൻമാരേയും, അവരുടെ ഭരണത്തേയും ഇടിച്ചു കാണിക്കുവാനുതകുന്ന ഏതൊരു പ്രസ്താവനയും ഇംഗ്ളീഷ് ചരിത്രകാരൻ ഉപയോഗപ്പെടുത്തി. ബറാണി തന്റെ വിശ്വാസത്തിന് മുറിവേററന്ന തോന്നിയ ചക്രവർത്തിമാരുടെ നയങ്ങളെ സ്വദ്ദേശ്യം എതിർത്തതാണ്. എങ്കിലും ഇന്ത്യാചരിത്രത്തെ അതു സാരമായി ബാധിച്ചു. അതിന് കാരണം ഗുണദോഷവിവേചനം നടത്താതെ നാമവയുപയോഗിക്കാൻ മുതിർന്നതാണ്. സമകാലീനചരിത്രകാരൻമാരെ ഉദ്ധരിക്കുമ്പോൾ ഏതുവാദഗതിയുടെ ന്യായീകരണത്തിനാണെങ്കിലും ശരി അവിശ്വസിക്കേണ്ട കാര്യമില്ല. അങ്ങിനെ തലമുറതലമുറയായി ഈ പ്രചാരണ തന്ത്രത്തിൽ കുടുങ്ങി ചരിത്ര വിദ്യാർത്ഥി അന്ധാളിച്ചു നിൽക്കേണ്ടതായി വരുന്നു. ബറാണിയുടെ പക്ഷപാതപരമായ സ്വഭാവം വെളിവിലായില്ലെങ്കിൽ മുഹമ്മദ് തുഗ്ളക്കിനെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ അവിശ്വസനീയങ്ങളായി തന്നെ നിലനിൽക്കും.

2 Ibid P. 236

## 2. ഇബിനു ബത്തൂത്ത

'കിത്താബു റഹില' എന്ന യാത്രാവിവരണമാണ് അബൂഅബ്ദുല്ലാ മുഹമ്മദ് ഇബിനുബാത്തൂയുടെ വിലപ്പെട്ട സംഭാവന. അറബിയിലുള്ള ഈ ഗ്രന്ഥത്തിന് ''കിത്താബ് ഇബിനു ബാത്തൂത്ത'' എന്നാണ് നാമധേയം. 1935–ൽ ഏ. എം. ഹുസ്സൈൻ ഇത് ഇംഗ്ളീഷിലേക്ക് വിവർത്തനം ചെയ്തു. പ്രഫ: എച്ച്. ആർ. ഏ. ഗിബ്ബ് ആണ് ബത്തൂത്തയുടെ പുസ്തകം ഇംഗ്ലീഷിലേക്ക് ആക്കാൻ ശ്രമിച്ച മററൊരു പണ്ഡിതൻ. ഏലിയട്ടും ഡൌസനും കൂടി പ്രധാനഭാഗങ്ങൾ വിവർത്തനം ചെയ്തു അവരുടെ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. 1929–ൽ ഫ്രഞ്ച് ഭാഷയിലേക്ക് ഇത് തർജ്ജമചെയ്യപ്പെട്ടു. മലയാളത്തിലേക്ക് ഈ ഗ്രന്ഥത്തിൻെറ അത്യാവശ്യഭാഗങ്ങൾ വേലായുധൻ പണിക്കശ്ശേരി വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്, യാത്രാവിവരണകഥ എന്നതിൽക്കവിഞ്ഞ് ഇതൊരു ചരിത്രഗ്രന്ഥമായാണ് പരക്കേ ഉപയോഗപ്പെടുത്തുന്നത്.

1304, ഫെബ്രുവരി 21–ാം തീയതി ടാൻജിയറിൽ ജനിച്ച ബത്തൂത്ത 21–ാം വയസ്സിൽ തൻെറ സാഹസിക ദിക്സഞ്ചാരം ആരംഭിച്ചു. ആഫ്രിക്കൻ രാജ്യങ്ങളും മദ്ധ്യപൗരസ്ത്യദേശങ്ങളും കടന്ന് 1333 ഡിസംബർ 13–ാം തീയതി അദ്ദേഹം സിന്ധു നദീതട പ്രദേശത്ത് കാലുകുത്തി. അവിടെ നിന്നും ഡൽഹിയിലെത്തിയ സമയത്ത് മുഹമ്മദ് തുഗ്ളക്ക് തലസ്ഥാനത്തുണ്ടായിരുന്നില്ല. സുൽത്താൻെറ മാതാവ് അദ്ദേഹത്തെ സ്വീകരിച്ച് രാജകീയ ഉടുപ്പുകളും താമസത്തിനൊരു വീടും, 2000 ദീനാറും [3] സമ്മാനിച്ചു. സുൽത്താൻ തിരിച്ചുവന്നപ്പോൾ കൂടുതൽ ദയാകാരുണ്യം കാണിക്കുകയും ചെയ്തു. 12500ക. സമ്മാനവും അത്രയും തുക വർഷാന്ത വരുമാനമുള്ള സ്ഥലം ഗ്രാൻറായും കൊടുത്തതിനു പുറമേ രാജകീയാലയിൽ നിന്നൊരു കുതിരയേയും അരമനയിൽ നിന്നും പത്തു പ

3. റിററ് നിൽസൻ- ഒരു ദീനാർ രണ്ടര ഉറുപ്പിക.

രിചാരികമാരേയും സമ്മാനിച്ചു. ഇതിനു പുറമേ ഡൽഹിയിലെ ഖാസി (ജഡ്ജി) മാരിൽ ഒരാളായി നിയമനം നൽകി ബഹുമാനിക്കുകയും ചെയ്തു.

2500ക. പ്രതിമാസശമ്പളമായി നിശ്ചയിക്കുകയും ഒരു വർഷത്തെ ശമ്പളം 30000ക. മുൻകൂറായി വാങ്ങുവാനനുവദിക്കുകയും ചെയ്തു. പിന്നീടൊരിക്കൽ കൂടി 30000ക. വെറുതെ കൊടുത്തതായി ബത്തൂത്ത എഴുതുന്നുണ്ട്. ധൂർത്തനായ ബാത്തൂത്തക്ക് ഈ പണമൊന്നും മതിയായിരുന്നില്ല. 115500ക. യുടെ കടബാദ്ധ്യത അദ്ദേഹത്തിനുണ്ടായി. ഈ സത്യം കാണിച്ച് ഒരു കവിതയെഴുതി സുൽത്താന് സമർപ്പിച്ചെന്നും കാര്യം മനസ്സിലാക്കിയ അദ്ദേഹം ബത്തൂത്തയെ ഋണബാദ്ധ്യതയിൽനിന്നും ഒഴിവാക്കുവാനത്രയും തുക കൊടുത്തെന്നും രേഖകളുണ്ട്. (കിത്താബുറഹില) ഇതൊക്കെകൊണ്ടാകാം സുൽത്താന്റെ അനിഷ്ടത്തിന് ബാത്തൂത്ത വിധേയനാകുകയും കുറെക്കാലം സ്വന്തം വസതിയിൽ തടവുകാരനാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ വേഗം തന്നെ മോചിപ്പിക്കപ്പെട്ടു. പിന്നീട് ചൈനയിലെ അംബാസിഡറായി സുൽത്താൻ നാമനിർദ്ദേശം ചെയ്തു. ഇത് 1342–ലാണ്. അപ്പോഴേക്ക് എട്ടുകൊല്ലം കഴിഞ്ഞിരുന്നു സുൽത്താന്റെ സർവ്വീസിൽ പ്രവേശിച്ചിട്ട്.

ചൈനയിലേക്കുള്ള വഴി അക്കാലത്ത് മലബാറിൽകൂടിയായിരുന്നു. ചൈനയിലേക്ക് കോഴിക്കോട്ടുനിന്നും കപ്പൽ കയറിയ ബാത്തൂത്തയുടെ കൂട്ടരും ഓടം കൊടുങ്കാററിൽപ്പെട്ട് തകർന്നതുകൊണ്ട് എല്ലാം നഷ്ടപ്പെട്ട് കോഴിക്കോട്ട് തങ്ങേണ്ടതായിവന്നു. ഇവിടെനിന്നും മാലദ്വീപിലേക്കാണദ്ദേഹം പോയത്. ഒരു കൊല്ലം അവിടെ കഴിച്ചുകൂട്ടിയ ബത്തൂത്ത ജഡ്ജിയുടെ പദവി അലങ്കരിച്ചിരുന്നു. 1345–ൽ അദ്ദേഹം സിലോൺ സന്ദർശിക്കുകയും മടങ്ങിവന്ന് മധുരയിൽ കുറെക്കാലം കഴിച്ചുകൂട്ടുകയും ചെയ്തു. പിന്നീട് കോഴിക്കോട്ടുനിന്നും അദ്ദേഹം മക്ക

യിലേക്ക് യാത്ര ചെയ്തു. അവിടെനിന്നും മൊറോക്കൊവിലേക്ക് പോയി തലസ്ഥാനമായ ഫെക്സിൽ എത്തിച്ചേർന്നു. ഇത് 1349 നവംബർ 8–ാം തീയതിയാണ്. അൽപകാലത്തിനുശേഷം വീണ്ടും മദ്ധ്യാഫ്രിക്കൻ രാജ്യങ്ങൾ സന്ദർശിച്ച് അവസാനം സ്വദേശമായ മൊറോക്കോയിൽ 1353–ൽ സ്ഥിരമായി പാർപ്പാക്കി. 1377–78–ൽ 73–ാമത്തെ വയസ്സിൽ അദ്ദേഹം അന്തരിക്കുകയും ചെയ്തു.

അരനൂററാണ്ടുകാലത്തെ സഞ്ചാരാനുഭവങ്ങൾ ഏതൊരാൾക്കും അപ്രമേയമായ അനുഭവാനുഭൂതികളുണ്ടാക്കുക സ്വാഭാവികമാണ്. നിരവധി രാജ്യങ്ങളുടേയും, അനവധി സംസ്കാരങ്ങളുടെയും പരിചയസമ്പത്ത് അനർഘമാണെന്നതിൽ തർക്കമില്ല. ഇത്രയും കാലം വിദേശങ്ങളിൽ കഴിച്ച ബത്തൂത്തയുടെ പുനരാഗമനം തൻെറ പരിചിതരിൽ അതിശയം സൃഷ്ടിച്ചു. ഒട്ടധികം ആരാധകൻമാരും നാട്ടുകാരും ഔൽസുക്യത്തോടുകൂടി പല രാജ്യങ്ങളിലേയും കഥകളറിയാൻ നിത്യേന തടിച്ചുകൂടി. ബത്തൂത്ത ഒരു പ്രധാന സംഭാഷണവിഷയമായി. കേൾവിക്കാർക്ക് രസികതെക്ക രീതിയിൽ ഭംഗിയായി അൽഭുതത്തിൻെറ ആവരണമിട്ടു വളരെ കഥകളദ്ദേഹം പറയുന്നുണ്ട്. അവിശ്വസനീയങ്ങളായ ധാരാളം സംഗതികൾകൂടി അദ്ദേഹത്തിന് പറയേണ്ടതായിവന്നു. അവസാനം കേൾവിക്കാരിൽ ചിലരുടെ നിർബന്ധംമൂലം അദ്ദേഹം അവ പുസ്തകങ്ങളിൽ ക്രോഡീകരിക്കാമെന്ന് സമ്മതിച്ചു. അങ്ങിനെയാണ് ''റഹീലബത്തൂത്ത'' എന്ന പുസ്തകത്തിൻെറ ജനനം.

താൻ സഞ്ചരിച്ച നാടുകളിലെ ജനങ്ങളെപ്പററിയും, രാജാക്കൻമാരെപ്പററിയും, വൈകൃതങ്ങളായ ആചാരമര്യാദകളെക്കുറിച്ചും, ഭരണകൂടം, ഭരണക്രമം, എന്തിന്? മിക്കവാറും എല്ലാ തലങ്ങളേയും സ്പർശിച്ചുകൊണ്ടാണദ്ദേഹത്തിൻെറ വിവരണം. മററു ഗ്രന്ഥങ്ങൾക്കനുബന്ധമായിട്ടെങ്കിലും ഇത് ഉപയോഗപ്പെടുത്താം. ധാരാളം കാര്യങ്ങൾ അദ്ദേഹം

രേഖപ്പെടുത്തിയിട്ടുണ്ട്, പക്ഷേ ബത്തൂത്തയുടെ വിവരണത്തിൽ അനവധി കുഴപ്പങ്ങൾ കാണാം. (1) അദ്ദേഹം ഈ യാത്രക്കിടയിൽ കുറിച്ചുവെച്ചിരുന്ന കുറിപ്പുകൾ കോഴിക്കോട്ടുവെച്ചുണ്ടായ കപ്പലപകടത്തിൽ നഷ്ടപ്പെട്ടുപോയി ഓർമ്മയിൽനിന്നാണ് എല്ലാക്കാര്യങ്ങളുമദ്ദേഹമയവിറക്കുന്നത്. തന്മൂലം സ്ഥലകാലങ്ങളിൽ വളരെ പിശകുണ്ട്. മാലദ്വീപിൽ നടന്ന സംഭവം ഡൽഹിയിലാണെന്നും, സിലോണിൽ നടന്നത് മധുരയിലാണെന്നും മററും എഴുതിപ്പോയിട്ടുണ്ട്. തീയതികളും ശരിയല്ല. (2) സാധാരണ എല്ലാ സാഹസികയാത്രക്കാരും കണ്ടതും കേട്ടതും ഒന്നിച്ചിണക്കി അതിശയോക്തിയോടുകൂടി അടിച്ചുവിടുക പതിവാണ്. ധാരാളം ഉദാഹരണം നമുക്കു കാണാം. ബത്തൂത്തയും ഇതിന്നൊരപവാദമായിരുന്നില്ല. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ കേൾവിക്കാർക്ക് പററുന്ന കഥകൾ പൊടിപ്പും തൊങ്ങലും ചേർത്ത് അദ്ദേഹം പറഞ്ഞു. പുസ്തകരൂപത്തിലാക്കിയപ്പോൾ പറഞ്ഞുപോയ കാര്യങ്ങൾ അപ്പടി എഴുതുവാൻ നിർബദ്ധനുമായി. അങ്ങിനെയാണ് മുഹമ്മദ് തുഗ്ലക്കിന്റെ തലസ്ഥാനമാററക്കഥ അദ്ദേഹമെഴുതിയത്. (3) കേൾവിക്കാരെ രസിപ്പിക്കുകയെന്നതിൽക്കവിഞ്ഞ് ഒരുദ്ദേശ്യവും ബത്തൂത്തക്കുണ്ടായിരുന്നില്ല. ഒരിക്കലും അദ്ദേഹത്തിന്റെ ഈ പുസ്തകവും പ്രതിപാദനവുമായിരിക്കും ഇൻഡ്യാ ചരിത്രസംവിധാനത്തിന്റെ പ്രധാന ഉപാധിയാകുക എന്ന് അദ്ദേഹം വിചാരിച്ചിരിക്കുവാനുമിടയില്ല. എങ്കിൽ നിശ്ചയമായും കുറെയധികം ശ്രദ്ധാപൂർവ്വം അദ്ദേഹമതു നിർവ്വഹിക്കുമായിരുന്നു. മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ച് അദ്ദേഹം നേരിട്ടനുഭവിച്ചറിഞ്ഞ കാര്യങ്ങളും പറഞ്ഞു കേട്ട സംഗതികളും ഈ വ്യത്യാസം വ്യക്തമാക്കുന്നുണ്ട്. ബത്തൂത്തയുടെ സഞ്ചാരക്കുറിപ്പ് ചരിത്രനിർമ്മാണത്തിന്റെ അസംസ്കൃതപദാർത്ഥമായി മാത്രമേ ഉപയോഗിക്കാവൂ. നമ്മുടെ ചരിത്രകാരൻമാരധികം അതു സംസ്കരിച്ചെടുക്കാതെതന്നെ വിഴുങ്ങിയതുമൂലമാണ് അബദ്ധങ്ങൾ പിണഞ്ഞിട്ടുള്ളത്. ബത്തൂത്തയുടെ പുസ്ത

കം വിലപ്പെട്ടതാണ്. വസ്തുനിഷ്ഠമായ ചരിത്രരേഖ കളുടെ അഭാവത്തിൽ. കേട്ടുകേൾവി മാററിനിർത്തിയും, സാഹസികനായ ഒരു സഞ്ചാരിക്ക് അനുവദിച്ചു കൊടുക്കാ വുന്ന അതിശയോക്തി നീക്കിയും വേണം അത് ഉപയോ ഗപ്പെടുത്തുവാനെന്ന് മാത്രം.

എൽഫിൻസ്റേറാൻ തുടങ്ങിയവർ ബത്തൂത്തയുടെ വി വരണത്തെ ന്യായീകരിക്കുവാനും സത്യസന്ധമാണെന്നു വിശ്വസിക്കിക്കുവാനും നടത്തുന്ന ശ്രമങ്ങൾ മറെറന്തിൻെറ യോ താല്പര്യസംരക്ഷണത്തിനു വേണ്ടി മാത്രമാണ്. അദ്ദേഹം ഉന്നയിക്കുന്ന സംഗതികൾ (1) ബത്തൂത്ത സ്വന്തം നാട്ടിൽ തിരിച്ചെത്തിയശേഷമാണിതെഴുതിയത്. പ്രശം സിച്ചതുകൊണ്ടു ഗുണമോ, അപഹസിച്ചതുമൂലം ശിക്ഷ യോ അദ്ദേഹത്തിനു ലഭിക്കുമായിരുന്നില്ല. തന്മൂലം നിഷ്പക്ഷനിരീക്ഷണമാണ് ബത്തൂത്തയുടേത്. (2) മുഹമ്മദു തുഗ്ലക്കിൻെറ ആഥിത്യം നിർല്ലോഭം സ്വീകരിച്ച ബത്തൂത്ത അദ്ദേഹത്തെ ആക്ഷേപിക്കുവാൻ മനഃപൂർവ്വം ശ്രമിക്കുമായിരുന്നില്ല, കേട്ട കാര്യങ്ങൾ അസത്യമായിരുന്നു വെങ്കിൽ. (3) ഇതിനും പുറമേ രാജാക്കന്മാരെ പ്രകീർ ത്തിക്കുകയും അവരുടെ കുറവുകളെ പച്ചയായി പരിഹസി ക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ബത്തൂത്തക്ക് പ്രത്യേക നിക്ഷിപ്തതാല്പര്യങ്ങളൊന്നുമുണ്ടായിരുന്നില്ലെ ന്ന് അനുമാനിക്കാം. [4] യുക്തിക്കൊത്ത മാതിരി തൻെറ വാദഗതികളവതരിപ്പിക്കുവാൻ അദ്ദേഹത്തിനൊത്തിട്ടുണ്ട്. പക്ഷേ എന്തിനിത്ര പ്രയാസപ്പെട്ട്, ബത്തൂത്തയെമാത്രം ഉത്തമവിശ്വാസിയാക്കി ഉയർത്തണം. അവിടെയാണ് എൽ ഫിൻസ്റേറാൻ തുടങ്ങിയ ഇംഗ്ലീഷ് ചരിത്രകാരന്മാരുടെ ആന്തരികോദ്ദേശ്യം ദർശിക്കുക. ഇവർ എഴുതിതള്ളിയ ചരിത്രപാഠങ്ങൾ അപ്പടി പകർത്താനായാസപ്പെട്ടതാണ് ഇ ൻഡ്യൻ ചരിത്രകാരനും അമളി പിണയാൻ കാരണം. വള്ള രെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട ഒരു പുസ്ത

4 See Elphinstone-Medieval Indian History.

കാണാം ബെത്തൂത്തയുടേത്. പ്രത്യേകിച്ച് മുഹമ്മദ് തുഗ്ലക്കിനെ സംബന്ധിച്ച രേഖകൾ.

## 3. അഹമ്മത് ഇസാമി

മുഹമ്മദ് തുഗ്ലക്കിൻെറ ഏററവും വലിയ വിമർശകനാണ് അഹമ്മത് ഇസാമി. അദ്ദേഹത്തിൻെറ ''ഫത്തുഹസ്സലാതീൻ'' വളരെ പ്രയോജനമുള്ള ചരിത്രപുസ്തകമാണ്. മിൻഹാജൂസ്സിരാജ് നിർത്തിയിടത്തുനിന്നാണ് ബരാണി തൻെറ ചരിത്രം തുടങ്ങിയതെന്ന് നേരത്തെ പ്രസ്താവിച്ചു. പക്ഷേ ബാൽബൻ ചക്രവർത്തിയായ കാലം തുടങ്ങിയേ ബരാണി എഴുതാൻ മിനക്കെട്ടുള്ളു. അതിനിടക്കുള്ള ആറു കൊല്ലത്തെ കഥകൾ ഈ രണ്ടു ചരിത്രകാരന്മാരും വിട്ടുകളഞ്ഞു. ആ കുറവ് പരിഹരിക്കുന്നത് ഇസാമിയുടെ 'ഫത്തുഹസ്സലാത്തീനാണ്. കവിയും കലാകാരനുമായിരുന്ന അദ്ദേഹം കവിതയും ഗദ്യകവിതയുമാണ് ഇതെഴുതുവാൻ സ്വീകരിച്ചത്. 300 കൊല്ലത്തെ ഇൻഡ്യാചരിത്രം അദ്ദേഹം ആവിഷ്കരിക്കുന്നു. 1348 ലാണ് ഈ കൃതി എഴുതിത്തീർക്കുന്നത്. ബാമിനിസാമ്രാജ്യസ്ഥാപകനായ അലാവുദ്ദീൻ ഹുസൈൻ രാജാവിനാണ് ഈ പുസ്തകം സമർപ്പിച്ചിട്ടുള്ളത്.

ഇൽട്ടാമിഷിൻെറ കാലം മുതൽ ഇസാമിയുടെ പൂർവ്വികന്മാർ ഡൽഹി സുൽത്താന്മാരുടെ സേവകന്മാരായിരുന്നു. പരമ്പരാഗതമായുള്ള ഈ പദവി നിമിത്തം, ഇസാമിക്ക് അരമനരഹസ്യങ്ങൾപോലും നല്ലവണ്ണമറിയാമായിരുന്നു. തന്മൂലമദ്ദേഹത്തിൻെറ കൃതി ഏറെക്കുറെ വസ്തുനിഷ്ഠമായിട്ടുണ്ട്. പക്ഷേ പ്രൊഫസ്സർ കെ. എ. നിസാമി അദ്ദേഹത്തിൻെറ പുസ്തകത്തെ പ്രശംസിക്കുന്ന കൂട്ടത്തിൽ ഫുട്നോട്ടായി ഇങ്ങിനെ ഒരു കുറിപ്പെഴുതിയിട്ടുണ്ട്. 'മുഹമ്മദ് തുഗ്ലക്കിനെ അകാരണമായി നിശിതവിമർശനത്തിന് വിധേയമാക്കുന്നതൊഴിച്ചാൽ സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ കാര്യമായി കലർത്താതിരുന്നതുകൊണ്ട്, സംഭവങ്ങളേയും പ്രസ്ഥാനങ്ങളേയും കുറിച്ചുള്ള ഇസാമിയുടെ വിവരണങ്ങൾ

സ്വീകാര്യമാണ്.' [5] എന്തുകൊണ്ടാണ് സത്യസന്ധനായ ഈ ചരിത്രകാരൻ മുഹമ്മദ് തുഗ്ലക്കിന്റെ കാര്യത്തിൽ മാത്രം റിഷ്ഠയേയും ആദർശത്തേയും ബലികൊടുത്തത്. ഇതിനുത്തരം കണ്ടുപിടിച്ചാൽ ഈ സുൽത്താനെക്കുറിച്ചുള്ള ഇസാമിയുടെ പ്രസ്താവങ്ങൾ വെറും കുററാരോപണം നടത്തി ആത്മസംതൃപ്തി പൂകുന്ന ആഭിചാരസ്വഭാവമാണെന്നു കാണാം.

നൂററാണ്ടുകളോളം ഡൽഹി സുൽത്താന്മാരെ സേവിച്ച പാരമ്പര്യമാണ് ഇസാമിയുടെ കുടുംബത്തിന്റേത്. ഡൽഹി ഇസാമിയുടെ ജൻമസ്ഥലവും, പൂർവ്വീകരുടെ മുഴുകൈ അന്ത്യവിശ്രമകേന്ദ്രവുമാണ് സാമൂഹ്യബന്ധങ്ങളും സാമ്പത്തിക താല്പര്യങ്ങളും എല്ലാംതന്നെ ഡൽഹിയുമായൊട്ടിച്ചേർന്നതായിരുന്നു. മുഹമ്മത് തുഗ്ലക്ക് ദൌലത്താബാദിലേക്ക് പോകാൻ പറഞ്ഞ പ്രഭുക്കൻമാരിൽ ഇസാമിയും ഉൾപ്പെട്ടിരുന്നു. അക്കാലത്ത് സ്ഥലം മാറിപ്പോകുകയെന്നത് അചിന്തനീയമായിരുന്നു. അതും 1120 കി. മി. അകലെ അപരിചിതമായ ഒരു നാട്ടിൽ. ഈ യാത്രാമദ്ധ്യേ ഇസാമിയുടെ മുത്തച്ഛൻ 'ഈസുദ്ദീൻ ഇസാമി' പ്രായാധിക്യം മൂലമാണെങ്കിലും മൃതിയടഞ്ഞു. ഈ മുത്തച്ഛന്റെ പരിലാളനയിൽ വളർന്ന ഇസാമിക്ക് ഏററ ഏററവും വലിയ ആഘാതമായിരുന്നു അത്. ജനിച്ച നാടും വീടും ഉപേക്ഷിക്കേണ്ടതായി വന്ന ഇസാമി തന്റെ മന:പ്രയാസം പ്രതികാരത്തോടുകൂടി നടത്തിയതാണ് മുഹമ്മത് തുഗ്ലക്കിനെക്കുറിച്ചുള്ള വിവരണത്തിലൂടെ. പ്രതിപാദനത്തിന്റെ ശൈലി തന്നെ ഈ ഭാഗമെത്തുമ്പോൾ തീർത്തും മാറുന്നു. മനംനൊന്തു പിരാകുന്ന ഒരു നിസ്സഹായന്റെ നിസ്സീമമായ ആവേശം ഉടനീളം കാണാം. പുസ്തകം സമർപ്പിച്ചിരിക്കുന്നതു തന്നെ ഡൽഹി സാമ്രാജ്യത്തോട് വിപ്ളവം നടത്തി സ്വത

5. Prof. K. A. Nizami - Studies in Medicval Indian History - P. 50 Foot Note - 4

ന്ന രാജവംശം സ്ഥാപിച്ച ആദ്യത്തെ ഭാമിനി രാജാവിനാണ്. ഇസാമിയുടെ ഈ മാനസിക സ്ഥിതിവിശേഷവും സുൽത്താനോടുള്ള സങ്കടങ്ങളും ശരിക്കും മനസ്സിലാക്കിയില്ലെങ്കിൽ ചരിത്രസത്യം ഇരുളിൽത്തന്നെ കിടക്കും,

## 4. ബദറുദ്ദീൻ ചാച്ച

'കസൈദീ ബദർ ചാച്ച്'' എന്ന ഗ്രന്ഥം മുഹമ്മത് തുഗ്ലക്കിനെക്കുറിച്ചും, അദ്ദേഹത്തിൻെറ സദാചാരസൻമാർഗ്ഗനിഷ്ഠകളെ സംബന്ധിച്ചും സവിസ്തരം പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ്. അനവധി ഗീതകങ്ങൾ അദ്ദേഹമെഴുതിയിട്ടുണ്ട്. കവിയായ ബദറുദ്ദീൻ സുൽത്താനെ വളരെ പുകഴ്ത്തുന്നു. സുൽത്താൻെറ ധർമ്മനിഷ്ഠയും നീതിബോധവും സീമാതീതമായ മതിപ്പ് കവിയിലുളവാക്കിയിട്ടുണ്ട്. ദൌലാത്താ ബാദിലേക്ക് ബദറുദ്ദീനേയും പറഞ്ഞയച്ചിരുന്നു. പക്ഷേ ഡൽഹിയിൽനിന്നും ദൌലാത്താബാദിലേക്ക് പോകുന്നതിൽ പ്രത്യേകമായി സങ്കടം അദ്ദേഹത്തിന് തോന്നേണ്ടതുണ്ടായിരുന്നില്ല. താഷ്ക്കണ്ടിൽ ജനിച്ച ബദറുദ്ദീൻ ഡൽഹിയിൽ വന്നിട്ട് അധികകാലം കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് മാറുന്നത് അസഹനീയവുമായിരുന്നില്ല. പ്രത്യേകിച്ച് സുൽത്താൻെറ ഇഷ്ടത്തിനും സഹായത്തോടും കൂടിയുമായിരുന്നപ്പോൾ- ബദർചാച്ചയുടെ കവിതാസമാഹാരം, ഇസാമി, ബരാണി, ബത്തൂത്ത തുടങ്ങിയ സമകാലീനരുടേതിനേക്കാൾ വസ്തുനിഷ്ഠമാണ്. മുഹമ്മദ് തുഗ്ലക്കിൻെറ സ്വഭാവവും പ്രവൃത്തിയും പകർത്തുവാൻ ഇത് വളരെ സഹായകമാണ്.

## 5. ഐനുൽ മുൽക്ക് മുൾട്ടാനി

അലാവുദ്ദീൻ കിൽജി, മുഹമ്മത് തുഗ്ലക്ക്, ഫിറോസ് തുഗ്ലക്ക് തുടങ്ങിയവരുടെ കീഴിൽ വളരെക്കാലം പ്രധാന സ്ഥാനമാനങ്ങൾ വഹിച്ച ദേഹമാണ്. ''സാഹിത്യ

നഭസ്സിലെ മിന്നിത്തിളങ്ങുന്ന നക്ഷത്ര''മായിട്ടാണ് ഈവിധയട്ട് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഷാംഷി സിരാജ് അഫീഫ് എന്ന ചരിത്രകാരനാകട്ടെ മുൾട്ടാനിയെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്, ''ഏററവും സമർത്ഥനും, പ്രതിഭാസമ്പന്നനുമാണ് ഐനുൽ മുൾക്.'' അദ്ദേഹം അനവധി നല്ല പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായത് 'അയിനുൾ മുൾകി' എന്ന ഗ്രന്ഥമാണ്. മുഹമ്മത് തുഗ്ലക്കിൻെറ പഠനത്തിന് സഹായകമാകുന്ന പുസ്തകം 'മുൽഷാത്തിമഹ്‌റ'' എന്നതത്രേ.

ഇബ്നു ബത്തൂത്ത അലക്സാണ്ടറിയായിൽവെച്ച് ചില പണ്ഡിതൻമാരുമായി സംസാരിച്ചപ്പോൾ മുൾട്ടാനിയെപ്പററി അവരൊക്കെ വളരെ പുകഴ്ത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങിനെ ഇന്ത്യയ്ക്കകത്തും പുറത്തും പ്രസിദ്ധനായിരുന്നു അദ്ദേഹം. യാഥാസ്ഥിതിക സുന്നി മുസൽമാൻെറ സങ്കുചിത വീക്ഷണം ചിലപ്പോഴൊക്കെ ദൃശ്യമാണെങ്കിലും മുഹമ്മത് തുഗ്ലക്കിനെക്കുറിച്ച് മററുള്ളവർ എഴുതിയിട്ടുള്ള കടംകഥകളൊന്നും മുൾട്ടാനി എഴുതിയിട്ടില്ല. തൻമൂലം മുൾട്ടാനിയെ കുറെയെങ്കിലും വിശ്വസിക്കാം.

## 6. ഷഹാബുദ്ദീൻ അബ്ദുൾ അബ്ബാസ് അഹമ്മത്

ഇദ്ദേഹം ഉമറിയെന്നും, ദിമാഷ്ക്കിയെന്നും അപരനാമധേയങ്ങൾകൊണ്ടും അറിയപ്പെടുന്നു. ഡമാസ്ക്കസ്സിൽ എ. ഡി. 1297-ലാണ് അദ്ദേഹം ജനിച്ചത്. 1348—ൽ മരിക്കുകയും ചെയ്തു. പിതാവായ ഖാസി മൊഹിയുദ്ദീൻ ഡമാസ്കസ്സിലെ ഗവർമ്മേണ്ട് സിക്രട്ടറിയായിരുന്നു. അതിനുശേഷം കുറെക്കാലം ഈജിപ്തിലെ രഹസ്യസർവ്വീസിൻെറ ചുമതല വഹിച്ചിരുന്നു. ഈ രണ്ടു സ്ഥലങ്ങളിലും ഉമറിക്ക് പിതാവിനെ സഹായിക്കുവാൻ അവസ

ം ലഭിച്ചു. രാജ്യകാര്യങ്ങളെക്കുറിച്ച് അങ്ങിനെ നല്ല പരിചയസമ്പത്ത് അദ്ദേഹത്തിന്നുണ്ടായിരുന്നു.

ഷഹാബുദ്ദീൻ വളരെയേറെ കഴിവും അറിവും ഉണ്ടായിരുന്ന വാസനാസമ്പന്നനാണ്. അറിയപ്പെട്ടിരുന്ന എല്ലാ ശാസ്ത്രങ്ങളും വശപ്പെടുത്തുവാൻ വളരെ പണ്ഡിതൻമാരുടെ ശിഷ്യത്വം അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അറിവിന്റെയും സാഹിത്യവാസനയുടേയും ഗവേഷണ ഔൽസുക്യത്തിന്റെയും മികച്ച തെളിവാണ് അദ്ദേഹത്തിന്റെ കൃതികൾ. അദ്ദേഹം ഏഴ് വലിയ പുസ്തകത്തിന്റെ കർത്താവാണ്. എങ്കിലും ഒരെണ്ണമേ ശേഷിച്ചിട്ടുള്ളു. അതും അപൂർണ്ണാവസ്ഥയിൽ. ''മസാലിക്കുൽ അബ്സാർ ഫി മമാലിക്കുൽ അംസാർ'' എന്നഅറബു ഗ്രന്ഥമാണത്. വിവിധ രാജ്യങ്ങളിലെ രാജവംശങ്ങളെക്കുറിച്ചുള്ള ഒരു സഞ്ചാരവീക്ഷണം എന്നാണിതിന്റെ അർത്ഥം. ഇരുപത് ഭാഗങ്ങളായെഴുതിയ ഈ പുസ്തകത്തിന്റെ 5 ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. മുഹമ്മദ് തുഗ്ലക്കിനെക്കുറിച്ചുള്ള ഭാഗം ഭാഗ്യവശാൽ നമ്മുടെ കൈവശമുണ്ട്. ഷൈക്ക് അബ്ദുർറഷീദ് മൊയി നുൽഹക്ക്, ഓട്ടോസ്പയിസ്, ഇവർ മൂവരും കൂടി ഇതു് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. ഈ ലിയട്ടും ഡൗസനും അവരുടെ മൂന്നാം വാല്യത്തിൽ അനുബന്ധമായി കുറെയധികം ഭാഗങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്.

തുഗ്ലക്കിനെ സംബന്ധിച്ച ചരിത്ര പഠനത്തിന് ഇത്രയും സഹായകമായ മറ്റൊരു ഗ്രന്ഥമില്ല. നിഷ്പക്ഷ നിരീക്ഷകനായ ഷഹാബുദ്ദീൻ ഉമറി പല സ്വാർത്ഥതാൽപര്യത്തിന്റെയും നിരർത്ഥ ജൽപ്പനങ്ങൾ തകർക്കുന്നുണ്ട്. ഈ പുസ്തകം വായിക്കാതെ മുഹമ്മദ് തുഗ്ലക്കിന്റെ പ്രവർത്തികൾക്ക് വിലയിടുക സാദ്ധ്യമല്ല. അതു ചെയ്യാത്തതുതന്നെയാണ് ഈ സുൽത്താനെക്കുറിച്ചുള്ള അപവാദാരോപണങ്ങൾ ഇന്നും നിലനിൽക്കുവാൻ കാരണം. ചരിത്ര വിദ്യാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഒത്തിരി കാര്യങ്ങൾ ഇതിലുണ്ട്.

## 7. ഷാംഷീസിരാജ് അഫീഫ്

'തരീക്കീ ഫിറോഷായ്' എന്നതന്നെയാണ് അഫീഫിന്റേയും പുസ്തകത്തിനു പേരിട്ടിരിക്കുന്നതു്. വായനക്കാരനെ രസിപ്പിക്കുവാൻ വേണ്ടിയല്ല അദ്ദേഹമിതെഴുതിയത്. താൻ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ഉൽസുകനായ ഒരു പുരാവസ്തു ഗവേഷകന്റെ സൂഷ്മത അദ്ദേഹം കാട്ടുന്നുണ്ട്. അതുതന്നെയാണ് ഈ പുസ്തകത്തിന്റെ ഗുണവും. ഭാഷാഡംബരമോ, അലങ്കാരപ്രയോഗമോ ഒന്നും കാര്യമായി കണ്ടില്ലെങ്കിലും നടന്ന കാര്യങ്ങൾ ഏറെക്കുറെ സത്യസന്ധമായി പ്രതിപാദിക്കുന്നുണ്ടതിൽ. ആ സ്ഥിതിക്ക് ഈ പുസ്തകം വായിച്ചിരിക്കേണ്ടതത്യാവശ്യമാണ്.

## 8. ഫിറോഷ്ഷാ തുഗ്ളക്ക്

സുൽത്താൻ മുഹമ്മദിന്റെ മരണശേഷം ചക്രവർത്തിയായദേഹമാണ് ഫിറോഷ്ഷാ. അദ്ദേഹം ആത്മകഥാ രൂപത്തിലെഴുതിയിട്ടുള്ള ഒരു വിലപ്പെട്ട ഗ്രന്ഥമാണ് 'ഫത്തുവായി ഫിറോഷായ്', മുഹമ്മദ് തുഗ്ളക്കിന്റെ 'ഭ്രാന്തൻ പരിഷ്ക്കാരങ്ങൾ' പറഞ്ഞ് ആ ചക്രവർത്തിയെ കരിതേക്കാനൊരുങ്ങുന്ന ഗ്രന്ഥകാരൻമാർ വായിച്ചറിയേണ്ട പുസ്തകമാണിത്. പലരുടേയും ഇംഗ്ലീഷ് തർജ്ജമകളുമുണ്ട്.

## 9. തുഗ്ളക്ക് നാമ

മുഹമ്മദ് തുഗ്ളക്കിന്റെ ആത്മകഥയാണീ പുസ്തകം. ഡൽഹി മ്യൂസിയത്തിലുള്ള 'തബ്ക്കാത്തീനാസിരി' എന്ന ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രൊഫസർ മുഹമ്മദ് ഹബീബാണ് ഈ ഗ്രന്ഥം തിരിഞ്ഞു പിടിച്ച് പ്രകാശിപ്പിച്ചത്. കുറച്ചു താളുകൾ മാത്രമേ കണ്ടുകിട്ടിയിട്ടുള്ളവെങ്കിലും ആത്മകഥയായതുകൊണ്ട് സുൽത്താന്റെ മാനസിക വ്യാപാരത്തെ മനസ്സിലാക്കുവാൻ വളരെ ഉപയോഗപ്പെടും.

## 10 മററുള്ള ഗ്രന്ഥങ്ങളും ഗ്രന്ഥകാരൻമാരും.

ഇവർക്കൊക്കെ പുറമേ ഈ കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന നിരവധി സാഹിത്യകാരൻമാരും ചരിത്രകാരൻമാരുമുണ്ട്. അബ്ദുൾഹക്ക് ദൽഹവി, യാഹിയ–ഇബ്നിന്–അഹമ്മത്ത് സർഹിണ്ടി എന്നിവർ ഇവരിൽ പ്രാമാണികരത്രേ. ദൽഹവിയുടെ 'അക്ബറുൽ അക്കിയാർ' എന്ന ഗ്രന്ഥവും സർഹിണ്ടിയുടെ 'തരീക്കി മുബാറക്ക് ഷായ്' എന്നതും, വളരെ ഉപയോഗയോഗ്യവും പഠനാർഹവുമാണ്. ഇതിനൊക്കെ പുറമേ അറബിസാഹിത്യത്തിൽ ധാരാളം അമൂല്യരേഖകൾ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്നുണ്ട്. അവയൊക്കെ തേടിപ്പിടിച്ച് ക്രമീകൃതമായി ക്രോഡീകരിച്ചാൽ മാത്രമേ, സത്യസന്ധമായ ചരിത്രാവിഷ്ക്കരണം സാദ്ധ്യമാകൂ.

"ആധുനികരായ അനവധിയാളുകളുടെ പുസ്തകങ്ങൾ സന്ദർഭോചിതമായ അവസരത്തിൽ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ഗ്രന്ഥകാരൻമാരേയും, പുസ്തകങ്ങളേയും, എണ്ണിയെണ്ണിപ്പറയുക മുഷിപ്പൻപണിയാണ്. എന്നാൽ ഒരു പുസ്തകത്തിന്റെ കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ഡോക്ടർ മെഹിദി ഹുസ്സെൽ എഴുതിയ മുഹമ്മദ് തുഗ്ലക്കിന്റെ 'ഉയർച്ചയും തകർച്ചയും' എന്ന ഗ്രന്ഥമാണത്.[6] ആധുനികരായ എഴുത്തുകാരിൽ പരിശ്രമിയായ ഇദ്ദേഹം സുൽത്താനോട് നീതി കാണിക്കുവാൻ ശ്രമിച്ചവരിൽ പ്രമുഖനാണ്. ഏറെ സാഹസവും ബദ്ധപ്പാടും കഴിച്ചാണ് അദ്ദേഹമിതെഴുതിയത്. വിലപ്പെട്ട ധാരാളം രേഖകൾ പ്രയാസപ്പെട്ട് കുത്തിയിരുന്ന് പരിശോധിച്ച് യുക്തിനിഷ്ഠമായ നിഗമനങ്ങളും നടത്തിയിട്ടുണ്ട്. ആഗ്രാ യൂണിവേഴ്സിററിയിൽ പ്രൊഫസറായിരുന്ന ഹുസ്സെൻ, അമൂല്യമായ ഒരു സംഭാവനയാണ് ചരിത്ര വിദ്യാർത്ഥികൾക്ക് നൽകുന്നത്. മുഹമ്മദ് തുഗ്ലക്കിനെ ദുരൂഹമായുള്ള മായാവലയത്തിൽനിന്നും പുറത്തുകൊണ്ടുവരു

6 Mohdi Hussain – Rise and Fall of Mohamed Bin Tughlak.

വാനദ്ദേഹം ശ്രമം നടത്തിയിട്ടുണ്ട്. ആ സ്ഥിതിക്കുതന്നെ ചരിത്രവിദ്യാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഒരു പുസ്തകമാണിത്.

മുഹമ്മത് തുഗ്ലക്കിനെക്കുറിച്ച് എഴുതുന്നതിനുമുമ്പ് അദ്ദേഹത്തെപ്പറ്റി അറിയാവുന്ന ആധികാരികരേഖകളെ കുറെയെങ്കിലും നിരത്തുവാൻ ശ്രമിച്ചത് ഓരോ എഴുത്തുകാരൻെറയും മനോധർമ്മവും മാനസികപ്രക്രിയയും വിശദീകരിക്കുവാനാണ്. അത് ശരിക്കും സാധിച്ചില്ലെങ്കിൽ നിഷ്പക്ഷനിഗമനമസാദ്ധ്യമായിത്തീരും. ഇവരോരോരുത്തരും എന്തൊക്കെയാണ് ചരിത്രത്തിലെ ഒരൽഭുതപ്രതിഭാസമായ ഈ ഇൻഡ്യൻ ചക്രവർത്തിയെപ്പറ്റി പറഞ്ഞിട്ടുള്ളത് എന്ന് അടുത്ത അദ്ധ്യായത്തിലും ന്യസിക്കാം.

### അദ്ധ്യായം രണ്ട്

# ചരിത്രകാരൻമാരുടെ തുഗ്ലക്ക്

തുഗ്ലക്കിന്റെ സമകാലീന ചരിത്രകാരൻമാരിൽ പ്രധാനികളെക്കുറിച്ച് കഴിഞ്ഞ ഉപന്യാസത്തിൽ പ്രതിപാദിച്ചു. രാഷ്ട്രീയ സാമുദായിക വിശ്വാസസങ്കൽപങ്ങളും, എങ്ങിനെ [illegible]ലിമയുടെ അഭാവവും, അപകർഷതയുടെ അന്തർഭാവവും [illegible]ക്കിയെന്നും പറഞ്ഞതാണ്. ഇവരുടെ വിവരണങ്ങളെ ആധാരമാക്കിയാണ് ബ്രിട്ടീഷ്–ഇന്ത്യൻ ചരിത്രകാരൻമാർ [illegible]മതു തുഗ്ലക്കിനെ ചിത്രീകരിച്ചിട്ടുള്ളത്. തുഗ്ലക്കിന്റെ വിവാദപരങ്ങളായ പരിഷ്ക്കാരങ്ങളെപ്പററിയും, ഭരണാധിപനെന്ന നിലയിൽ അദ്ദേഹത്തിന് ബാധിച്ചതെന്നു പറയുന്ന പാളിച്ചകളെക്കുറിച്ചും, എഴുതുന്നതിനുമുമ്പ്, ഈ സുൽത്താനെ നേരിട്ടറിഞ്ഞിരുന്നവർ അദ്ദേഹത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച് നമുക്കു നൽകുന്ന ചിത്രം എത്തുതരത്തിലുള്ളതാണെന്ന് നോക്കേണ്ടതുണ്ട്.

ഈ രാജകുമാരൻ മുഹമ്മത് തുഗ്ലക്കെന്ന അപരനാമധേയത്തോടുകൂടി, 1325 മാർച്ച് മാസത്തിലാണ് ഇൻഡ്യാ ചക്രവർത്തിയായി കിരീടധാരണം നടത്തുന്നത്. തന്റെ പിതാവിന്റെ ആകസ്മികമായ മരണത്തിനുശേഷം മൂന്നു ദിവസം കഴിഞ്ഞാണിത്. 40 ദിവസം പിന്നേയും ദുഃഖാചരണം നടത്തിയിട്ടേ, ഡൽഹിയിൽ അദ്ദേഹം പ്രവേശിച്ചുള്ളു. യാതൊരു എതിർപ്പോ അവകാശത്തർക്കമോ കൂടാതെ മുൻഗാമിയുടെ മരണശേഷം സമാധാനമായി പിൻതുടരുവാൻ കഴിഞ്ഞ ചുരുക്കം ഭരണാധിപൻമാരിലൊരാളാണദ്ദേഹം. എന്നിട്ടുകൂടി ചരിത്രകാരൻ

ന്മാർഗ്ഗിടയിൽ, ശക്തമായ ഒരു സംശയം നിലനിൽക്കുന്നുണ്ട്. ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ മരണം ദുരൂഹമായ ഒരു രാഷ്ട്രീയ ഗൂഢാലോചനയുടെ ഫലമായിരുന്നുവെന്നാണ് പലരുടേയും പക്ഷം. അവരുടെ അതോറിട്ടിയാകട്ടെ വളരെ കാലത്തിന്നുശേഷം ഈ നാട്ടിൽ വന്ന ഇബ്നുബത്തൂത്ത കാൽനൂററാണ്ട് കഴിഞ്ഞ് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ എഴുതിയതും. 'മുഹമ്മത് തുഗ്ലക്ക് സൂത്രത്തിൽ തന്റെ പിതാവിനെ വധിക്കുവാന് വേണ്ടി വിദഗ്ദ്ധമായി ഒരു പന്തൽ നിർമ്മിച്ചുവെന്നും ഗജവീരൻമാർ ഏതെങ്കിലും ഭാഗത്ത് തൊട്ടാലുടൻ വീഴണമെന്നായിരുന്ന പ്ളാനെന്നും അത് ഫലവത്തായപ്പോൾ ചക്രവർത്തി കാലഗതിയടഞ്ഞുവെന്നുമാണ്'' ബത്തൂത്ത എഴുതുന്നത്. തുഗ്ലക്കിനെ മനഃപൂർവ്വം പ്രശംസിക്കുവാൻ തയ്യാറല്ലാത്ത സമകാലീനരുടെ പ്രസ്താവം ഇക്കാര്യത്തിൽ നാമവഗണിക്കുകയാണ്, ഉദാഹരണമായി ബരാണിയുടെ പ്രസ്താവം എടുക്കാം. 'ഇടിവെട്ടേററതുമൂലമാണ് പന്തൽ തകരുവാനിടയായത്.' [7] യാഹിയ ഇബ്നുസർ ഹിന്ദി എഴുതുന്നതാകട്ടെ 'ദൈവയോഗമാണിതിനു കാരണം'[8] എന്നാണ്. അബുൾഫസൽ, നാസിമുദ്ദീൻ അഹമ്മദ്, ബദൌണി തുടങ്ങിയ പിന്നീടുള്ള മുസ്ലീം ചരിത്രകാരൻമാർ വെറും സംശയംമാത്രം പ്രകടിപ്പിക്കുമ്പോൾ ആംഗ്ലേയ എഴുത്തുകാർ മുഴുകേയും, അവരെ അതേപടി പിൻതുടരുന്ന മിക്കവാറും ഇന്ത്യൻ എഴുത്തുകാരും ഇബ്നു ബത്തൂത്തയുടെ പ്രഖ്യാപനത്തെ അപ്പടി സ്വീകരിച്ചിരിക്കയാണ്. അങ്ങിനെ അച്ഛനെക്കൊന്ന് രാജാധിപത്യം കൊതിച്ച മകനായിട്ടാണ് മുഹമ്മത് തുഗ്ലക്കിനെ അവതരിപ്പിക്കുന്നതുതന്നെ. ഇതു വിശ്വസിപ്പിക്കുവാനൊത്താൽ പിന്നെ ക്രൂരതയുടെ കഥകൾ എത്ര വേണമെങ്കിലും ഫലവത്തായി പ്രചരിപ്പിക്കുവാനൊക്കും. ഇത്തരം ടെക്നിക്കുകൾ ചരിത്രപ്രതിപാദനത്തിൽ പ

---

7—2. Barani—Tarikh-i-Firozshai

8— Sirhindi—Akbar-ul - Akhiyar.

ഒരെ വിദഗ്ദ്ധപൂർവ്വം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് പല സ്ഥലങ്ങളിലായി ഞാനെടുത്തുകാട്ടിയിട്ടുണ്ട്. അവസാനത്തെ ചക്രവർത്തിയാകുന്ന മുഹമ്മദ് സുൽത്താൻ ഇരുപത്താറുകൊല്ലത്തെ ഭരണത്തിനുശേഷം 'ജനങ്ങളിൽനിന്നുമദ്ദേഹവും, അദ്ദേഹത്തിൽനിന്ന ജനങ്ങളും വിമുക്തരായി' [9] എന്ന് ബദൗണി വിവരിക്കുന്നതുപോലെ 1351 മാർച്ചുമാസം 20 ാം തീയതി ഇഹലോകവാസം വെടിയുകയും ചെയ്തു.

'മദ്ധ്യദശകളിൽ കിരീടധാരണം ചെയ്തിട്ടുള്ളവരിൽ വെച്ചു അവിതർക്കിതമാംവണ്ണം സാമർത്ഥ്യമുള്ള ദേഹമായിരുന്നു മുഹമ്മതു തുഗ്ലക്ക്'', എന്നാണ് ഡോക്ടർ ഈശ്വരിപ്രസാദ് പറയുന്നത്. [10] 'ഇന്ത്യാക്കാരും വിദേശിയരും ഒരുപോലെ താൽപര്യം കാണിച്ചിരുന്ന മുഹമ്മതു സുൽത്താൻ മദ്ധ്യകാലത്തിലെ പ്രഗത്ഭമതികളിൽവെച്ച് ഏററവും പ്രധാനിയായിരുന്നുവെന്ന് അർത്ഥശങ്കകൂടാതെ പറയാം.' [11] പ്രൊഫസ്സർ കെ. ഏ. നിസാമി സുൽത്താനെ വിലയിരുത്തുന്നതാണിത്. 'നിശ്ചയമായും മുഹമ്മതു തുഗ്ലക്ക് അസാധാരണമായ വ്യക്തിപ്രഭാവമുള്ള ദേഹമാണ്. ചരിത്രത്തന്നു അദ്ദേഹത്തിനു കൊടുക്കേണ്ട സ്ഥാനം എവിടെയാണെന്നു തീർത്തുപറയുക ആരാലും സാദ്ധ്യമല്ല' [12] എന്നാണ് എച്ച്. സി. റായ് ചൌദ്രി പ്രഖ്യാപിക്കുന്നതു്. തുടർന്ന അദ്ദേഹം ചില ചോദ്യങ്ങളും ചോദിക്കുന്നുണ്ട്. 'സുൽത്താൻ ധീഷണശാലിയോ, ഭ്രാന്തനോ ആദർശശാലിയോ, സ്വപ്നജീവിയോ രക്തദാഹിയായ ക്രൂരനൊ, മനുഷ്യസ്നേഹിയായ ദാർശനികനോ? നാസ്തികനൊ, മതവിശ്വാസിയോ? എന്തായിരുന്നു? എന്തായിരുന്നുവെന്ന പറയുവാൻ പ്രയാസമാണ്'' [13] ഡോക്ടർ വിൻസൻറ് സ്മിത്തിന് ഇക്കാര്യത്തിൽ ഒരു സംശയവുമില്ല. 'മാനുഷിക പൈശാചികത്വത്തിൻെറ

9- Abdulkader Badaoni–Munta ka batu Tawarikh.

10-Dr. Iswariprasad-History of Muslim rule–p. 139

11. K. A. Nizami–op cit. p.77

12. H. C. Roy bhoudry–An Adavanced History of India **p. 317**

13. Ibidr p. 317

ദയനീയകഥകൾ ആലേഖ്യം ചെയ്തിട്ടുള്ളവയിൽ ക്രൂരമായിട്ടുള്ളതേതുണ്ടോ, അദ്ദേഹം സിംഹാസനത്തിലിരുന്ന ഇരുപത്താറുകൊല്ലം അത്തരത്തിലുള്ളതായിരുന്നു.'' [14] ലോകചരിത്രത്തിൽ ഏററവും വിസ്മയം ജനിപ്പിക്കുന്ന രാജാക്കന്മാരിൽ ഒരാളാണദ്ദേഹം'' എന്നും, വൈരുദ്ധ്യങ്ങളുടെ സങ്കലനമായിരുന്നു ഈ സുൽത്താനെന്നും'' അദ്ദേഹം പ്രസ്താവിക്കുന്നു. [15] ഡോക്ടർ ശ്രീ വാസ്തവ സുൽത്താൻ നന്മതിന്മകളുടെ വിചിത്രമായ സങ്കലനമായിരുന്നു''വെന്ന് വ്യവഹരിക്കുമ്പോൾ [16] സുൽത്താൻ ഭ്രാന്തനായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല'' [17] എന്നാണ് എൽഫിൻസ്റേറാൺ പറയുന്നത്.

പരസ്പരവിരുദ്ധങ്ങളായ ഇത്തരം പ്രസ്താവങ്ങൾ ചെയ്യുവാൻ ആധാരമായുപയോഗപ്പെടുത്തുന്ന ധാരകളേതൊക്കെയെന്ന് നമുക്ക് നോക്കാം. സമകാലീനരായിരിക്കണമല്ലോ ഇത്തരം സംശയങ്ങൾക്കിടം കൊടുത്ത രേഖകൾ സൃഷ്ടിച്ചവർ. നമുക്ക് അവരിൽ ചിലർ സുൽത്താൻെറ സ്വഭാവത്തെപ്പററി പറയുന്നതെന്താണെന്ന് ശ്രദ്ധിക്കാം. എട്ടുകൊല്ലം സുൽത്താൻെറ അരമനയിൽ കഴിച്ചുകൂട്ടിയ ഇബ്നു ബത്തൂത്തയുടെ പ്രതികരണം ഇങ്ങിനെയാണ്: ''തുഗ്ലക്ക് സുൽത്താൻ മരിച്ചപ്പോൾ, യാതൊരു കലഹമോ, തർക്കമോ കൂടാതെ തന്നെ അദ്ദേഹത്തിൻെറ മകൻ മുഹമ്മത് രാജാവായി. അദ്ദേഹത്തിൻെറ പേര് ജൗന എന്നായിരുന്നു. ചക്രവർത്തിയായപ്പോഴാണ് മുഹമ്മതെന്നപേര് സ്വീകരിച്ചത്. പുറമേ അബ്ദുൾ മുഹമ്മത് എന്ന സ്ഥാനപ്പേരുമെടുത്തു. ഇന്ത്യൻ സുൽത്താന്മാരെക്കുറിച്ചുള്ള എൻെറ ചരിത്ര ഭാഗങ്ങളധികവും, ഞാൻ അറിഞ്ഞതും കേട്ടതുമായ കാര്യങ്ങളാണ്. ഗസ്നിയിലെ ജഡ്ജിയായ

14. V. Smith – Oxford History of India. P, 237
15. Ibid P. 238
16. Dr. Sreevasthava History of the Sultanate
17. Elphin Stone Medieval Indian History

ബർഹാനുദ്ദീൻെറ മകൻ, ഷെയിക്ക് കമലുദ്ദീനിൽനിന്നും നേരിട്ടറിഞ്ഞ കാര്യങ്ങളാണധികവും. ഈ സുൽത്താൻെറ സാഹസികചരിത്രമാകട്ടെ എൻെറ നേരിട്ടുള്ള വീക്ഷണത്തിന് വിധേയമായവയുമാണ്. ഞാൻ അദ്ദേഹത്തിൻെറ അരമനയിൽ കഴിഞ്ഞിരുന്നപ്പോൾ കണ്ട കാര്യങ്ങളാണവ. ബാക്കി കാര്യങ്ങൾ മററുള്ളവർ പറഞ്ഞറിഞ്ഞതും.

''മറേറതൊരാളേക്കാൾ, സമ്മാനങ്ങൾ നല്കുന്നതിലും രക്തമൊഴുക്കുന്നതിലും മുഹമ്മദ് അതീവ തല്പരനാണ്. അദ്ദേഹത്തിൻെറ അരമനവാതായനത്തിൽ എപ്പോഴും കാണാവുന്നത് ദരിദ്രന്മാർ ധനികന്മാരായി മാറുന്നതും ജീവനുള്ളവർ മരണശിക്ഷയ്ക്ക് വിധേയരാകുന്നതുമാണ്. ഇതൊക്കെയാണെങ്കിലും അദ്ദേഹം മനുഷ്യരിൽവെച്ച് ഏററവും ദയയുള്ളവനും, നീതിചെയ്യുന്നതിൽ കണിശക്കാരനുമാണ്. മതാചാരങ്ങൾ കൃത്യമായനുഷ്ഠിക്കുക മാത്രമല്ല അവയുടെ അവഗണനമൂലമുണ്ടാകാവുന്ന ശിക്ഷയേയും അദ്ദേഹം ഭയപ്പെടുന്നു. ശുഭോതർക്കമായ ഭാഗ്യം എന്തിനേയുമതിലംഘിക്കുകയും സന്തുഷ്ടമായ വിജയം അപരിമേയമാകുകയും ചെയ്തിട്ടുള്ള രാജാക്കന്മാരിൽ ഒരാളാണദ്ദേഹം' അദ്ദേഹത്തെ വേർതിരിച്ചുനിർത്തുന്ന ഗുണമാകട്ടെ വിശാലമായ മഹാമനസ്കതയും. മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത വിശാലദാക്ഷിണ്യവും ദയാവായ്പും കാണിക്കുന്ന കുറേക്കാര്യങ്ങൾ ഞാനദ്ദേഹത്തെപ്പററി പറയാം. ദൈവത്തേയും മലക്കുകളേയും (മാലാഹകൾ) പ്രവാചകന്മാരേയും സാക്ഷിനിർത്തി ഞാനാണയിട്ടു പറഞ്ഞുകൊള്ളട്ടെ അദ്ദേഹത്തിൻെറ മഹത്വത്തെ പരാമർശിച്ചു ഞാൻ പറയുന്നതത്രയും സത്യമാണ്.

''ഒരിക്കൽ ഇന്ത്യയിലാകമാനം വരൾച്ച ബാധിക്കുകയും ഒരാൾ ചുമട് ഗോതമ്പിന് 15ക. വിലവരികയും ചെയ്ത സന്ദർഭത്തിൽ, ഡൽഹിയിലെ സകലമാനജനങ്ങൾക്കും ആറു മാസത്തെ ഭക്ഷ്യധാന്യങ്ങൾ സൗജന്യ

മായി നൽകുവാനേർപ്പാടു ചെയ്തു. ഉദ്യോഗസ്ഥന്മാർ ധൃതഗതിയിൽ ഓരോ വില്ലേജിലേയും ജനങ്ങളുടെ രജിസ്ററർ തയ്യാറാക്കി സമർപ്പിച്ചു. എല്ലാ ആളുകൾക്കും സുരക്ഷിതമായി ആറുമാസം കഴിഞ്ഞുകൂടാനുള്ള ധാന്യ ങ്ങൾ അതുവഴി ലഭിച്ചു.'

സുൽത്താൻെറ കാരുണ്യവും ദയാവായ്പും ഉൽഘോ ഷണം ചെയ്യുന്ന ധാരാളമുദാഹരണങ്ങൾ ബത്തൂത്ത വിവ രിച്ചതിനുശേഷം സുൽത്താൻെറ സ്വഭാവത്തിൻെറ മറുവശം വരച്ചുകാട്ടുന്നു. 'നീതിനിഷ്ഠയും, സാധുജനസ്നേഹവും, സീമാതീതമായ മഹാമനസ്കതയും നിലനില്ക്കത്തന്നെ, രക്തച്ചൊരിച്ചിലിനുള്ള ആസക്തിയും ധാരാളമാണ്. അ ദ്ദേഹത്തിൻെറ കൊട്ടാരവാതുക്കൽ ഏതെങ്കിലും വധിക്കപ്പെട്ട വൻെറ ജഡം കാണാതെ കടന്നുപോകുക സാദ്ധ്യമല്ല. ഇ ത്തരം ധാരാളം സംഭവങ്ങൾ ഞാൻ തന്നെ കണ്ടിട്ടുണ്ട്! കൊ ല്ലുന്നവരുടെ ശവം കുറെസമയം അവിടെതന്നെ ഇടുകയാ ണു പതിവ്. ഒരു ദിവസം ഞാനദ്ദേഹത്തിൻെറ അരമനയി ലേക്കു പോകുമ്പോൾ, എൻെറ കുതിര അറച്ചുമടിച്ചുനിന്നു. ഞാൻ മുൻവശത്തേക്കുനോക്കി, അവിടെ വെളുത്ത എന്തോ കൂട്ടിയിരുന്നു. പരിചാരകരോടന്വേഷിച്ചതിൽ വധിക്കപ്പെട്ട വരുടെ ജഡങ്ങൾ മൂന്നായിമുറിച്ച് കൂട്ടിയിട്ടിരിക്കുന്നതാ ണെന്ന് അറിയാൻ കഴിഞ്ഞു. ഈ ചക്രവർത്തി ചെറിയ തെററുകൾപോലും ഗൗരവമായി വീക്ഷിക്കുകയും, കടുത്ത ശിക്ഷ നൽകുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ പണ്ഡി തനെന്നോ, മതാചാര്യനെന്നോ, പ്രഭുവെന്നോ തരംതിരിക്കാ റില്ല. നിത്യേന നൂറുകണക്കിന് മനുഷ്യരെ ചങ്ങലകിട്ട് കൈകളാമം വച്ച് അദ്ദേഹത്തിൻെറ അടുക്കൽകൊണ്ടുവരുന്നു. കുറെപ്പേരെ കൊല്ലുകയും മററുള്ളവരെ മർദ്ദനമുറകൾക്ക് വി ധേയമാക്കി വിട്ടയയ്ക്കുകയും ചെയ്യുന്നു. വെള്ളിയാഴ്ച യൊഴികെ എല്ലാ ദിവസവും തടവുകാരെ അദ്ദേഹത്തിൻെറ മുമ്പിൽ കൊണ്ടുവരിക പതിവായിരുന്നു ഇതൊക്കെയാണെ ങ്കിലും നീതിന്യായം നടത്തുന്നതിൽ, ഈ ചക്രവർത്തി

യുടെ അമിതമായ മോഹവും, താല്പര്യവും അവിസ്മരണീയമാണ്.' [18]

അലാവുദ്ദീൻ ഖിൽജി, മുഹമ്മത് തുഗ്ലക്, ഫിറോസ് തുഗ്ലക് എന്നീ മൂന്നു ചക്രവർത്തിമാരുമായി അടുത്തു പരിചയിക്കുവാൻ കഴിഞ്ഞ സിയാവുദ്ദീൻ ബരാണിയാണ് ചരിത്രകാരൻമാരിൽ പ്രധാനി. ഏകപക്ഷീയമെങ്കിലും ബരാണിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. 'കൈയക്ഷരത്തിൽ പ്രശസ്തരായ ലിഖിതശാസ്ത്രജ്ഞൻമാരെയെല്ലാം മുഹമ്മത് പിൻതള്ളുന്നു. കമനീയമായ കൈയക്ഷരവും, അനായാസമായ ആലേഖ്യരീതിയും, മനോഹരമായ ശൈലിയും, വിദഗ്ദ്ധമായ അലങ്കാര പ്രയോഗവും ഒക്കെ പ്രശസ്തമതികളും പ്രതിഭാസമ്പന്നരുമായ പണ്ഡിതൻമാർക്കുകൂടി അട്ടത്തൊന്നുമെത്താൻ ഒക്കാത്തതരത്തിൽ വളരെ പ്രശംസാർഹമായിരുന്നു. അദ്ദേഹത്തെ വെല്ലുവിളിക്കുവാൻ ഒരു ജൈമിനിയുമുണ്ടായിരുന്നില്ല. ഉണ്ടായിരുന്നുവെങ്കിൽ അമ്പേ തോററു പാളീസായേനെ. പേർഷ്യൻ കവനസമ്പത്തിന്റെ ഭൂരിഭാഗവും അദ്ദേഹത്തിന് മനഃപാഠമായിരുന്നുവെന്ന് മാത്രമല്ല നല്ല ഗ്രാഹ്യവും കൂടിയായിരുന്നു. അദ്ദേഹമയക്കുന്ന എഴുത്തുകളിൽ പേർഷ്യൻകവിതകളുദ്ധരിക്കുകയും, അലങ്കാരങ്ങൾ പ്രയോഗിക്കുകയും ചെയ്യുക സാധാരണമായിരുന്നു. സിക്കന്തർനാമ, ബുമിസലിം നാമ, മശിക്കി മുഹമ്മുദി തുടങ്ങിയ ഗ്രന്ഥങ്ങൾ സുൽത്താൻ വളരെ പരിചയിച്ചിരുന്നു. ഒററ പണ്ഡിതനോ, ശാസ്ത്രജ്ഞനോ, കവിയോ, സാഹിത്യക്കാരനോ, ഡോക്ടറോ ആരും തന്നെ അദ്ദേഹവുമായി തർക്കിക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. യുക്തിയുക്തമായ ന്യായവാദം വളരെ വിവരമുള്ളവനുമാത്രമേ സാദ്ധ്യമാകൂ. അദ്ദേഹമതിൽ അനന്യസാധാരണനായിരുന്നു.

18. H. R. A. Gibb-Selections from the Travels of Ibn Battuta p. 197

Also see Elliot and Dowson Vol III P. 610

'ഹൃദയത്തെ കഠിനമാക്കുന്ന താത്വികദർശനങ്ങളായിരുന്നു അദ്ദേഹത്തിന്നിഷ്ടം. എന്നാൽ ഹൃദയദ്രവീകരണവും സമഷ്ടിസ്നേഹവും ഉണ്ടാക്കുന്ന പരിശുദ്ധബുക്കോ (ഖുറാൻ) പ്രവാചകന്റെ പ്രവചനങ്ങളോ, അവസാനദിവസത്തെ ശിക്ഷയെക്കുറിച്ച ഭയമോ ഉണ്ടാക്കുന്നവയൊന്നും അത്ര ശ്രദ്ധിക്കേണ്ടതായി കണക്കാക്കിയിരുന്നില്ല. രാജകീയ ധർമ്മങ്ങളോ, സദാചാരവിരുദ്ധപ്രവൃത്തികളോ സുൽത്താൻ ശീലിച്ചിരുന്നില്ലെന്നു മാത്രമല്ല പാപബോധത്തോടുകൂടി അവയോട് വിമുഖത കാട്ടുകയും ചെയ്തിരുന്നു,'[19] വെന്നദ്ദേഹം പറയുന്നു. ബദർചാച്ചയുടെ അനവധി ഗീതകങ്ങൾ. സുൽത്താനെ പ്രകീർത്തിച്ചുകൊണ്ടുള്ളവയാണ്. അവയിലൊന്നിലും ദൂഷ്യാരോപണങ്ങളോ. ഭത്സനങ്ങളോ ഇല്ല. ബറാണിയെപ്പോലെ മുസ്ലീംപൗരോഹിത്യത്തിന്റെ വക്താക്കൾ മാത്രമാണ് ഇത്തരം കുറ്റാരോപണങ്ങൾ നടത്തുന്നത്.

അൽഉമറി ഇതുസംബന്ധമായി തരുന്ന അറിവ് ആദരണീയമാണ്. 'സുൽത്താൻ ഉച്ചഭക്ഷണവും അത്താഴവും കഴിക്കുന്നത് ചുരുങ്ങിയത് 200 പണ്ഡിതന്മാരോടൊപ്പമാണ്. അവരുമായി വിജ്ഞാനപ്രദമായ വിഷയങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യും. നിത്യേന 2500 കാളക്കുട്ടികളേയും, 2000 ആടുകളേയും കൊട്ടാരാവശ്യത്തിനുവേണ്ടി കൊന്ന് പാകംചെയ്തിരുന്നു. ഇതിനു പുറമെ അംഗവൈകല്യം സംഭവിക്കുന്ന നിരവധി കുതിരകളും, പലതരം പക്ഷികളും പെടും.[20] അലാവുദ്ദീനെപ്പോലെ തന്നെ മുസ്ലീം പൗരോഹിത്യത്തെ രാഷ്ട്രീയം കളിക്കുവാൻ അദ്ദേഹം സമ്മതിച്ചില്ലെന്നു മാത്രമേ വ്യത്യാസമുള്ളു. അൽ ഉമറി സുൽത്താന്റെ സ്വഭാവ നിരൂപണം ചെയ്യുന്നത് നോക്കുക. 'സുൽത്താൻ വിശാലമനസ്കനും, ഔദാര്യശീലനുമാണ്.

19. Ziauddeen Barani-Tarikh–i-Firozshai
20. Alumeri-Masalik–Elliot–Vol III, P. 579

ശദ്ദേഹത്തിന്റെ നിറഞ്ഞു തുളുമ്പിയിരുന്ന നമ്മ വിനയവും, സൌമ്യശീലവുമാണ്. സുൽത്താനെ സാധുവായ ഒരു ഫക്കീറിന്റെ ശവസംസ്കാരചടങ്ങിൽ താൻ കണ്ടെന്നും, ശവമഞ്ചം സ്വന്തം തോളിലേററിയിരുന്നുവെന്നും, ഇഷാക്ക് ബബാലി എന്നോട് പറഞ്ഞു. ഇദ്ദേഹത്തിന് ഖുറാൻ ഹൃദിസ്തമായിരുന്നതിനു പുറമേ, അബു ഹനീഫ സംവിധാനം ചെയ്ത ഹിരിയ എന്ന നിയമഗ്രന്ഥവും കാണാപ്പാഠമായിരുന്നു. കലോപാസകനായ അദ്ദേഹം വൈജ്ഞാനികമണ്ഡലത്തിലെ ഉജ്ജ്വലതാരമാണ്; ലിഖിതശാസ്ത്രത്തിലുള്ള രചനാത്മകസിദ്ധി അതിന്റെ പാരമ്യത്തിൽ ഈ സുൽത്താനിൽ വിഹരിക്കുന്നു. മതപരമായ ആചാരാനുഷ്ഠാനങ്ങൾ നിർവ്വിഘ്നം നിർവ്വഹിച്ചിരുന്ന അദ്ദേഹം വികാരങ്ങളെ കടിഞ്ഞാണിടുവാനും മടിച്ചിരുന്നില്ല. ഈ ഗുണഗണങ്ങളെ സാഹിത്യവാസന മകുടംചാർത്തിയിരുന്നു. കവിതകൾ പാടുന്നതിലും, അവ പാടി കേൾക്കുന്നതിലും അദ്ദേഹത്തിന് അതീവ താല്പര്യവും ഉണ്ടായിരുന്നു. പണ്ഡിതന്മാരുമായി ആശയവിനിമയം ചെയ്യുവാനും, സംഭാഷണത്തിലേർപ്പെടുവാനും അദ്ദേഹത്തിന് അമിതമായ കൗതുകവും സന്തുഷ്ടിയുമുണ്ട്. പേർഷ്യൻ കവികളുടേയും കവിതകളുടേയും ആരാധകനായ ഈ ചക്രവർത്തി അവരെ അമിതമായിഷ്ടപ്പെട്ടിരുന്നു' [21]

'ഫത്തുഹ് സലാത്തി'നാണ് സുൽത്താനെ കഠിനമായാക്ഷേപിക്കുന്ന ഗ്രന്ഥമെന്നും ഇസാമിക്ക് അതിന്റെ കാരണങ്ങൾ ഉണ്ടായിരുന്നുവെന്നും നാം പ്രസ്താവിച്ചതാണ്. 'ഡൽഹിയിലെ ജനങ്ങൾ അഴിമതിയും അധർമ്മവും ചെയ്യുന്നതിൽ വ്യാപൃതരായിരുന്നതിനാൽ അവരെ ശിക്ഷിക്കുവാൻ ദൈവമയച്ച രക്തരക്ഷസ്സാണ്. ഈ സുൽത്താൻ........ക്രൂരനായ ഈ സുൽത്താൻ രക്തദാഹിയാണ്. ചോരചിന്തുന്ന കാര്യത്തിൽ വിശ്വാസിയെന്നും അവിശ്വാസിയെന്നും അദ്ദേഹം തരംതിരിക്കാറില്ല. സ്വന്തം ഇച്ഛരാ

21. Ibid P P. 580-81

നുസരണം സംഗതികൾ ചെയ്തിരുന്ന അദ്ദേഹം ജനദ്രോഹിയായിരുന്നുവെന്നതിൽ സംശയമില്ല.' ഇങ്ങിനെ [22] പോകുന്നു ആ വിവരണം.

പരസ്പരവിരുദ്ധങ്ങളായ ഇത്തരം രേഖകളാണ് സുൽത്താനെക്കുറിച്ച് സമകാലീനർ വിളംബരം ചെയ്തത്. അതിൻെറ ഫലമായിട്ടാണ് 'ഭിന്നങ്ങളുടെ സമ്മിശ്രസംയോജനം' [23] മെന്നും, 'ഭിന്നങ്ങളുടെ വിസ്മയാവഹമായ അത്ഭുതമെന്നും' [24] മററും പിന്നീടുള്ള ചരിത്രകാരൻമാർ വിശേഷിപ്പിച്ചത് ''ഭ്രാന്തും രക്തദാഹവും'' സുൽത്താൻെറ ചിത്രീകരണത്തിൽ സ്ഥലം പിടിച്ചതും ഇവകൊണ്ടൊക്കെത്തന്നെ, പക്ഷേ, ആ കാലഘട്ടത്തിലെ ചരിത്രരേഖകൾ പരിശോധിച്ചപ്പോൾ, വിവേകവും വിവേചനാശക്തിയുമുണ്ടായിരുന്നവെങ്കിൽ ഇന്ന് നിലവിലുള്ള കടങ്കഥകൾ ഒഴിവാക്കാൻ സാധിച്ചേനെ, അത് മനഃപൂർവ്വം ചെയ്യാതിരിക്കുവാൻ കാരണമുണ്ട്. ഇംഗ്ലീഷ്കാർക്ക് മതഭ്രാന്തു പറഞ്ഞ് കരിതേക്കാനൊക്കാത്തിടത്തൊക്കെ ക്രൂരതയും സ്വഭാവദൂഷ്യവും അതുമല്ലെങ്കിൽ സ്ഥിരതക്കുറവുമൊക്കെ ആരോപിച്ചാലേ മദ്ധ്യകാലഭരണത്തെ ചീത്തയായി കാണിക്കുവാനൊക്കുമായിരുന്നുള്ളു.

ബത്തൂത്തയും, ഇസാമിയും, ബരാണിയുമാണ് രക്തച്ചൊരിച്ചിലിൻെറ ഭീകരകഥ പറഞ്ഞിട്ടുള്ളത്. ബാൽബനും, അലാവുദ്ദീൻ കിൽജിയും ഇതിനേക്കാൾ നികൃഷ്ടമായ ചെയ്തികൾ നടത്തിയിട്ടുണ്ട്. ലോകത്തെവിടേയും ഇക്കാലങ്ങളിൽ നടന്നിരുന്ന ശിക്ഷാസമ്പ്രദായങ്ങൾ ഇന്ന് നമുക്ക് കേട്ടാൽ ഭീകരത തോന്നുന്നവയായിരുന്നു. അക്കാലത്തിലെ ക്രൂരമായ ശിക്ഷകൾ ഏതു ഭരണാധികാരിയും വിധിച്ചിരുന്നതാണ്. മുഹമ്മദ് തുഗ്ലക്കും അവ അനുഷ്ടിച്ചിരുന്നൊന്നുമാത്രമേ ഉള്ളു. കലഹകാരികളെ വലിയ തൂണുകൾ നാട്ടി അവയിൽ ബന്ധിച്ച് തലയും ഉടലും വേർപ്പെടുത്തി നിരവ

22. Isami–Futuhu Salatin
23. V. A. smith–op. eit. P. 238
24. Ibid–P.238

ധി ദിവസങ്ങളങ്ങനെ പൊതു സ്ഥലങ്ങളിൽ ഇട്ടേക്കുക പതിവായിരുന്നു. ഭയം ജനിപ്പിക്കുവാൻ ഇത് സാർവ്വത്രികമായംഗീകരിച്ചിരുന്ന നടപടിയാണ്. ബരാണിക്കും കൂട്ടർക്കും ഇതറിയാഞ്ഞിട്ടുമല്ല. പക്ഷേ, ''മുസ്സൽമാൻ രക്തവും നിർദ്ദോഷം ചിന്തി'' എന്ന ബരാണിയുടെ ആക്ഷേപം മനസ്സിരുത്തിയാൽ കാണാം; ഈ രക്തദാഹത്തിൻെറ കഥ ഉൽഭവിച്ചതു് അവരുടെ മതഭ്രാന്തിൻെറ അസഹിഷ്ണുതകൊണ്ടായിരുന്നുവെന്നു്. നീതി നിഷ്ഠനായ സുൽത്താൻ കുററക്കാരൻെറ മതമോ പദവിയോ നോക്കാതെ ശിക്ഷിച്ചിരുന്നതാണ് മുസ്ലീം പഴഞ്ചന്മാരെ ചൊടിപ്പിച്ചതും, ഇക്കൈറകരം പ്രചരിപ്പിക്കുവാനിടയാക്കിയതും.

അലാവുദ്ദീനെക്കുറിച്ചും ഈ ആക്ഷേപം വലിയതോതിൽ ഇവർ നടത്തി. നിരക്ഷരകുക്ഷിയായ അലാവുദ്ദീൻ അപഹാസ്യപരമായ ഒരു വീക്ഷണമാണ് പൗരോഹിത്യത്തോടനുവർത്തിച്ചത്. തനിക്ക് ഐസ്ലാമികനിയമങ്ങളൊന്നും അറിഞ്ഞുകൂടെന്ന് തുറന്നു പറഞ്ഞിരുന്ന അദ്ദേഹം അക്കാരണത്താൽത്തന്നെ, പൗരോഹിത്യത്തിൻെറ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടില്ല. ഇസ്ലാമിക ശാസനകളിൽ സംശയം ജനിക്കുന്നവെങ്കിലല്ലേ ഉപദേശം ആരായേണ്ടു. അവ അദ്ദേഹത്തിനജ്ഞാതവുമായിരുന്നു. നേരെമറിച്ചായിരുന്നു തുഗ്ലക്കിനെ സംബന്ധിച്ച് — അൽ ഉമറി തുടങ്ങി എല്ലാവരും സമ്മതിക്കുന്ന പരമാർത്ഥമാണ് സുൽത്താൻ ഇസ്ലാമിക ശാസനകരം ശരിക്കും മനസ്സിലാക്കിയിരുന്ന ദുർല്ലഭം പേരിൽ ഒരാളായിരുന്നുവെന്നകാര്യം. അദ്ദേഹം അറിവിൻെറ ഉപാസകനായിരുന്നു. ജീവിച്ചിരുന്ന മറേറതൊരു പണ്ഡിതനേക്കാരം പണ്ഡിതനായിരുന്ന തുഗ്ലക്കിന്നു് പൗരോഹിത്യത്തിൻെറ സഹായംകൂടാതെ തന്നെ നിയമങ്ങളറിയാമായിരുന്നു. തൻമൂലം, തന്നെ ഉപദേശിക്കുവാൻവേണ്ടി ആരേയും സ്വീകരിച്ചിരുന്നില്ല. വളരെക്കാലമനുഭവിച്ചിരുന്ന അനാകാരാധികാരങ്ങരം ചോദ്യം ചെയ്യപ്പെട്ടപ്പോരം, സുൽത്താനെ പ്രതിരാകിപ്പിറുപിറുക്കുകയാണ് മുസ്ലീം പൗരോഹിത്യം ചെയ്തതു്.

റ്റെന്നിട്ടും അവർക്കാർക്കും സുൽത്താൻെറ സ്വഭാവത്തിലും വാസനയിലും വൈകല്യം വരച്ചുകാട്ടുവാൻ സാധിച്ചില്ല. ഇംഗ്ലീഷ് ചരിത്രകാരൻമാർക്കുകൂടി സുൽത്താൻെറ സ്വഭാവശുദ്ധിയേയും പാണ്ഡിത്യത്തേയും പുകഴ്ത്തേണ്ടതായി വന്നു. ഇക്കാര്യത്തിൽ ആധുനികരും യോജിക്കുന്നുണ്ട്. എൽഫിൻസ്റ്റോൺ സുൽത്താനെ വിലയിരുത്തുന്നതിങ്ങനെയാണ്. ''എല്ലാ വിഭാഗക്കാരും സമ്മതിക്കുന്നകാര്യമാണ് അക്കാലത്തിലെ ഏററവും അനുഗ്രഹീതനും സമ്പന്നനുമായിരുന്നു അദ്ദേഹമെന്നത്. അദ്ദേഹത്തിൻെറ ഭരണം കഴിഞ്ഞ് വളരെക്കാലത്തിനുശേഷവും, അറബിയിലും പേർഷ്യയിലുമുള്ള സുൽത്താൻെറ എഴുത്തുകരം അവയുടെ ശാലീനതകൊണ്ടുതന്നെ, ആസ്വദിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ ഓർമ്മശക്തി അനന്യസാധാരണമായിരുന്നു. യവന തത്വശാസ്ത്രത്തിലും, തർക്കശാസ്ത്രത്തിലും നൈപുണ്യം നേടിയിരുന്നതിനു പുറമേ, ഗണിതശാസ്ത്രവും, മററു ശാസ്ത്രശാഖകരം എല്ലാം തന്നെയും അദ്ദേഹം വശമാക്കിയിരുന്നു. വൈദ്യശാസ്ത്രത്തിലും, ചികിൽസയിലും അദ്ദേഹം ഉൽസുകനായിരുന്നു. ചില രോഗങ്ങളുടെ പ്രാത്യേക സ്വഭാവങ്ങളെ നിരീക്ഷിക്കുവാനദ്ദേഹം രോഗികളെ സന്ദർശിക്കുകയും ചികിൽസ നിർദ്ദേശിക്കുകയും പതിവാണ്. ആരാധനാകാര്യത്തിൽ ചിട്ടയും, സ്വകാര്യജീവിതത്തിൽ സന്മാർഗ്ഗവിചാരവും, അദ്ദേഹത്തിൻെറ പ്രത്യേകതകളത്രെ. മദ്യപാനം സാർവ്വത്രികമായിരുന്ന ആ കാലഘട്ടത്തിൽ അദ്ദേഹം ലഹരിപദാർത്ഥങ്ങരം ഒരിക്കലും രുചിച്ചിട്ടില്ല; യുദ്ധങ്ങളിലാകട്ടെ അദ്ദേഹത്തിൻെറ അപാരമായ ധൈര്യവും സാമർത്ഥ്യവുമൊക്കെകാരണം സമകാലീനർ, അദ്ദേഹത്തെ ''കാലത്തിൻെറ അൽഭുത പ്രതിഭാസങ്ങളിലൊന്നു'' എന്ന് വിശേഷിപ്പിച്ചതിൽ അസാംഗത്യം ലേശവുമില്ല.

''ഈവക പ്രതിഭാസമ്പത്തും അനുഗ്രഹങ്ങളുമൊകെ വെറുതെ പാഴായി പോകുകയാണുണ്ടായത്. അവ തെററിദ്ധരിഞ്ഞ തീരുമാനങ്ങരം മൂലം വികലമായിപ്പോയി അധി

ഹരിയുടെ സമൂർത്ത സ്വഭാവത്തിനുള്ള വകവീട്ടാൻ ന്നെ, ഏതൊരാൾക്കും നിസ്സംശയം അദ്ദേഹം ഭ്രാന്തനായിരുന്നുവെന്ന് പറയാതെ നിവർത്തിയില്ല. അദ്ദേഹത്തിന്റെ ജീവിതം മുഴുക്കെ അയുക്തകങ്ങളും, അപ്രായോഗികങ്ങളുമായ പദ്ധതികളുടെ ആസൂത്രണത്തിനുപയോഗപ്പെടുത്തി. ജനങ്ങൾക്കതുമൂലമുണ്ടാവുന്ന കഷ്ടപ്പാടുകളാകാതെതന്നെ നടത്തുകയും ചെയ്തു. തന്മൂലം മറ്റൊരിന്ത്യൻ ചക്രവർത്തിക്കും നേരിട്ടിട്ടില്ലാത്തത്ര ലഹളകളും, കുഴപ്പങ്ങളുമുണ്ടായി'' 25.

ഇതേ രീതിയാണ് എല്ലാ ആധുനിക ചരിത്രകാരന്മാരും സ്വീകരിച്ചിട്ടുള്ളത്. ലെയിൻപൂളും, സ്മിത്തും തുടങ്ങി മറ്റെല്ലാ ആംഗ്ലേയരും സുൽത്താന്റെ സ്വഭാവത്തെ താഴ്ത്തുവാൻ മറക്കാത്തപ്പോൾ അദ്ദേഹത്തിന്റെ പ്രവൃത്തികളുടെ നേരെയാണ് പടവാളുയർത്തിയിട്ടുള്ളത്. ഡോക്ടർമാരായ ഈശ്വരി പ്രസാദ്, റായ്ചൌദ്രി, ശ്രീവാസ്തവ, മുക്കർജി, ഖന്ന തുടങ്ങിയ ഇൻഡ്യൻ ചരിത്രകാരന്മാരും സുൽത്താൻ മുഹമ്മദിന്റെ സ്വഭാവം അകളങ്കമായിരുന്നുവെന്നും അറിവ് അപാരമായിരുന്നുവെന്നും സമ്മതിക്കുന്നവരാണ്. ഡോക്ടർ മെഹിദി ഹുസൈൻ സമാധാനിക്കുന്നത്, സുൽത്താൻ ക്രാന്തദർശിയായിരുന്നതുകൊണ്ട് കാലത്തിന് വളരെ മുമ്പേ ജനിച്ചുപോയ തകരാറാണെന്നാണ്. 26

ചുരുക്കത്തിൽ സുൽത്താൻ സൽസ്വഭാവിയും സംസ്കൃതചിത്തനുമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ഡോക്ടർ ഈശ്വരി പ്രസാദിന്റെ ഭാഷയിൽ ''അദ്ദേഹത്തിന്റെ സംസ്കാരം അദ്ദേഹത്തിന്റെ നിരീക്ഷണ ചക്രവാളത്തെ വികസിപ്പിച്ചു. ദാർശനികരും ശാസ്ത്രകാരന്മാരും മററുമായുള്ള സമ്പർക്കം അദ്ദേഹത്തിന്റെ സ

25 Elphine stone- Medieval History of India. P. 394
26 See Rise and Fall of Mohamed bin Tughlag

ഹിന്ദുക്കളോടുള്ള ഉദാരതയും സഹിഷ്ണുതയുടെ ജീവസ്സായ സന്ദേശമങ്കുരിപ്പിക്കുകയും ചെയ്തു. ഇതേ ഗുണവിശേഷത്തിനുതന്നെയാണ് അക്ബർ ചക്രവർത്തി പിന്നീട് പ്രകീർത്തിക്കപ്പെടുന്നത്. 27 ഡോക്ടർ ചൂണ്ടിക്കാട്ടുന്ന ഈ വിശേഷഗുണമാണ് മുസ്ലീം യാഥാസ്ഥിതികത്വത്തിന്റെ കണ്ണിൽ സുൽത്താനെ മോശമാക്കിയത്. മുഹമ്മതു തുഗ്ലക്ക് ഇസ്ലാമിന്റെ ശരിയായ സ്പിരിട്ട് ഉൾക്കൊണ്ട മഹാനായിരുന്നു. അവസരവാദികളായ മുസ്ലീം ഉലമാക്കളെ അദ്ദേഹം പുച്ഛിക്കുവാൻ കാരണം അവർ പൊങ്ങച്ചക്കാരായിരുന്നുവെന്നതാണ്. ജീവിച്ചിരുന്നപ്പോൾ രാജാവായതുകൊണ്ട് പ്രതികാരം നടത്തുവാൻ ഒക്കാതിരുന്നവരാണ് സുൽത്താന്റെ മരണശേഷം നീചവും നിന്ദ്യവുമായ ഈർഷ്യാകാലുഷ്യങ്ങളുടെ കഥകൾ പ്രചരിപ്പിച്ചത്. ഈ ചരിത്രകാരന്മാരുടെ ആന്തരിക ദുരുദ്ദേശ്യം അറിഞ്ഞോ അറിയാതേയോ കണ്ണുംപൂട്ടി പിൻതുടർന്നതുകൊണ്ടാണ് ആധുനികരായ എഴുത്തുകാരും അമ്പരപ്പിക്കുന്ന കഥകൾ അയവിറക്കുന്നത്. അഭികാമ്യങ്ങളായ ഗുണങ്ങളാൽ പരിപുഷ്ടമായിരുന്നു സുൽത്താന്റെ സ്വഭാവം. ദൂഷ്യമായെടുത്ത് പെരുപ്പിച്ചു പറയുന്നതാട്ടെ, അദ്ദേഹം കഠിനശിക്ഷകൾ കൊടുത്തിരുന്നുവെന്നും രക്തപ്രവാഹങ്ങളുണ്ടാക്കിയിരുന്നുവെന്നുമാണ്. അതാകട്ടെ ഭരണാധിപനെന്ന നിലക്ക് ലഹളകളെ അമർത്തുവാനും, ന്യായാധിപനെന്ന സ്ഥിതിയിൽ നീതി പുലർത്തുവാനുമായിരുന്നു. രക്തദാഹത്തിന്റെ കഥ, അതിനാൽ സ്വഭാവത്തിൽ കൂട്ടിക്കലർത്തേണ്ട കാര്യമില്ല. മുഹമ്മതു തുഗ്ലക്കെന്ന സുൽത്താനും തമ്മിലുള്ള അന്തരമാണിത് സൂചിപ്പിക്കുന്നത്. അനിഷ്ടകരവും അരുചികരവും ആയ പലതും ഭരണാധിപന് ചെയ്യേണ്ടതായി വരും. ഇവിടെ തുഗ്ലക്കിന്റെ സ്വഭാവപഠനമാണ് നാം നടത്തുന്നത്. ഔൽകൃഷ്ടസ്വഭാവസിദ്ധിയുടെ മൂർത്തമദ്ഭാവമായിരുന്നു സുൽത്താനെന്നാണ് ചരിത്രവിവരണങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്.

27 History of Muslim Rule— P. 139

## അദ്ധ്യായം മൂന്ന്

# കുററവും ശിക്ഷയും

തുഗ്ലക്കിൻെറ ശുദ്ധമായ സ്വഭാവവും, സമ്പന്നമായ അറിവും, വിവരണവിധേയമാക്കിയതാണ്. സാത്വികപുണ്യമായ ആ ദാർശനികചക്രവർത്തി ചരിത്രകാരൻമാരുടെ മുഴുക്കെ പഴിക്ക് വിധേയമാകുന്നത് ഭരണാധിപനെന്ന നിലക്കാണെന്നും നാം പറഞ്ഞു. ക്രാന്തദർശിയായ സുൽത്താൻെറ പ്രവർത്തനമണ്ഡലങ്ങളെ പരാമർശിക്കുന്ന ചരിത്രകാരൻ, വിചിത്രമായ എന്തൊക്കെ സംഗതികളാണ് മനഃപൂർവ്വമായും, അല്ലാതെയും രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് പരിശോധിക്കേണ്ടതുണ്ട്. തുടർന്നുള്ള വിശദീകരണം വേഗം മനസ്സിലാകുവാനതുപകരിക്കുകയും ചെയ്യും.

പ്രധാനമായും ആവർത്തനവിഷയമാക്കുന്ന കാര്യമാണ് സുൽത്താൻെറ രക്തവാഞ്ഛ. കുറേ ഉദാഹരണങ്ങൾ നിരത്തിയശേഷം, അസന്നിഗ്ദ്ധമായുപസംഹരിക്കുന്നത്, ഈ സുൽത്താൻ നികൃഷ്ടസ്വഭാവക്കാരനായ ക്രൂരനായിരുന്നുവെന്നാണ്. ഈ അഭിപ്രായത്തെ സാധൂകരിക്കുവാനുദ്ധരിക്കുന്ന അതോറട്ടികൾ ബത്തൂത്തയും, ബരാണിയും, ഇസാമിയുംതന്നെ. സമകാലീനരായ അൽ ഉമറിയോ, ബദർചാചയോ, സർഹിണ്ടിയോ, അതുമല്ലെങ്കിൽ മുഹമ്മതിൻെറ പിൻഗാമിയായ ഫിറോസ് തുഗ്ലക്കോ ഇത്തരം കഥകൾ കുറിക്കുന്നില്ല. ബത്തൂത്ത എഴുതി ''സുൽത്താൻെറ അരമനയുടെ മുററത്തിൽ ധാരാളം മനുഷ്യരുടെ ശവം കുന്നുകൂട്ടിയിരിക്കുന്നത് കാണാം. അനവധി ആളുകളെ ഒന്നിച്ച് ചങ്ങലകളിൽ

കെട്ടി അദ്ദേഹത്തിൻെറ മുമ്പിൽ ഹാജരാക്കുന്നു. കുറേപേരെ വധശിക്ഷക്ക വിധിക്കുകയും, മററുള്ളവരെ ദണ്ഡനങ്ങൾ ഏൽപിച്ച് വിട്ടയക്കുകയുമാണ് പതിവ്.... സുൽത്താൻെറ ദയ, കാരുണ്യം, വിശാലമനസ്കത, ഇവയോടൊപ്പം തന്നെ രക്തം ചിന്തുവാനുള്ള ആസക്തിയും വളരെയാണ്.

''ഒററ ദിവസമെങ്കിലും നൂറുകണക്കിന് മുസ്ലീംകളുടെ ചോര ചിന്താതെ ഈ സുൽത്താന് ആശ്വാസമുണ്ടാകുകയില്ല. ഉത്തമവിശ്വാസികളെ വധിക്കുക ഏററവും പ്രിയംകരമായദ്ദേഹം കരുതി. മതപണ്ഡിതൻമാരേയും, സയ്യിതുമാരേയുംകൂടി, ഇതിൽനിന്നും ഒഴിവാക്കിയിരുന്നില്ല... താൻ ഇഛിക്കുന്നതു പോലെ തൻെറ കൽപനകൾ ജനങ്ങൾ അനുസരിക്കുന്നില്ലെന്ന്, സുൽത്താന് ബോദ്ധ്യമായപ്പോൾ, അദ്ദേഹത്തിൻെറ കാലുഷ്യം കഠിനതരമായി. അവരെ കളകളറിഞ്ഞുവീഴ്ത്തുന്നതുപോലെ കൊന്ന് അദ്ദേഹം ശിക്ഷാനടപടികൾ സ്വീകരിച്ചു യഥാർത്ഥ വിശ്വാസികളും യാഥാസ്ഥിതികരുമായ മുസ്ലീംകളെ വധിക്കാൻ ധാരാളം നീചൻമാരെ തയ്യാറെടുപ്പിച്ചു നിർത്തിയിരുന്നു. ആദാമിൻെറ കാലം മുതൽ ഇതുവരെ ഇങ്ങിനെ ഒരു സംഭവം നടന്നുകാണുകയില്ല.''1 ഇതാണ് സിയാവുദ്ദീൻ ബറാണിക്ക് പറയാനുള്ളത്.

ഈ ചരിത്രകാരൻമാർ പക്ഷപാതപരമായാണ് അവരുടെ രേഖകൾ സൃഷ്ടിച്ചതെന്നും, അതിനുണ്ടായിരുന്ന കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും, വിശദീകരിക്കുവാൻ ശ്രമിച്ചതാണ്—ബത്തൂത്ത പറയുന്നമാതിരി രക്തദാഹം കൊണ്ടുമാത്രം ചോരചിന്തിയതല്ല തുഗ്ലക്ക് മുഹമ്മത്. രക്തച്ചൊരിച്ചിലുണ്ടായിട്ടുണ്ട്. പക്ഷേ അതിൽ ആഹ്ളാദമോ, ആമോദമോ തോന്നിയതുകൊണ്ട് ചെയ്ത വിനോദമായി കാണുന്ന വ്യത്യാസം വളരെ കുററകരമായ അബദ്ധമാണ്. ഡോക്ടർ ഈശ്വരിപ്രസാദ് ഗൗരവമായി ഈ വിഷയം പഠിച്ചതിനുശേഷം പ്രഖ്യാപിക്കുന്നതു് ''ഈ രക്താസക്തിയുടെ കടങ്കഥകൾ അത്യുക്തിയോടുകൂടി പ്രചരിപ്പിച്ചതു്

1. Zianddeen Barani-Elliot and Dowson Vol III PP 236, 238

മുസ്ലീം പൗരോഹിത്യമാണ്. സുൽത്താൻ അവരെ അവജ്ഞാപൂർവ്വം വിഗണിച്ചതാണിതിനുകാരണം.''[2]

മുകളിൽ ഉദ്ധരിച്ച ബറാണിയുടെ പ്രസ്താവം മനസ്സിരുത്തി ശ്രദ്ധിച്ചാൽ ഡോക്ടറുടെ നിഗമനം നൂറുശതമാനവും സത്യമാണെന്ന് ബോദ്ധ്യമാകും. എന്നാൽ ബത്തൂത്ത പറയുന്ന കാര്യം സുൽത്താൻ വധശിക്ഷ വിധിച്ചിരുന്ന രീതിയും, അത് നടപ്പിലാക്കിയിരുന്ന വിധവുമാണ്. ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യവും, നവീന നീതിന്യായ നിർവ്വഹണങ്ങളും ഉണ്ടാകുന്നതിനുമുമ്പുള്ള ശിക്ഷാനടപടികളായിരുന്നു തുഗ്ലക്കിൻെറകാലത്തും നിലനിന്നിരുന്നത്. മററുള്ളവർക്ക് ഗുണപാഠമായിത്തീരുവാനുദ്ദേശിച്ചായിരുന്നു പൊതുസ്ഥലങ്ങളിൽവെച്ച്. വധം നടത്തിയിരുന്നതും, ജഡം കുറെ സമയത്തേക്ക് പൊതുപ്രദർശനം നടത്തിയിരുന്നതും. പച്ചനെ തൊലിയുരിഞ്ഞെടുക്കുന്ന ശിക്ഷകരം സാർവ്വത്രികമായംഗീകരിച്ച് നടപ്പാക്കിയിരുന്നതായി, ബാൽബൻെറയും അലാവുദ്ദീൻെറയും സമകാലീനർ രേഖപ്പെടുത്തിയിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിൽ ഇന്നു നമുക്ക് അറപ്പും അമർഷവും തോന്നുന്ന ശിക്ഷാസമ്പ്രദായങ്ങരം വിവിധ രാജ്യങ്ങളിൽ നിലനിന്നുപോന്നിരുന്നു. അക്കാലഘട്ടത്തിൽ ജീവിച്ചിരുന്ന രാജാക്കൻമാർ അംഗീകൃതനിയമാനുസരണം ശിക്ഷകരം കൊടുത്തിരുന്നു. മദ്ധ്യകാലലോകചരിത്രത്തിലെ നീതിന്യായം അത്തരത്തിലുള്ളതായിരുന്നുവെന്നതു് പ്രത്യേകം ശ്രദ്ധിക്കണം. ഭരണാധിപനും, ന്യായാധിപനുമെന്നനിലക്ക്, ബത്തൂത്ത വിവരിക്കുന്നതുപോലെ, നിത്യേന "ചങ്ങലക്കിട്ടുകൊണ്ടുവരുന്നവരുടെ" കുററവ്യത്യാസങ്ങളനുസരിച്ച്, സുൽത്താൻ, വധശിക്ഷയോ, ബന്ധനങ്ങളോ കൊടുത്തിരുന്നുവെന്നുമാത്രം. വധശിക്ഷക്ക് വിധേയമാകുന്ന കുററം മററുള്ളവർ ആവർത്തിക്കാതിരിക്കാൻ പബ്ലിക് സ്ഥലങ്ങളിൽവച്ചാണ് വധങ്ങരം നടത്തിയിരുന്നത്. ലോകത്തെല്ലായിടത്തുമിതനുവർത്തിച്ചിരുന്നു. മൗര്യകാലഘട്ടത്തിലെ ക്രിമിനൽ ശിക്ഷ വിവരിക്കുമ്പോരം മെഗ

---

2 History of Muslim Rule-P. 141

സ്തനീസ് പറയുന്നത്, ''ചെറിയ കുററങ്ങൾക്കുപോലും കനത്ത ശിക്ഷ (കൈകാലുകളരിയുക, അന്ധനാക്കുക, വധിക്കുക) കൊടുത്തിരുന്നതുകൊണ്ട് കുററങ്ങൾ ചെയ്യുന്നവർ കുറവായിരുന്നു'', [3] എന്നാണ്. ''ഒരു നാളികേരം മോഷ്ടിച്ചാൽ കൊലക്കുററത്തിനുള്ള ശിക്ഷ നല്കിയിരുന്നു'' [4] വെന്ന് കേരളത്തിൽ നിലനിന്നിരുന്ന നീതിന്യായത്തെ ചൂണ്ടി ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്, മാർക്കോപോളോ, ബർബോസാ, തുടങ്ങിയവരും കഠിനമായ ശിക്ഷാസമ്പ്രദായങ്ങൾ കേരളത്തിലും ഇന്ത്യയിലെ ഇതരദേശങ്ങളിലും, നിലവിലുണ്ടായിരുന്നതായി പ്രസ്താവിക്കുന്നു കുപ്രസിദ്ധമായ പിൻതുടർച്ചായുദ്ധത്തിനുശേഷം ഔറംഗസീബ് തൻെറ മൂത്ത സഹോദരനെ തടവിൽ പിടിച്ച് ''തല മുണ്ഡനം ചെയ്തു, കഴുതപുറത്തിരുത്തി, ഡൽഹിയിലെയും ആഗ്രയിലേയും പ്രധാന തെരുവുകളിൽ കൂടി ഘോഷയാത്ര നടത്തി''യെന്ന് ദാരയുടെ സ്വകാര്യ ഡോക്ടറായിരുന്ന ഫ്രഞ്ച് ഭിഷഗ്വരൻ ബർനീറും, ഇററാലിയൻ സഞ്ചാരിയും ദൃക്സാക്ഷിയുമായിരുന്ന നിക്കോളസ്സ് മൊനൊച്ചിയും ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്. [5] ഇതൊക്കെ കഴിഞ്ഞശേഷം ദാരയെ നിർദ്ദയം വധിക്കുകയും, ബത്തൂത്ത വിവരിക്കുന്ന ശിക്ഷാനടപടികൾ ചെയ്തിരുന്ന തുഗ്ലക്ക് കാലത്തിൻെറ നീതിസ്വഭാവമാണ് നടത്തിയിരുന്നത്. ധാരാളം കള്ളന്മാരും കൊള്ളക്കാരുമുണ്ടായിരുന്ന അക്കാലത്ത് കഠിനശിക്ഷകൾ കൊണ്ടേ, കുറെയെങ്കിലും രക്ഷാബോധം ജനങ്ങളിലുണ്ടാക്കുവാൻ പററുമായിരുന്നുള്ളു. ന്യായാധിപനെന്ന നിലയിൽ അദ്ദേഹം വിധിച്ച വധശിക്ഷകളും, ചോരചിന്തലും, സുൽത്താൻെറ രക്തദാഹത്തിൻെറ ലക്ഷണമല്ല; കാലഘട്ടത്തിൻെറ സ്വഭാവമാണ്. ഇതിന് അദ്ദേഹത്തെമാത്രം പ്രതിക്കൂട്ടിൽ കയറേറണ്ടതില്ല. ഈ ശിക്ഷാസമ്പ്രദായങ്ങൾക്ക് ചോരയുടെ നാ

3. Magesthanese and Arrian M'crindle – Ancient India P. 70
4. Ibn Battuta – Travels.
5. Vide Travels of Bernier and Nicolas Monocci.

റമുണ്ടെങ്കിൽ അതിനുത്തരവാദി അക്കാലത്തെ അനേകായി രം ഭരണാധിപന്മാരിൽ ഒരാരംമാത്രം ആകുക അസാദ്ധ്യ മാണല്ലോ,

അതേ സന്ദർഭത്തിൽ സുൽത്താൻ നിഷ്പക്ഷമതി യായ നല്ല ഒരു നീതിമാനായിരുന്നുവെന്ന് എല്ലാവരും സമ്മതിക്കുകയും ചെയ്യുന്നുണ്ട്. ''ഈ രാജാവ്, പുരുഷ ന്മാരങ്ങളിൽവെച്ച് ഏററവും വിനയമുള്ളവനും, നീതിന്യാ യത്തെ അങ്ങേയററം ഇഷ്ടപ്പെട്ടിരുന്ന ദേഹവുമാണ്'' [6] ഇബ്നു ബത്തൂത്തയ്ക്കുപോലും ഇക്കാര്യം വെളിപ്പെടു ത്തേണ്ടതായിവന്നു. ബരാണിയും, ഇസാമിയും, ബദർച്ചാ ച്ചയുമെല്ലാം, സുൽത്താൻെറ നീതിനിർവ്വഹണത്തെ പരമാ വധി പുകഴ്ത്തുന്നുണ്ട്. ഒരിക്കൽ സുൽത്താനെതിരായി ഒരു ഹിന്ദുപ്രജ സമർപ്പിച്ച കുററാരോപണത്തിനു വിധേ യനായി, കോടതിയിൽ ഹാജരാകുകയും, ശിക്ഷ അനുഭ വിക്കുകയും ചെയ്ത കഥ ബത്തുത്തയും, ബരാണിയും ചേ ർത്തിട്ടുണ്ട്. ഈ പ്രസ്താവങ്ങരം മനസ്സിൽ കണ്ടുകൊണ്ടാ യിരിക്കണം ഡോക്ടർ ഈശ്വരിപ്രസാദ് ഉപസംഹരിക്കു ന്നത്. ''തനിക്കെതിരായുള്ള കോടതിവിധിക്ക് വിനയ പൂർവ്വം വിധേയമാകുന്നതിൽനിന്ന് അദ്ദേഹത്തിൻെറ നീതി ന്യായനിർവ്വഹണത്തിലുള്ള കൂറും, വിശ്വാസവും എത്രയാ ണെന്ന് വ്യക്തമാകും.'' [7] സാമൂഹ്യദ്രോഹികരം ശിക്ഷി ക്കപ്പെടാതെ രക്ഷപ്പെടുന്നത് രാജ്യത്തിന്നാപത്താണ്. ആ ത്മശങ്കകൂടാതെ ജനങ്ങരംക്ക് ജീവിക്കുവാനൊക്കണമെങ്കിൽ നീതി ലഭിക്കുമെന്നു രക്ഷാബോധം വേണം.

ബരാണിയുടേയും, ഇസാമിയുടേയുമാക്ഷേപം, 'വി ശ്വാസി'കളായ മുസ്ലീംകളുടെ രക്തവും നിർല്ലോഭം ചിന്തിയിരു ന്നുവെന്നതിലാണ്. മുസ്ലീം ഭരണത്തിൻകീഴിൽ മുസ്ലീം പൗരോ ഹിത്യവും, പ്രഭുത്വവും പ്രത്യേക പദവികളും, അവകാശ

6. Ibn – Battuta – Kitab – u Rehla
7. History of Muslim Rule – P. 149

ങ്ങളും ചില സന്ദർഭങ്ങളിൽ അനുഭവിച്ചിരുന്നു. അതു് നടക്കാതിരുന്ന അവസരങ്ങളിൽ ചിലതായിരുന്നു അലാവുദ്ദീൻേറയും, തുഗ്ലക്കിൻേറയും കാലങ്ങൾ. തൻമൂലം ഈ രണ്ടു വിഭാഗവും മുസ്ലീം സാധാരണക്കാരെ ഇളക്കിവിടുകയും, ലഹളകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ശക്തൻമാരായിരുന്ന ഈ ചക്രവർത്തിമാർ അപ്പോഴൊക്കെ അവ നിർദ്ദാക്ഷിണ്യം അടിച്ചമർത്തുകയും ചെയ്തിരുന്നു. ലഹളക്കാരൻ–നിയമം ലംഘിക്കുന്നവൻ– മുസ്ലീമോ മുസ്ളീം പണ്ഡിതനോ, പ്രഭുവോ എന്നൊന്നും നോക്കാതെ നിർവ്വിഘ്നം നിയമം പരിപാലിക്കപ്പെട്ടു. അപ്പോൾ ധാരാളം മുസ്ലീംകളും ശിക്ഷയ്ക്കു് വിധേയരായി. കാരണം അവരായിരുന്നു തുഗ്ളക്കിൻെറ മതസഹിഷ്ണുതയേയും, വിശാലമനസ്ഥിതിയേയും ചൂഷണം ചെയ്യാൻ മുതിർന്നത്. ഈ ഒററക്കാരണംതന്നെയാണ് മുസ്ലീം ചരിത്രകാരൻമാരിലധികവും കല്പവെച്ച ഇത്തരം കള്ളക്കഥകൾ പ്രചരിപ്പിച്ചതും. ബത്തൂത്ത എഴുതുന്നു: ''മുസ്ലീം പണ്ഡിതൻമാരും, പ്രഭുക്കൻമാരും, സുൽത്താൻ മുഹമ്മതിന്നെതിരായി സംഘടിതമായ ജിഹാദ് നടത്തി'' [8] യെന്ന്. ബത്തൂത്തയും ഇക്കൂട്ടത്തിൽപെട്ടിരുന്നദേഹമായിരുന്നുവെന്ന കാര്യം ഓർമ്മിച്ചാൽ മതി, എന്തുകൊണ്ടാണ് സുൽത്താനെ കരിതേക്കുവാൻ അദ്ദേഹം ശ്രമിച്ചതു് എന്ന സംഗതി മനസ്സിലാക്കുവാൻ. നീതിമാനായ സുൽത്താൻ, നീതിപീഠത്തെ മാതൃകാപരമായി മഹോന്നതയിലേക്കുയർത്തിയ മഹാനാണ്. ഫ്യൂഡൽ–അടിമസമ്പ്രദായങ്ങൾ നിലനിന്നിരുന്ന അക്കാലത്ത്, നീതിനിർവ്വഹണത്തിൽ സമത്വലിതാവസ്ഥ സാർവത്രികമാക്കിയ സുൽത്താനെ അന്ന് ഇവർ ആക്ഷേപിക്കുകയും, കരിപുരട്ടുവാൻ ശ്രമിക്കയും ചെയ്തതു് നമുക്ക് മനസ്സിലാക്കുവാനൊക്കുന്നതേയുള്ളു. നിലവിലുള്ള വ്യവസ്ഥിതിയ്ക്കെതിരായി വെയ്ക്കുന്ന ധീരമായ ഏതു് കാൽവെയ്പും നിർദ്ദയമായ നിരൂപണാപഹാസ്യങ്ങൾക്ക് പാത്രിഭൂതമാകുക പതിവാണ്. അന്നുള്ളവർ

8 Ibn–Battuta op. cit

ശത്രുകൊണ്ട് അവയെ എതിർക്കുകയും ആ എതിർപ്പിന്റെ ശകാരവർഷം എഴുതിവെക്കുകയും ചെയ്തു. എന്നാൽ അക…ങ്ങൾ ഗുണദോഷവിവേചനം നടത്താതെ, ഇന്നും പ്രചരിപ്പിക്കുന്നത് എന്തു പ്രവണതകൊണ്ടാണ്?

ഒരു കാര്യം തീർച്ച നാട്ടിൽ കലാപമുണ്ടായിരുന്നു. അവ പെരുപ്പിച്ചുവരുത്തുകയും ചെയ്തിരുന്നു. ചരിത്രകാരനായ ബരാണിയോട്, സുൽത്താൻ സംഭാഷണമദ്ധ്യേ പറഞ്ഞതായി, അദ്ദേഹം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. ''ലഹളയും രാജ്യദ്രോഹവും ഉൾക്കൊള്ളുന്ന നിസ്സാരകുററംപോലും, ഞാൻ വധശിക്ഷക്ക് വിധിക്കുന്നു. ഇതെന്റെ മരണംവരെ ഞാൻ ചെയ്യും. അല്ലെങ്കിൽ ജനങ്ങൾ ലഹളയും കുഴപ്പവും മതിയാക്കി മര്യാദക്കാരാകണം. ഞാൻ ജനങ്ങളെ ശിക്ഷിക്കുന്നതും അവർ പെട്ടെന്ന് എന്റെ ശത്രുക്കളും എതിരാളികളുമാകുന്നതുകൊണ്ടാണ്. ഞാനവർക്കുവേണ്ടി ധാരാളം ധനം വ്യയം ചെയ്യുന്നു. എന്നിട്ടും അവരാരും കൂറും സൗഹൃദവും കാട്ടുന്നില്ല'' [9] അലാവുദ്ദീൻ കിൽജിയും അത്തരത്തിലുള്ള ഒരേ ഒരു പറച്ചിൽ നടത്തുന്നത് ബരാണി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ''ആയിരമായിരം ജനങ്ങൾ നശിക്കുവാനിടവരുന്ന കലഹങ്ങളില്ലാതാക്കാൻ, രാജ്യത്തിനും ജനങ്ങൾക്കും നന്മയായി തോന്നുന്ന കൽപ്പനകൾ ഞാൻ പുറപ്പെടുവിക്കുന്നു. ജനങ്ങൾ അനുസരണയോ, ബഹുമാനമോ ഇല്ലാതെ എന്റെ ആജ്ഞകളെ ധിക്കരിക്കുമ്പോൾ, തീക്ഷ്ണമായും തീവ്രതയോടുകൂടിയും അവരെ അനുസരിപ്പിക്കുവാൻ ഞാൻ നിർബന്ധനാകുന്നു.'' [10] ഇത് എക്കാലവും ചെയ്തിട്ടുള്ളതാണ്. വിപ്ളവകരമായ മാററങ്ങൾ എക്കാലത്ത് ഏതൊക്കെ ചെയ്തിട്ടുണ്ടോ അന്നൊക്കെ രക്തച്ചൊരിച്ചിലും കലാപങ്ങളും ഉണ്ടായിട്ടുണ്ട്. തുഗ്ളക്കിന്റെ കാലത്ത് മാത്രമല്ല. ഇവയെ വിൻസെൻറ് സ്മിത്ത് പെരുപ്പിച്ചു പറയുന്നതിങ്ങനെയാണ്. ''ലഹളവെയ്ക്കുന്നതിൽ ജനങ്ങളും അവരെ

9 Barani-Tarikhi-i-Firogshai P, 236
10 Ihd P. 229

ശിക്ഷിക്കുന്നതിൽ സുൽത്താനും ഒട്ടും തളർച്ച കാണിച്ചിരുന്നില്ല'[11] ഇവ അങ്ങോളം നടന്നിരുന്നു.

ലൈൻപൂൾ ഇതിനു കാണുന്ന കാരണം, 'നല്ല ഉദ്ദേശ്യത്തോടുകൂടിയാണെങ്കിലും സുൽത്താൻ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ കാട്ടിയ ധൃതിയും, അക്ഷമയും, ജനങ്ങളിൽ അതൃപ്തിയും കലഹത്തിൻെറ വാസനയും വിതച്ചുഎന്നാണ്'' [12] 'ജനഹിതമെതിരാണെന്ന തോന്നലായിരുന്നു സുൽത്താൻെറ അക്ഷമയ്ക്കു കാരണം. അതുപോലെ നൂതനമായ പരിഷ്ക്കാരങ്ങളാണ് ജനങ്ങളിൽ ഈ തോന്നലുണ്ടാക്കിയതും,'[13] ചുരുക്കത്തിൽ ആർ. സി. ചൗദ്രി വ്യവഹരിക്കുന്നതുപോലെ 'ജനങ്ങളുടെ വിചാരവികാരങ്ങൾ മനസ്സിലാക്കുവാനൊക്കാത്ത സുൽത്താനും സുൽത്താൻെറ സദുദ്ദേശ്യത്തെ വിലയിരുത്താനശക്തരായ ജനങ്ങളും' ഒന്നിച്ചപ്പോൾ കാര്യം വഷളായതാണ് സത്യം.[14] അല്ലാതെ കുററാരോപണം മുഴുക്കെ സുൽത്താനിൽ ആരോപിച്ച് ഉള്ളതുമില്ലാത്തതുമായ കഥകൾ കെട്ടിച്ചമച്ച് ചരിത്രവിദ്യാർത്ഥികളെ കബളിപ്പിക്കുന്നത് ശരിയല്ല. സുൽത്താൻെറ ഭരണപരിഷ്ക്കാരങ്ങളെ നമുക്ക് വേറെതന്നെ പഠനവിധേയമാക്കാം. രക്തച്ചൊരിച്ചിലിൻെറ കാരണം ഏറെക്കുറെ നാം മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ഭരണപരിഷ്ക്കാരങ്ങൾ മററു നാടുകളിലും നടത്തിയിട്ടില്ലേ? അവരാരെങ്കിലും ഇത്രമാത്രം ഭൽസനത്തിന് വിധേയരായിട്ടുണ്ടോ? എന്തൊക്കെ കാരണങ്ങളാലാണ് സുൽത്താൻെറ പ്രവൃത്തികൾ പ്രകോപനപരമായും പരാജയമായും പറയുന്നത്. നമ്മുടെ ചരിത്രകാരൻമാർ കണ്ടുപിടിച്ചിട്ടുള്ള കാരണങ്ങളിൽ ചിലതാണ് ചുവടെ ചേർക്കുന്നത്.

---

11. Oxford History of India P. 224
12. Lane pole—Medieval History of India
13. Dr.Iswariprasad—History of Muslim Rule—P. 142
14. R. C. Roybhoudry-An Advance History of India P. 319

1. സുദീർഘങ്ങളായ സംവൽസരങ്ങൾ ഇടതടവില്ലാത്ത അധിവൃഷ്ടിയുംമൂലം ഒരു സംസ്ഥാനത്തല്ലെങ്കിൽ മറെറാരിടത്ത് ക്ഷാമവും ദാരിദ്ര്യവും നിലനിന്നിരുന്നു. 'ഇതിനമുമ്പൊരിക്കലും സോദ്ദേശ്യപരമായ പരിഷ്കാരങ്ങൾ കാലത്തിൻെറ നിഷ്ഠൂരവിധിക്കു വിധേയമായി തകർന്നിട്ടില്ല. മുഹമ്മതു തുഗ്ലക്കിൻേറതുപോലെ'[15] എന്നാണ് ഈശ്വരിപ്രസാദ് പ്രകൃതികോപത്തിൻെറ കാഠിന്യം വിവരിച്ചുകൊണ്ട് സഹതപിക്കുന്നത്. 2. ക്ഷാമത്തിൻെറ കൂടപ്പിറപ്പായ പ്ളേഗ്, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ നാട്ടിലുടനീളവും, പട്ടാളക്കാരിൽകൂടിയും പടർന്നുപിടിച്ച് അരിഷ്ടത സൃഷ്ടിച്ചു. 3. യാതൊരുവക മാററങ്ങളുമിഷ്ടപ്പെടാത്ത പഴഞ്ചൻ മനസ്ഥിതിക്കാരായ ജനങ്ങൾക്ക് സുൽത്താൻെറ വൈജ്ഞാനികപ്രതിഭയുടെ പ്രതിഫലനങ്ങളായ ആശയങ്ങളോ, പരിഷ്കാരങ്ങളോ ചിന്തിക്കുവാൻ പോലും സാധിച്ചിരുന്നില്ല. തൻമൂലം അവരുടെ സഹകരണത്തേക്കാളധികമായി നിസ്സഹകരണമാണ് ലഭിച്ചത്. 4. ഉദ്യോഗസ്ഥൻമാർക്കുപോലും സുൽത്താൻെറ ഉന്നതാദർശം ഉൾക്കൊള്ളുവാനോ, ശരിയായി ധരിക്കുവാനോ കഴിഞ്ഞിരുന്നില്ല. 5. ഹിന്ദു-മുസ്ലീം ദുഷ്പ്രഭുത്വത്തിന് സുൽത്താൻെറ സമത്വവീക്ഷണവും സാമ്പത്തികനയവും രുചിച്ചിരുന്നില്ല—അവർ ലഹളക്കൊരുങ്ങി. 6. മുസ്ലീം പൗരോഹിത്യം വളരെ വഴക്കടിച്ചു കലഹിച്ചുകഴിഞ്ഞു. 7. സുൽത്താനാകട്ടെ ഇവയൊന്നും വകവെയ്ക്കാതെ ഉദ്ദേശിച്ചകാര്യങ്ങൾ നടത്തുവാൻ ശാഠ്യവും ധൃതിയും കാണിച്ചു. 8. സുൽത്താൻെറ ദൂരവീക്ഷണവും ബുദ്ധിവൈഭവവും ആസൂത്രണവൈദഗ്ദ്ധ്യവും, പ്രതിഭാസിദ്ധിയുമൊക്കെത്തന്നെ, കാലത്തിനോ, ജനങ്ങൾക്കോ ദഹിക്കാത്തവയായിരുന്നു.

നിരക്ഷരകുക്ഷിയായ അലാവുദ്ദീനം ഇത്തരം കാര്യങ്ങൾ പലതും വിജയപൂർവ്വംചെയ്ത് ഖ്യാതിനേടിയപ്പോൾ വിശോ

15. History of Muslim Rule P. 142

ത്തരജ്ഞാനിയും, ആദർശശാലിയുമായ മുഹമ്മത് പരാജയമടഞ്ഞെങ്കിൽ അതിനു കാരണം മറെറാന്നുകൊണ്ടുമായിരുന്നില്ല 'വെട്ടാൻവരുന്ന പോത്തിൻെറ ചെവിയിൽ വേദോപദേശം ചെയ്യുന്നതുപോലെ' പാഴ്പ്പണിയും അപകടകരവുമാണ്, അജ്ഞരും പഴഞ്ചൻമാരുമായവരെ ഒററയടിക്ക് വിജ്ഞരും, പുത്തൻപ്രസരങ്ങളുടെ പ്രണേതാക്കളുമാക്കുവാൻ പ്രയത്നിക്കുകയെന്നത്. ആദർശശാലികൾ പ്രായോഗികരാഷ്ട്രയത്തിൽ പരാജയമടഞ്ഞിട്ടുള്ള കഥകൾ ചരിത്രത്തിൽനിന്നും, വേണ്ട നമ്മുടെ തന്നെ അനുഭവങ്ങളിൽനിന്നും, എടുത്തുപറയുവാൻ പററും. തുഗ്ലക്ക് പരാജയമടഞ്ഞെങ്കിൽ അത് രക്തദാഹംകൊണ്ടോ, ഭ്രാന്തൻനയം മൂലമോ ആയിരുന്നില്ല; പ്രത്യുത വിവരമുള്ള ആദർശശാലിയും വിവേകിയായ ദാർശനികനുമായിരുന്നതുകൊണ്ടാണ് ചരിത്രത്തിൽ പലപ്പോഴും പുകഴ്പ്പോടുകൂടി നിലനില്ക്കുന്നത് മഹത്തരമായ പരാജയങ്ങളുടെ ഏടുകളാണ്. പരാജിതനായ തുഗ്ലക്ക് വലുപ്പത്തിൽ മറേറതൊരു മഹാനോടൊപ്പവും വിരാജിക്കും. അദ്ദേഹത്തിൻെറ പരാജയം മഹത്വത്തിൻെറ പരാജയമായതുകൊണ്ടുതന്നെ. ഇത് മനസ്സിലാക്കാൻ ഒക്കാത്തവരാണ് ക്രാന്തദർശിയായ മുഹമ്മതിൻെറ നേരെ പടവാളെടുക്കുന്നത്. '26 കൊല്ലം ഇത്തരം ഒരു പിശാച് തൻെറ ആസ്ഥാനമിളകാതെ സൂക്ഷിക്കുകയും, സുഖമായി മെത്തയിൽ കിടന്ന് മരിക്കുകയും ചെയ്തത് വിസ്മയജന്യമാണ്. അദ്ദേഹത്തിൻെറ കിരാതമായ ദുർഭരണം ജനങ്ങൾക്കുണ്ടാക്കിയ ദുരിതം അളവററതായിരുന്നു' [16] ഇതേ ചോദ്യം തന്നെ ചോദിച്ചുകൊണ്ട് ഞാനീ അദ്ധ്യായം അവസാനിപ്പിക്കുന്നു. സ്മിത്തും അതുപോലെയുള്ളവരും പറയുന്ന കാട്ടാളഭരണമായിരുന്നുവെങ്കിൽ എങ്ങിനെ സ്ഥാനാരോഹണം മുതൽ മരണംവരെ അദ്ദേഹത്തിന് ഭരിക്കുവാനൊത്തു? അദ്ദേഹം ഭ്രാന്തനായിരുന്നുവെങ്കിൽ ഒരു ഭ്രാന്തനെ 'സസുഖം മെത്തയിൽകിടന്ന്' സ്വാഭാവികമായി മരിക്കുന്നതുവരെ സഹിച്ച

16. V. A. Smith–Oxford History of India P. 244.

ജനങ്ങൾ ഏതു തരക്കാരായിരുന്നിരിക്കണം. സുൽത്താൻ അവകാശത്തർക്കമോ സ്ഥാനാരോഹണത്തിനുവേണ്ടി യുദ്ധമോ ഒന്നും കൂടാതെ സമാധാനമായാണ് ഗിയാസുദ്ദീൻെറ മരണത്തിനുശേഷം ചക്രവർത്തിയായത്. 26 കൊല്ലത്തെ ഭരണം കഴിഞ്ഞ് വാർദ്ധക്യസഹജമായ രോഗംമൂലം മൃതിയടയുകയും ചെയ്തു. സ്മിത്തും മററും പറയുന്ന ഭ്രാന്തോ പൈശാചികത്വമോ ഉണ്ടായിരുന്നു വെങ്കിൽ അത്തരം ഭരണാധിപനെ പൊറുപ്പിച്ച ജനങ്ങളെയാണ് കുററപ്പെടുത്തേണ്ടത്.

ഇവരുടെ ചരിത്രവിവരണത്തെ പിൻപററുന്ന നാം, നമ്മെത്തന്നെ അധിക്ഷേപിക്കുന്നതിന്നും, നമ്മുടെ പൂർവ്വികൻമാരെ കരിതേക്കുന്നതിനും സമമാണ്, നല്ല ഒരു ചക്രവർത്തിയെ ഇത്രകിടിച്ചുപറയുന്നതും, അതിൽ രസംകൊള്ളുന്നതും. വസ്തുനിഷ്ഠമായി ചരിത്രരചനക്ക് നിരക്കാത്തതാണിതൊക്കെ. പരദൂഷണം മാനസികാഹാരമാക്കിയിട്ടുള്ള പലരേയും നമുക്ക് നിശ്ചയമുണ്ട്. അതിൽ തൃപ്തിയും ആനന്ദവും കാണുന്നവരേയും നമുക്കറിയാം. പക്ഷേ നാമാരും കാണുകയോ അറിയുകയോ ചെയ്യാത്ത—നമുക്കൊരുതരത്തിലും അസൂയയോ, വിദ്വേഷമോ ഉണ്ടാക്കിയിട്ടില്ലാത്ത ചരിത്രപുരുഷൻമാരെക്കുറിച്ച് ദൂഷണവും നുണയും പ്രചരിപ്പിക്കുന്നത്, നാം എത്രയും വേഗം മതിയാക്കുമോ അത്രയും നന്ന്. അങ്ങിനെ നമ്മുടെ സർഗ്ഗാത്മകസീമ വികാസംകൊള്ളുമ്പോൾ കാലുഷ്യവും കാപട്യാരോപണവും കൊണ്ട് കരിപുരണ്ടു കിടക്കുന്ന അനേകം മഹാത്മാക്കൾ ജാജ്ജ്വല്യമാനരായി തെളിഞ്ഞുവരും. അന്നേ നാം ചരിത്രപുരുഷൻമാരോട് നീതിചെയ്തുവെന്നഭിമാനിയ്ക്കുവാൻ സാദ്ധ്യമാകൂ. അന്നേ മുഹമ്മത് തുഗ്ലക്ക് ആരായിരുന്നു, എന്തായിരുന്നു, എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാദ്ധ്യമാകുകയുള്ളു.

## അദ്ധ്യായം നാല്

# ഭരണപരിഷ്ക്കാരങ്ങൾ പരാജയമായിരുന്നില്ല

ഭരണാധിപനെന്നനിലക്ക് തുഗ്ലക്ക് മുഹമ്മദ് അവി തർക്കിതമാംവണ്ണം പരാജിതനായിരുന്നുവെന്നാണ് പരക്കെയുള്ള വിശ്വാസം. ''ഉത്തമമായ ആദർശങ്ങളും ഉദാത്തമായ പ്രതിഭാസമ്പത്തും പ്രായോഗിക രാഷ്ട്രീയത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിച്ചതാണ് സുൽത്താനു പററിയ പിഴവ്. രാഷ്ട്രീയനയ കോവിദത തോന്നിക്കുന്ന മഹത്തായ പരിഷ്ക്കാരാശയങ്ങൾ പ്രയോഗത്തിൽ നശീകരണ ഫലമാണ് ചെയ്തത്.'' [1] ആർ. സി. റോയി ചൗദ്രിയുടെ അഭിപ്രായമാണിത്. അങ്ങിനെ ആദരണീയമെന്ന് എല്ലാവരും ഏകകണ്ഠമായി പറയുന്ന സുൽത്താൻെറ പരിഷ്ക്കാരങ്ങൾ ഏതൊക്കെയായിരുന്നുവെന്നും, അവ അനുകരണീയങ്ങളായിരുന്നിട്ടു കൂടി തോൽവിയടഞ്ഞുവെന്നു പറയുന്നതിൻെറ ഹേതുക്കളെന്തൊക്കെയാണെന്നുമാണ് വിവരിക്കുവാൻ ശ്രമിക്കുന്നത്.

ഗംഗയുടേയും സിന്ധുവിൻേറയും ഇടക്കുള്ള സമതലപ്രദേശം വടക്കേ ഇൻഡ്യയിലെ ഏററവും ഫലപുഷ്ടിയുള്ള സ്ഥലമാണ്. ഇതിനെ ഡോബു എന്നാണ് പേരിട്ടിരുന്നത്. പ്രഭുക്കന്മാരത്രയും ആ പ്രദേശത്തിൻെറ ഭാഗഭാക്കുകളാകുവാൻവേണ്ടി സേവ പിടിച്ചിരുന്നു. എല്ലാ ചക്രവർത്തിമാരും തങ്ങളുടെ സമൃദ്ധിയുടെ പ്രസ്പ

1. An Advance History of India– P. 320

പ്രോദാഹരണമായിട്ടാണ് ഈ സ്ഥലത്തിൻെറ അധീ ശത്വം എടുത്തുകാട്ടിയിരുന്നത്. അങ്ങിനെ എക്കാലവും ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് ഈ സ്ഥ ലത്തിനവകാശപ്പെട്ടതായിരുന്നു. അലാവുദ്ദീൻ കിൽജിയു ടെ കാലത്ത് ഇവിടെനിന്നുമുള്ള നികുതി വർദ്ധിപ്പിച്ചു. ഫ്യൂഡൽ പ്രഭുത്വത്തെ കഴിവതും ധനം സംഭരിക്കുവാൻ അനുവദിക്കരുതെന്നായിരുന്നു അലാവുദ്ദീൻെറ പ്രഖ്യാപിത നയം. ''എല്ലാ കലഹങ്ങളുടെയും ആണിക്കല്ല് കുന്നുകൂ ടിയ ധനമാണെന്ന്'' അദ്ദേഹത്തിന്നറിയാമായിരുന്നു. തന്മൂലം ഈ പ്രദേശത്തുനിന്നും 50 ശതമാനമാണ് വിള നികുതിയായി അലാവുദ്ദീൻ ഈടാക്കിയിരുന്നത്. ഇതു കാരണം അദ്ദേഹത്തിൻെറ സാമ്പത്തിക പരീക്ഷണങ്ങൾ ക്ക് വർദ്ധമാനമായ പ്രാബല്യം ലഭിക്കുകയും പ്രഭുവർ ഗ്ഗം ശോഷിക്കുകയും ചെയ്തു. കലാപങ്ങൾക്ക് കുറ വുണ്ടായി. അലാവുദ്ദീൻെറ രണ്ടും കല്പിച്ചുള്ളതും അടി സ്ഥാനപരമായി ഒരു തത്വത്തിലും അധിഷ്ഠിതമല്ലാതി രുന്നതുമായ പ്രായോഗികപദ്ധതികൾ ഫലത്തിൽ വിജ യിച്ചു. എന്നാൽ നിശ്ചിതവും തിട്ടപ്പെടുത്തിയതുമായ മുഹമ്മതിൻെറ ആസൂത്രിതനയങ്ങൾ പ്രായോഗികമാക്കിയ പ്പോൾ പരാജയമടയുകയും ചെയ്തുവെന്നത്രേ നാം പഠി ക്കുന്നത്!

അലാവുദ്ദീൻ ചെയ്തതിൽ കവിഞ്ഞൊന്നും മുഹ മ്മതുതുഗ്ലക്കും ചെയ്തിരുന്നില്ല. ഡോബ് പ്രദേശത്തുനി ന്നുള്ള നികുതി 50 ശതമാനമായി വർദ്ധിപ്പിക്കുകയാണു ണ്ടായത്. പക്ഷേ ഈ പരീക്ഷണം പരാജയമായിരുന്നു വെന്നാണ് ചരിത്രകാരന്മാരുടെ പക്ഷം. അവർ അതി ന്നുള്ള കാരണങ്ങൾ കണ്ടുപിടിക്കുകയാണ്. അലാവുദ്ദീൻ നികുതിവർദ്ധന നടപ്പാക്കിയ സന്ദർഭവും തുഗ്ലക്കി ൻെറതുമായി വളരെ വ്യത്യാസമുണ്ടായിരുന്നു. നിരന്തരം വരൾച്ചയുടെ വൽസരങ്ങളാണ് ഇക്കാലത്തുണ്ടായിരുന്നത്. വളരെക്കാലം തുടർച്ചയായ അനാവൃഷ്ടികൊണ്ട് ജനങ്ങൾ വലഞ്ഞിരുന്ന സമയവുമായിരുന്നു. പ്രഭുക്കന്മാർക്ക് പാട്ടം ലഭിക്കാ

തിരിക്കുകയും അവരുടെ വരുമാനം ഏറെ കുറയുകയും ചെയ്തിരുന്ന ജലക്ഷാമവും, ദാരിദ്ര്യവും, പട്ടിണിയും പകർച്ചവ്യാധിയും പരക്കെ നിലനിൽക്കുകയും ചെയ്തിരുന്നുവത്രെ! പ്രകൃതി ദത്തമായ ദുരിതങ്ങൾ അസഹനീയമായിരുന്ന സന്ദർഭത്തിലാണ് സുൽത്താൻ ഈ നികുതിവർദ്ധനവിനുത്തരവിട്ടതു പോലും! അതിന്റെ ഫലമായി 'ജനങ്ങളുടെ നാശത്തിനും, രാജ്യത്തിന്റെ അധഃപതനത്തിനും ഇടയാക്കി' [2] എന്നാണ് ബരാണി പറയുന്നത്. ഈ നാശത്തിന്റെ വലുപ്പം വലുതാക്കി കാണിക്കുവാൻ സ്വതസ്സിദ്ധമായ ശൈലിയിൽ ബരാണി തുടർന്നു പ്രസ്താവിക്കുന്നതു്. 'സുൽത്താൻ ഈ പ്രദേശത്തിലെ കലഹക്കാരായ ജനങ്ങളെ ശിക്ഷിക്കുവാൻ വേണ്ടി പത്തിരുപതിരട്ടി നികുതി വർദ്ധിപ്പിച്ചുവെന്നാണ്''. [3] എലിയട്ട് ഇതു് തെററായാണ് തർജ്ജമ ചെയ്തിട്ടുള്ളത്. 'അഞ്ചോ പത്തോ ശതമാനം' എന്നാണ് അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ളത്. 'തരീക്കി മുബാറക്ക് ഷായ്' എന്ന ഗ്രന്ഥത്തിൽ പ്രസ്ഥാവിക്കുന്നതാകട്ടെ '20 ഇരട്ടിയായി വർദ്ധിച്ചുവെന്നാണ്'. ഇതിനും പുറമെ, വീട്ടുനികുതിയും മേയൽനികുതിയും, ചുമത്തുകയും ചെയ്തിരുന്നു. [4] എന്നാൽ ബദൗണി എഴുതുന്നതാകട്ടെ 'നികുതി ഇരട്ടിയാക്കിയെന്നുമാത്രമാണ്''. [5]

നികുതി വർദ്ധിപ്പിച്ചുവെന്നതിന് യാതൊരു സംശയവുമില്ല. അതിന്റെ പിന്നിലുണ്ടായ ഉദ്ദേശ്യമെന്തായിരുന്നുവെന്നതിലുമാണ് തർക്കം. പലർക്കും സുൽത്താന് സർഹിന്ദി പറയുംപോലെ ഇരുപതിരട്ടിയെങ്കിലും വർദ്ധിപ്പിച്ചിരിക്കണമെന്നാണൂഹം. അല്ലെങ്കിൽ ബരാണി വിവരിക്കുന്ന പത്തിരുപതിരട്ടിയെങ്കിലുമാക്കിയിരിക്കണം. എന്നാലല്ലേ അതിൽ ദുരുദ്ദേശ്യവും ജനദ്രോഹവും തുടർന്നാരോപിക്കുവാൻ പററുകയുള്ളു. നികുതി ഇരുപതിരട്ടി വർദ്ധിച്ചുവെ

---

2. Z. Barani—op. cit.
3. I bid
4. A housed Sir Hindi Tarikhi — Mubarakshai
5. Abdulkader Badaoni—Muntakatu Tawarikh

കിൽ തുഗ്ലക്കിൻെറ കാലത്ത് അടിസ്ഥാനനികുതി എന്താ യിരുന്നിരിക്കണം. കാർഷിക നികുതിയിനമായിരുന്നു ഏററവും വലിയ വരവ്. ഖജനാവിൻെറ ഏക പോഷകവസ്തു എന്നുതന്നെ പറയാം. അറിയപ്പെട്ട കാലം തുടങ്ങി ഈ നികുതി ഒരിക്കലും നാലിലൊന്നിൽ കുറഞ്ഞിട്ടില്ല. മിക്കവാറും മൂന്നിലൊന്നായിരുന്നു നികുതി. 'മൗര്യവംശകാലത്ത് മൂന്നിലൊന്നിൽനിന്നും വിളവിൻെറ പകുതിയായി വർദ്ധിപ്പിച്ചിരുന്നു' ഗുപ്തകാലഘട്ടത്തിലും മിക്കപ്പോഴും മൂന്നിലൊന്നായിരുന്നു. 'സാധാരണരീതിയിൽ സർക്കാരിനവകാശപ്പെടാവുന്ന നികുതി നാലിലൊരംശമാണ്. എന്നാൽ അക്ബർ മൂന്നിലൊന്നും, കാശ്മീർ രാജാക്കൻമാരെല്ലാം രണ്ടിലൊരുഭാഗവും ഈടാക്കിയിരുന്നു.' [6] അപ്പോൾ പത്തിരട്ടിയോ ഇരുപതിരട്ടിയോ വർദ്ധിപ്പിച്ചെന്നെഴുതിയ സമകാലീനരായ. ബരാണിയും, സർഹിണ്ടിയും പച്ചക്കള്ളമാണ് പറയുന്നതെന്ന കാര്യം നിശ്ചയമാണ്. തുഗ്ലക്കിൻെറ വരവിനുമുമ്പ് 25 ശതമാനം മാത്രമേ (നാലിലൊന്ന്) വിള നികുതി ഉണ്ടായിരുന്നുള്ളുവെന്ന് സമ്മതിച്ചാൽതന്നെ ഇതിൻെറ പത്തോ, ഇരുപതോ ഇരട്ടി ഈടാക്കുവാൻ എങ്ങനെ സാദ്ധ്യമാകും; ഒരേക്ര സ്ഥലത്തുനിന്ന് 100 പറ വിളയുന്നെങ്കിൽ ഇതിൻെറ 25 ശതമാനമായിരുന്നു സ്റേറയിറേറാ നരി. തുഗ്ലക്ക് മുഹമ്മദ് ഈ ഇരുപത്തഞ്ചിന് പകരം 100 പറയോ 500 പറയോ ആവശ്യപ്പെട്ടുവെങ്കിൽ തീർച്ചയായും തലയ്ക്ക് ഓളം കയറിയിട്ടുതന്നെയായിരിക്കണം. ഗണിതശാസ്ത്രവിജ്ഞനെന്ന് എല്ലാവരും സമ്മതിക്കുന്ന സുൽത്താൻ ഒരുപക്ഷേ കണക്കിൻെറ ബാലപാഠംപോലും അറിയാത്ത വെറും കഴുതയായിരിക്കുമോ ആവോ! നമ്മുടെ ചരിത്രകാരന്മാരുടെ അതിശയോക്തി എത്രമാത്രം പരിഹാസ്യമായിരിക്കുന്നുവെന്നതിനു മററൊരുദാഹരണമാവശ്യമുണ്ടോ?

കുറേക്കൂടി തന്മയത്വമായെഴുതുന്ന ബദൌണിയെ ഇക്കാര്യത്തിൽ വിശ്വസിക്കാമെന്ന് തോന്നുന്നു. 'നികുതി ഇരട്ടിയാ

6 Oxford History of India

ദിയെന്നും, അത് വിളവിന്റെ പകുതിയായി നിജപ്പെടു ത്തിയിരുന്നുവെന്നും'' [7] അദ്ദേഹമെഴുതുന്നു. അപ്പോൾ വർദ്ധിപ്പിച്ച ഈ നികുതി അക്കാലങ്ങളിലും അതിനു മുമ്പും പല രാജാക്കന്മാരും ചുമത്തിയിരുന്നത് മാത്രമാ ണ് ബറാണി ഇത്രമാത്രം രോഷാകുലനായി അത്യുക്തി ക്ക് വിധേയനായത്. ''അദ്ദേഹത്തിന്റെ സ്ഥലമായ ബാരൻ ഡിസ്ട്രിക്ടും ഇതിൽ പെട്ടിരുന്നതിനാലാണ്'' എന്ന് ഡോക്ടർ ഈശ്വരിപ്രസാദ് ചൂണ്ടിക്കാട്ടുന്നു. പുറ മെ മുസ്ലീം പ്രഭുത്വത്തിന്റെ വക്താവായ ബറാണിക്ക് അവരുടെമേൽ പതിയുന്ന ഏതു പ്രയാസവും ദുഃഖകര മാണ്. 'ജനങ്ങളെ' നശിപ്പിക്കുവാൻ കരുതിക്കൂട്ടി ചെയ്ത പ്രവർത്തിയാണിതെന്ന് അദ്ദേഹം വിലപിക്കുന്നതിന്റെ കാരണവും മറ്റൊന്നുകൊണ്ടുമല്ല. ബറാണിയുടെ 'ജന ങ്ങൾ' മുസ്ലീം പ്രഭുത്വമായിരുന്നുവെന്നുകൂടി ഓർക്കണം.

സുൽത്താൻ ഈ നികുതി ചുമത്തിയത് ഡോബിലെ ജനങ്ങളെ ശിക്ഷിക്കുന്നുവെന്ന വ്യാജേന ഖജനാവ് നിറ യ്ക്കുവാനായിരുന്നുവെന്നാണ് മറ്റൊരു മതം. ബദൌ ണിയും പിന്നീട് സർവൂൾസ്ലി ഹേഗുമാണ് ഇതു കണ്ടു പിടിച്ചവർ. ഡോക്ടർ ഈശ്വരി പ്രസാദ് പറയുന്നതാ കട്ടെ ''സൈനിക സന്നാഹങ്ങൾ സമ്പന്നമാക്കുവാനും ഭരണ സംവിധാനം കഴിവുററതാക്കുവാനും'' ആയിരുന്നു ഇതെ ന്നാണ്. [8] ഏതു പ്രവർത്തിയിലും ദുരുദ്ദേശ്യം ആരോ പിച്ചാൽ മാത്രം തൃപ്തി വരുന്ന മാനസികാവസ്ഥ ജന്മ സിദ്ധമായിട്ടുള്ളവരുണ്ട്. അവർക്കു മാത്രമേ ഈ നികുതി വർദ്ധനവ് ജനദ്രോഹവും ചതിപ്രയോഗവും മററുമായി കാണുവാനൊക്കുകയുള്ളു. എന്നാൽ മററുള്ളവർ വിജയി ച്ചിടത്ത് എന്തുകൊണ്ട് തുഗ്ലക്ക് മുഹമ്മദ് പരാജിതനായി എന്ന ചോദ്യം അവശേഷിക്കുന്നു. ഇതിന് ഉത്തരം കണ്ടു പിടിക്കുക ദുഷ്ക്കരമാണ്. പലരും പല കാരണങ്ങൾ

7. Badaoni-op. cit.
8. History of Muslim Rule-P. 143

...ചൂണ്ടിക്കാട്ടുന്നു. ഡോക്ടർ ഈശ്വരി പ്രസാദ് സമർത്ഥിക്കുന്നതിപ്രകാരമാണ്. ''മുഹമ്മദ് തുഗ്ലക്കിൻേറതുപോലെ സോദ്ദേശ്യ പൂർണ്ണമായ പദ്ധതികൾ പ്രകൃതിയുടെ നിർദ്ദാക്ഷിണ്യമായ ക്രൂരതക്ക് വിധേയമായി തകർന്നടിഞ്ഞിട്ടില്ല.'' [9] ''നികുതി ചുമത്തിയതിലല്ല, ...നിഷ്ക്കർഷം കാലഭേദം കൂടാതെ പിരിച്ചെടുക്കുവാൻ ഉദ്യോഗസ്ഥൻമാർ കാണിച്ച വ്യഗ്രതയിലാണാക്ഷേപം [10] എന്നു ഫരിഷ്ത രേഖപ്പെടുത്തി. (Ferishta-Briggs) ആധുനികരായ എഴുത്തുകാരിൽ പലരും സുൽത്താൻെറ നികുതി അമിതമോ, അകാലികമോ ആയിരുന്നില്ലെന്ന് വ്യവഹരിക്കുന്നുണ്ട്. ഇതു പരാജയമടഞ്ഞത് പ്രകൃതിയുടെ ക്രൂരമായ ക്ഷോഭത്തിന് രാജ്യം വിധേയമായതുകൊണ്ടാണെന്നും പറയുന്നു. ഒരുകാര്യം തീർച്ച. തുഗ്ലക്ക് മുഹമ്മദിൻെറ 26 കൊല്ലത്തെ ഭരണവേളയിൽ പകുതിയിലേറെക്കാലം വടക്കേ ഇന്ത്യയിൽ അനാവൃഷ്ടിയും, ക്ഷാമവും, പകർച്ചവ്യാധിയുംകൊണ്ട് ഏറെ കഷ്ടപ്പെടുകയായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ജനങ്ങൾക്ക് ...സാധനങ്ങൾക്കും മററുസഹായനടപടികൾക്കും സുൽത്താൻ നിർല്ലോഭം വ്യയം ചെയ്തിരുന്നുവെന്നും എല്ലാ ...ചരിത്രകാരൻമാരുടേയും രേഖകളുണ്ട്. പിന്നെയെങ്ങിനെയാണ് 'അമിതമല്ലാത്ത ഒരു നികുതി' ചുമത്തിയതുകൊണ്ടു ...ഒരു നാട് മുടിയുന്നത്. സത്യത്തിൽ,സുൽത്താൻെറ ...പരിഷ്കാരങ്ങളത്രയും പരാജയമായിരുന്നുവെന്ന് മുൻ...കരുതിയവർക്കാണിതിൻെറ കാരണങ്ങൾ കണ്ടുപിടിക്കുവാൻ പ്രയാസപ്പെടേണ്ടതായി വരിക. സുൽത്താന് ...പിണഞ്ഞുവെന്ന് പറഞ്ഞാശ്വസിക്കുവാൻ മാത്രമേ അത് പ്രയോജനപ്പെടുകയുള്ളു.

...ററതൊരു സുൽത്താനെക്കാളും ഭരണകാര്യങ്ങളുടെ ...ങ്ങൾകൂടി സൂക്ഷ്മമായി സ്വയം നിർവ്വഹിക്കു

9 Ibid P. 143

10 Ferishta (Traws) Briggs

വാൻ പ്രയത്നിച്ച ഭരണാധിപനായിരുന്നു തുഗ്ലക്ക് മുഹമ്മദ്. രാജ്യത്തിലെ സകല പ്രവിശ്യകളിലും തന്റെ നിർദ്ദേശാനുസരണം കാര്യം നടത്തിയിരുന്ന അദ്ദേഹം, നാട്ടിൽ ക്ഷാമവും കുഴപ്പവും ഉണ്ടായിരുന്നില്ലെന്ന് ധരിക്കുക അസാദ്ധ്യമാണ്. ഇവ തികച്ചും ബോധപൂർവ്വം മനസ്സിലാക്കിയിരുന്ന അദ്ദേഹം ക്ഷാമവും ദുരിതവും മാത്രം അവശേഷിച്ചിരുന്ന സന്ദർഭത്തിൽ നികുതിഭാരവുംകൂടി കൂട്ടി എന്ന് വിചാരിക്കുന്നത് അസാംഗത്യവുമാണ്. തന്റെ ശാസനകൾ ജനക്ഷേമകരമാണെന്ന് ധരിച്ചിരുന്ന അദ്ദേഹം അവ നടപ്പാക്കുന്നതിൽ വലിയ ശാഠ്യം ഉള്ളവനുമായിരുന്നു. നീക്കുപോക്കില്ലാതെ നടത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള ഏതൊരു നിയമവും അതിനുപററിയ അവസരത്തിൽ മാത്രമേ ആരും പ്രയോഗിക്കുകയുള്ളു. അതിനു വിപരീതമായി അദ്ദേഹമിതു ചെയ്തുവെന്നാരോപിക്കുവാനാണ് ഈ പ്രദേശങ്ങളിൽ ക്ഷാമവും, വരൾച്ചയുമുണ്ടായിരുന്നതാണ് പദ്ധതി പരാജയമടയുവാനുള്ള കാരണമെന്ന് സഹതാപപ്രകടനം നടത്തുന്നത്. അവർക്കൊക്കെ സുൽത്താനെ ഭ്രാന്തനായി ചിത്രീകരിക്കണമെങ്കിൽ ഇതൊക്കെ ആവശ്യവുമാണ്. അല്ലാതെ സുൽത്താന്റെ ഈ പരീക്ഷണം തോൽവിയടഞ്ഞിരുന്നില്ല. നാട്ടിൽ അനാവൃഷ്ടിയെ നേരിടുവാൻ കിണറുകൾ കുഴിപ്പിക്കുകയും, ജലസേചനപദ്ധതികൾ ആസൂത്രണം ചെയ്യുകയും ഉണ്ടായിട്ടുണ്ടെന്ന് സകല എഴുത്തുകാരും സമ്മതിക്കുകയും ചെയ്യുന്നുണ്ട്. ക്ഷാമകാലത്ത് ഡൽഹിയിലെ ജനങ്ങൾക്കു മുഴുക്കെ ആറുമാസത്തെ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി കൊടുത്തകാര്യം ബത്തൂത്ത എഴുതുന്നു. ഇത് സൂചിപ്പിക്കുന്നത് ക്ഷാമമുണ്ടായാൽ കൂടിയും അതിനെ വിജയപൂർവ്വം വെന്നുവാനുള്ള മുൻകരുതലുകളെടുത്തിരുന്നുവെന്നുതന്നെയാണ്. മാത്രമല്ല കൃഷി ചെയ്യാതെ കിടന്നിരുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി മാററിത്തീർത്തു എന്ന് എല്ലാ ചരിത്രകാരന്മാരും പറയുകയും ചെയ്യുന്നുണ്ട്. സമ്പൽസമൃദ്ധിയുണ്ടാക്കാവുന്ന സകല പ്രവർത്തിക

ളും ചെയ്തിരുന്ന സുൽത്താൻ ഇത്തരമാവശ്യങ്ങൾക്ക് കൂടുതൽ വ്യയംചെയ്യേണ്ടതായിവന്നപ്പോൾ നികുതി വർദ്ധിപ്പിച്ചുമിരിക്കും. അത് പിരിച്ചെടുത്തും കാണും. മററു കാര്യങ്ങളിലെന്നപോലെ ഇതും തുഗ്ലക്ക് മുഹമ്മതിന്റെ 'ഭ്രാന്തൻ പരിഷ്കാരങ്ങ'ളുടെ കൂട്ടത്തിൽ പെടുത്തി നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്.

വളരെ പെരുപ്പിച്ചുപറയുന്ന തുഗ്ലക്കിന്റെ മറെറാരു പരിഷ്കാരത്തിന്റെ കഥ ചെമ്പുനാണ്യങ്ങൾ നടപ്പിലാക്കിയതാണ്. 1329–നും 1330–നുമിടക്കാണ് സുൽത്താൻ ഈ പരീക്ഷണത്തിനൊരുമ്പെട്ടത്. ചൈനയിലെ മംഗോൾ ചക്രവർത്തിയായിരുന്ന കബ്ളായിഖാൻ 13–ാം നൂററാണ്ടിന്റെ ഒടുവിൽ കടലാസ്സുനോട്ടുകൾ നടപ്പിലാക്കിയിരുന്നു. പേർഷ്യയിലെ സുൽത്താനായിരുന്ന ഗായിഗാട്ട് 1294 എ. ഡി. യിൽ ഈ പരിഷ്കാരം ഫലപ്രദമായി നടപ്പിലാക്കി. അയൽ രാജ്യങ്ങളിലെ നൂതനമായ മാററങ്ങളത്രയും അറിഞ്ഞിരുന്ന സുൽത്താൻ അവയെ അനുകരിച്ചായിരിക്കാം ഈ പരീക്ഷണത്തിന്നൊരുമ്പെട്ടത്. തന്റെ നാണ്യങ്ങൾക്ക് ഐക്യരൂപ്യം വരുത്താനുള്ള ശ്രമങ്ങളാണ് ആദ്യം ആരംഭിച്ചത്. 1325–ലും 1328–ലും പുറപ്പെടുവിച്ച നാണ്യങ്ങൾ പുതുമയും 'ഇന്ത്യൻ നാണ്യലോകങ്ങളുടെ കൂട്ടത്തിൽ വിലപ്പെട്ടതുമായിരുന്നു'' വെന്നാണ് എന്ന പുസ്തകത്തിൽ തോമസ്സ്റൈററ് അവകാശപ്പെടുന്നത്.' എഡ്വേർഡ് തോമസ്സ് പറയുന്നതാകട്ടെ 'അദ്ദേഹം ഭരണാധിപനായ ശേഷം ആദ്യംചെയ്ത പ്രവർത്തി പ്രചാരത്തിലിരുന്ന നാണയങ്ങളുടെ മോഡൽ വ്യത്യാസപ്പെടുത്തുകയെന്നതായിരുന്നു........ ഭംഗി, പുതുമ ഇവ ആർജ്ജിതമാക്കുന്നതിന്നു പുറമെ അവയുടെ വില നിശ്ചയിക്കുന്നതിലും അതീവ നിർബ്ബന്ധം അദ്ദേഹം പുലർത്തി........ ഈ സുൽത്താനെ

11 Thomas wright–The boins and Metallurgy of the sultans of Delhi,

'നാണ്യനിർമ്മാതാക്കളുടെ രാജകുമാരൻ' എന്ന വിശേഷിപ്പി ച്ചാലും അധികമാവുകയില്ല. 200 ഗ്രാം തൂക്കമുള്ള ദീനാർ ($2\frac{1}{2}$ക.) എന്ന സ്വർണ്ണനാണ്യവും, 140 ഗ്രേൻ തൂക്കമുള്ള വെ ള്ളിത്തുട്ടും അദ്ദേഹത്തിൻെറ ആദ്യസംരംഭങ്ങളാണ്. അതു കഴിഞ്ഞ് ഒരു പരീക്ഷണമെന്നനിലക്കാണ് 1329–'30 കാ ലാത്ത് സുൽത്താൻ ചെമ്പുനാണ്യങ്ങൾ പ്രചരിപ്പിച്ചത്.

ചെമ്പുനാണ്യങ്ങൾക്ക് സ്വർണ്ണത്തിൻേറയും വെള്ളിയു ടേയും നാണ്യവില നിശ്ചയിച്ചു പ്രചരിപ്പിച്ചിരിക്കുക യാണുണ്ടായത്. 'സുൽത്താനെ ആര് അനുസരിക്കുന്നുവോ അവർ ദൈവത്തെ അനുസരിക്കുന്നവരാണ്.'[12] എന്ന് അവ യിൽ ആലേഖ്യവും ചെയ്തിരുന്നു. ചെമ്പുനാണയങ്ങൾ ക്ക് സ്വർണ്ണത്തിൻേറയും വെള്ളിയുടേയും വില കൊടു ക്കുക, ജനങ്ങൾക്ക് ചിന്തിക്കുവാൻപോലും സാദ്ധ്യമല്ലാത്ത കാലത്തായിരുന്നു ഈ പരീക്ഷണമെന്നോർക്കണം. തന്മൂലം വളരെ പ്രയാസങ്ങൾ നേരിട്ടു. ഇത് പരാജയമടഞ്ഞത് രണ്ടു കാരണങ്ങളാലാണെന്ന് ഡോക്ടർ. ഈശ്വരിപ്രസാദും റോയി ചൗധരിയും വിവരിക്കുന്നു. ഒന്നാമത്തേത് കാല ത്തിന് ദഹിക്കാത്ത കാര്യങ്ങളായിരുന്നു ഇതെന്നും, ജന ങ്ങൾക്ക് ഇതിൻെറ പിന്നിലുള്ള മഹത്തരമായ ആശയം മനസ്സിലാക്കുവാൻ ഒത്തിരുന്നില്ലെന്നുമാണ്. രണ്ടാമത്തെ ഹേതു, കള്ളനാണ്യങ്ങൾ കണ്ടുപിടിക്കുവാനുള്ള ഉപാധി വിരളവും, സ്റെറയിററിൻെറ കുത്തകാവകാശം ഭേദ്യുന്ന ചിഹ്നങ്ങൾ പ്രയാസമെന്യേ അനുകരിക്കുവാൻ ഒക്കുന്ന തുമായിരുന്നു. എഡ്വേഡ് തോമസ് ഇതിൻെറ പരാജയ കാരണങ്ങൾ വിവരിക്കുന്നതിങ്ങനെയാണ്. 'സർക്കാർ കമ്മ ട്ടത്തിൽനിന്നും പുറത്തിറക്കുന്ന നാണയങ്ങളും വിദഗ്ദ്ധ നായ ഒരു പണിക്കാരൻെറ സൂക്ഷ്മമായ നിർമ്മിതിയും തമ്മിൽ തിരിച്ചറിയാൻ പ്രയാസം നേരിട്ടു. ചൈനയിലും മററും കള്ളനോട്ടുകൾ തടയാനെടുത്തിരുന്ന പ്രതിരോധ നടപടി ഇവിടെ ഇല്ലായിരുന്നു. നിർല്ലോഭം കള്ളനാണ്യങ്ങ

12. C. T. Brown. The coins of India

ളുണ്ടാക്കി പണമാക്കുവാനുള്ള ജനങ്ങളുടെ ദുർമ്മോഹമാണ് ഇതു് തകരാൻ മറ്റൊരു പ്രധാന കാരണം.' നീലകണ്ഠ ശാസ്ത്രി പറയുന്ന ഹേതുക്കൾ 'ജനങ്ങളുടെ അജ്ഞതയും വിരോധവും, കള്ളത്തരങ്ങളെ ശരിക്കും നേരിടുവാനുള്ള സുൽത്താൻെറ സന്നാഹങ്ങളുടെ അഭാവവും ഒക്കെകൊണ്ടാണിതു് തോൽവിയടഞ്ഞതു്' എന്നാണ്. [13]

ചരിത്രകാരനായ ബറാണി അദ്ദേഹത്തിൻെറ സ്വഭാവത്തിനൊത്തവിധം തന്നെ ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. 'രാജകീയ വിളംബരം വന്നതോടുകൂടി ഓരോ ഹിന്ദുവിൻെറ വീടും ഓരോ നാണ്യശാലകളായിത്തീർന്നു. ഈ കള്ളപ്പണം ഉപയോഗിച്ച് അവർ കപ്പം കൊടുക്കുകയും കുതിര തുടങ്ങിയ എല്ലാ സാധനങ്ങളും വാങ്ങി ധൂർത്തടിക്കുകയും ചെയ്തു. ഓരോ കൊല്ലനും, തട്ടാനും അവൻെറ ആലകൾ കമ്മട്ടങ്ങളാക്കി മാററി. ഈ കള്ളനാണയങ്ങൾ ഖജനാവിനെ നിറച്ചു' [14] ഹിന്ദുക്കളിൽ ബറാണി ആരോപിച്ച കൃത്രിമത്വം മുസ്ലീംകളും മറെറല്ലാവരും ചെയ്തിരിക്കും. പക്ഷേ ബറാണി തുടർന്നു പറയുന്നതു് 'ഈ നാണ്യങ്ങൾക്കു് കക്കകളുടേയും ശംഖുകളുടേയും വിലപോലും ജനങ്ങൾ കണക്കാക്കിയിരുന്നില്ല. തൻമൂലം വ്യവസായസ്തംഭനമുണ്ടായി' എന്നാണ്. [15] ഈ പ്രസ്താവം വിശ്വസിക്കാമെങ്കിൽ ആദ്യം ബറാണി തന്നെ പറയുന്ന കാര്യങ്ങളെ തിരസ്കരിക്കേണ്ടതായി വന്നുകൂടുന്നു. ഹിന്ദുക്കൾ ഈ കള്ളനാണ്യങ്ങളുണ്ടാക്കി ധനവാന്മാരായെന്നും, സർവ്വസാധനങ്ങളും വാങ്ങി ശേഖരിച്ചെന്നും പറയുന്ന ബറാണി, തുടർന്നു പ്രസ്താവിക്കുന്നതു് ഈ നാണ്യങ്ങൾക്കു് ജനങ്ങൾ ഒരു വിലയും കല്പിച്ചില്ലെന്നാണ്. വിലയില്ലാത്ത നാണയം ഉണ്ടാക്കുവാൻ ആരും ശിക്ഷാർഹമായ ഒരു പണിക്കൊരുമ്പെടുകയില്ല. അല്ലെങ്കിൽ ഈ നാണ്യം സാർവ്വത്രികമായംഗീകരിച്ചിരുന്നുവെന്നു് വന്നുകൂടുന്നു. ഈ നാണ്യപരിഷ്കാരം

13. History of India, Part II. P.51
14. Tarikh-i-firoz shai
15. Ibid.

കൊണ്ട് ബറാണി പറയുന്ന വൈഷമ്യങ്ങളുണ്ടായിരുന്നുവെങ്കിലും, അത് ജനങ്ങളിൽ ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നുവെങ്കിലും, ഇതുകഴിഞ്ഞ് മൂന്നുകൊല്ലത്തിനുമുമ്പുതന്നെ ഇവിടെ വന്ന ഇബ്നുബത്തൂത്ത അത് പരാമർശിക്കുമായിരുന്നു. തലസ്ഥാനമാററത്തെ യക്ഷികഥകളെഴുതിയ അദ്ദേഹം നാണയപ്രശ്നവും വിട്ടുകളയുമായിരുന്നില്ല. ജനങ്ങൾ പെട്ടെന്നിത് വിസ്മരിച്ചെന്നതിന്നും, ഇതൊരിക്കലും ജനങ്ങൾക്ക് അധികമസൌകര്യം ഉണ്ടാക്കിയിരുന്നില്ലെന്നതിനും, ബത്തൂത്തയുടെ മൗനം തികഞ്ഞ തെളിവാണ്.

സുൽത്താനെ ഈ പരിഷ്ക്കാരത്തിന് പ്രേരിപ്പിച്ചതെന്തായിരിക്കാമെന്ന ഊഹവും ചരിത്രവിദ്യാർത്ഥികൾക്ക് കൗതുകകര മാണ്. ''വർദ്ധമാനമായ സൈനികച്ചിലവിനെ നേരിടുവാനും, ഉദാരമായി സുൽത്താൻ നൽകിയിരുന്ന സമ്മാനങ്ങൾകൊണ്ടും, സംഭാവനകൾ മൂലവും ഒഴിഞ്ഞ ഖജനാവിനെ നിറക്കാനുമാണ് ഈ പദ്ധതി ആസൂത്രണം ചെയ്തതെന്നു'' മാണ് ഡോ: ഈശ്വരിപ്രസാദ് പ്രസ്താവിക്കുന്നത്.[16] ''തൻെറ തകർന്നുകൊണ്ടിരുന്ന ഖജനാവിനെ നിറക്കുവാനും, നടത്തുവാനുദ്ദേശിച്ചിരുന്ന യുദ്ധസന്നാഹങ്ങൾക്കുപകരിക്കുവാനും'' വേണ്ടിയാണിത് ചെയ്തതെന്ന് റോയ് ചൗദ്രിയുമെഴുതിയിട്ടുണ്ട്.[17] പ്രൊഫസ്സർ നീലകണ്ഠശാസ്ത്രി കുറേക്കൂടി കാരണങ്ങൾ നിരത്തുന്നു: ''ട്രഷറിയിൽനിന്നുള്ള അമിതമായ ചിലവും മർദ്ദനമുറകളോടുകൂടിയുള്ള വർദ്ധിച്ച നികുതി ചുമത്തിയതുമൂലം റവന്യു ഇനത്തിൽ വന്ന വിടവും, ആക്രമണപദ്ധതികളും, ചൈനയിലും മററുമുള്ളതുപോലെ നവീനമായ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിക്കുവാനുള്ള തീവ്രമായ ആവേശവും ഒക്കെയാണ് ഈ ''ഭാവനാനാണ്യങ്ങൾ'' പ്രചരിപ്പിക്കുവാനദ്ദേഹത്തെ പ്രേരിപ്പിച്ചത്.[18] ചുരു

16 History of Muslim Rule – P. 146
17 An Advance History of Indian P. 322
18 History of India, Part II, P. 52

ഞത്തിൽ സുൽത്താൻെറ നവീനാശയം വീണ്ടുവിചാരമില്ലാത്ത പ്രവർത്തിയായും, ജനങ്ങളെ വഞ്ചിച്ച് സ്വന്തം ഖജനാവ് വീർപ്പിക്കുവാനുള്ള ഉപായമായുമാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്.

എന്നാൽ തൻെറ പദ്ധതി മനസ്സിലാക്കുവാൻ ജനങ്ങൾ തീരെ ഉയർന്നിട്ടില്ലെന്നു കണ്ട സുൽത്താൻ പരീക്ഷണം ഉപേക്ഷിക്കുവാനൊട്ടും മടികാട്ടിയില്ല. ബറാണി തന്നെ പറയുന്നു "എല്ലാ ചെമ്പുനാണ്യങ്ങളും തിരിച്ചെടുത്ത് അവയ്ക്കു നിശ്ചയിച്ചിരുന്ന വില സുൽത്താൻ നൽകി" എന്ന് ഒഴിഞ്ഞ ഒരു ഖജനാവിൽനിന്നും ബറാണി വിവരിക്കുന്ന കോടാനുകോടി കള്ളനാണയങ്ങളുൾപ്പെടെയുള്ള എല്ലാ ചെമ്പുത്തുട്ടുകൾക്ക് പകരം ഒട്ടും അമാന്തിക്കാതെ സ്വർണ്ണവും വെള്ളിയും നൽകിയ സുൽത്താൻ മാസ്മരവിദ്യയായിരിക്കണം നടത്തിയത്. അല്ലെങ്കിൽ ഖജനാവ് കാലിയായിരുന്നുവെന്നു പറയുന്നത് അസത്യവുമായിരുന്നിരിക്കണം. പ്രായോഗികമല്ലാതിരുന്ന ഈ പദ്ധതി പരാജയമടയുമെന്ന് കണ്ടപ്പോൾ അതു മതിയാക്കിയ സുൽത്താൻ ദുഃശ്ശാഠ്യക്കാരനോ, വിചാരിച്ചതു മുഴുവൻ ജനങ്ങളുടെ മേൽ അടിച്ചേല്പിച്ചിരുന്ന ജനദ്രോഹിയോ ആയിരുന്നില്ലെന്നുകൂടി ഇതു വ്യക്തമാക്കുന്നുണ്ട്. പുറമേ അദ്ദേഹം നടപ്പാക്കിയ ദീനാർ, അദാലി തുടങ്ങിയ നാണയങ്ങൾ തുഗ്ലക്കിൻെറ കാലത്ത് സ്വർണ്ണം ധാരാളമായുണ്ടായിരുന്നതിൻെറ പ്രത്യക്ഷോദാഹരണങ്ങളുമാണ്. യുക്തിയുക്തമായ ഒരു വാദഗതിയുമംഗീകരിക്കുവാൻ തയ്യാറില്ലാത്തവർക്ക് സുൽത്താൻ മുഹമ്മദ് ചെയ്തതൊക്കെ ഭ്രാന്തും പരാജയവുമൊക്കെയായല്ലാതെ കരുതുക അസാദ്ധ്യമാണ്.

ഇതിനേക്കാൾ ആഭാസമായ മറ്റൊരാരോപണമാണ് സുൽത്താൻ ചൈനയെ ആക്രമിക്കുവാനൊരുങ്ങിയെന്ന് പറയുന്നത്. ഫരിഷ്ടയാണിതാദ്യമെഴുതിയത്. അദ്ദേഹം

തുഗ്ലക്കിന്റെ മരണവും കഴിഞ്ഞ് നൂററാണ്ടുകൾക്കുശേഷം ജീവിച്ചിരുന്ന ചരിത്രകാരനാണ്. അദ്ദേഹമെഴുതി. ''ചൈനയിലെ അപാരമായ ധനത്തെപ്പററി കേട്ടറിഞ്ഞ സുൽത്താൻ ആ രാജ്യത്തെ കീഴടക്കണമെന്നാഗ്രഹിച്ചു. അദ്ദേഹത്തിന്റെ പ്രഭുക്കളും ഉപദേശകരും ഈ പദ്ധതിയുടെ ബുദ്ധിശൂന്യതയെപ്പററി മനസ്സിലാക്കിക്കൊടുക്കുവാൻ ശ്രമങ്ങൾ നടത്തിയെങ്കിലും അവ വൃഥാവിലാകുകയാണ് ചെയ്തത്'' [19] ഇംഗ്ലീഷ് ചരിത്രകാരന്മാർക്ക് ഈ കാര്യത്തിൽ ആശ്രിതനായി തോന്നിയ ചരിത്രകാരൻ ഫരിഷ്ടയായി മാറി, അദ്ദേഹത്തെ അനുകരിച്ച് എൽഫിൻസ്റേറാൻ സുൽത്താന്റെ ധനദുർമ്മോഹം ഒന്നുകൊണ്ടുമാത്രമാണ് ഈ സംരംഭത്തിനും തദ്വാരയുണ്ടായ വിനാശത്തിനും ഇടയാക്കിയതെന്ന് വ്യവഹരിക്കുന്നു. സ്മിത്താകട്ടെ കുറേക്കൂടി വിവരങ്ങൾ സ്വതസ്സിദ്ധമായ ശൈലിയിൽ നമുക്ക് തരുന്നുണ്ട്. 'ഏറെറാരപായകരമായ പദ്ധതി നീപ്പാൾവഴി ഹിമാലയശിഖരങ്ങൾ കടന്ന് ചൈനയെ ആക്രമിക്കുകയെന്നതായിരുന്നു. സുൽത്താന്റെ സഹോദരീപുത്രനായ കുസ്രൂമാലിക്കിന്റെ കീഴിൽ ഒരു ലക്ഷം സൈന്യത്തെ ഇതിന്നുവേണ്ടി 1337 എ. ഡി.യിൽ പറഞ്ഞയച്ചു. കതിരപ്പടയാളികൾ മലയോരങ്ങളിൽ കിടന്ന് കഷ്ടപ്പെട്ടു. ചൈനക്കാരുമായി ഏററുമുട്ടിയപ്പോൾ ഈ യോദ്ധാക്കളെത്രയും പരാജിതരുമായി. അവശേഷിച്ച പത്തുപേർ ഡെൽഹിയിലേക്കു മടങ്ങിവന്നെങ്കിലും രക്തരക്ഷസ്സായ ഈ ചക്രവത്തി അവരെ വധിക്കുകയും ചെയ്തു. [20] സ്മിത്തും കൂട്ടരും സുൽത്താന്റെ മററു പദ്ധതികൾ ഭ്രാന്തൻ പണികളായിരുന്നുവെന്ന് സ്ഥാപിക്കുവാൻ ആശ്രയിക്കുന്ന സമകാലീനരായ ബരാണിയേയും, ബത്തൂത്തയേയും ഇക്കാര്യത്തിൽ തിരസ്മരിച്ചു. '1340 എ. ഡി. യിൽ വീണ്ടും തലസ്ഥാനം ഡൽഹിയിൽ നിന്നും മാററി' എന്നെഴുതിയ ഫരിഷ്ടയെയാണ് ഇപ്പോൾ അവർ

---

19 Ferishta, cit.

20. Oxford History of India P. 241

ക്കൊക്കെ പ്രിയങ്കരനായ അതോററ്റിയാക്കുവാൻ തോന്നിയ ത്. അതിൻെറ കാരണം സമകാലീനരുടെ രേഖകൾ ഈ വിഷ യത്തിൽ അംഗീകരിച്ചാൽ സുൽത്താനെ കരിതേക്കുവാനൊ ക്കുകയില്ലെന്നവർക്കറിയാം. ബരാണി ഇതേപററി എഴുതിയി രിക്കുന്നത്. 'ചൈനയുടേയും ഇന്ത്യയുടെയും ഇടക്കുകിട ക്കന്ന ഖരജാൽ കീഴടക്കവാൻ സുൽത്താൻ നിശ്ചയിച്ചു'[21] എന്നാണ്. 'ഡൽഹിയിൽനിന്നും 10 സ്റെറയിജുകൾ അക ലെ കിടക്കുന്ന ഖരജാൽ മലയോരപ്രദേശത്തെ ലക്ഷ്യമാക്കി യായിരുന്നു സുൽത്താൻ സൈന്യത്തെ അയച്ചത്.'[22] എന്നാ ണ് ഇബിനു ബത്തൂത്തക്ക് പറയാനുള്ളത്.

ഈ രണ്ടു എഴുത്തുകാരും സുൽത്താനെ കിട്ടിയ അവസ രം മുഴുക്കെ ഉപയോഗിച്ച് അതിശയോക്തി മാത്രമടങ്ങിയ കടം കഥകൾ പ്രചരിപ്പിച്ചവരായിരുന്നു. ഹിമാലയൻ ശിഖ രങ്ങൾ കയറിമറിഞ്ഞ് ചൈനയെ ആക്രമിക്കുവാൻവേണ്ടും കെൽപ്പുള്ള ടെൻസിങ്ങുമാരായിരുന്നു തൻെറ യോദ്ധാക്കളെ ന്ന് ആർക്കും ചിരിതോന്നിക്കുന്ന അഹന്ത ഒരു പക്ഷേ സുൽത്താനുണ്ടായിരുന്നിരിക്കാം' എങ്കിൽ ബരാണിയും ബത്തുത്തയും രസകരമായ ഈ കഥ വിട്ടുകളയുമായിരുന്നി ല്ല. സുൽത്താനെപ്പററി ഈർഷ്യയും ദ്വേഷ്യവുമുണ്ടായിരുന്ന ഇവരിരുവർക്കുപോലും സുൽത്താൻെറ ആക്രമണോദ്ദേശ്യം തൻെറ വടക്കനതിർത്തിയെ സുരക്ഷിതമാക്കാനായിരുന്നു വെന്നെഴുതേണ്ടതായിവന്നു. ഈ പ്രസ്താവം അംഗീകരി ച്ചാൽ ഇംഗ്ലീഷ് ചരിത്രകാരൻമാർക്ക് സുൽത്താനെ ഭ്രാന്ത നാക്കുവാനെങ്ങിനെയൊക്കും. തൻമൂലം ഫരിഷ്ടയെ ഇക്കാര്യത്തിൽ അനുകരിക്കുകയാണ്.

ചൈനയെ ആക്രമിക്കുവാനാണ് സൈന്യത്തെ അയച്ച തെന്ന് സമർത്ഥിക്കുവാൻ ഫരിഷ്ടയെ അവലംബമാക്കു ന്ന ഇവർ സേനയുടെ ഭയാനകമായ നാശംപെരുപ്പിച്ചു പറയു

21. Tarikh–i–Firoyshai–op cit
22. Ibn–Batuta of cit.

വാൻ ബറാണിയേയും ബത്തൂത്തയേയും ശരണംപ്രാപിക്കുന്നവിരോധാഭാസമാണ് നാം ദർശിക്കുക. ഒരു ലക്ഷം സൈനികരിൽ മൂന്നുപേരെ അവശേഷിച്ചുള്ളുവെന്ന് ബത്തൂത്തയും, പത്തുപേർ ബാക്കിയായിയെന്ന് ബറാണിയുമെഴുതുന്നു അവർ മരിക്കാതെ മടങ്ങിവന്നതുകൊണ്ടോ, ദയനീയമായ ഈ ദുഃഖകഥ ഇവർ മുഖേന കേൾക്കേണ്ടതായിവന്നതുകൊണ്ടോ, എന്തോ, സ്മിത്തെഴുതിയതു പോലെ, സുൽത്താൻ അവരേയും കഥാശേഷരാക്കിയത്രേ! ഇത്തരം സാമർത്ഥ്യത്തോടുകൂടിയ കഥാരചന, ഇവയെ വ്യവച്ഛേദിച്ച് ആന്തരിക ദുരുദ്ദേശ്യങ്ങൾ നീക്കി, സത്യമായവയെ തരംതിരിച്ചെടുക്കുന്ന പ്രവർത്തി ദുഷ്കരമായ സാഹസമാക്കി മാററുന്നു. പക്ഷേ ഈ ഉദാഹരണങ്ങൾകൊണ്ട് ബ്രിട്ടീഷ് ചരിത്രകാരൻമാരുടേയും അവരുടെ ചിന്താഗതിക്കൊത്ത്തുള്ളുന്ന ഇന്ത്യനെഴുത്തുകാരുടേയും മനോഗതിയും ചരിത്രവീക്ഷണവും ഏതു വിധമാണെന്ന് ധരിക്കുവാനെളുപ്പമാണ്.

ഹിമാലയം കയറിമറിഞ്ഞ് ചൈനയെ ആക്രമിക്കുവാൻ പട്ടാളത്തെ അയച്ചുവെന്നു പറഞ്ഞാൽ മാത്രമേ സുൽത്താൻെറ പദ്ധതി തലതിരിഞ്ഞപ്പോഴത്തപ്പണിയാകുവാനൊക്കു. ചൈനയുമായി തന്ത്രബന്ധമുണ്ടായിരുന്ന ചക്രവർത്തിയാണ് തുഗ്ലക്ക്. ''ചൈനീസ് ചക്രവർത്തി ടോഗൻ ടീമൂർ അയച്ച പ്രതിപുരുഷൻ സുൻട്രിയായിരുന്നു''[23] 1333–1368–വരെ ഈ തന്ത്രബന്ധം നിലനിന്നിരുന്നു. ''ഈ പ്രതിനിധിയോടുകൂടെ 15 ഉയർന്ന ഉദ്യോഗസ്ഥന്മാരും 100 പരിചാരകരും ഉൾപ്പെട്ടിരുന്നു.''[24] ഇബിനു ബത്തുത്തയെ തന്നെ സുൽത്താൻ ചൈനയിലേക്കയയ്ക്കുന്നതിനിടയ്ക്കാണ് കോഴിക്കോടുവച്ച് ഓടം തകർന്നതും തൻെറ യാത്ര തടസ്സപ്പെടുന്നതെന്നും അദ്ദേഹം എഴുതുന്നുണ്ട്, ''തുഗ്ലക്ക് മുഹമ്മദ് 1000 നാവികരുടെ അകമ്പടിയോടുകൂടിയാണ് തൻെറ തന്ത്രപ്രതിനിധിയെ ചൈനയിലേക്ക

23. History of Quraunah Turks–P. 13
24. Ibn Battuta P. 151

യച്ചത്'' എന്നദ്ദേഹം തുടർന്നെഴുതുന്നു. [25] ചൈനയിലേക്കുള്ള വഴി അന്ന് കോഴിക്കോട്ടുനിന്നും കടൽമാർഗ്ഗമായിരുന്നുവെന്നത് സ്പഷ്ടമാണ്, അതറിയാതിരുന്ന ആളുമല്ല സുൽത്താൻ. നിരന്തര സമ്പർക്കം ചൈനയുമായ ദ്ദേഹം പുലർത്തിപ്പോരികയും ചെയ്തിരുന്നു. പിന്നെ ഹിമാലയം കടന്നാക്രമിക്കുവാൻ സൈന്യത്തെ അയച്ചെന്ന് പറയുന്നത് സുൽത്താനെ മനഃപൂർവ്വം കുററാരോപണം നടത്തുവാനാണെന്ന് വ്യക്തമല്ലേ. ഡോക്ടർ ഈശ്വരിപ്രസാദും, റോയിചൗദ്രിയും സുൽത്താൻ ഖരജാൽ പ്രദേശത്തേക്ക് തന്നെയാണ് സൈന്യത്തെ അയച്ചതെന്ന് വിശ്വസിക്കുമ്പോഴും ഒരു ലക്ഷം പോന്ന ഈ സേന മുഴുക്കെ നശിച്ചെന്ന ബരാണിയുടേയും ബത്തൂത്തയുടേയും പ്രസ്താവം സ്വീകരിക്കുകയും ചെയ്യുന്നു.

സുൽത്താൻെറ ഉദ്ദേശ്യം തൻെറ വടക്കനെതിർത്തിയിൽ കിടന്നിരുന്ന മലയോരപ്രദേശങ്ങളുടെ അധീശത്വം സമ്പാദിക്കുകയായിരുന്നു. സൗകര്യം കിട്ടുമ്പോഴൊക്കെ സമതലപ്രദേശത്തേക്കിറങ്ങി കൊള്ളയടിച്ചിരുന്ന ഇവരെ നിയന്ത്രണവിധേയരാക്കേണ്ടത് രാജ്യരക്ഷക്കും സമാധാനത്തിന്നും ആവശ്യമായിരുന്നു ''ഈ സംരംഭത്തിൻെറ ലക്ഷ്യം വിജയിച്ചു. ഈ കാട്ടുരാജൻ സുൽത്താൻെറ പരമാധികാരം അംഗീകരിക്കുകയും കപ്പം കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു.'' [26] അങ്ങിനെ സമ്പൂർണ്ണ വിജയംവരിച്ച കാര്യമാണ് വിനാശത്തിൻെറ കഥയായി പറയുന്നത്. മൂന്നുപേരോ, പത്തുപേരോ മാത്രമേ അവശേഷിച്ചിരുന്നുള്ളുവെങ്കിൽ മുഹമ്മതിന് ഈ മലയോരപ്രദേശങ്ങളുടെ അധീശത്വം ലഭിക്കുമായിരുന്നില്ലെന്ന് തീർച്ചയല്ലേ. ഒരു ലക്ഷം സൈനികരിൽ, മൂന്നോ, പത്തോ ആളുകളെ ഒഴിച്ചുള്ള എല്ലാവരേയും കൊല്ലുവാനോ, കെടുതിയ്ക്കിരയാക്കുവാനോ, കഴിഞ്ഞ ഒരു ശത്രുവും, കപ്പവും കൊടുത്ത് സാമന്തനാകുവാൻ

---

25. Ibid
26. History of Muslim Rule P. 151

ശ്രമിക്കുകയില്ല. അപ്പോഠ ബരാണിയും ബത്തുത്തയുമെ ഴുതുന്ന ആഠ നാശത്തിൻെറ കഥയും പച്ചക്കള്ളമാണെന്ന് ബോദ്ധ്യമല്ലേ.

ചുരുക്കത്തിൽ തുഗ്ലക്കിൻെറ പരിഷ്കാരങ്ങളും പരി പാടികളും പരാജയമടഞ്ഞെന്ന് പറയുക ഒരിക്കലും വസ്തു നിഷ്ഠമായിരിക്കുകയില്ല, അവ സുൽത്താനുദ്ദേശിച്ച പ്ര യോജനസാഫല്യം കണ്ടവയാണ്. ഒരു പ്രസ്ഥാനത്തിൻെറ ജയാപജയം ലക്ഷ്യപ്രാപ്തിയോ അപ്രാപ്തിയോ എന്ന മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ് തീരുമാനിക്ക പ്പെടേണ്ടതെങ്കിൽ തുഗ്ലക്ക് മുഹമ്മദിൻെറ ശ്രമങ്ങഠ വിജ യകരമായിരുന്നു. മറിച്ചുപറയുന്നതും വ്യവഹരിക്കുന്നതും തൽകർത്താക്കളുടെ ദൂഷണാവിലാസത്തിനും അവയിലുൾപ്പീ ഢമായ കല്പനാശക്തി തീവ്രം പ്രവർത്തിക്കുന്നതിന്നും പ്രകടമായ ഉദാഹരണങ്ങഠ മാത്രമാണ്. പക്ഷേ അവ ചരിത്രാവിഷ്കാരമാകുകയില്ലെന്നുമാത്രം. അതുകൊണ്ടു തന്നെ മുഹമ്മദ് തുഗ്ലക്കിൻെറ കഥകഠ പുനഃപരിശോധന യ്ക്ക് വിധേയമാക്കുകയും സത്യദീക്ഷയോടുകൂടി പു തുതായവതരിപ്പിക്കുകയും ചേയ്യേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു.

### അദ്ധ്യായം അഞ്ച്

# തലസ്ഥാനമാററം ചരിത്രവങ്കത്തം

'ഉന്മത്തനായ തുഗ്ലക്ക് മുഹമ്മദിൻെറ,' (എൽഫിൻസ്റേറാൺ) 'പാതകവ്യഗ്രഥയോടുകൂടിയ ഭ്രാന്തൻ നയങ്ങളാണ്'' (സ്മിത്ത്) സമൂലമായ വിമർശനവിധേയമായിട്ടുള്ളത്. ചിന്താദ്വീപകങ്ങളായ വിശകലനം വിജ്ഞാനതൃഷ്ണയെ ഉദ്ദീപിപ്പിക്കുവാൻ സഹായകരമാണ്. പക്ഷേ മുൻവിധിയോടുകൂടി ഏതൊരു വിഷയത്തെ സമീപിച്ചാലും അതു് നിഷ്പക്ഷമായ നിഗമനങ്ങാംക്കു സഹായകരമാകുകയില്ല. 'ഭ്രാന്തൻ നയം, 'ഭ്രാന്തൻ നയം' എന്നു് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ള തുഗ്ലക്കിൻെറ പരിഷ്കാരങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. ആരേയും എളുപ്പത്തിൽ പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ സാധിയ്ക്കാത്ത മാതിരി സങ്കീർണ്ണമാണീപ്രശ്നം. ഇതിൽ ബ്രിട്ടീഷ് ചരിത്രകാരൻമാരെയെന്നതിനേക്കാം സുൽത്താൻെറ സമകാലീനരായിരുന്ന ഉത്തരവാദികാം. അവർക്കു അവരുടേതായ മാനസികവൈകല്യങ്ങളും, വ്യക്തിഗതമായ പക്ഷപാതവും തീവ്രതരമായിരുന്നുവെന്നു് വിസ്തരിച്ചു പ്രതിപാദിച്ചതാണ്. മനഃപൂർവ്വം മതഭ്രാന്തിൻേറയും ഭരണവൈകല്യങ്ങളുടേയും കാര്യങ്ങാം കണ്ടുപിടിയ്ക്കുവാൻ കിണഞ്ഞു ശ്രമിക്കുന്ന ഇംഗ്ലീഷ് ചരിത്രകാരന് ഒട്ടും മനഃശല്യം കൂടാതെ ഉപയോഗിയ്ക്കാവുന്ന കരുത്തേറിയ കരുക്കളായിത്തീർന്നു ഈ ചരിത്ര വിവരണങ്ങളൊക്കെ തന്നെ. ഒരു കൂട്ടർ വ്യക്തിപരമായ പകയും വിദ്വേഷവും കൂടിയിരുന്നതുകൊണ്ടു് സുൽത്താനെ ആക്ഷേപിക്കാൻ മുതിർന്നപ്പോാം, ആധുനികരാകട്ടെ കിട്ടിയ അവസരം പാഴാക്കാതെ അവ ചൂഷണംചെയ്ത്, മാനസികമായ എന്തോ

ന്നിൻെറയോ സംതൃപ്തി നേടുകയാണ്, അക്കൂട്ടരെഴുതിയ അവിശ്വസനീയങ്ങളായ കഥകൾ അപ്പടി പകർത്തുന്നതുമൂലം പുതുമയുടെ ത്രസിക്കുന്ന ഹൃദയത്തുടിപ്പു മനസ്സിലാക്കിയിട്ടുണ്ടെന്ന് നാം ധരിക്കുന്നവർകൂടി ഗൗരവമായി ഈ വിഷയത്തെ സമീപിച്ചിട്ടില്ല. ആനുഷംഗികമായ താല്പര്യങ്ങൾപോലും ഇക്കാര്യത്തിൽ ആരും കാണിക്കാറുമില്ല. തൻമൂലം വളരെ പ്രയാസം സഹിച്ചുവേണം തുഗ്ലക്കിൻെറ പരിഷ്കാരങ്ങളെക്കുറിച്ചെഴുതുവാൻ. ഈ അദ്ധ്യായത്തിൽ ഞാൻ നടത്തുന്ന ശ്രമം കുപ്രസിദ്ധമായ തലസ്ഥാനമാററത്തെക്കുറിച്ച് പ്രതിപാദിക്കുവാനാണ്.

വിദേശീയരും തദ്ദേശീയരുമായ എഴുത്തുകാരത്രയും നമ്മെ അറിയിക്കുന്നത് സുൽത്താൻ മുഹമ്മത് തലസ്ഥാനം ഡൽഹിയിൽനിന്നും ദേവഗിരിയിലേക്ക് മാററിയെന്നതന്നെയാണ്. 'ഡിയോഗിറിനെ ദൗലത്താബാദ് എന്ന നാമകരണവുംചെയ്ത്, അവിടേക്കു തലസ്ഥാനം മാററുകകൊണ്ട് ഡൽഹി നശിക്കുകയും അവിടെയുണ്ടായിരുന്ന പ്രധാനികൾക്കു പ്രയാസങ്ങൾ നേരിടുകയും ചെയ്തു' സുൽത്താൻെറ ചരിത്രകാരൻമാരിൽ പ്രധാനിയായ സിയാവുദ്ദീൻ ബരാണിയുടെ പ്രസ്താവമാണിതു്. അതിനു കാരണമായി ബരാണി പറയുന്നത് ഡിയോഗീറിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പും സാമ്രാജ്യത്തിൻെറ മദ്ധ്യഭാഗത്തേക്കു തലസ്ഥാനം മാററുന്നതിലുള്ള ഭരണപരമായ സൗകര്യവുംകൊണ്ടായിരുന്നുവെന്നാണ്.[1] ഇതു് അപ്പടി പകർത്തിയ ആധുനികരായ എഴുത്തുകാർ സുൽത്താൻ തലസ്ഥാനം മാററുവാനുള്ള മററു പല കാരണങ്ങൾകൂടി കണ്ടുപിടിക്കുവാനുള്ള ശ്രമങ്ങളാണു നടത്തിയിട്ടുള്ളതു്. ഈ സുൽത്താൻെറ ചെയ്തികളെ അനുകമ്പയോടുകൂടി വീക്ഷിക്കുന്ന ഡോക്ടർ ഈശ്വരിപ്രസാദ്, റോയ് ചൗദ്രി തുടങ്ങിയവരും തലസ്ഥാനം മാററിയെന്നുതന്നെ കരുതുന്നു.

---

1. Ziauddeen Barani-Tarikh-i-Firozshai.

മാററാനുണ്ടായ കാരണങ്ങരം സോദ്ദേശ്യപരമായിരുന്നവെന്നും സമർത്ഥിക്കുന്നുണ്ട്. 'വെറും പ്രാകൃതപരീക്ഷണമായിരുന്നില്ല അത്. അതിൻെറ പിന്നിലുള്ള ആശയം സ്വാഭാവികമായും ശക്തമായിരുന്നു. ദേവഗിരി തുഗ്ലക്ക് സാമ്രാജ്യത്തിൻെറ ഒത്തനടുവിലുള്ള പ്രാധാന്യമർഹിക്കുന്ന സ്ഥലമാണ്. അവിടേക്ക് തലസ്ഥാനം മാററുന്നവഴി രാജ്യത്തെ മംഗോളാക്രമണത്തിൽ നിന്നും രക്ഷിക്കുകകൂടി ചെയ്യാം' [2] ക്രൂരനായ ഒരേകാധിപതിയുടെ അഹങ്കാരപൂർണ്ണമായ അഹന്തയുടെ പിറവിയായിരുന്നില്ല തലസ്ഥാനം മാററൽ. വ്യക്തമായും സുരക്ഷിതത്വവും സൽഭരണവുമായിരുന്നു ഇത്തരം ധീരമായ ഒരു നില സ്വീകരിക്കുവാൻ സുൽത്താനെ പ്രേരിപ്പിച്ചത്'' ഡോക്ടർ ഈശ്വരിപ്രസാദ് സമാധാനിയ്ക്കുന്നതിങ്ങനെയാണ്. [3] പ്രൊഫസ്സർ നീലകണ്ഠശാസ്ത്രി കുറച്ചുകൂടി കടന്നു ചിന്തിക്കുന്നുണ്ട്. അദ്ദേഹം കാണുന്ന കാരണങ്ങരം 1) ഗുരുഷാസ്പ്സിൻെറ ലഹളയായിരിക്കാം. പ്രധാനമായും തെക്കൻ പ്രവിശ്യകളുടെ നിയന്ത്രണോദ്ദേശ്യത്തോടുകൂടി അവിടേക്കു തലസ്ഥാനം മാററുവാൻ പ്രേരകമായിനിന്ന വസ്തുത. 2) ഐസ്ലാമികശക്തി കൂടുതൽ തെക്കൻ ദിക്കുകളിൽ ദൃഢതരമാക്കുകയും ആകാം. 3) പുറമേ മംഗോരം ഭീതിയിൽനിന്നും തലസ്ഥാനത്തെ രക്ഷിക്കകയുമായി. [4] ഡോക്ടർമാരായ സിൻഹായും ബാനർജിയും 'മംഗോരം ആക്രമണത്തിൽനിന്നും രാജ്യത്തെ രക്ഷിക്കവാനുള്ള ഉപായമായിരുന്നു തലസ്ഥാനമാററം,' [5] എന്നാണ് വ്യവഹരിക്കുന്നത്. നമ്മുടെ ചരിത്രകാരന്മാരിലധികവും അവരുടെ ആധികാരികവക്താവായി ഉപയോഗപ്പെടുത്തുന്ന ഇബ്നു ബത്തൂത്തയുടെ സഞ്ചാരക്കുറിപ്പിൽ തലസ്ഥാനമാററത്തെക്കുറിച്ച് മറെറാരു കഥയാണ് കാണുക. അദ്ദേ

2. An Advance History of India P. 320
3. History of Muslim Rule in India P. 143
4. History of India, Vol II, P. 51
5. History of India – PP. 281 – 82

ഹമെഴുതി: ''ഡെൽഹിയിലെ ജനങ്ങരാം സുൽത്താനെ കുററം ചാരിയും ആക്ഷേപിച്ചും കത്തുകളെഴുതി. അതിൽ കോപിഷ്ഠനായ സുൽത്താൻ ഇവരെ ഒരു പാഠം പഠിപ്പിക്കണമെന്ന് നിശ്ചയിച്ചു.'' [6] തലസ്ഥാനം മാററിയത് ഇക്കാരണത്താലാണത്രെ. ഇംഗ്ലീഷ് ചരിത്രകാരൻമാർക്കൊക്കെ പ്രിയംകരമായി തോന്നിയത് ഈ ഹേതുവാണ്. ഇതു നിമിത്തം തന്നെയായിരിക്കണം സുൽത്താൻ തലസ്ഥാനം മാററിയതെന്നാണ് സ്മിത്തും, ലൈൻപൂളും, എൽഫിൻസ്റേറാണും മററും വിശ്വസിക്കുന്നത്.

ആധുനികരായ എഴുത്തുകാരും സമകാലീനരിൽ പലരും പറയുന്നമാതിരി തലസ്ഥാനം മാററിയെങ്കിൽതന്നെ അതിലെന്ത് ഇത്രമാത്രം ബുദ്ധിശൂന്യതയും ഭ്രാന്തും കാണുവാൻ. ഇന്നും പല രാജ്യങ്ങളിലും തലസ്ഥാനങ്ങരാം കൂടുതൽ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് മാററാറുണ്ടല്ലോ. പക്ഷേ ഇതിലൊന്നും ആർക്കും അധികം പരാതിയില്ല, ആക്ഷേപം പറയുന്നത് പന്തിയുമല്ല. എന്നാൽ നമ്മെ ധരിപ്പിക്കുന്ന കാർയ്യങ്ങരാം വിസ്മയജന്യമായ സംഗതികളാണ്. ഇബ്നു ബത്തൂത്ത തന്നെ പറയട്ടെ ''തന്നെ ആക്ഷേപിച്ചുകൊണ്ടുള്ള എഴുത്തുകരാം ലഭിച്ചപ്പോരാം രോഷാകുലനായ സുൽത്താൻ ഡൽഹിയെ നശിപ്പിക്കണമെന്നുറച്ചു തൻമൂലം എല്ലാ വീടുകളും മന്ദിരങ്ങളും അദ്ദേഹം വിലയ്ക്കു വാങ്ങിയശേഷം ജനങ്ങളോടത്രയും ദൗലത്താബാദിലേക്കു പോകുവാനാജ്ഞാപിച്ചു. ആദ്യം ജനങ്ങളത്ര കാർയ്യമായി ഗൗനിച്ചില്ല. എങ്കിലും മൂന്നു ദിവസത്തിനകം ഒററയെണ്ണത്തിനെ ഡൽഹിയിൽ കണ്ടുകൂടെന്ന് അന്ത്യശാസനകരാം രാജകീയ ദൂതൻമാർ വിളംബരം ചെയ്തതോടെ മിക്കവാറും ആളകരാം ഡൽഹി വിട്ടു. പക്ഷേ ചിലർ വീടുകളിൽ ഒളിച്ചിരുന്നു. സുൽത്താൻ അതികർക്കശമായ അന്വേഷണം നടത്തിച്ചു ആരെങ്കിലും അവശേഷിച്ചിട്ടുണ്ടോ എന്നറിയാൻ. രണ്ടു പേരെ കണ്ടുകിട്ടി. അവരിൽ ഒരാരാം വാതരോഗംമൂലം തളർന്നു

6. Kitab–u–Rehla P. 612

കിടന്നവനും അപരൻ അന്ധനുമായിരുന്നു. രണ്ടുപേരേയും രാജസന്നിധിയിൽ കൊണ്ടു വന്നു. തളർവാതക്കാരനെ കൊല്ലുവാനും അന്ധനെ കുതിരക്കാലിൽ കെട്ടി ദൌലത്താബാദിലേക്ക് വലിച്ചിഴച്ചു കൊണ്ടു പോകുവാനുംസുൽത്താൻ കല്പിച്ചു. ഡൽഹിയിൽനിന്നും 40 ദിവസത്തെ യാത്രകൊണ്ടേ ദൌലത്താബാദിലെത്തുകയുള്ളൂ. ഹതഭാഗ്യനായ ഈ കുരുടന്റെ അവയവങ്ങൾ തുണ്ടുതുണ്ടായി കുറേ അവിടേയും കുറെ ഇവിടേയുമായി പറിഞ്ഞുതെറിച്ചു. അവസാനം കെട്ടിയിരുന്ന കാലിന്റെ ഒരു ഭാഗം ദൌലത്താബാദിലെത്തി. അങ്ങിനെ എല്ലാ ജനങ്ങളും അവരുടെ കച്ചവടസാധനങ്ങളും വീട്ടുസാമഗ്രികളും വിട്ടുവെച്ച് ജീവനുംകൊണ്ട് ഡൽഹിയിൽനിന്നും ഓടി. ഡൽഹിയാകട്ടെ വെറും ഒരു മരുഭൂമിയായി മാറി.

'എനിക്ക് വിശ്വാസമുള്ള ഒരു സുഹൃത്ത് എന്നോടു പറഞ്ഞു, 'ഒരു ദിവസം തന്റെ കൊട്ടാരത്തിന്റെ മുകളിൽ കയറിനിന്ന് തീയോ പുകയോ ജനവാസമോ അനക്കംപോലുമോ ഇല്ലാതിരുന്ന ഡൽഹിയെ നോക്കിക്കൊണ്ട് സുൽത്താൻ ഇങ്ങിനെ സ്വഗതം ചെയ്തുവത്രെ. 'ഇപ്പോൾ എന്റെ ഹൃദയം സന്തുഷ്ടമായി; വികാരങ്ങൾ വിലോപം പ്രാപിക്കുകയുംചെയ്തു' [7] ഇത്രകൊണ്ടും അവസാനിപ്പിക്കാതെ നാടകത്തിന്റെ ക്ലൈമാക്സിലേക്ക് ബത്തൂത്ത തന്റെ വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നതിങ്ങനെയാണ്. 'കുറെ കഴിഞ്ഞപ്പോൾ വിവിധ തലസ്ഥാനങ്ങളിലെ ജനങ്ങളോട് ഡൽഹിയിൽ വന്നു പാർപ്പുറപ്പിക്കുവാനദ്ദേഹമെഴുതി. പക്ഷേ സ്വന്തം സംസ്ഥാനങ്ങൾ നശിപ്പിക്കാനവർക്കതുമൂലം സാധിച്ചതല്ലാതെ ഡൽഹിയിൽ ജനസാന്ദ്രത ഉണ്ടാക്കുവാനവർക്ക തരപ്പെട്ടില്ല. കട്ടായമായും ഇത് ലോകത്തിൽവെച്ച് ഏററവും വലിയ നഗരമാണ് [8]'

7 Ibid– P. 613
8 Ibid–

ബരാണിയ്ക്കോ, ഇസാമിയ്ക്കോ ഇതിന് വിപരീതമായ ഒന്നും പറയാനില്ല. 'എല്ലാം നശിപ്പിച്ചു; ഒരു പട്ടിയോ, പൂച്ചയോ, ഡെൽഹിയിലെ വീടുകളിലോ അരമനകളിലോ അവശേഷിച്ചിരുന്നില്ല. ജനങ്ങൾ അവരുടെ കുടുംബാംഗങ്ങളും, ബന്ധുക്കളും, ഭൃത്യകളും, ഭൃത്യന്മാരും എല്ലാം തന്നെ സ്ഥലംമാറിപ്പോകുവാൻ നിർബന്ധിതരായി'' [6] അദ്ദേഹം ഖേദപൂർവ്വം കുറിക്കുന്നു. ''ദുഃഖഭാരത്താൽ വിവശരായ മുസ്ലീംകൾ അവിശ്വാസികളുടെ നാട്ടിൽ അന്ത്യവിശ്രമം കൊള്ളേണ്ടതായിവന്നു. വളരെ ദുർല്ലഭം പേരേ അവരുടെ ഗൃഹങ്ങളിലേക്കു മടങ്ങിവന്ന് ദുരിതപൂർണ്ണമായ ഈ കഥ പറയാൻ ബാക്കിയായുള്ളു'' [10]

ഡോക്ടർ സ്മിത്തും മററും ബത്തൂത്തയുടേയും ബരാണിയുടേയും മാത്രം അത്യുക്തി പ്രസ്താവങ്ങളെ വിവേചന വിധേയമാക്കാതെ അതേപടി പകർത്തുകയാണ് ചെയ്യുന്നത്. [11] അവർക്കൊക്കെ സുൽത്താൻ ഭ്രാന്തനും ക്രൂരനുമായിരുന്നുവെന്ന് തെളിയിക്കുവാൻ ഇതിൽകവിഞ്ഞെന്തു ലഭിക്കണം. ആധുനികരായ ഇൻഡ്യനെഴുത്തുകാർ ബരാണിയുടേയും ബത്തൂത്തയുടേയും വിവരണങ്ങൾ മനഃപൂർവ്വം കെട്ടിച്ചമച്ചതാണെന്നു പറയാൻ മടിക്കുന്നില്ല. ഈശ്വരിപ്രസാദ് ഇതു സ്ഥാപിക്കുവാൻ ഇവരെക്കുറിച്ച് പറയുന്നതിപ്രകാരമാണ്. ''യുക്തിവാദിയും മുസ്ലീം പൌരോഹിത്യനിന്ദയുള്ളവനുമായ സുൽത്താൻ മുഹമ്മതിനെ മനഃപൂർവ്വം ദൂഷണാരോപണം നടത്തുന്ന ബരാണിയും, ബത്തൂത്തയും യാഥാസ്ഥിതിക മുസൽമാന്മാരായിരുന്നു.'' [12] പക്ഷേ ഇതൊക്കെ പക്ഷപാതപരമായി സുൽത്താനെ രക്ഷിക്കുവാൻ പറയുന്നതാണെന്ന് വിശ്വസിക്കുന്നവരും ദുർല്ലഭമല്ല. ഡോക്ടർ കെ. എം.

9. Borni – Tarikh – i– Firozshai P 239
10 Ibid
11. Oxford History of India P 239
12. A History of Qurauriah Turks Chapter VIII

പണിക്കർ, ആർ. സത്യനാഥയ്യർ, പ്രൊഫസ്സർ നീലകണ്ഠ ശാസ്ത്രി, ശ്രീവാസ്തവ തുടങ്ങിയവർ ഇക്കൂട്ടത്തിൽപ്പെട്ട വരാണ്. ഇവരെല്ലാം സുൽത്താൻെറ ദുഷ്ടമനസ്ഥിതി യുടെ പ്രതിഫലനമായിട്ടാണ് ഈ പരിഷ്ക്കാരത്തെപററി പ്രതിപാദിച്ചിട്ടുള്ളത്.

എന്നാൽ ഡോക്ടർ ഈശ്വരിപ്രസാദും ആർ. സി. റോയിചൗദ്രിയും തലസ്ഥാനമാററത്തെ സുനിശ്ചിതമായ നല്ലപ്രവർത്തിയായി വ്യവഹരിക്കുമ്പോഴുംതന്നെ ജനങ്ങളോട് ഒഴിഞ്ഞോടിപ്പോകുവാൻ കല്പിച്ചതിനെ രൂക്ഷമായി വിമർശിക്കുന്നു. റോയിചൗദ്രി എഴുതുന്നത് നോക്കുക: 'അപരിചിതമായ ഒരു രാജ്യത്തേക്ക് നാടു കടത്തപ്പെട്ടവരെ പ്പോലെ തളർച്ചയും ക്ഷീണവും കൊണ്ട് ധാരാളം പേർ വഴിക്കുവച്ചുതന്നെ മരിച്ചു.......തൻെറ തെററ് കുറെ കഴി ഞ്ഞ് മനസ്സിലാക്കിയ സുൽത്താൻ തലസ്ഥാനം വീണ്ടും ഡൽഹിയിലേക്ക മാററുകയും ജനങ്ങളോട് തിരിച്ചുവരുവാൻ പറയുകയുംചെയ്തു. പക്ഷേ വളരെ ചുരുക്കം പേരെ മട ങ്ങി വരുവാൻ ജീവിച്ചുള്ളു ഡൽഹിയുടെ പഴയ പ്രാധാന്യ വും സമൃദ്ധിയും നഷ്ടപ്പെടുകയും ചെയ്തു' [13] 'ഈ തലസ് ഥാനമാററം അത്ര ദുർഘടം സൃഷ്ടിക്കുകയില്ലായിരുന്നു, സുൽത്താൻ ഔദ്യോഗികവൃന്ദത്തെ മാത്രമേ പോകുവാൻ പറ ഞ്ഞിരുന്നുള്ളുവെങ്കിൽ. എന്നാൽ ഭയങ്കരമായ ഒരു മണ്ടത്ത രം അദ്ദേഹം ചെയ്തത് ഡെൽഹിയിലെ സ്ത്രീപുരുഷഭേദ മെന്യേ സകലമാന ജനങ്ങളോടും ഒന്നടങ്കം ദൌലത്താ ബാദി ലേക്ക് സകല സാധനസാമഗ്രികളോടും കൂടി പോകുവാൻ കല്പിച്ചതിലാണ്'' [14] ഡോക്ടർ ഈശ്വരിപ്രസാദാണ് ഇത് കുറിക്കുന്നത്.

അങ്ങിനെ അനുകൂലികളും പ്രതികൂലികളുമായ മിക്ക വാറും എല്ലാ എഴുത്തുകാരുംതന്നെ ജനങ്ങളെ ഒന്നടങ്കം മാററി യതിൽ അധിക്ഷേപിക്കുന്നവരാണ്. ബത്തൂത്ത പറയുന്നു,

---

An advance History of India–P. 321
The History of Muslim Rule in India. P. 143

40 ദിവസത്തെ ദുർഘടമായ യാത്രക്കുശേഷമേ ഡൽഹിയിൽ നിന്നും 700 മൈൽ അകലെയുള്ള ദൌലത്താബാദിലേക്കു പോകുവാനൊക്കുമായിരുന്നുള്ളു. അത്രയും ദൂരേക്ക് ആളുകളെ പ്രായഭേദമോ ലിംഗഭേദമോ കൂടാതെ ദു:ശ്ശാഠ്യംമൂലം പറഞ്ഞയച്ച സുൽത്താൻ എത്രതന്നെ മററു കാര്യങ്ങളിൽ യോഗ്യനാണെങ്കിലും തലക്ക് നേരിയ തകരാറെങ്കിലും ബാധിച്ചിട്ടുള്ള ആളായിരുന്നിരിക്കണം! അതുമല്ല തൻെറ പദ്ധതി പരാജയമാണെന്ന് കണ്ടപ്പോൾ ബാക്കിയായവരോട് മടങ്ങിവരുവാൻ പറയുകയും ചെയ്യുക. അങ്ങിനെ പ്രയാസം ഉണ്ടാക്കിയ സുൽത്താൻെറ പരിഷ്കാരയജ്ഞം അപഹാസ്യവിധേയമാകേണ്ടതുതന്നെ! ഏകദേശം രണ്ടു നൂററാണ്ടുകൾക്കുശേഷം മറെറാരു പ്രസിദ്ധ ചരിത്രകാരനായ ഫരിഷ്ട രേഖപ്പെടുത്തിയിരിക്കുന്നത്. എ. ഡി. 1340-ൽ രണ്ടാം പ്രാവശ്യവും ഡൽഹിയിൽനിന്നും ദൌലത്താബാദിലേക്ക് തലസ്ഥാനം മാററിയെന്നാണ്. (ആദ്യത്തേത് 1327–ലാണ്) ചുരുക്കത്തിൽ ഭ്രാന്തനായ ഒരു ചക്രവർത്തിയുടെ തലതിരിഞ്ഞ പ്രവർത്തിയായി മാത്രമേ ഈ ജനങ്ങളെ മാററൽ ആർക്കും കാണുവാൻ പററുകയുള്ളു!

എന്നാൽ സത്യാവസ്ഥയെന്തായിരുന്നു? സുൽത്താൻ ഒരിക്കലും തലസ്ഥാനം മാററുവാൻ ചിന്തിക്കുകപോലും ചെയ്തിരുന്നില്ല. ജനങ്ങളെ അക്കാരണത്താൽതന്നെ മാറിപോകുവാൻ പറഞ്ഞിട്ടുമില്ല. പിന്നെ ഈ കഥക്കിത്രയും പ്രചാരം കിട്ടിയതെന്താണ്? അത് സത്യസന്ധമായി കാണാൻ ശ്രമിക്കുമ്പോഴാണ് നമ്മുടെ ചരിത്ര യാഥാർത്ഥ്യങ്ങളെ ഏതുവിധം വികലപ്പെടുത്തി വളച്ചൊടിച്ചാണ് പ്രതിപാദിച്ചിട്ടുള്ളതെന്ന സത്യം ബോധ്യമാകുക. സമകാലീന രേഖകൾ അവിശ്വസിക്കേണ്ടാത്തിടങ്ങളിൽ പോലും അവയെ സ്വന്തം ആശയത്തിന്നൊപ്പിച്ച് കൃത്രിമത്വം സൃഷ്ടിക്കുന്ന ആംഗ്ലേയ ചരിത്രകാരന്ന് തുഗ്ലക്ക് മുഹമ്മതിൻെറ കാര്യത്തിൽ അദ്ദേഹത്തിൻെറ ചരിത്രകാരൻമാർ തന്നെ ധാരാളം സൗകര്യമായ രേഖകൾ നല്കുകകൂടി ചെയ്തപ്പോൾ സംഗതികൾ അറുവഷളായതാണിവിടെ ദുരുദ്ദേശ്യപൂർണ്ണമായ

ഈ വിവരണങ്ങളുടെ വൈകല്യങ്ങരം മാററിപതിരും കതിരും തിരിച്ചെടുക്കുവാൻ ആരും അത്ര സാഹസപ്പെട്ടതുമില്ല. കാലാകാലമായി അങ്ങനെ ഈ ഭ്രാന്തൻ കഥകരം തുടർന്നുപോരികയും ചെയ്തു. ഇബിനു ബത്തൂത്ത ഇന്ത്യയിലേക്ക് കടക്കുന്നതുതന്നെ ഈ തലസ്ഥാനമാററത്തിൻെറ കഥകളൊക്കെ കഴിഞ്ഞു ഏഴുകൊല്ലം കഴിഞ്ഞിട്ടാണ്. കേട്ടുകേരംവിയുടെ അടിസ്ഥാനത്തിലും നാട്ടിൽ തിരിച്ചെത്തി തൻെറ ശ്രോതാക്കളുടെ വാസനക്കനുസൃതമായും സാഹസികനായ ഒരു സഞ്ചാരി അടിച്ചുവിട്ട കഥകളിൽ കവിഞ്ഞുള്ള പ്രധാന്യം അതിന്നു നല്കേണ്ടതില്ല. (വിശദമായി ഇക്കാര്യം ആദ്യത്തെ അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.) ബരാണിയും ഇസാമിയും എന്തുകൊണ്ടാണിങ്ങനെ എഴുതിയതെന്ന കാര്യവും ഞാൻ വിശദമാക്കിയിട്ടുള്ളതാണ്. ഇവർക്കൊക്കെ സുൽത്താൻ ഒരു പേടിസ്വപ്നമായിരുന്നു.

സുൽത്താൻ തലസ്ഥാനം മാററുകയോ ജനങ്ങളോട് പുതിയ സ്ഥലത്തേക്ക് പോകുവാനാജ്ഞാപിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ പറഞ്ഞു. അതിന്നുപോൽബലകമായി നമുക്ക് കിട്ടിയിട്ടുള്ള ആധികാരിക രേഖകരം പരിശോധിക്കാം. ബരാണിയും, ഇബിനു ബത്തൂത്തയും തന്നെ മററു കാര്യങ്ങരം പറയുന്ന കൂട്ടത്തിൽ തലസ്ഥാനം ഡൽഹി തന്നെയായിരുന്നുവെന്ന് പലയിടങ്ങളിലായി പ്രസ്താവിക്കുന്നുണ്ട്. ''ആദ്യം ലഹള നടത്തിയത് മുൽട്ടാണിൽ ബഹിറാ അബിയയായിരുന്നു. ഇത് സുൽത്താൻ ഡിയോഗറിൽ ആയിരിക്കുമ്പോഴാണ്. ഇത് കേട്ടമാത്രയിൽ അദ്ദേഹം തലസ്ഥാനത്തേക്കു മടങ്ങുകയും അവിടെനിന്നും ഒരു സൈന്യത്തെ ശേഖരിച്ചതിനുശേഷം മുൽട്ടാനിലേക്ക് മാർച്ച് ചെയ്യുകയും ചെയ്തു..............വിജയിയായി തിരിച്ചു വന്ന സുൽത്താൻ പിന്നെ രണ്ടുകൊല്ലം ഡൽഹിയിൽ തിരിച്ചു വന്ന സുൽത്താൻ പിന്നെ രണ്ടുകൊല്ലം ഡൽഹിയിൽ തന്നെ കഴിഞ്ഞു'' [15] മുൽട്ടാനിൽ വിപ്ലവം നടക്കുന്നത്

1 5. Barani–Tarikh–i Firozshai – P. 242

1327–ലാണ്. അക്കൊല്ലമാണ് തലസ്ഥാനം മാററിയ കഥയും പറയുന്നത്. ഞാൻ അടിവരയിട്ടിട്ടുള്ള വാചകം ഒരിക്കൽകൂടി വായിക്കുക. ബരാണിതന്നെ സമ്മതിക്കുന്നു ദേവഗിരിയിൽനിന്നും സുൽത്താൻ തലസ്ഥാനത്തേക്ക് കുതിച്ചുവെന്നും അവിടെനിന്നും ഒരു സൈന്യത്തെ ശേഖരിച്ചുവെന്നും, തലസ്ഥാനം ഡൽഹിയിൽനിന്നും മാററിയിരുന്നുവെങ്കിൽ തലസ്ഥാനത്തേക്ക് മടങ്ങിയെന്ന് പറയുകയില്ല. അതും തലസ്ഥാനം മാററിയെന്ന് പറയുന്ന അക്കൊല്ലം അധികദിവസം കഴിയുന്നതിന് മുമ്പ്തന്നെ ''ഒരു പട്ടിയും പൂച്ചയും കൂടി അവശേഷിക്കാത്ത മാതിരി എല്ലാം മരുഭൂമിയാക്കി ജനങ്ങളെ ഒഴിപ്പിച്ചു''വെന്ന് ബരാണിതന്നെ പറയുന്ന ഡൽഹിയിൽനിന്ന് സൈന്യം ശേഖരിക്കുവാനും ജയിച്ചശേഷം മടങ്ങി രണ്ടുകൊല്ലം അവിടെ കഴിച്ചുകൂട്ടുവാനും എങ്ങിനെ സാധിക്കും?

''സുൽത്താൻ കാനൂജിലായിരുന്നപ്പോഴാണ് മാബാറിൽ ലഹള നടക്കുന്നത്. അവിടെ അയച്ചിരുന്ന പ്രഭുക്കന്മാരെ കൊന്ന് അധികാരം പിടിച്ചുപററിയത് സെയ്യിത് ഹസ്സനായിരുന്നു. സുൽത്താൻ ഉടനെ ഡൽഹിയിലേക്ക് വന്നു. തന്റെ സൈന്യബലം വർദ്ധിപ്പിച്ച് ഡിയോഗറിലേക്ക് പുറപ്പെട്ടു. അവിടെനിന്നും മാബാറിലേക്ക് പോകുവാൻ വേണ്ടി.''[16] ''സുൽത്താൻ സന്നയിലേയും സമാനയിലേയും ലഹള അമർത്തിയശേഷം തടവുകാരായി പിടിച്ചവരെ ഡൽഹിയിലേക്ക് കൊണ്ടുവരികയും ചെയ്തു.''[17] സർഗ്ദ്വാരിയിൽനിന്നും മടങ്ങിവന്ന സുൽത്താൻ രണ്ടുമൂന്നു കൊല്ലം ഡൽഹിയിൽ തന്നെയായിരുന്നു. ഭരണകാര്യങ്ങളിൽ വ്യാപൃതനായികൊണ്ട്.''[18] ഈ പ്രസ്താവങ്ങളൊക്കെ ചെയ്യുന്നത് ''ഡൽഹിയെ നശിപ്പിച്ചെന്നും, ആ നാശത്തിന്റെ വ്യാപ്തി ഒരു പട്ടിയേയും പൂച്ചയേയുംപോ

16. Ibid – P. 243
17. Ibid – P. 245
18. Ibid – P. 250

ലും ഡൽഹിയിൽ കാണാത്തമാതിരിയും കാക്കകൾപോലും പറക്കാത്ത രീതിയിലുമായിരുന്നു''വെന്ന് വിവരിച്ച ബരാണിയുടെ തന്നെയാണ്. അപ്പോൾ മേലുദ്ധരിച്ചവയിൽ നിന്നുതന്നെ തലസ്ഥാനവും ജനങ്ങളും മാററപ്പെട്ടുവെന്ന ബരാണിയുടെ വിവരണത്തിനു വിപരീതമായിട്ടദ്ദേഹം തന്നെ എഴുതിയിരിക്കുന്നത് വ്യക്തമാണല്ലോ.

ബത്തൂത്തയുടെ പ്രസ്താവങ്ങൾ അത്ര ഗൗരവമായി ഗൗനിക്കേണ്ടതില്ലെന്നു ഞാൻ പറഞ്ഞു. ഒററക്കാര്യംകൊണ്ട ത് ബോധ്യമാകും. ബത്തൂത്ത എഴുതി, എല്ലാവരോടും മാറിപ്പോകാൻ പറഞ്ഞെന്നും മൂന്നുദിവസം തിരച്ചിൽ നട ത്തിയതിൽ ഒരു വാതരോഗിയും ഒരന്ധനും അവശേഷി ച്ചിട്ടുള്ളുവെന്നും അവരിൽ ആദ്യത്തെയാളെ കൊല്ലുകയും രണ്ടാമനെ കുതിരക്കാലിൽ കെട്ടി പുതിയ തലസ്ഥാനത്തേ യ്ക്ക് വലിച്ചിഴക്കുകയും ചെയ്തെന്നും മററും. അങ്ങി നെ ജനങ്ങളൊഴിഞ്ഞ് മരുഭൂവാക്കപ്പെട്ട ഡൽഹിയെ നോക്കി ''എൻെറ ഹൃദയം സന്തുഷ്ടമായി'' എന്ന് സുൽത്താൻ ആഹ്ളാദം കൊണ്ടുവത്രേ. സുൽത്താൻ ഡൽഹിയിൽ ഉണ്ടാ യിയെന്നു പറയുമ്പോൾ അദ്ദേഹത്തിൻെറ വലിയ സേനയും രാജകുടുംബാംഗങ്ങളും അവരുടെ ഒരു വലിയ സന്നാഹവും ഡൽഹിയിൽ ഉണ്ടായിരുന്നിരിക്കണം. അപ്പോൾ ഡൽഹി വിജനമാകുന്നതെങ്ങിനെ? ''ഡൽഹിയിലെ എല്ലാ കൊട്ടാര ങ്ങളും സുൽത്താൻെറ ആവശ്യത്തിനുവേണ്ടിയാണുപയോ ഗിക്കുന്നത്. അദ്ദേഹത്തിൻെറ ഭൃത്യന്മാരും ഹാരത്തിലെ സ്ത്രീകളും മറെറല്ലാവരും അവയിൽ താമസിക്കുന്നു........... സുൽത്താന് 3000 ആനകളും 20000 ടർക്കികവചിതസൈ നികരും എപ്പോഴും തയ്യാറായി കൂടെ ഉണ്ടായിരിക്കും........ സുൽത്താൻ ദിവസം രണ്ടുനേരം ജനങ്ങളെ അഭിമുഖീകരി ക്കുന്നു. കാലത്തും വൈകിട്ടും. പ്രഭുക്കന്മാരുൾപ്പെടെ 20000 പേരെങ്കിലും ഇതിൽ സംബന്ധിക്കാറുണ്ട് ''....[19] ദൃക്സാക്ഷിയായ ഉമറിയുടെ പ്രസ്താവവും മനസ്സിൽ

19 Alumer–Masalik.

കാണുക. പിന്നെ ജനങ്ങൾ തന്നെ ആക്ഷേപിച്ചു കത്തയച്ച തിന്ന് പ്രതികാരം നടത്തിയതാണ് സുൽത്താനെന്നും അത് നടത്തുവാനൊത്തതിൽ ആത്മസംതൃപ്തികൊണ്ടെന്നും പറയുന്ന ബത്തൂത്ത തന്നെ എഴുതുന്നു: ''മാബാറിൽ ലഹളയൊതുക്കുന്നതിൽ വ്യാപൃതനായിരുന്ന സുൽത്താൻ തന്റെ തലസ്ഥാനമായ ഡൽഹിയിൽ ഇല്ലാതിരുന്നപ്പോൾ രൂക്ഷവും നാശകരവുമായ ക്ഷാമം ഡൽഹിയെ ഗ്രസിച്ചു. അസഹനീയമായി ഇത് വളർന്നതു കണ്ട സുൽത്താൻ 6 മാസത്തെ ഭക്ഷണസാധനങ്ങൾ ഡൽഹിയിലെ എല്ലാ ആളുകൾക്കും കൊടുക്കുവാനേർപ്പാടു ചെയ്തു ''[20] ഇതിൽനിന്നും രണ്ടുസംഗതികൾ ചൂണ്ടിക്കാട്ടാം. 1) ''തലസ്ഥാനമായ ഡൽഹിയിൽ സുൽത്താനില്ലാതിരുന്നപ്പോൾ'' എന്ന കാര്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് ഡൽഹി സ്ഥാനമായിരുന്നുവെന്നുതന്നെയാണ്. 2) ഡൽഹിയിലെ ജനങ്ങളെ നശിപ്പിക്കണമെന്ന് കരുതിയ സുൽത്താന് പ്രകൃതിതന്നെ നൽകിയ അനുഗ്രഹായുധമായിരിക്കണം കടുത്ത ഈ ക്ഷാമം. പക്ഷേ അദ്ദേഹത്തിന്റെ ഈ പ്രവൃത്തി ജനങ്ങളോടുള്ള രോഷത്തെയായിരുന്നില്ല പ്രജാതൽപ്പരതയെയാണ് കാണിക്കുന്നത്. ബത്തൂത്തയുടെ പ്രസ്താവത്തെ അദ്ദേഹത്തിനുതന്നെ എതിർപ്രഖ്യാപനംമൂലം തളർത്തേണ്ടതായി വന്നുകൂടുന്നു.

പ്രത്യേക സ്വാർത്ഥമോഹവും നിക്ഷിപ്തതാല്പര്യങ്ങളുമില്ലാതിരുന്ന സമകാലീനരെയാണ് ഇക്കാര്യത്തിൽ വിശ്വസിക്കേണ്ടത്. അവരിൽ പ്രധാനികളത്രേ അൽഉമറിയും ബദർചാച്ചയും. അൽഉമറിയുടെ 'മസ്സാലിക്ക്'' വായിക്കാത്തവർ ഒരിക്കലും സുൽത്താനെക്കുറിച്ച് അറിഞ്ഞുവെന്ന് ഭാവിക്കുവാൻകൂടി അർഹരല്ലെന്ന് ഞാൻ പറയും.' കാരണം അൽഉമറി സുൽത്താന്റെ സേവനവും പ്രതീക്ഷിച്ചുവന്നയാളല്ല. സുൽത്താനോട് ഒരു തരത്തിലും കൂറ് തൻമൂലം ഉണ്ടാകേണ്ടതുമില്ല. ദോഷൈകദൃക്കാകേണ്ട കാര്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. കണ്ട കാര്യങ്ങൾ സത്യ

20 Kitab–u–Rehla P. 619

സനംധമായി എഴുതിയ അൽഉമറി വെറും പൊങ്ങച്ചക്കാരനുമല്ല. അൽബൈരൂണിയെപ്പോലെ വിജ്ഞനും കാലോപാസകനുമായിരുന്നു. അദ്ദേഹം പറയുന്നത് കേൾക്കുക. ''ഇൻഡ്യയുടെ തലസ്ഥാനം ഡൽഹി നഗരമാണ്. ഇതു കഴിഞ്ഞാൽ പിന്നെ ദേവഗിർ എന്നതും. ഈ നഗരം ഇപ്പോഴത്തെ സുൽത്താൻ സ്ഥാപിച്ചതാണ്. അദ്ദേഹമതിന് 'കുത്തുബത്തുൽഇസ്ലാം' അഥവാ 'ഇസ്ലാമിൻെറ മുഖ്യ കേന്ദ്രം' എന്നാണ് പേരിട്ടത് ഞാൻ ആറു കൊല്ലങ്ങൾക്കുമുമ്പ് ആ സ്ഥലത്തുനിന്നു പോരുമ്പോൾ കെട്ടിടങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടായിരുന്നില്ല. സുൽത്താൻ ഈ സ്ഥലം ഓരോ വിഭാഗം ജോലിക്കാർക്കും വേറെ വേറെ സ്ഥലങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിഭാഗത്തിലും ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കിയിട്ടുമുണ്ട്. പള്ളികൾ, ചന്തസ്ഥലങ്ങൾ, കിണറുകൾ, അടുപ്പുകൾ മുതലായവയും കൊല്ലൻമാർ തുടങ്ങി ഏതുതരം ജോലിക്കാരേയും അവിടെ താമസിപ്പിച്ചിരുന്നു. തൻമൂലം അവിടെയുള്ളവർക്ക് ക്രയവിക്രയങ്ങൾക്കോ മററെന്തെങ്കിലുമാവശ്യത്തിനോ പുറമെ പോകേണ്ടതായി വന്നിരുന്നില്ല. ഓരോ വിഭജിതവിഭാഗവും ഓരോ പട്ടണമായി രൂപം കൊള്ളുകയാണ്, എല്ലാ സൌകര്യങ്ങളോടുംകൂടി' [21]

'അനവധി പട്ടണങ്ങൾ ഒന്നിച്ചുചേർന്ന ഒരു വലിയ നഗരമാണ് ഡൽഹി. ഓരോ പട്ടണത്തിൻേറയും പേര് ഡൽഹിയെന്നുതന്നെ. അത് വിസ്തൃതവും ദീർഘവുമാണ്. ചുരുങ്ങിയത് 40 ചതുരശ്ര നാഴിക വിസ്തീർണ്ണം ഇതിന്നുണ്ട്....ഡൽഹിയിൽ ഏകദേശം ആയിരത്തോളം കോളേജുകളുണ്ട്. ഷാഫികളുടെ വക ഒരെണ്ണവും മററെല്ലാം ഹനഫികളുടേതുമാണ്. ഡൽഹിയിൽ ഒട്ടാകെ 70 ആസ്പത്രികളുണ്ട്. അവയുടെ നാമധേയം 'ദാറുൽ ഷിഫാ' (സുഖപ്പെടുത്തുന്ന സ്ഥലം) എന്നാണ്'' [22]

---

21. Masalik–translated by ottospice, abdul rasheed and Moinul Haq– M. U. Historical Journal
22. Ibid

മററൊരു പ്രധാന കാര്യവുംകൂടി അൽഉമറി പ്രഖ്യാപിക്കുന്നത് ശ്രദ്ധേയമാണ്. 'രാജ്യത്തിലെ രണ്ടു പ്രധാന നഗരങ്ങളായ ഡൽഹിയും ഡിയോഗീറിനുമിടക്ക് അടുത്തടുത്ത് സ്ഥലങ്ങളിലായി തമ്പോറടിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. എന്തെങ്കിലും ഒരു സംഭവം നടന്നാൽ ഉടനെ തമ്പോറടിക്കുന്നു. ഒരു സ്ഥലത്തുനിന്നും അതിന്റെ ശബ്ദം കേട്ടാൽ ഓരോ പോസ്ററിൽനിന്നും തുർടന്ന് ശബ്ദമുണ്ടാക്കുന്നു. തൻമൂലം ഈ രണ്ടു തലസ്ഥാനത്തിനുമിടക്ക് എന്തു സംഭവിച്ചാലും സുൽത്താന് നിഷ്പ്രയാസം താമസം കൂടാതെ അറിവ് ലഭിക്കുകയും ചെയ്തിരുന്നു. ഈ നഗരങ്ങളിലെ ഗെയിററുകൾ എപ്പോൾ തുറക്കുന്നു, എപ്പോൾ അടക്കുന്നുവെന്നതുകൂടി ഇതുകാരണമറിയാൻ സുൽത്താനൊക്കുമായിരുന്നു.' [23]

തലസ്ഥാനം ഡൽഹിയിൽനിന്നും മാററിയിരുന്നുവെങ്കിൽ അൽഉമറി അതു രേഖപ്പെടുത്തുമായിരുന്നു. ജനങ്ങളോട് മാറാനാവശ്യപ്പെട്ടിരുന്നുവെങ്കിലും തീർച്ചയായും ഡൽഹിയെ ബാധിച്ച ഏററവും ഭീകരമായ അക്കാര്യം ഒരാൾക്കും മറച്ചുവെക്കുവാനൊക്കുമായിരുന്നില്ല. അൽഉമറി രണ്ടു തലസ്ഥാനങ്ങളുടെ കാര്യം കുറിക്കുന്നത് പ്രത്യേകം ഓർമ്മയിൽവെച്ചിട്ടുവേണം തുടർന്നുള്ള കാര്യങ്ങളിലേക്ക് കടക്കുവാൻ യാഹിയാ സർഹിൺഡി തുഗ്ലക്കിന്റെ കാലത്ത് ഡൽഹിയിലുണ്ടായിരുന്ന ഖറാസാനിലെ കച്ചവടക്കാരുടെ അഭിവൃദ്ധിയെപ്പററി പറയുന്നിടവും നമുക്ക് പ്രയോജനകരമാണ്. 'ഈ പ്രബുദ്ധമായ നഗരി (ഡൽഹി) യിലുള്ള മിക്കവാറും വലിയ കെട്ടിടങ്ങളൊക്കെയും അവരുടെ വകയാണ്. അടിമകൾ, സ്വർണ്ണം, വെള്ളി, കടലാസ്സ്, പുസ്തകങ്ങൾ തുടങ്ങി സർവ്വത്ര സാധനങ്ങളും അവർ വാങ്ങി ഖറസാനിലേക്കു അയച്ച് വ്യാപാരം നടത്തുന്നു' [24] തലസ്ഥാനമാററം നടന്നെന്ന പറയുന്ന കാലത്തെക്കുറിച്ചുതന്നെ

23. Ibid
24. Tarikh-i-Mubarakshai-P.110

യാണ് മററൊരു സമകാലീന ചരിത്രകാരൻ ഈ വിവരണം രേഖപ്പെടുത്തിയിട്ടുള്ളത്.

ചുരുക്കത്തിൽ ഉണ്ടായ സംഭവം സുൽത്താൻ ഒരു രണ്ടാം തലസ്ഥാനം, ദേവഗിരിയിൽ സ്ഥാപിച്ചുവെന്നത് മാത്രമാണ്, ഏററവും ബുദ്ധികൂർമ്മതയിൽനിന്നുമുണ്ടായ സദ് ഫലമായിരുന്നു ഈ പദ്ധതി. രാജ്യത്തിൻെറ സുരക്ഷിതത്വവും ഭരണനിർവ്വഹണത്തിൻെറ അനായാസതയുമായിരുന്നു പ്രധാനലക്ഷ്യം. പുറമേ തെക്കൻ ദിക്കുകളിൽ ഇസ്ലാമികസാംസ്കാരികത്തിൻെറ അഭിനിവേശവും സുൽത്താൻ കണക്കാക്കിയിരിക്കും. മററാരാരംക്കും അതിനു മുമ്പുംപിമ്പും തോന്നിയിട്ടില്ലാതിരുന്ന മഹനീയമായ ഈ പ്രവർത്തിയേയാണ് ഭ്രാന്തൻനയമായാരോപിച്ച് ക്രാന്തദർശിയായ സുൽത്താനെ കിറുക്കനാക്കി ചിത്രീകരിച്ചിട്ടുള്ളത്. ആസൂത്രിതവും സുചിന്തിതവും ആയ ഒരു പദ്ധിയായിരുന്നു ഇതെന്നകാര്യം അവിതർക്കിതമാണ്. അതുകൊണ്ടുള്ള ഫലം സുൽത്താനുദ്ദേശിച്ചിരുന്നതുപോലെ തന്നെ വിജയവുമായിരുന്നുവെന്ന് നമുക്കു കാണാം.

അതിനു മുമ്പ് രണ്ടാമത്തെ ആരോപണമായ ജനങ്ങളെ മാററിയ കഥ പ്രചരിപ്പിച്ചതു് എങ്ങിനെയാണെന്നുകൂടി പരതി നോക്കേണ്ടതുണ്ട്. ബത്തൂത്ത പറയുന്നതുപോലെ പെട്ടെന്നൊരു ദിവസം സുൽത്താൻ ജനങ്ങളോട് കോപിച്ച് തലസ്ഥാനം മാററിയതല്ല. ബത്തൂത്ത തന്നെ ദേവഗിരിയിൽ സുൽത്താൻ പണികഴിപ്പിച്ച കെട്ടിടങ്ങളുടേയും, പള്ളികളുടേയും, വ്യാപാരകേന്ദ്രങ്ങളുടേയും അവിടേക്കുള്ള വഴികളുടേയും കാര്യം തുടർന്നു വിവരിക്കുന്നതിൽനിന്നും ആലോചനാപൂർവ്വം മുൻകരുതലോടുകൂടി ചെയ്ത പ്രവർത്തിയായിരുന്നു ഇതെന്ന് വ്യക്തമാകും. ഷാജഹാൻെറ ചരിത്രകാരനായ അബ്ദുരഹ്മീദ് ലാഹോറിയും 17-ാം നൂററാണ്ടിലെ സകല സഞ്ചാരികളും ഡിയോഗീറിൻെറ പ്രത്യേകതകളും സമൃദ്ധിയും ചൂണ്ടികാട്ടുന്നുണ്ട്. അൽ ഉമറിയുടെ വിവരണം നാം നേരത്തെ പ്രസ്താവിച്ചതാണ്.

ബരാണിയും ഇസാമിയും സുൽത്താൻ ചെയ്തിരുന്ന സജ്ജീകരണങ്ങളും സൗകര്യങ്ങളും വിവരിക്കുവാൻ വിട്ടു പോയിട്ടില്ല, സുചിന്തിതമായ ഒരു നൂതനാശയം രൂപം കൊണ്ടതായിരുന്ന ദൗലത്താബാദ്. ഒരു രണ്ടാം തലസ്ഥാനം സൃഷ്ടിച്ചപ്പോൾ സുൽത്താൻ തൻെറ വിശ്വസ്തരായ സേനാധിപന്മാരിൽ ചിലരോടും, ഉദ്യോഗസ്ഥന്മാരിൽ പററിയവരോടും പണ്ഡിതന്മാർ തുടങ്ങിയ ചുരുക്കം ചിലരോടും ഡൽഹിയിൽനിന്നും ദൌലത്താബാദിലേക്ക് പോകുവാൻ കല്പിച്ചു. അക്കാലത്ത് ജനങ്ങൾക്ക് ഇത് പുത്തരിയായിരുന്നു. ഒരിക്കലും ഒരു സ്ഥലത്തുനിന്ന് മററൊരിടത്തേക്ക് പോകുക അചിന്തിതമായിരുന്നു, അന്നു ള്ളവർക്കൊക്കെ തന്നെ പോകാൻ കല്പന കൊടുത്തവരിൽ ചരിത്രകാരനായ ഇസാമിയും കവിയും കലാകാരനുമായ ബദർ ചാച്ചയും ഉൾപ്പെട്ടിരുന്നു. ഇസാമിയുടെ മുത്തച്ഛൻ പ്രായാധിക്യം കൊണ്ടാണെങ്കിലും വഴിക്കുവെച്ചു മരിച്ചു. നൂററാണ്ടുകൾ തന്നെ ഡൽഹിയും പരിസരവുമായി കഴി ഞ്ഞിരുന്ന അവർക്കൊക്കെ സുൽത്താൻെറ പ്രവർത്തി അധി കഠിനവും കൊടുംക്രൂരവുമായി അനുഭവപ്പെട്ടു. എന്നാൽ പോകാൻ പറഞ്ഞവർക്കൊക്കെ സമൃദ്ധിയായി പണവും വാഹന സൌകര്യങ്ങളും എല്ലാം നിർല്ലോഭം കൊടുത്തിരുന്ന വെന്ന് ബരാണിയും ഇസാമിയും ഒക്കെ എഴുതിയിട്ടുണ്ട്. അതിലൊന്നിലുമല്ല സങ്കടം. പരമ്പരാഗതമായി കഴിഞ്ഞി രുന്ന ഡൽഹിയിൽനിന്നും സ്വർഗ്ഗത്തിലേക്കാണെങ്കിലും പോകുവാനൊരുക്കമില്ലാതിരുന്നവരെ പറഞ്ഞയച്ചതിലാണ് പരാതി. ശിപായിലഹളയ്ക്കുള്ള ഒരു കാരണം പട്ടാളക്കാ രെ മററു പ്രവിശ്യകളിലെ സേവനങ്ങൾക്കു വിളിച്ചതായി രുന്നുവെന്നുകൂടി ഓർക്കുക. അതിന് 500 കൊല്ലം മുമ്പാണ് സുൽത്താൻ തൻെറ ഉദ്യോഗസ്ഥന്മാരോട് 1120 കി. മീ. അകലെ മാറിപ്പോകുവാൻ പറഞ്ഞത്. ഇന്നും ഒരു സം സ്ഥാനത്തിലുള്ള ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററുന്ന തിൽ അവർക്കുള്ള പ്രയാസവും എതിർപ്പും നമുക്കറിയാ വുന്നതാണല്ലോ. അപ്പോൾ അപരിചിതവും ബരാണി വി

ശേഖപ്പിപ്പിക്കുന്നതു പോലെ ''അവിശ്വാസികളുടെ നാടു'' ആയ ദൌലത്താബാദിലേക്ക് അക്കാലത്ത് പോകേണ്ടതായി വന്ന ജനങ്ങളുടെ അങ്കലാപ്പും എതിർപ്പും അനുക്തസിദ്ധ മാണല്ലോ. അത്തരക്കാർ പറഞ്ഞു പരത്താവുന്ന കഥകളും ഊഹിക്കാവുന്നതേയുള്ളു.

എന്നിട്ടും ജനങ്ങളെ മുഴക്കെ മാററി എന്ന കഥ വിസ്തരി ക്കപ്പെട്ടിട്ടില്ല. സുൽത്താൻെറ വിശ്വസ്തരായ ആശ്രിതരോട് ദൌലത്താബാദിലെ ഭരണമേറെറടുക്കുവാനാവശ്യപ്പെടുക മാത്രമാണ് ചെയ്തതെന്ന് നാം പറഞ്ഞു. പക്ഷേ മറെറാരു പ്രധാനകാര്യം ഓർക്കേണ്ടതുണ്ട്. മദ്ധ്യകാല ഘട്ടത്തിൽ ഒരു പ്രഭുവിൻെറ കുടുംബം എന്നു പറഞ്ഞാൽ ഒട്ടനവധി ആളുകരം ഉരംക്കൊള്ളുന്ന ഒന്നായിരുന്നു അത്. ''ഒരു ഖാൻ 10000 കുതിരകളുടെ സൂക്ഷിപ്പുകാരനാണ് മാലിക്കാകട്ടെ 1000 കുതിരപ്പടയുടെ നേതാവും. അമീറി ൻെറ കീഴിൽ 100 അശ്വാരൂഢരായ ഭടന്മാരുമുണ്ട്.''[25] പട്ടാളത്തിനു പുറമേ വേലക്കാരും ഷണ്ഡന്മാരും ആശ്രി തന്മാരുമുണ്ടായിരുന്നു. അക്കാലത്ത് ഒരു പ്രഭുവിൻെറ പദവി നിശ്ചയിച്ചിരുന്നത് തൻെറ ഹാരത്തിൽ (സ്ത്രീകരം ക്കുവേണ്ടിയുള്ള അരമന) എത്രയധികം സ്ത്രീകളുണ്ടോ അത നുസരിച്ചായിരുന്നു. രണ്ടു പ്രഭുക്കന്മാർ തമ്മിൽ കണ്ടു മുട്ടുമ്പോരം അവർ ചോദിച്ചിരുന്നത് നിങ്ങളുടെ ഹാര ത്തിൽ എത്ര സ്ത്രീകളുണ്ട് എന്നാണ്. വർദ്ധിച്ച എണ്ണം അദ്ദേഹത്തിൻെറ ധനശേഷിയുടേയും പ്രൗഢിയുടേയും പ്രഖ്യാപി തലക്ഷണമായി കരുതിയിരുന്നു. താങ്കരംക്ക് എത്ര ഏക്ര സ്ഥ ലമുണ്ട് എന്നു ചോദിച്ച് ഒരാളുടെ ധനശേഷി വിലയിരുത്തുന്ന ഇന്നത്തെ രീതിപോലെതന്നെ. അപ്പോരം ഒരു ഖാനോ, മാലി ക്കോ, അമീറോ ഒരു സ്ഥലത്തുനിന്നും മറെറാരിടത്തേക്കു പോകുന്നുവെന്നു പറഞ്ഞാൽ ഒരു പററം ജനങ്ങരം പോകു കയെന്നാണർത്ഥം. ഇവിടെ ദിയോഗറിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥൻമാരേയും പണ്ഡിതൻമാരേയും പറഞ്ഞയച്ച

25. Masalick op. cit

സുൽത്താൻ പ്രത്യേകമായൊന്നും ചെയ്തില്ല. അക്കാലഘട്ടത്തിന്റെ സ്വഭാവമനുസരിച്ച് പോയ ആളുകൾ അവരുടെ ആശ്രിതരേയും മററു സന്നാഹങ്ങളേയും കൊണ്ടുപോയി എന്നുമാത്രം അപ്പോൾ ഒരു ജനപ്രവാഹം അതുമൂലമുണ്ടായിക്കാണും. അനസ്യൂതം ഇടതൂർന്നുവന്ന ഈ ജനപ്രളയം കണ്ട് ഡൽഹിയുടെ പ്രാന്തപ്രദേശങ്ങളിലെ ജനങ്ങൾ അത്ഭുതസ്തബ്ധരായിരുന്നിരിക്കണം. അവരുടെ അന്വേഷണത്തിൽ സുൽത്താന്റെ ആജ്ഞാനുസരമണമാണ് ഈ വിലാപയാത്രയെന്ന് അവരൊക്കെ പറഞ്ഞുകാണും. ഇതൊരു ശിക്ഷയായി കണക്കാക്കിയിരുന്ന അവരത്രയും ശിക്ഷക്ക് വിധേയമായത് തങ്ങൾ മാത്രമല്ലെന്ന് സ്ഥാപിക്കവാൻ വേണ്ടിസകല ജനങ്ങളോടും പോകുവാൻ കല്പിച്ചിട്ടുണ്ടെന്നും മററും പറഞ്ഞുകാണും, പ്രതികാരത്തോടും സങ്കടത്തോടും കൂടി പല കള്ളകഥകളും ഓരോരുത്തരുടെ ഭാവനക്കൊപ്പിച്ച് പ്രചരിപ്പിച്ചുമിരിയ്ക്കും, താൽക്കാലികമായ സങ്കടവും വികാരവൈവശ്യവും കൊണ്ട്. വളരെ കഴിഞ്ഞ് ഇവിടെവന്ന ബത്തൂത്തക്ക് അങ്ങിനെയാണ് ഈ കഥകൾ ലഭിക്കുന്നത്. അല്ലാതെ തലസ്ഥാനം മാററുകയോ ജനങ്ങളോടു മുഴുക്കെ പോകുവാൻ പറയുകയോ ചെയ്തില്ല. ഒരു കിറുക്കൻനയവും ആയിരുന്നില്ല ഇത്. പുതിയ ഒരു തലസ്ഥാനം തെക്കനതിർത്തിയിൽ സ്ഥാപിച്ച സുൽത്താൻ രാജ്യരക്ഷോപരമായ ഭരണനൈപുണ്യമാണ് പ്രദർശിപ്പിച്ചത്. തന്റെ ഉദ്യോഗസ്ഥൻമാരോടുതന്നെ വേണമല്ലോ അവിടത്തെ ഭരണ നിർവ്വഹണം ചെയ്യുവാനാവശ്യപ്പെടുക. ഇതു രണ്ടുമേ തുഗ്ളക്ക് മുഹമ്മതും ചെയ്തുള്ളു. സ്ഥലംമാറി പോകുന്ന ഒരു ഉദ്യോഗസ്ഥന് ഇക്കാലത്തുപോലും ഉണ്ടാകുന്ന അസൗകര്യം കണക്കിലെടുക്കുമ്പോൾ അക്കാലത്ത് വളരെ പ്രയാസം കുറേപ്പേർ സഹിച്ചിരിക്കും. അത്തരക്കാർ ഇതിനേക്കാൾ ഭയങ്കരമായ കഥകളും പ്രചരിപ്പിക്കും. പക്ഷേ ഇന്ന് നമുക്കിത്തരം പരിഷ്ക്കാരങ്ങളെ മണ്ടത്തരമാണെന്നോ, തന്റെ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാററിയത് ക്രൂരതകൊണ്ടാണെന്നോ പറയാനൊക്കാത്തപ്പോൾ വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാവുന്നതേയുള്ളു.

ആദർശശാലിയായ മുഹമ്മതിൻെറ ഈ പദ്ധതി പ്രാവർത്തികമായപ്പോഠം ഡിയോഗീർ ഇൻഡ്യയിലെ പ്രധാന നഗരങ്ങളിൽ രണ്ടാമത്തേതായി വളർന്നു. സുൽത്താൻതന്നെ എത്ര അഭിമാനത്തോടുകൂടിയാണ് തൻെറ സൃഷ്ടിയായ ഈ നഗരത്തെക്കുറിച്ച് പറയുന്നതെന്ന കേഠക്കുക. ബദർചാച്ചയാണിത് രേഖപ്പെടുത്തിയിട്ടുള്ളത്. 'ഹിജറാ 745 ഷഹബാൻ ഒന്നാം തീയതി സുൽത്താനിൽനിന്നും എനിക്കിങ്ങനെ ഒരു കല്പന കിട്ടി 'അല്ലയോ ബദർ, കവിയായ ജമീൽമാലിക്കും അടിമയായ നെക്രോണും ഒന്നിച്ച് റസ്ററത്തിൻെറ പ്രൗഢിയോകൂടി പോകാനൊരുങ്ങുക. രണ്ടു ലോകത്തിൻേറയും സംരക്ഷകൻ നിങ്ങളെ തുണയ്ക്കട്ടെ. സർവ്വചരാചരങ്ങളുടേയും അധിപൻ നിങ്ങളിൽ കനിയുകയും ചെയ്യട്ടെ ദിയോഗീറിലേയ്ക്കല്ല, ഞാനതിനെ ദൗലത്താബാദ് എന്നു വിളിക്കുന്നു. അംബരചുംബികളാണ് അതിൻെറ കോട്ടയും കെട്ടിടങ്ങളും അത് എൻെറ രാജ്യത്തിലെ ഒരുബിന്ദുമാത്രമാണെങ്കിലും ആയിരം ജാംഷഡിനേക്കാഠം കമനീയമാണ്. അവിടത്തെ ഗവർണ്ണറായ കുത്ലക്ഖാൻെറ അടുക്കൽ ചെല്ലുകയും ഈ വിജ്ഞാപനം നൽകി ആതിഥ്യവും സമൃദ്ധിയും സ്വീകരിക്കുക ചെയ്യുക ......'' [26] സുൽത്താൻെറ ഈ കത്തിൽ കാണിക്കുന്ന സൗഹൃദവും വിനയവും സ്നേഹവുമെല്ലാം ബത്തൂത്തയുടേയും ബരാണിയുടേയും പക്ഷപാതപരമായ പ്രസ്താവങ്ങളെ കടപുഴക്കി എറിയുവാൻ പര്യാപ്തമാണ്. 'നൈമഷികമായ വികാരാവേശം കയറി കലികൊണ്ട സുൽത്താനെയല്ല നാമിതിൽ കാണുന്നത്. ഉന്നതനായ ഒരു ഭരണപടുവിനെയത്രേ. ബരാണിയുടേയും നിസാമിയുടേയും ആക്ഷേപം ''അവിശ്വസികളാൽ ആവൃതമായ അമുസ്ലീംകളുടെ നാട്ടിൽ പലർക്കും അന്ത്യവിശ്രമം ചെയ്യേണ്ടതായിവന്നതിലാണ്.'' ഇതുകൊണ്ടുതന്നെ വ്യക്തമാക്കാനൊക്കും കുറെ മുസ്ലീം പ്രഭുക്കന്മാരോട് മാത്രമേ ഡൽഹിയിൽ നിന്നും പോകാൻ പറഞ്ഞിരുന്നു

26. Kasaid of Badr bhach– Elliot and Dowson Vol III, P.570

ള്ളുവെന്ന്. ഡൽഹിയിലെ ജനങ്ങളോട് മുഴുക്കെ പോകുവാനാജ്ഞാപിച്ചിരുന്നെങ്കിൽ ഒററയൊററയായി ഇത്തരം കത്തുകഠം സുൽത്താനയക്കുമായിരുന്നോ?

നമ്മുടെ ഈ ചരിത്രകാരന്മാർ 'ജനങ്ങഠം' എന്നുദ്ദേശിച്ചിരുന്നത്. സമൂഹത്തിലെ മേലേത്തലപ്പത്തിരുന്നിരുന്ന ചുരുക്കം പ്രമാണിമാരെ മാത്രമായിരുന്നു. അവരുടെ ദൃഷ്ടിയിൽ 95 ശതമാനം സാധാരണക്കാരും മനുഷ്യാവകാശങ്ങളോ ഭരണകാര്യങ്ങളിൽ പങ്കാളിത്തമോ ഇല്ലാത്ത വെറും അടിമകളോ ആശ്രിതരോ ഒക്കെയാണ്. ജനങ്ങഠം എന്നതുകൊണ്ടവർ കണക്കാക്കിയിരുന്നത് സമൂഹത്തിലെ പ്രധാനികളും ഭരണകാര്യങ്ങളിൽ കുറേയൊക്കെ കൂട്ടാളികളുമായ പ്രഭുക്കന്മാരെ മാത്രമായിരുന്നു. അവരിൽ ചിലരോടു പോകാൻ പറഞ്ഞതുകൊണ്ടാണ് ജനങ്ങളോട് മുഴുക്കെ പോകാൻപറഞ്ഞെന്നു വന്നുകൂടിയതും. ബരാണി തലസ്ഥാനമാററക്കാര്യം പറയുന്നിടത്ത് ഇത് അറിയാതെ എഴുതിപോയിട്ടുണ്ട് ''ദൌലത്താബാദെന്ന് നാമകരണവും ചെയ്തു, ഡൽഹിയിൽനിന്നും അവിടേക്ക് തലസ്ഥാനം മാററുകവഴി ഡൽഹി നശിക്കുകയും അവിടത്തെ പ്രധാനികഠംക്ക് പ്രയാസം നേരിടുകയും ചെയ്തു'' എന്നാണ്. ഊന്നൽകൊടുത്ത ഭാഗം ശ്രദ്ധിച്ചാൽ ബരാണി അറിയാതെ തന്നെ നാം എത്തിച്ചേരുന്ന നിഗമനത്തിന്നുപോൽബലകമായാണ് പ്രസ്താവിച്ചിരിക്കുന്നത് എന്ന് ബോദ്ധ്യമാകും.

സുൽത്താൻെറ ഈ തലസ്ഥാനനിർമ്മാണം വെറും പരീക്ഷണമോ, റോയ്ചൗദ്രിയും ഫരിഷ്ടയുമൊക്കെ പറയുന്നതുപോലെ വെറും പരാജയമോ ആയിരുന്നില്ല. അത് ഫലവത്തായപ്പോഠം സുൽത്താനുദ്ദേശിച്ചിരുന്ന കാര്യങ്ങഠം സമ്പൂർണ്ണവിജയംകണ്ടു. ''മാബാറിൽ ലഹളയുണ്ടായ സന്ദർഭത്തിൽ'' ഡിയോഗീറിൽചെന്ന് വിശ്രമമെടുത്തശേഷമാണ് അവിടേക്ക് പുറപ്പെട്ടത്.'' [27] ഡൽ

27 Barani – of cit

ഹിയിൽനിന്നും ഒററയടിക്ക് സൈന്യത്തെ നയിച്ച് കഷ്ടി ണിക്കേണ്ട അവസ്ഥ ഡിയോഗിർ രണ്ടാം തലസ്ഥാനമാക്കിയതുകൊണ്ടുണ്ടായില്ല. ഭരണനിർവ്വഹണം സുഗമമാക്കുവാനും കാര്യശേഷിയോടുകൂടി സംഗതികൾ നടത്തുവാനും ഒത്തു. "സുൽത്താൻ മുഹമ്മതിൻെറ ഡെക്കാൻ പരീക്ഷണം തെക്കൻ ദിക്കുകളിൽ സാംസ്ക്കാരികമായ മാററം വേഗത്തിലുണ്ടാക്കി. ഡൽഹി സുൽത്താൻമാരുടെ ചരിത്രത്തിൽ ഈ കാലത്തേതുപോലെ വടക്കേയിൻഡ്യയുടെ സാംസ്കാരികാഭിനിവേശം ഇത്ര ശക്തവും യാഥാർത്ഥ്യവുമായി തെക്കൻ രാജ്യങ്ങളിൽ മുമ്പൊരിക്കലും ഫലിച്ചിട്ടില്ല. ഡൽഹി മുതൽ ദൌലത്താബാദ് വരെ ഇപ്പോൾ ഒററ ഒരു ലോകമായിത്തീർന്നു. സന്യാസിമാർ, പണ്ഡിതന്മാർ, കവികൾ, ഉദ്യോഗസ്ഥന്മാർ ഇവരൊക്കെ ഡൽഹിയും ഡിയോഗിറും തമ്മിലുള്ള ദൂരം നിരന്തരസമ്പർക്കം കൊണ്ട് ദൂരീകരിച്ചതുമൂലം നൂററാണ്ടുകളായി ജനങ്ങൾ കൊതിച്ചിരുന്ന സ്വപ്നം സഫലീകരിക്കുകയാണ് ചെയ്തത്." [28]

ഇങ്ങിനെ ഇസ്ലാമിക സംസ്കാരപ്രചാരം ഫലവത്താക്കുകയെന്ന സുൽത്താൻെറ ലക്ഷ്യങ്ങളിലൊന്ന് വിജയിക്കുകയും ചെയ്തു ഭാമിനിസാമ്രാജ്യത്തിൻെറ ഉദയവും തെക്കൻരാജ്യങ്ങളിൽ മുസ്ളീം ആധിപത്യത്തിൻെറ തുടക്കവും സുൽത്താൻെറ ദീർഘദൃഷ്ടിയുടെ ഫലമായി സംജാതമായതാണ്. ഇസ്ളാമിക സംസ്കാരമെന്നും ഇസ്ളാമിക സംസ്ഥാനമെന്നും മററും കേൾക്കുമ്പോഴേക്കും ഹാലിളകുന്നവർക്ക് സുൽത്താൻെറ പ്രവൃത്തി ഏററവും നിഷിദ്ധമായും അഗോചരമായും തോന്നാം. ഒരു പ്രവർത്തിയെ വിലയിടേണ്ടത് അത് നടപ്പിലാക്കിയവരുടെ ഉന്നം എത്രമാത്രം വിജയിച്ചുവെന്ന് നോക്കിയാണ്; അല്ലാതെ ആ പ്രവർത്തി നമുക്ക് പററിയതാണോ എന്ന് കണക്കാക്കിയല്ല നമുക്ക് പററാത്തതാണെങ്കിൽ കൂടിയും അതിനു തുനിഞ്ഞവരുടെ

28. Prof. K. A. Nizami – Studies in Medieval Indian History – pp. 64–65.

ഉദ്ദേശ്യശുദ്ധിയെ മാനിക്കുകയും അതിൽ അവർ വിജയിച്ചെങ്കിൽ അവർക്കതിന്നുള്ള ബഹുമതി നല്കുകയുമാണ് വേണ്ടത്. അല്ലാതെ ലൈൻപൂളിനെപോലെ ''ദുരുപദിഷ്ടിതമായി ദുർവ്വിനിയോഗം ചെയ്ത ചേതനയുടെ സ്മാരകമാണ് ദൌലത്താബാദ്'' [29] എന്നു പറഞ്ഞൊഴിയുക എളുപ്പമാണ്. അതിൻെറ പിന്നിലുള്ള പ്രയത്നവും ചേതോഹരമായ വികാരവായ്പും കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്നത് ഒരുതരം ദുഷ്ടമനസ്ഥിതിയാണ്.

ചുരുക്കത്തിൽ സുൽത്താൻെറ ഈ തലസ്ഥാനനിർമ്മാണം വലിയ വിജയമായിരുന്നു. അങ്ങിനെ വിജയകരമായി പര്യവസാനിച്ച ഒരു പരിഷ്ക്കാരത്തിൻെറ ചരിത്രമാണ് നാം ഭ്രാന്തൻനയമായി പഠിച്ചുകൊണ്ടിരിക്കുന്നത്. എങ്ങിനെ ചരിത്ര സത്യങ്ങളെ അപായകരമാംവണ്ണം വികൃതമാക്കാമെന്ന് ഇതിൽ കവിഞ്ഞ് ഒരു ഉദാഹരണവും വേണ്ട. എങ്ങിനെ ദീർഘദൃഷ്ടിയോടും വീണ്ടുവിചാരത്തോടുംകൂടി ചെയ്ത വിദഗ്ദ്ധമായ ഒരു പരിഷ്ക്കാരത്തെ മനുഷ്യശാപത്തിൻേറയും യാതനയുടേയും പങ്കിലമായ പരാജയമായി വളച്ചൊടിക്കുവാൻ പററുമെന്നതിന്നും വേറൊരു തെളിവും കൂടുതലായി വേണ്ട. എങ്ങിനെ വിശപ്രശസ്തി നേടാൻ ഒക്കുന്ന നയകോവിദതയേയും സജ്ജീകരണപടുതയേയും നയരാഹിത്യത്തിൻേറയും ജുഗുപ്സാവഹമായ ക്ഷിപ്രകോപത്തിൻേറയും നിസ്സാകാര്യമായി മാററുവാനൊക്കുമെന്നതിന്നും പുറമേ തിരക്കേണ്ടതില്ല. ഈ അളവുകോൽവെച്ചുകൊണ്ടുവേണം ഇൻഡ്യാചരിത്രത്തിലെ ഒട്ടനവധി ഇത്തരം പ്രശ്നങ്ങളെ അളക്കുവാൻ. നമുക്കൊരിക്കലും മറിച്ചു വിശ്വസിക്കാനരുതാത്ത മാതിരിയാണ് തക്കത്തിനൊത്ത് ഓരോ കാര്യങ്ങളും കോർത്തിണക്കിവെച്ചിട്ടുള്ളത്. അവ തരംതിരിച്ച് മനസ്സിലാക്കുവാനൊത്താൽ മാത്രമേ ഇൻഡ്യാ ചരിത്രത്തിൻെറ സത്യസന്ധമായ സംവിധാനം സാദ്ധ്യമാകുകയുള്ളു. അവയിൽ പ്രധാനമായതാണ് നാം പ്രതിപാദിച്ച ഈ അദ്ധ്യായം,

29. Medieval India – p. 321

അദ്ധ്യായം ആറ്

# മുഹമ്മത് തുഗ്ളക്കും വൈദേശികസമ്പർക്കവും

വിദേശരാജ്യങ്ങളുമായി ഉണ്ടായിരുന്ന ഇൻഡ്യൻ സമ്പർക്കത്തിൻെറ പാരമ്യം ബുദ്ധമതപ്രചരണത്തിൻെറ കാലഘട്ടത്തിലാണ് നടന്നത്. മറുനാടുകളിലേക്ക് നമ്മുടെ പ്രതിനിധികൾ പ്രവഹിച്ചതും ഇതരദേശങ്ങളിൽനിന്നും സ്ഥാനപതികളും സഞ്ചാരികളും എത്തിച്ചേരുന്നതും ഇക്കാലത്തുതന്നെ. എന്നാൽ വൈദികപ്രതിവിപ്ളവം ബൌദ്ധപ്രചാരത്തെവെന്ന് വിജയക്കൊടി നാട്ടിയതോടുകൂടി വിദേശങ്ങളുമായുള്ള നമ്മുടെ ബന്ധങ്ങളും നിയന്ത്രണവിധേയമായി. മറുനാടുകളിൽ സഞ്ചരിക്കുന്നതും കടൽയാത്ര ചെയ്യുന്നതുമൊക്കെ നിഷിദ്ധ്യാമാക്കുകയും വിദേശികളുമായുള്ള സമ്പർക്കം മ്ളേഛന്മാരോടുള്ള കൂട്ടുകെട്ടായി വ്യവഹരിക്കുക്കുകയും ചെയ്തതോടുകൂടി ഭാരതം മിക്കവാറും ഒററപ്പെട്ട രീതിയിലായിത്തീർന്നു [1]

തുർക്കികളുടെ ആക്രമണത്തോടുകൂടിയാണ് വീണ്ടും നാം വിദേശരാജ്യങ്ങളുമായി അടുക്കുന്നത്. 'അബ്ബസൈഡ്' കാലിഫയുടെ കീഴിലാണ് എല്ലാ മുസ്ലീം രാജ്യങ്ങളുമെന്നായിരുന്നു അംഗീകൃതവിശ്വാസം. പ്രായോഗിക രാഷ്ട്രീയത്തിൽ ഇതിന്നത്ര പ്രാബല്യമുണ്ടായിരുന്നില്ലെങ്കിലും എല്ലാ മുസ്ലീം ചക്രവർത്തിമാരും കാലിഫയുടെ അനുമതിയും ആശീർവാദവും വാങ്ങുകവഴി തൻെറ പദവി മുസ്ലീംലോകം

1. S. C. Das–Indian Pandits in the land of snow

മംഗീകരിക്കുന്നതിന്ന സമമമായാണ് എണ്ണിയിരുന്നത്. ആരം നോഡ് വിവരിക്കുന്നതുപോലെ 'ഒരു സഞ്ചാരിക്ക് ചൈന മുതൽ ഗ്രീസുവരേയും സിന്ദുമുതൽ സിസിലിവരേയും, ഓക്സസുമുതൽ അററ്ലാൻറിക്കുവരേയും ബാഗ്ദാദിലെ കലീഫയുടെ സാമ്രാജ്യത്തിൽകൂടിയാണെന്ന വിശ്വാസത്തിൽ ഒരു വ്യത്യാസവും കൂടാതെ കടന്നുപോകുവാനൊക്കുമായിരുന്നു' [2] പക്ഷേ മദ്ധ്യപൌരസ്ത്യദേശങ്ങളിൽ തുടർച്ചയായുണ്ടായ മംഗോളാക്രമണം ആ രാജ്യങ്ങളുമായുള്ള ഇൻഡ്യയുടെ ബന്ധത്തെ സാരമായി ഉലച്ചു. പണ്ഡിതൻമാരുടെയോ, കച്ചവടക്കാരുടെയോ മതപ്രചാരകന്മാരുടേയോ എന്തിന്? നയതന്ത്രപ്രതിനിധികളുടെകൂടിയോ പോക്കുവരവ് ഒട്ടും സുരക്ഷിതമായിരുന്നില്ല. എന്തും സംഭവിക്കാവുന്ന ഭീതിജന്യമായ സ്ഥിതിയാണ് ഇസ്ലാമികസംസ്കാരങ്ങളുടെ ഈ കേദാരഭൂമികളിൽ നിലനിന്നിരുന്നത്. മംഗോളാക്രമണത്തിൽനിന്നും രക്ഷപ്പെട്ട ധാരാളം മുസ്ലീം രാജാക്കൻമാരും, ചരിത്രകാരൻമാരും കവികളും വ്യവസായികളും ഡൽഹിയിൽ അഭയം തേടി. [3] ബാൽബൻെറ കോർട്ടിൽ തന്നെ പത്തിൽകൂടുതൽ ഇത്തരം മുസ്ളീം സുൽത്താൻമാർ രക്ഷാസങ്കേതം കണ്ടെത്തിയിരുന്നു. [4] തൽഫലമായി മററു മുസ്ളീം രാജ്യങ്ങളുടെ കണ്ണിൽ ഇൻഡ്യയുടെ പദവി സീമാതീതമായി ഉയർന്നു. മംഗോരം നശീകരണത്തെ വിദഗ്ദ്ധമായി തടഞ്ഞുനിർത്താൻ കഴിഞ്ഞ ഏകരാജ്യമെന്നനിലക്ക് ഡൽഹിയുടെ നില വളരെ പ്രാധാന്യമുള്ളതായി ഗണിക്കപ്പെട്ടു. എല്ലാ ചക്രവർത്തിമാരുംതന്നെ മംഗോരം നേതൃത്വവുമായി വളരെ നയത്തിലും സ്വന്തം രാജ്യത്തിൻെറ സംരക്ഷയെ സുദൃഢമാക്കുന്നതരത്തിലുമായിരുന്നു ഇടപ്പെട്ടിരുന്നത്. എതിർക്കേണ്ടപ്പോരം അലാവുദ്ദീനെപ്പോലെ എതിർക്കുകയും, സൗഹൃദംകാട്ടി സമ്മാനവുംകൊടുത്ത് വിടേണ്ട സന്ദർഭങ്ങളിൽ ഫിറോസിനെപ്പോലെ അതും ചെയ്തു

2. Travels and Travellers of the Middle Ages. P. 89
3. Fawid-ul-Fund-P. 73
4. Barani-op. cit

രാജ്യത്തെ വലിയ ഒരു നാശത്തിൽനിന്നും രക്ഷിക്കുകയാണവർ ചെയ്തത്.

**നയതന്ത്രബന്ധം**: ഡൽഹി സുൽത്താൻമാർ മററു രാജ്യങ്ങളുമായി നിരന്തരം നയതന്ത്രബന്ധം പുലർത്തിപോന്നിരുന്നു. മുഹമ്മത് തുഗ്ലക്കിന്റെ കാലത്താണ് (1325–1351) ഈ അടുപ്പം കൂടുതൽ പുഷ്ക്കലമാകുന്നത്. ''മററു നാട്ടുകളിലെ രാഷ്ടീയ സാമ്പത്തികസ്ഥിതിവിശേഷങ്ങൾ ഇത്രയും കൃത്യമായ നിരീക്ഷണത്തിന് വിധേയമാക്കിയിരുന്ന മറെറാരു സുൽത്താൻ ഇതിന് മുമ്പും പിമ്പും ഡൽഹിയെ ഭരിച്ചിട്ടില്ല'' [4] അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രതിഭ ചൈനയിലേയും ഈജിപ്തിലേയും സംഭവവികാസങ്ങളെ തുലനം ചെയ്തുകൊണ്ടിരുന്നു. ഈ കാലത്താണ് ഏററവും കൂടുതൽ നയതന്ത്രപ്രതിനിധികൾ ഇന്ത്യയിലേക്കാകർഷിക്കപ്പെടുന്നത്. ഇറാക്കിൽനിന്നും സുൽത്താൻ മൂസയുടെ കല്പനപ്രകാരം 'ഹാജികോൺ' ഇന്ത്യയിലേക്ക് പറഞ്ഞയക്കപ്പെട്ടു. [5] ചൈനീസ് ചക്രവർത്തി ടോഗൻതിമൂർ അയച്ച പ്രതിപുരുഷൻ 'സൻടി'യായിരുന്നു. [6] (1333–1368) ഇബ്നു ബത്തൂത്ത ചൈനീസ് ചക്രവർത്തിയുടെ പേര് തൊററായാണ് ചേർത്തിരിക്കുന്നത്. 'പഷായി' എന്നാണ് അദ്ദേഹം പേരുപറയുന്നത്. [7] തുറാബക്ക് രാജ്ഞി ഖൊറസാനിൽനിന്നുമയച്ചതാണ് മറെറാരു പ്രധാന മിഷൻ. അവർ 'കുത്തലു ദമൂർ' എന്ന അവിടുത്തെ സുൽത്താന്റെ പട്ടമഹിഷിയായിരുന്നു. സിറിയയിലെ സുൽത്താന്റെ മകൻ അമീർ ഷെയിഫുദ്ദീൻ തുഗ്ലക്കിന്റെ അരമനയിലേക്ക് അവിടെനിന്നുമയക്കപ്പെട്ടവരുടെ നേതാവായിരുന്നു. [8] ഡൽഹിയുമായി ഇതരരാജ്യങ്ങൾ സൗഹൃദത്തിൽ

---

4. Studies in Medieval Indian History–P. 6
5. Ibn Battuta–Rehla–P. 111
6. History of the Quraunah Turks P. 138
7. Ibn–Battuta–of–cit–PP–235–36
8. Mehdi Hussain–Ibn Battuta (Trans) P. 77

കഴിയുവാൻ കൊതിച്ചിരുന്നതിന്റെ പ്രത്യക്ഷ തെളിവുകളാണിവ.

ചൈനയിൽനിന്നുവന്ന പ്രതിപുരുഷകാര്യാലയത്തിൽ 15 ഉയർന്ന ഉദ്യോഗസ്ഥന്മാരും 100 പരിചാരകന്മാരും ഉൾപ്പെട്ടിരുന്നു.[9] തുഗ്ലക്ക് മുഹമ്മത് ഇവരെ സ്വീകരിക്കുക മാത്രമല്ല തന്റെ പദവിക്കനുയോജ്യമാംവിധം സ്വന്തം പ്രതിനിധികളെ ചൈനയിലേക്കയക്കുകകൂടി ചെയ്തു. 1000 കുതിരപ്പടയാളികളോടുകൂടി യാത്രചെയ്ത ഈ സംഘത്തെ നയിച്ചിരുന്നത് അമീർ മുഹമ്മത് ഹർവിയാണ്.'[10] ട്രാൻസ്ഓസ്കിയാനയിലെ സുൽത്താനായ ടർമാഷിരിൻ രണ്ടു പ്രാവശ്യം മുഹമ്മത് തുഗ്ലക്കിന്റെ കാലത്ത് ഇന്ത്യയിൽവന്ന വിവരം ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്. രാജോചിതമായി അദ്ദേഹത്തിനു നല്കിയ സ്വീകരണങ്ങളും അദ്ദേഹം കൊണ്ടുവന്ന സമ്മാനങ്ങളും വിശദീകരിക്കയും ചെയ്യുന്നു.[11] അദ്ദേഹത്തിന്റെ ആദ്യ സന്ദർശനത്തോടുകൂടി തന്നെ ഡൽഹിയുമായി വ്യാപാരപരവും നയതന്ത്രപരവുമായ കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഗസനിയിൽ ഒരു കാര്യാലയം തുറക്കുകയുണ്ടായി.[12]

ഇറാക്കിലെ സുൽത്താൻ അബൂസെയ്ത് ഡൽഹിയിലേക്കയച്ച അംബാസിഡർ ആസാദ് ഇബിന് യെസദായായിരുന്നു[13] തുഗ്ലക്ക് മുഹമ്മതാകട്ടെ തന്റെ പ്രൈവററ് സിക്രട്ടറിമാരിൽ ഒരാളായ 'ബിഗ്ദാ'നെ ഒരു കോടി ടോൽങ്കായോടുകൂടിയാണ് ഇറാക്കിലേയച്ചത്. ഈ പണമത്രയും ഇറാക്കിലെ പരിശുദ്ധനഗരികളിൽ ധർമ്മമായി കൊടുക്കുവാനുദ്ദേശിച്ചുകൊണ്ടുമായിരുന്നു.

9. Rehla–op–cit–P–151
10. Ibid–P–151
11. Ibid
12. Ibid
13. Masalik–op–cit–P–40

നമ്മുടെ ചരിത്രകാരന്മാരധികവും സുൽത്താൻെറ വിദേശരാജ്യങ്ങളുമായുള്ള സമ്പർക്കത്തിൻെറ ദീർഘമായ ഏട് ഗൌനിക്കാതെ വിട്ടുകളയുകയാണ് ചെയ്തിട്ടുള്ളത് എന്നാൽ വിദേശികളായ ചരിത്രകാരന്മാർ ഈ വിഷയത്തിൽ ധാരാളം ഉപയോഗപ്പെടാവുന്ന വിവരങ്ങൾ നൽകുന്നുണ്ട്. വാസ്തവത്തിൽ അവ ശരിക്കും വിലയിരുത്തി ഗ്രഹിച്ചില്ലെങ്കിൽ തുഗ്ലക്ക് മുഹമ്മതിൻെറ ഖരാച്ചിൽ, ഖുറസാൻ ആക്രമണോദ്ദേശ്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമായും ധരിക്കുവാൻ പ്രയാസമായിരിക്കും. ഇബ്നു ബത്തൂത്ത, അൽ ഖാഖാ ഷൻന്തി, അൽ ഉമറി, സലാഹുദ്ദീൻ സഫാദി, ഇബ്നു ഹജാർ, അസ്കലൻന്തി തുടങ്ങിയവരാണ് തദ്വിഷയമായി വെളിച്ചംപരത്തുന്ന രേഖകൾ സമ്മാനിച്ചിട്ടുള്ളത്. സലാഹുദ്ദീൻ സഫാദിയുടെ 'അൽ അയാനുൽ അസർ' എന്ന ഗ്രന്ഥം ഡൽഹിയും ഈജിപ്തും തമ്മിലുള്ള ബന്ധത്തെ കൂലങ്കഷമായി വിവരിക്കുന്ന പുസ്തകമാണ്. സുൽത്താൻ ഈജിപ്തിലെ ഭരണാധിപനുമായി മാത്രമല്ല സമ്പർക്കത്തിലേർപ്പെട്ടിരുന്നത്. അവിടെയുള്ള പണ്ഡിതന്മാരും, കവികളും, ശാസ്ത്രജ്ഞന്മാരും അദ്ദേഹത്തിൻെറ സഹായവും സൌഹൃദ്ദവും സ്വീകരിച്ചിരുന്നു. ''വൈജ്ഞാനികമണ്ഡലത്തിലും ദാർശനികതലത്തിലും പുറംനാടുകളിൽ ഇത്രമാത്രം അറിയപ്പെട്ടിരുന്ന ഒരിന്ത്യൻ ചക്രവർത്തി സുൽത്താൻ മുഹമ്മതിന്നുമുമ്പ് ഉണ്ടായിരുന്നിട്ടില്ല.'' [14]

ഒരു കാലഘട്ടത്തിൽ മുസ്ളീം രാജ്യങ്ങളത്രയും കലീഫയുടെ അധീശത്വം പേരിനെങ്കിലും സമ്പാദിച്ചിരുന്നുവെന്ന് നാം പ്രസ്താവിച്ചു. ഡൽഹി സുൽത്താന്മാരും ഈ അംഗീകാരം വാങ്ങിയിട്ടുള്ളവരാണ്. ഇൽട്ടാമിഷ് കലീഫയുടെ അംഗീകാരം വളരെ പൂജ്യമായി ഗണിച്ചിരുന്ന. ബാഗ്ദാദ് തകർക്കപ്പെട്ടതിനുശേഷം ഇൻഡ്യൻ സുൽത്താന്മാരുടെ നാണ്യങ്ങളിൽ കലീഫയുടെ പേരും ഉൽപ്പെടുത്തുകയും വെള്ളിയാഴ്ച പള്ളികളിൽ നടത്തുന്ന പ്രസംഗങ്ങ

14 Dr. Mehdi Hussain – Rise and Fall of Mohamed Bin Tuqlak

ളിൽ (ഖുത്തുബ) കലീഫയെ സ്മരിക്കുകയും ചെയ്യുക പതിവായിരുന്നു. മുസ്ലീം പുരുഷാരത്തെ ആത്മീയമായ ഒരധീശത്വത്തിൻകീഴിൽ കൊണ്ടുവരുവാനുള്ള ബുദ്ധിപൂർവ്വമിയ പ്രവർത്തിയായിട്ട് വേണമെങ്കിൽ ഇതിനെ വ്യവഹരിയ്ക്കാം. 'മംഗോളം ഭീകരത'യുടെ ഭീമാകാരനായ നേതാവ് ഹല്ലക്ക് ഖാൻെറ ആക്രമണം കലീഫയുടെ ആസ്ഥാനവും ഐസ്ലാമിക സംസ്കാരകേന്ദ്രവുമായ ബാഗ്ദാദിൻെറ സമൂല നാശത്തിലുമാണവസാനിച്ചത്. എന്നിട്ടുപോലും കലീഫയുടെ നേതൃത്വത്തെ ബഹുമാനിക്കുകയും കലീഫത്ത് എന്ന ഇല്ലാത്ത മുസ്ലീം സാമ്രാജ്യാശയത്തെ നിലനിറുത്തുകയും ചെയ്തിരുന്നു. ഈ പ്രതിഭാസത്തെ ചൂണ്ടി ഡോക്ടർ ഈശ്വരി പ്രസാദ് ഉപസംഹരിക്കുന്നതിങ്ങനെയാണ്. ''കലീഫ മൃതിയടഞ്ഞു. കലീഫ നീണാൾ വാഴട്ടെ.'' [15] ഈ സ്ഥിതിയിൽ ഒരു കലീഫയുടെ അംഗീകാരമെന്നതിൽ അത്രമാത്രം പ്രധാന്യം കാണേണ്ടതില്ല. പക്ഷേ അതുൾക്കൊണ്ടിരുന്ന ആശയം വിപുലമായിരുന്നു. ആഗ്രഹം ആദരണീയവും. ആദർശശാലിയായ മുഹമ്മത് തുഗ്ലക്ക് നിയമാനുസൃതനായ കലീഫ ആരാണെന്ന് അന്വേഷണം നടത്തിക്കുകയും ഈജിപ്തിൽ അഭയംതേടിയ അബ്ബ സൈഡ് കലീഫമാരുടെ വംശജനായ ഒരാളെ കലീഫയായുയർത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹത്തിൽനിന്നും തൻെറ രാജത്വത്തിന്ന് നിയമാവകാശം ലഭിക്കുവാൻ ശ്രമം നടത്തി. സമകാലീന ചരിത്രകാരനായ സിയാവുദ്ദീൻ ബരാണി പറയുന്നത് സുൽത്താൻ വെള്ളിയാഴ്ച നമസ്കാരവും ഈദ്നമസ്കാരവും ഡൽഹിയിലെ പ്രധാന പള്ളികളിൽ താൽക്കാലികമായി നിർത്തിവെച്ചുവെന്നും ഈജിപ്തിലെ കലീഫയായ ഹക്കീം രണ്ടാമൻെറ ദൂതൻ ഹാജി സെയ്ത് സറഫി അംഗീകാരവും കൊണ്ടെത്തിയതിനുശേഷമേ തുടർന്ന് കാര്യങ്ങൾ നടത്തിയുള്ളുവെന്നുമാണ്. കലീഫയുടെ ഈ പ്രതിനിധിയെ ഡൽഹി

15. Some aspects of Muslim Administration P. 37.

ഗോപുരത്തിൽവച്ച് സുൽത്താൻ നേരിട്ടു സ്വീകരിച്ചുവെന്നും അദ്ദേഹത്തിന്റെ മുമ്പിൽ പാദുകമിടാതെ നടന്നുവെന്നുമാണ് ബറാണി തുടർന്നു പറയുന്നത്.[16] ബദർ ചാച്ചയും ഈ രംഗത്തെ അധികരിച്ച് മനോഹരമായ കാവ്യങ്ങാം രചിച്ചിട്ടുണ്ട്. "കള്ളന്മാരുടേയും കടൽക്കൊള്ളക്കാരുടേയും ശല്യം ഭയന്നിട്ടായിരുന്നില്ലെങ്കിൽ ഡൽഹിയിലെ ധനം മുഴുക്കെ ഈജിപ്തിലേന്ന് സുൽത്താൻ കൊടുത്തയക്കുമായിരുന്നു"[17] എന്നാണ് ബറാണി എഴുതിയിട്ടുള്ളത്.

രാഷ്ട്രീയാധികാരമോ കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന ആത്മീയ നേതൃത്വമോ ഇല്ലാതിരുന്ന കലീഫയുടെ അംഗീകാരം തുഗ്ളക്ക് മുഹമ്മദ് ഇത്ര പ്രയാസപ്പെട്ട് നേടിയത് എന്തിനാണെന്ന കാര്യം പലർക്കും ഒരു വിവാദവിഷയമാണ്. സത്യനാഥയ്യരും മററും സുൽത്താൻ തന്റെ മുസ്ലീം പ്രജകളെ വഞ്ചിക്കുവാൻ വേണ്ടി ചെയ്ത വിദ്യയായി വ്യവഹരിക്കുമ്പോാം ഡോക്ടർ സ്മിത്തു തുടങ്ങിയവർ സുൽത്താന്റെ രക്തച്ചൊരിച്ചിലിന് പ്രായശ്ചിത്തമായായാണ് ഈ സാഹസത്തിന്നൊരുങ്ങിയത് എന്നു സ്ഥാപിക്കുന്നു. ഒരു കാര്യം തീർച്ച. ഇറാക്കിലെ പരിശുദ്ധ നഗരികളിൽ പണ്ഡിതൻമാർക്കും സന്യാസിമാർക്കും പാരിതോഷികമായി ഒരു കോടി ടോങ്കാ തന്റെ പ്രതിപുരുഷന്റെ പക്കൽ കൊടുത്തയച്ച മുഹമ്മത് സുൽത്താൻ ഒരു ശുപാർശക്കുമായിരുന്നില്ല അത് ചെയ്തത്. ഈജിപ്തിലെ ശാസ്ത്രകാരൻമാരും താത്വികരും സുൽത്താന്റെ സഹായം നിർല്ലോഭമനുഭവിച്ചിരുന്നവരുമാണ്. ഇവരെക്കൊണ്ടൊന്നും ഇൻഡ്യയിലെ ലഹളയൊതുക്കുവാനൊക്കുമായിരുന്നുമില്ല. സ്വാർത്ഥപരമായ ദുരുദ്ദേശ്യം ലേശവുമില്ലാത്ത പരോപകാരപരവും ആദർശനിഷ്ഠയിലടിയുറച്ചതുമായ പ്രവർത്തികളെ അതേവിധം കാണുവാൻ നമുക്കിന്ന് ഒട്ടും സാദ്ധ്യമാ

16. Tarikh– i Firozshai P. P. 492
17. Ibid PP. 494–495

കുകയില്ല. ജീവിതത്തിന്റെ മോഹനങ്ങളായ ശാശ്വതമൂല്യങ്ങളൊക്കെ ആര് അത്ര കാര്യമായി ഗൗനിക്കുവാൻ. എന്തെങ്കിലും സ്വായത്തമായഗുണം കാംക്ഷിക്കാതെ ഒരു സംഗതിയും ചിന്തിക്കുവാൻകൂടി കഴിയാത്ത നമുക്ക് സുൽത്താന്റെ ഉദാത്തമായ സ്ഥായീഭാവങ്ങൾകൂടി നമ്മുടെ മാനസികപ്രക്രിയയ്ക്കനുസരിച്ചേ ഭാവിക്കുവാനൊക്കൂ. സുൽത്താനെയെന്നതിനേക്കാൾ നാമാണ് അതിന് കററം ഏല്ക്കേണ്ടവർ. കലീഫത്ത് എന്ന ആശയം അഖിലലോക മുസ്ലീം കോമൺവെൽത്തിന്റെ പ്രതീകമായിരുന്നു. ക്രൈസ്തവർ 'ക്രൈസ്ററൻഡം' എന്ന് പറഞ്ഞിരുന്നതുപോലെ. ലോകത്തുണ്ടായിരുന്ന മുസ്ലീം രാജ്യങ്ങളിൽ പദവികൊണ്ടും പണംകൊണ്ടും വലിയതു് തുഗ്ലക്ക് മുഹമ്മതിന്റെ സാമ്രാജ്യം തന്നെയായിരുന്നു. വേണമെങ്കിൽ മുസ്ലീം കലീഫത്തിന്റെ ആസ്ഥാനം ഡൽഹിയാക്കാൻ ശ്രമിക്കുക ദുഷ്ക്കരമായിരുന്നില്ല. തദ്വാരാ തനിക്ക് ലോകനേതൃത്വത്തെ ഇച്ഛിക്കുകയും ചെയ്യാമായിരുന്നു. ആദർശശാലിയായ സുൽത്താൻ മഹനീയമായ ഒരു സംസ്ക്കാരത്തിന്റേയും വിശാലമായ പൗഷ്ക്കല്യത്തിന്റേയും വിലപ്പെട്ട ഒരംഗീകാരമാണ് കലീഫയിൽ കണ്ടത്. അത് നിലനിൽക്കേണ്ടത് ഐസ്ലാമിക സംസ്ക്കാരത്തിന്നും സാമ്രാജ്യത്തിന്നും അനിവാര്യമായി തോന്നിയതുകൊണ്ടാണ് ഈ പരിശ്രമങ്ങളത്രയും നടത്തിയത്. അല്ലാതെ പ്രായശ്ചിത്തമായിട്ടോ, മുസ്ലീം ജനതയെ ആത്മീയവഞ്ചന നടത്തുവാനോ ആയിരുന്നില്ലെന്ന് തീർച്ചതന്നെ.

**വൈജ്ഞാനിക സമ്പർക്കം:** ഒരു പക്ഷേ ഏററവും പ്രധാനമായി ഗണിക്കേണ്ടത് ഇക്കാലത്ത് ഇൻഡ്യക്ക് വിദേശരാജ്യങ്ങളുമായുള്ള ആശയവിനിമയത്തിന്റെ കാര്യമാണ്. ഡൽഹി സുൽത്താന്മാരുടെ ആധിപത്യത്തിന്റെ ആരംഭകാലത്ത് ബാഗ്ദാദും, സമർകത്തും, ബുക്കാറയുമാണ് ഇസ്ലാമിക വിജ്ഞാനത്തിന്റെ മുഖ്യകേന്ദ്രങ്ങളായി കണക്കാക്കിയിരുന്നത്. 'എപ്പോഴെങ്കിലും ഒരു മുസ്ലീം

പണ്ഡിതന് ഐസ്ലാമികനിയമങ്ങളിൽ എന്തെങ്കിലും സംശയം നേരിട്ടിരുന്നുവെങ്കിൽ അയാരം ഈ സ്ഥലങ്ങളിലേക്കാണ് സംശയദൂരീകരണത്തിന്നുവേണ്ടി ആശ്രയിച്ചിരുന്നത് [18] എന്നാൽ മംഗോൾ ആക്രമണത്തോടുകൂടി ഈ ദേശങ്ങളിൽനിന്നൊക്കെ പണ്ഡിതൻമാരും ബുദ്ധിജീവികളും രക്ഷാസങ്കേതമന്വേഷിച്ച് അഭയം പ്രാപിച്ചത് ഡൽഹിയായിരുന്നു. അങ്ങിനെ ബാഗ്ദാദും ബുക്കാറയും വിട്ടേടത്ത് ആരംഭിക്കുവാൻ ഡൽഹിക്കു കഴിഞ്ഞു "അങ്ങിനെ അലാവുദ്ദീൻെറ കാലമായപ്പോഴേക്കും ഗസാലിയുടേയും റാസിയുടേയും പ്രതിഭയും ബുദ്ധിയുമുള്ള അനേകം പണ്ഡിതന്മാരുടെ ആവാസകേന്ദ്രമായിത്തീർന്നു ഡെൽഹി". [19] അമീർ കുസ്രോവിൻെറ അഭിപ്രായത്തിൽ "ഡൽഹിയിലെ ഓരോ മൺതരികരംപോലും സാഹിത്യവാസനയാൽ കോരിത്തരിച്ചിരുന്നു." "മറുനാടുകളിലെ പണ്ഡിതന്മാർ അവരുടെ പുസ്തകങ്ങരംക്കും അവർക്കും അംഗീകാരം ലഭിക്കുവാൻ ഡെൽഹിയിലേക്ക് പ്രവേശിച്ചുകൊണ്ടിരുന്നു." [20] "ബുക്കാറയിലേയും സമർക്കന്തിലേയും മുഫ്ത്തികരം എപ്പോഴെങ്കിലും പ്രയാസപ്പെട്ട പ്രശ്നങ്ങളുമായി കുഴഞ്ഞിരുന്നപ്പോരം അവസാനതീരുമാനത്തിന്നായി ഡൽഹിയെയാണ്" ശരണം പ്രാപിച്ചിരുന്നത്." [21]

വൈജ്ഞാനികമണ്ഡലത്തിലെ ഈ സമ്പർക്കം തുഗ്ലക്ക് മുഹമ്മതിൻെറ കാലത്താണ് ഏറ്റവും വികസിതമായത്. അദ്ദേഹം വിദേശരാജ്യങ്ങളിൽനിന്നും അനവധി വിലപ്പെട്ട പുസ്തകങ്ങരം വാങ്ങി സൂക്ഷിച്ചിരുന്നു. [22] ധാരാളം വിദേശപണ്ഡിതന്മാർ അദ്ദേഹത്തിൻെറ സഹായം ലഭിച്ചിരുന്നവരുമാണ്. മാത്രമല്ല ഒരു പിടി പണ്ഡി

18. Siyarul Auliya– P–170
19. Tarikh – i– Firozshai P. 145
20. Ibid P. 355
21. Fatuh – us– Salation – P. 452
22. Masalik – op cit. P. 41

തന്മാരെ അറിവിനെ എന്തു വിലകൊടുക്കുവാനും തയ്യാറുണ്ടായിരുന്ന ഈ സുൽത്താൻ ഡൽഹിയിലേയ്ക്കാകർഷിച്ചിട്ടുമുണ്ട്. [23] അവരുടെ പുസ്തകങ്ങൾ തനിക്ക് സമർപ്പിക്കുവാനാവശ്യപ്പെട്ടിട്ടുള്ള സന്ദർഭങ്ങളുണ്ടായിട്ടുമുണ്ട്. അവർക്ക് തൃപ്തിയാംവണ്ണം പാരിതോഷികം നൽകുവാനുള്ള വ്യഗ്രതയായിരുന്നു ഇതിന്റെ പിന്നിൽ. [24] മുഹമ്മതു തുഗ്ലക്കിന്റെ കാലത്ത് ഇൻഡ്യൻ പണ്ഡിതന്മാരുടെ പേരും പെരുമയും അലക്സാണ്ഡ്റിയയിൽവെച്ച് താനറിഞ്ഞിരുന്നുവെന്ന് ഇബ്നു ബത്തൂത്ത എഴുതുന്നു. [25] ഈ വിദേശരാജ്യങ്ങളിലൊക്കെ ഇൻഡ്യൻ രാഷ്ട്രീയ സാമൂഹിക സംവിധാനങ്ങളെക്കുറിച്ചറിയുവാനും പഠിക്കുവാനുമുള്ള ഔൽസുക്യം ബലവത്തായിരുന്നുവെന്ന് അൽ ഉമറി രേഖപ്പെടുത്തുന്നു. അലക്സാണ്ഡ്റിയയിൽവെച്ച് ഷെക്ക് ബർഹാനുദ്ദീനുമായി കണ്ട ഇബ്നു ബത്തൂത്തക്ക് ഇൻഡ്യയുടെ റുക്ക്നുദ്ദീൻ മുൽട്ടാനിയെക്കുറിച്ചും, ഷെക്ക് അലാവുദ്ദീൻ അജ്ദാനിയെപററിയും വിവരങ്ങൾ ലഭിച്ചിരുന്നു. [26] മററു സ്ഥലങ്ങളിലുണ്ടായിരുന്ന വിചാരവിപ്ലവത്തിന്റെ അലയൊലി അറിയുവാനും വികാസം കൊടുക്കുവാനും ഇൻഡ്യക്കു സാധിച്ചിരുന്നു. പ്രസിദ്ധ ദാർശനികനും വിജ്ഞനുമായിരുന്ന ഇമാം ഇബ്നുതെയ്മിയ്യാ, ഈജിപ്ത്, സിറിയ, ഇറാക്ക് തുടങ്ങിയ സ്ഥലങ്ങളിൽ മുസ്ലീം നവോത്ഥാനത്തിന്റെ വെളിച്ചം പരത്തിയ മഹാനായിരുന്നു. അദ്ദേഹത്തിന് ആ നാടുകളിലൊക്കെ ധാരാളം അനുയായികളുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ മുഖ്യനായിരുന്ന മൌലാനാ അബ്ദുൾഅസീസ് അർദൈബലി സുൽത്താൻ മുഹമ്മദിന്റെ കാലത്ത് ഡൽഹിയിൽ വന്നിരുന്നു. ''സുൽത്താന്മാരായ മുഹമ്മതിന്റെയും ഫിറോസിന്റെയും രാഷ്ട്രീയമതനയ

23. Ibid – P. 42
24. Rehla – op cit, P. 620
25. Rehla – Eng – Tr; P. 620
26. Ibid – P. 620

ങ്ങളെ കൂടുതൽ വികസ്വരമാക്കുവാൻ ഇത് സഹായിച്ചിട്ടുണ്ട്.'' [27] അതേ സന്ദർഭത്തിൽ മറ്റൊരു പ്രധാന സംഭവം ഓർമ്മിക്കത്തക്കതുണ്ടായതും ഒരിൻഡ്യൻ പണ്ഡിതൻെറ സംഭാവനയായിരുന്നു. തെയ്മിയ്യായുടെ താത്വികദർശനങ്ങളെ ഖണ്ഡിക്കുവാൻ ശക്തനായത് മൗലാനാ ഷെയിഫുദ്ദീൻ അൽഹിന്ദിയായിരുന്നു. അദ്ദേഹം ഡൽഹിയിലെ പണ്ഡിതാഗ്രേസരൻമാരിൽ പ്രമുഖനുമായിരുന്നു. അങ്ങിനെ ഈ കാലഘട്ടത്തിലായിരുന്നു ഐസ്ലാമിക വിജ്ഞേയമണ്ഡലത്തിൻെറ നേതൃത്വം അവിതർക്കിതമാം വണ്ണം ഇൻഡ്യയിലായിത്തീർന്നത്. ഇതിന്ന് സഹായകമായിനിന്ന ശക്തിദുർഗ്ഗം മുഹമ്മതു തുഗ്ലക്കെന്ന ദാർശനിക ചക്രവർത്തിയുമായിരുന്നു.

**വ്യാവസായികബന്ധം**: ഇൽട്ടാമിഷിൻെറ കാലത്ത് ചൈനീസ് വ്യാപാരികളുടെ ആധിക്യം ഇസാമി വിസ്തരിച്ച പ്രഖ്യാപിക്കുന്നു. [28] ടർക്കി, റഷ്യ, ബഹ്റൈൻ, ഇറാക്ക് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് പ്രധാനമായും കുതിരകളെ വാങ്ങിയിരുന്നത്. മംഗോൾ രാജ്യങ്ങളിൽ ഇൻഡ്യയിൽനിന്നും വില്പന നടത്തിയിരുന്ന ആനകളുണ്ടായിരുന്നുവെന്ന് ബറാണി എഴുതിയിരിക്കുന്നു. [29] മുഹമ്മത് തുഗ്ലക്കിൻെറ കാലത്ത് ഖൊറസാനിൽനിന്നും വന്ന വ്യവസായികളുടെ സമ്പൽസമൃദ്ധിയെപററി യാഹിയാ സർഹിന്ദി വിവരിക്കുന്നുണ്ട്. ഡൽഹിയിലെ പ്രധാന കെട്ടിടങ്ങളും വ്യവസായശാലകളും ഇവരുടേതാണ്. അടിമകൾ, സ്വർണ്ണം, വെള്ളി, കടലാസ്, പുസ്തകങ്ങൾ തുടങ്ങിയവ അവർ ഇവിടെനിന്നും വാങ്ങി ഖൊറസാനിലേക്കയക്കുന്നു.' [30] ഖൊറസാനിൽനിന്നും ഇറാക്കിൽനിന്നും നവീന യുദ്ധോപകരണങ്ങൾ വാങ്ങി അയക്കുന്നതിന് സുൽത്താൻ തൻെറ ഒരേജൻ

---

27. Prof. K. A Nizami – Studies in Medieval Indian History P. 11
28. Fatuh–us–Salatin–Madras Edition P 122.
29. Tarikh–i–Firozshai P 53.
30. Tarikh–i–Mubarkshai P 110.

റിനെ ഈ രാജ്യങ്ങളിൽ നിയമിച്ചിരുന്നു. സയ്യീദ് അബ്ദുൽ ഹസ്സൻ ഇബാദിയായിരുന്ന അങ്ങിനെ അയക്കപ്പെട്ട വ്യവസായപ്രമുഖൻ.[31] ഇക്കാലത്തുതന്നെ ഇൻഡ്യൻ വ്യവസായികൾ ധാരാളമായി മംഗോൾ രാജ്യങ്ങളുമായി കച്ചവടം നടത്തിയിരുന്നതായി ധാരാളം രേഖകളുണ്ട്. വിദേശരാജ്യങ്ങളിൽ ഇൻഡ്യൻവ്യവസായികളോട് വളരെ വിനയവും സൗഹാർദ്ദവും കാണിച്ചിരുന്നു. അതുപോലെതന്നെ ഇന്ത്യൻ കച്ചവടത്തിന് വന്നിരുന്ന ഇവരെ നാമും വളരെ ഉപചാരത്തോടുകൂടിയാണ് സ്വീകരിച്ചിരുന്നത്.

അൽ ഉമറി തന്റെ മസാലിക്കിൽ വിവരിക്കുന്നത് മറുനാടൻ വ്യവസായികൾ ഇവിടേക്ക് സ്വർണ്ണം കൊണ്ടുവരികയും അതിന്നു പകരമായി വാണിജ്യ വിഭവങ്ങൾ വാങ്ങിക്കൊണ്ടുപോകയും ചെയ്യുന്നത് സാധാരണ കണ്ടുകൊണ്ടിരുന്നുവെന്നാണ്.[32] ഖൊറസാനിൽനിന്നും ധാരാളം പഴവർഗ്ഗങ്ങൾ സുൽത്താൻ മുഹമ്മതിന്റെ ആവശ്യത്തിന്നുവേണ്ടി ഇറക്കുമതി ചെയ്തിരുന്നു. ഒരിക്കൽ ഈ ഫലങ്ങളിൽ കുറെ എണ്ണം ആസ്സാമിലെ രാജാവായ ഷംസുദ്ദീന് കാഴ്ചയായി സുൽത്താൻ കൊടുത്തയച്ചതായും രേഖയുണ്ട്.[33] വസന്തകാലത്ത് ഉപയോഗിക്കുന്നതിന്നുള്ള വസ്ത്രങ്ങൾ സുൽത്താൻ ആശ്രിതർക്കു കൊടുത്തിരുന്നതത്രയും അലക്സാൻഡ്രിയായിൽ നിർമ്മിച്ചവയായിരുന്നു. വേനൽക്കാലത്തുപയോഗിച്ചിരുന്നവയാകട്ടെ ഡൽഹിയിൽ നെയ്തവയുമാണ്. പക്ഷേ അവയുടെ അസംസ്കൃതപദാർത്ഥങ്ങൾ ചൈനയിൽനിന്നും ഇറാക്കിൽനിന്നും കൊണ്ടുവന്നവയുമത്രെ.[34] സുൽത്താന്റെ ഹാരത്തിലുണ്ടായിരുന്ന സ്ത്രീകളിൽ 2000 പേരെങ്കിലും റമ്മിൽനിന്നും ചൈനയിൽനിന്നും കൊണ്ടുവന്നവരായിരുന്നിരിക്കണമെന്നാണ് ഷാംസി സിരാജ്

31. Studies in Medieval Indian History P 12.
32. Masalik–ul–Absar P 61.
33. Tarikh–c–Mubarakshai–Pp–132–33
34. Masalik–op–cit–P–30

അഫീഫ് ഓർമ്മപ്പെടുത്തുന്നത് [35] ഇൻഡ്യയുടെ വ്യവസായവികസനത്തെക്കുറിച്ച് സുദീർഘമായ അനവധിരേഖകൾ ഉദ്ധരിക്കുവാൻ ഒക്കും. ഇവിടെ ഇത്രയും സാഹസത്തിന് ഒരുമ്പെട്ടത് ഇൻഡ്യ വിദേശരാജ്യങ്ങളുമായി സമ്പർക്കത്തിലേർപ്പെട്ടിരുന്നത് വെറും രാഷ്ട്രീയ തന്ത്രജ്ഞതമാത്രം ലക്ഷ്യമാക്കിയായിരുന്നില്ലെന്ന് വ്യക്തമാക്കുവാനാണ്.

മററൊരു പ്രധാനസൂചനയും കൂടി ഈ വ്യവസായവർദ്ധനവ് സ്പഷ്ടമാക്കുന്നുണ്ട്. സുൽത്താൻ മുഹമ്മതിൻെറ കാലത്താണ് ഈ നാട്ടിൽ കലാപവും അരക്ഷിതാവസ്ഥയും നിലനിന്നിരുന്നതെന്നാണല്ലോ ചരിത്രകാരൻമാർ നമ്മേ പഠിപ്പിക്കുന്നത്. ഏതു് രാജ്യത്തും അസമാധാനവും കലഹവും നിത്യേനയെന്നോണം സംഭവിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അതിൻെറ പ്രധാന പ്രതിഫലനം വ്യവസായരംഗത്താണ് ദൃശ്യമാകുക. കച്ചവടമാന്ദ്യവും വിലക്കയററവും തീർച്ചയാണ്. ക്രയവിക്രയങ്ങൾ നടത്തുവാൻ ആരും ഒരു യുദ്ധക്കളത്തിലേക്ക് ഒരുങ്ങിവരികയില്ല. സമൃദ്ധമായും നിരന്തരമായും നടന്നിരുന്ന ഈ വ്യവസായബന്ധം തുഗ്ലക്കിൻെറ കാലത്തുണ്ടായിരുന്നുവെന്നു പെരുപ്പിച്ചു പറയുന്ന ലഹളകൾ, സുൽത്താനെപററിയുള്ള മററു വലിയ നുണകൾപോലെ മാത്രമേ കരുതേണ്ടതുള്ളുവെന്നുകൂടി നമ്മേ അനുസ്മരിപ്പിക്കുന്നുണ്ട്. ഇൻഡ്യയുടെ ശയസ്സ് സർവ്വരംഗങ്ങളിലും ഫലവത്തായി പ്രസിദ്ധിയാർജ്ജിച്ചിരുന്ന ഒരു കാലഘട്ടത്തെയാണ് നാം അരാജകത്വത്തിൻേറയും കുപ്രസിദ്ധിയുടേയും കാലമായെണ്ണി അഗണ്യകോടിയിൽ തള്ളുന്നത്. കഴിഞ്ഞകാലമഹിമയെ ഊതിവീർപ്പിച്ച് വലുതാക്കിയില്ലെങ്കിലും ഉള്ളത് അംഗീകരിക്കുവാൻ കൂടി നാം തയ്യാറാകാത്തതിൻെറ പ്രത്യക്ഷലക്ഷണമാണിത്. മററു ഘട്ടങ്ങളിൽ ഇല്ലാതിരുന്നതുകൂടി ഉണ്ടായിരുന്നുവെന്ന് വാദിച്ചു സ്ഥാപിക്കുവാൻ ആയാസപ്പെടുന്ന നാം മദ്ധ്യകാലഘട്ടത്തിലെ നേട്ടങ്ങളെപോലും ഗൌനിക്കാത്തത് വളരെ

35. Tarikh–i–firozshai–P–400

കഷ്ടമാണ്. മജ്ജുംദാരും മററുമെഴുതുകയും വിശ്വസിക്കുകയും ചെയ്യുന്നതുപോലെ ഒരുപക്ഷേ മുസ്ലീംഭരണവും വിദേശികളുടെ ഭരണമായിട്ടേ നമുക്ക് കാണാൻ പററുന്നുള്ളുവെന്നതാവാം ഇതിനു കാരണം. [36] ഈ ചിന്താഗതി മാററുന്നത് വൈകാരികവും ദേശീയവുമായ ഉദ്ഗ്രഥത്തിന്നാവശ്യമാണ്. മാററിയില്ലെങ്കിൽതന്നെ അവർ ഇവിടെ ഭരിച്ചു എന്നത് ഒരു ചരിത്രസത്യമായിരിക്കുമ്പോഠം അതിൻെറ നേട്ടങ്ങളും കോട്ടങ്ങളും വസ്തുനിഷ്ഠമായിക്കാണുന്നതിലെന്തു തരക്കേടാണുള്ളത്. പക്ഷേ ഇതൊക്കെ ആരോട് ചോദിക്കാനാണ്!

**സാംസ്ക്കാരിക സങ്കരം:–** തുഗ്ളക്ക് മുഹമ്മതിൻെറ കാലത്തുതന്നെയാണ് ഇൻഡ്യൻ മതങ്ങളുടേയും സംസ്ക്കാരങ്ങളുടേയും സങ്കലനം കൂടുതൽ വ്യക്തമാകുവാൻ തുടങ്ങിയത്. അലാവുദ്ദീനം മുഹമ്മത് തുഗ്ളക്കും ഒരിക്കലും മതപണ്ഡിതന്മാർ രാഷ്ട്രീയോപദേഷ്ടാക്കളാകുവാനനുവദിച്ചിരുന്നില്ല. പൌരോഹിത്യത്തെ മാററിനിർത്തിയിരുന്ന ഇവരിരുവരും മതസഹിഷ്ണതകൊണ്ട് ഇൻഡ്യൻ ദേശീയതക്ക് ആമുഖമെഴുതിയവരാണ്. അമുസ്ലീംകഠം കൂടുതൽ സർക്കാർ കാര്യങ്ങളിൽ നിയമിതരാവുകയും പണ്ഡിതവിഭാഗം ഏതു മതക്കാരാണെങ്കിലും ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്നു. ഹിന്ദുവാകട്ടെ മുസ്ലീമാകട്ടെ വിവരമുള്ളവരത്രയും മൂന്നു ഭാഷകഠം സ്വായത്തമാക്കിയവരായിരുന്നു. പേർഷ്യനും, അറബിയും, ഹിന്ദവിയും, സംസാരഭാഷ ഹിന്ദവിയായിരുന്നുവെന്ന് അൽ ഉമറി പ്രസ്താവിക്കുന്നു. ''ബറാണി ഹിന്ദവയിൽ ചിന്തിക്കുകയും പേർഷ്യനിലെഴുതുകയും ചെയ്തതാണെന്ന് അദ്ദേഹത്തിൻെറ പ്രതിപാദനരീതികൊണ്ട് മനസ്സിലാക്കാം'' എന്നാണ് പ്രഫസർ കെ. ഏ. നിസ്സാമി രേഖപ്പെടുത്തിയിട്ടുള്ളത് [37] വിദേശിയായ ഇബിനു ബത്തൂത്തപോ

36 R. C. Majumdar– History of Freedom Movement Vol. I

37 Studies in Medieval Indian History– P. 75

ലും ഹിന്ദവിയിലുള്ള വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. അത്രമാത്രം ജനങ്ങളുടെ ഭാഷയുമായി സമ്പർക്കവും വിനിമയവുമുണ്ടായിരുന്നു ഈ കാലങ്ങളിൽ.

ഏകദൈവ വിശ്വാസവും സാഹോദര്യവുമാണ് ഐസ്ലാമിക ദർശനങ്ങളുടെ ജീവത്തായ സത്ത്. അതിന്റെ സ്വാധീനശക്തി ഇൻഡ്യൻ ചിന്തകരേയും തത്വസംഹിതകളേയും കൂടുതൽ അടുപ്പിച്ചു. ഭക്തിപ്രസ്ഥാനത്തിന് വർദ്ധമാനമായ പ്രചാരം കിട്ടുന്നതും തുഗ്ളക്കിന്റെ ഭരണകാലത്താണ്. അങ്ങനെ ചിന്തയുടേയും അറിവിന്റേയും ചക്രവാളങ്ങൾ വികാസംകൊണ്ട ഈ കാലഘട്ടം അവിസ്മരണീയമാണ്. പക്ഷേ നമ്മുടെ ചരിത്രപ്രതിപാദനത്തിൽ ഇവക്കൊക്കെ ഇനിയും സ്ഥലം കണ്ടുപിടിക്കേണ്ടതായിരിക്കുന്നു.

മുഹമ്മത് തുഗ്ലക്കിനെ സ്മര്യപുരുഷനാക്കുന്ന മറ്റൊരു മഹൽകൃത്യമായിരുന്നു ദേവഗിരിയിൽ നിർമ്മിച്ച രണ്ടാം തലസ്ഥാനം. ദൌലത്താബാദ് എന്നു പേരിട്ട് സുൽത്താൻ ആസൂത്രണം ചെയ്ത ഈ നഗരം ഡൽഹി കഴിഞ്ഞാൽ പ്രഥമസ്ഥാനം അലങ്കരിച്ചിരുന്നുവെന്ന് എല്ലാ സഞ്ചാരികളും പറയുന്നുണ്ട്. സമകാലീനരായ ഇസ്വാമിയും, ബരാണിയും, ബത്തൂത്തയും അൽ ഉമറിയുമൊക്കെ സുദീർഘമായി ഈ നഗരത്തിന്റെ ആസൂത്രിത നിർമ്മാണത്തെ പ്രശംസിക്കുന്നു. സുൽത്താൻതന്നെ ബദർചാച്ചെയെ തുന്നകത്തിൽ അവിടുത്തെ കൊട്ടാരങ്ങളുടേയും കോട്ടകളുടേയും വലുപ്പത്തെ എടുത്തുപറയുന്നുണ്ട്. സുൽത്താൻ മുഹമ്മത് ഈ നഗരിയുടെ നിർമ്മാണംമൂലം ശില്പസംവിധാനത്തെ ദേശീയ ഭാവരൂപങ്ങൾക്ക് വിധേയമാക്കി കലാസാംസ്കാരിക ഐക്യത്തിന്റെ വിത്തുപാകി.

ഈ രണ്ടാം തലസ്ഥാനത്തിന്റെ നിർമ്മാണംകൊണ്ട് വടക്കേ ഇൻഡ്യയിൽ വീശിക്കൊണ്ടിരുന്ന സാംസ്കാരിക നവോത്ഥാനത്തിന്റെ കാ [illegible]

യടിക്കുവാൻ തുടങ്ങി. 'ഇതിന്നുമുമ്പൊരിക്കലും വടക്കൻ രാജ്യങ്ങളുടെ സ്വാധീനം ഇത്ര പ്രകടമായി തെക്കൻ സ്ഥലങ്ങളിൽ ദൃശ്യമായിട്ടില്ല; സുൽത്താൻ മുഹമ്മതിൻെറ ഡക്കാൻ പരീക്ഷണത്തിനുശേഷം എന്നതുപോലെ' യെന്നാണ് പ്രൊഫസ്സർ നിസ്സാമി പ്രസ്താവിക്കുന്നത് [38] ചുരുക്കത്തിൽ സുൽത്താൻെറ ജ്ഞാനതൃഷ്ണയും ഔൽസുക്യവും ഇൻഡ്യയുടെ ചിന്താമണ്ഡലത്തിൽ ഒരു വിചാരവിപ്ളവത്തിൻെറ കാഹളധ്വനി മുഴക്കിയിരുന്നു. അദ്ദേഹം വിതച്ച മതസഹിഷ്ണുതയുടെ വിത്ത് ഫലവത്തായതാണ് അക്ബറുടെ കാലം. പെട്ടെന്ന് ഒരു ദിവസം അക്ബറിന്നനുകൂലമായ കാററ് ഈ നാട്ടിൽ വീശിയതല്ല. തുഗ്ലക്ക് മുഹമ്മതിൻെറ കാലത്ത് വളക്കൂറുള്ള ഈ മണ്ണിൽ വിതച്ച വിത്തുകൾ മുളച്ച് തഴച്ചുവളർന്നതായിരുന്ന അക്ബറിൻെറ കാലം. നാം അക്ബർ ചക്രവർത്തിയെവാനോളം വാഴ്ത്തുമ്പോൾ അദ്ദേഹത്തിന് അത്തരം ആശയങ്ങൾ പ്രായോഗികമാക്കുവാൻ സഹായകമായിനിന്ന മുഹമ്മത് തുഗ്ലക്കിനെ വിഗണിക്കുക മാത്രമല്ല, അപഹസിക്കുകകൂടിയാണ്. എന്തൊരു വിധിവൈചിത്രമാണെന്ന് നോക്കൂ! എന്തായാലും ഇതൊരു ചരിത്രാഭാസമായി മുഴച്ചുനിൽക്കുന്നു.

---

38. Ibid P. 11

## അദ്ധ്യായം ഏഴ്

# മുഹമ്മത് തുഗ്ളക്കിന്റെ ആത്മകഥ

മുഹമ്മത് തുഗ്ലക്കിന്റെ പിൻഗാമിയായ ഫിറോസ് തുഗ്ലക്ക് അദ്ദേഹത്തിന്റെ ആത്മകഥ എഴുതിയിട്ടുള്ളത് ചരിത്രവിദ്യാർത്ഥികൾക്കൊക്കെ അറിയാം. ഫത്തുവായ്—ഫിറോഷാ എന്നാണ് ഈ ഗ്രന്ഥത്തിന്റെ നാമധേയം. ആത്മകഥാകഥനം നടത്തുന്നവർ രണ്ടു പ്രധാന സംഗതികൾ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് സ്റ്റീഫൻസ്പെൽഡർ അദ്ദേഹത്തിന്റെ ആത്മകഥയുടെ മുഖവുരയിൽ പ്രസ്താവിക്കുന്നു. സ്വന്തം പ്രവർത്തികളെ താനെങ്ങനെ വിലയിരുത്തുന്നുവെന്നദ്ദേഹം പ്രകാശിപ്പിക്കേണ്ടതുണ്ട്. രണ്ടാമത്തേത് മററുള്ളവരുടെ പ്രതികരണം എങ്ങിനെയിരിക്കുന്നുവെന്നതും സ്പഷ്ടമാക്കണം. പ്രയാസപ്പെട്ട പണിയാണിത്. ആത്മകഥാകാരൻ അങ്ങിനെ രണ്ടുതരത്തിൽ വായനക്കാരന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ആന്തരിക പ്രകാശിതനായിട്ടും (Introvert) ബാഹ്യപ്രതികരണവക്താവായിട്ടും (Extrovert) ഇവ രണ്ടും സർഗാത്മകപ്രതിഭ കൊണ്ട് രചനാത്മകമായി നിർവ്വഹിക്കുന്നവർ മാത്രമേ ഈ രംഗത്ത് ശോഭിക്കുകയുള്ളു. ഫിറോസിന്റെ പുസ്തകം ഇക്കാര്യത്തിൽ ഏറെക്കുറെ വിജയിച്ചിട്ടുണ്ടെന്ന് പറയാം. എന്നാൽ അദ്ദേഹത്തിന്റെ മുൻഗാമിയായ മുഹമ്മത് തുഗ്ലക്കിന്റേതായി ഒരാത്മകഥ പുറത്തുവന്നിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിക്കുന്ന സർവ്വ സംഗതികളിലും കലർന്നിരിക്കുന്ന മായാവലയം ഇക്കാര്യത്തിലും കാണാം.

1930 ജൂലായിവരെ ഇങ്ങിനെ ഒരു ഗ്രന്ഥമുള്ളതായി പോലും ആർക്കും നിശ്ചയമുണ്ടായിരുന്നില്ല. അക്കൊല്ലം പ്രൊഫസ്സർ മുഹമ്മത് ഹബീബ് ഇംഗ്ലണ്ടിലുള്ള ബ്രിട്ടീഷ് മ്യൂസിയത്തിൽ പരതിക്കൊണ്ടിരുന്നതിനിടയ്ക്കാണ് അമൂല്യമായ ഈ പുസ്തകം കണ്ടുപിടിച്ചത്. 'തബ്ക്കാത്തി നാസിരി' എന്ന ഗ്രന്ഥത്തിന് അനുബന്ധമായി ഇത് ചേർത്തിരിക്കുന്നു. എന്നാൽ പുസ്തകത്തിൻെറ താളുകൾ മുഴുക്കെ കിട്ടിയതുമില്ല. ഹബീബ് ചരിത്രപണ്ഡിതന്മാരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഇങ്ങിനെ എഴുതി ''തന്നെക്കുറിച്ചുള്ള സംശയങ്ങളും തെററിദ്ധാരണകളും സമകാലീനരിൽ കൂടിയും എത്രമാത്രമാണെന്ന് സുൽത്താൻ തികച്ചും ബോധവാനായിരുന്നു. മററു സംസ്കൃതചിത്തരായ രാജാക്കന്മാരെപ്പോലെ അദ്ദേഹവും തൻെറ ഭരണത്തെയും തന്നെയും പററി സ്വന്തം കൈകൊണ്ട് അവ രേഖപ്പെടുത്തിയിരുന്നു. സുൽത്താനെ ആവരണം ചെയ്തിരിക്കുന്ന കടംകഥകൾക്കൊക്കെ ഇതുമൂലം ഒററുതിവരുമായിരുന്നു, ഈ പുസ്തകം മുഴുക്കെ നമുക്ക് ലഭിച്ചിരുന്നെങ്കിൽ. കാലാവസ്ഥയുടെ കരങ്ങളുതീററായെന്നതിനേക്കാൾ മനപൂർവ്വമായി ഇത് നശിപ്പിച്ചതായിരിക്കണമെന്നാണെൻെറ വിശ്വാസം. എന്നാൽ നാലഞ്ചുപേജ്ജുകൾ ആ നശീകരണത്തിൽ നിന്നും രക്ഷപ്പെട്ട് 'തബ്ഖാത്തിനാസിരി' എന്ന ഗ്രന്ഥത്തിൻെറ അനുബന്ധമായി തുന്നിച്ചേർത്തിരിക്കുന്നു'' [1] ഇത് കഴിഞ്ഞ് പിന്നെയും ഒരെട്ടു കൊല്ലത്തിനുശേഷമാണ് ഈ താളുകൾ പുനഃപരിശോധനക്ക് വിധേയമാകുന്നത്. ഡോക്ടർ മെഹിദി ഹുസൈൻ ഇത് പരിവർത്തനം ചെയ്ത് അദ്ദേഹത്തിൻെറ ''മുഹമ്മതു തുഗ്ലക്കിൻെറ ഉയർച്ചയും തകർച്ചയും'' എന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചു. സുൽത്താനെക്കുറിച്ച് നല്ല ഒരു പഠനമാണ് മെഹിദി ഹുസൈൻെറ ഈ പ്രസിദ്ധീകരണം. അദ്ദേഹം ഇതേക്കുറിച്ച് പറയുന്നതിപ്രകാരമാണ് ''ഈ

1. M. U. Aligarh, Intermediate College Magazine, 1930- P. I

ആത്മകഥ സുൽത്താൻെറ സ്വഭാവത്തേയും മാനസികാവസ്ഥയേയും പ്രഫുല്ലമാക്കുന്നുവെന്നു മാത്രമല്ല ബരാണിയുടെ അവ്യക്തമായ വിവരണത്തിൻെറ കുറവ് പരിഹരിക്കുകയും ചെയ്യുന്നുണ്ട്. സുൽത്താൻെറ മുൻഗാമികളോട് പൊതുവേയും പിതാവായ ഗിയാസുദ്ദീനോട് പ്രത്യേകമായും അദ്ദേഹത്തിൻെറ വീക്ഷണമേതുതരത്തിലായിരുന്നുവെന്നും സ്പഷ്ടമായി ചരിത്രവിദ്യാർത്ഥികൾക്ക് മനസ്സിലാക്കിതരുന്നു. അബ്ബസൈഡ് കലീഫയുടെ അധീശത്വം അംഗീകരിക്കുവാനുള്ള കാരണങ്ങളും തെളിച്ചു പ്രതിപാദിക്കുന്നുണ്ട്. ഇതിനൊക്കെ പുറമെ സുൽത്താൻ ഒരു ഭരണാധിപനെന്നനിലയിൽ നേരിടേണ്ടതായി വന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയായിരുന്നുവെന്നും അവസാനം തൻെറ സാമ്രാജ്യം വിഛിന്നമാകുവാനുള്ള കാരണങ്ങളും, ചക്രവർത്തിക്കനുഭവിക്കേണ്ടതായിവന്ന പ്രയാസങ്ങളും വിസ്തരിച്ചിട്ടുണ്ട്'' [2] ചുരുക്കത്തിൽ ഒരു വിലപ്പെട്ട ആധികാരിക രേഖയായിട്ടാണ് മെഹിദി ഹുസൈനും, പ്രൊഫസ്സർ ഹബീബും ഇതു ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ഈ കാണപ്പെട്ട താളുകൾ യഥാർത്ഥത്തിൽ സുൽത്താൻ തന്നെ എഴുതിയതാണോ എന്ന കാര്യത്തിൽ സംശയം പ്രകടിപ്പിക്കുന്നവരും ധാരാളമാണ്. അവരിൽ പ്രധാനിയത്രേ പ്രൊഫസ്സർ കെ. ഏ. നിസ്സാമി. അദ്ദേഹം അസന്നിഗ്ദ്ധമായി പറയുന്നത് ഇത് കള്ള ച്ചരക്കാണെന്നാണ്. തുഗ്ലക്ക് മുഹമ്മതിൻെറ ബുദ്ധിക്കും വൈഭവത്തിനും നിരക്കത്തക്കതല്ല ഇതെന്നുകൂടി അദ്ദേഹമെഴുതുന്നു. അദ്ദേഹത്തിൻെറ വാദഗതിയെ ഇങ്ങിനെ സംഗ്രഹിക്കാം. (1) സുൽത്താൻെറ കൃതിയായിരുന്നു ഇതെങ്കിൽ സമകാലീനർ ഇതേപററി എന്തെങ്കിലും പറയുമായിരുന്നു; പ്രത്യേകിച്ചു സുത്താൻെറ സന്തതസഹചാരിയായിരുന്ന സിയാവുദ്ദീൻ ബരാണി എന്ന ചരിത്രകാരൻ. ഈ

2. Rise and fall of Mohamed Bin Tughlak P. XI

ഒററക്കാർയ്യം തന്നെ ധാരാളമാണ് ഇതിൻെറ ഉത്ഭവത്തെ ക്കുറിച്ച് സംശയിക്കുവാൻ. (2) ചരിത്ര രേഖകളിൽ നിന്നും സംഹരിക്കുവാൻ കഴിയുന്നത്. സുൽത്താൻ ഭാവനാസമ്പന്നനായ പ്രതിഭാശാലിയായിരുന്നുവെന്നാണ് അദ്ദേഹത്തിൻെറ എഴുത്തുകൾ എല്ലാവിഭാഗം പണ്ഡിതന്മാരുടേയും പ്രശംസക്ക വിധേയമായിട്ടുണ്ട്. തനതായ ഒരുശൈലിയും കുറിക്കുകൊള്ളുന്നഅലങ്കാരപ്രയോഗങ്ങളും കാര്യങ്ങളുടെ കാതലോളമിറങ്ങിച്ചെല്ലുന്ന വീക്ഷണവൈദഗ്ദ്ധ്യവും എല്ലാം ആരും സമ്മതിച്ചിട്ടുള്ള സംഗതികളാണ്. എന്നാൽകണ്ടുകിട്ടിയ ഈ പേജുകളിലെ പ്രതിപാദനശൈലിയും ഭാഷയും ഒക്കെ ബരാണിയും കൂട്ടരും പ്രശംസിക്കുന്ന സുൽത്താൻെറ ചേതോഹരമായ ചേതനക്ക് യോജിച്ചതല്ല. ഇത് ഏതെങ്കിലും ഒരു മദ്ധ്യവർത്തിയുടെ കൃതിയായിരിക്കാനാണ് സാദ്ധ്യത. (3) സുൽത്താൻ തൻെറ മുൻഗാമികളെക്കുറിച്ച് അത്ര നല്ല അഭിപ്രായമല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു കാലഘട്ടത്തെ സമൂലം ഒട്ടും നല്ല ഭരണമല്ലാതെ ചിത്രീകരിക്കുകയും തൻെറ മുൻഗാമികളുടെ സ്വഭാവരീതികളിൽ കളങ്കംചേർക്കാൻ ഉതകുകയും ചെയ്യുന്ന പ്രതിപാദനം ഒരിക്കലും ഈ സുൽത്താൻ ചെയ്യുമായിരുന്നില്ല. കരുതിക്കൂട്ടി മററാരോ കൃത്രിമമായി സൃഷ്ടിച്ചതാവണം ഇത്. (4) അന്ന് ജീവിച്ചിരുന്ന താത്വികൻമാരെയും പററി നല്ല അഭിപ്രായമല്ല സുൽത്താൻ രേഖപ്പെടുത്തിയിട്ടുള്ളത്. അവരുമായി നിത്യസമ്പർക്കം ചെയ്തിരുന്ന സുൽത്താൻ ഇത് ചെയ്യുമെന്ന് വിശ്വസിക്കുക പ്രയാസമാണ്. (5) അതല്ലെങ്കിൽ അദ്ദേഹം യഥാസ്ഥിതിക പൗരോഹിത്യത്തിൻെറ വലയത്തിലേക്ക് ജീവിതത്തിൻെറ സായാഹ്നത്തിലെങ്കിലും മടങ്ങിപ്പോയിരിക്കണം. അതുണ്ടായിരുന്നുവെങ്കിൽ പഴഞ്ചത്വത്തിൻെറ ജീവനുള്ള പിറവിയായിരുന്ന ബർണി വളരെ സന്തോഷത്തോടു കൂടി ഇക്കാര്യം പ്രസ്താവിക്കുമായിരുന്നു. ഇത് ണ്ടുമല്ലാത്തപ്പോൾ ദാർശനികരേയും വിജ്ഞാനികളേയും ആക്ഷേപിച്ചെഴുതിയിരിക്കു

ന്നത് സുൽത്താനായിരിക്കുകയില്ല [3] ഇങ്ങിനെ പോകുന്നു ഈ വാദഗതി. മററൊരു പണ്ഡിതൻ പറയുന്നത് ഈ രേഖ സുൽത്താൻ ഈജിപ്തിലെ കലീഫയ്ക്ക് തൻെറ അംഗീകാരത്തിന്നുവേണ്ടി സമർപ്പിച്ച പത്രികയുടെ ഭാഗമായരിക്കു''മെന്നാണ്. [4] അങ്ങിനെ സുൽത്താൻെറ ആത്മകഥയുടെ കാര്യത്തിലും കനത്ത വിവാദമാണ് നിലനില്ക്കുന്നത്.

സുൽത്താനെക്കുറിച്ചുള്ള പഠനം പൂർണ്ണമായെന്നു പറയുവനൊക്കണമെങ്കിൽ താർക്കികവിഷയമായ ഈ ആത്മകഥയുടെ കാര്യവും കൂടി വിശകലനം ചെയ്യേണ്ടതായിവരും. പണ്ഡിതൻമാരായ പലരുടേയും അനുകൂലാഭിപ്രായങ്ങൾ പരിശോധനാവിധേയമാക്കുകയും വേണം – പ്രഫസ്സർ നിസാമിയാണല്ലോ പ്രധാനമായും ഇത് സുൽത്താനെഴുതിയതല്ലെന്ന് പ്രഖ്യാപിക്കുന്നത്. അദ്ദേഹത്തിൻെറ വാദം നാം കേൾക്കുകയും ചെയ്തു, നിസ്സാമിയുടെ ആക്ഷേപം. (1) സമകാലീനരായ എഴുത്തുകാരെല്ലാം ഇതേ പററി അജ്ഞരായിരുന്നുവെന്നതിലാണ്. ചരിത്രകാരനായ [5] ബരാണിപോലും ഇങ്ങിനെ ഒരു സംഗതി അറിഞ്ഞിരുന്നില്ല. ശരിയാണ്. സുൽത്താൻെറ ഈ ആത്മകഥയുടെ താളുകൾ ശ്രദ്ധിച്ചുവായിച്ചാൽ എന്തുകൊണ്ടാണിത്ഇത്രയും ഗോപ്യമായി സൂക്ഷിച്ചിരുന്നത് എന്നു വ്യക്തമാകും. സന്തതസഹചാരിയായി പ്രഫസ്സർ വിശേഷിപ്പിക്കുന്ന ബരാണിപോലും സുൽത്താനോട് പകയും വിദ്വേഷവും പുലർത്തിയിരുന്ന വ്യക്തിയായിരുന്നു. സുൽത്താനെക്കുറിച്ച് ബരാണി എന്തെല്ലാം ദൂഷണങ്ങളാണ് എഴുതി തള്ളിയിരുന്നതെന്ന് നാം പല സ്ഥലങ്ങളിലായി പ്രസ്താവിച്ചിട്ടുണ്ട്. സുൽത്താൻെറ മതസഹി

---

3. Vide studies is Medieval Indian History. PP. 76-85
4. Ishtiaq Hussain–Administration of the Sultanate of Delhi P.16
5. Studles in Medieval Indian History–P. 77

ഷ്ണുതയും വിജ്ഞാനതൃഷ്ണയുമായിരുന്നു പ്രധാനമായും ബറാണിക്കും കൂട്ടർക്കും ദഹിക്കാതിരുന്നത്. ആ ദഹനക്കേടിന്റെ ദുർഗന്ധംവമിക്കുന്ന ഛർദ്ദിയാണ് സുൽത്താനെക്കുറിച്ചുള്ള വിവരണത്തിലുടനീളം കാണുക. സുൽത്താൻ ബറാണിയോട് പൊതുകാര്യങ്ങൾപോലും ചർച്ച ചെയ്തിരുന്നില്ലെന്നതിന് തെളിവുണ്ട്. ''സുൽത്താൻമുഹമ്മത് മൂന്നുനാലു പദ്ധതികൾ സ്വന്തമായാസൂത്രണം ചെയ്തു...............എന്നാൽ ഇവയെക്കുറിച്ച് തന്റെ ഉപദേശകരോടോ സുഹൃത്തുക്കളോടുപോലുമോ അദ്ദേഹം സംസാരിച്ചിരുന്നില്ല.'' [6] ബറാണി തന്നെ ഈ പരമാർത്ഥം വ്യക്തമാക്കുമ്പോൾ പിന്നെ സ്വകാര്യസംഗതികൾ ബറാണിയെ അറിയിച്ചിരുന്നില്ലാത്തതുകൊണ്ട് ഇത് സുൽത്താന്റേതല്ലെന്ന് പറയുന്നത് യുക്തിയല്ല. ബറാണിയുടെ പ്രസിദ്ധമായ രാഷ്ട്രീയ സിദ്ധാന്തങ്ങളൊന്നും രഹസ്യമായിരുന്നില്ല. അദ്ദേഹത്തിന്റെ 'ഫത്തുവായ് ജഹാന്താരി' ഒരു രാഷ്ട്രീയ മീമാംസാഗ്രന്ഥമാണ്. ബറാണി ഒരു മുസ്ലീം സുൽത്താനിൽനിന്നും പ്രതീക്ഷിച്ചിരുന്നതെന്തൊക്കെയെന്ന് വളരെ സ്പഷ്ടമായിതിൽ വിവരിച്ചിട്ടുണ്ട്. പുറമേ അന്നുണ്ടായിരുന്ന പണ്ഡിതന്മാരിലധികവും തുഗ്ലക്ക് മുഹമ്മതിന്റെ രാഷ്ട്രീയ മതനയങ്ങൾക്കെതിരായിരുന്നുവെന്ന കാര്യവും ആർക്കുമറിയാത്തതല്ല. ഈ യാഥാസ്ഥിതികസംഘത്തിന്റെ നേതാവായ ബറാണിയെ സുൽത്താൻ ശരിക്കും മനസ്സിലാക്കിയിരുന്നിരിക്കണം വിശേഷാത്തരമായ അദ്ദേഹത്തിന്റെ വിശാലമനസ്കതയും പാണ്ഡിത്യപ്രേമവുമായിരിക്കണം ബറാണിയെ തിരസ്കരിക്കാതിരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ബറാണിപോലും ഇത് കണ്ടില്ലെന്നതു തന്നെ സുൽത്താൻ വളരെ രഹസ്യമായിട്ടാണിത് കുറിച്ചതെന്നും സമകാലീനരുടെ കണ്ണിൽപെടരുതെന്ന് അദ്ദേഹത്തിന്ന് ശാഠ്യമുണ്ടായിരുന്നുവെന്നും തെളിയിക്കുന്നുണ്ട്. അവരുടെയൊക്കെ ചിന്താ

6. z. Barani - Elliot etc Vol III, P. 237.

ഗതി ശരിക്കും ധരിച്ചിരുന്ന സുൽത്താൻ തൻെറ ഈ ഗ്രന്ഥം
അത്തരക്കാർ കാണരുതെന്നാശിച്ചതും ന്യായമാണ്. അവർ
ക്കൊക്കെ മനഃശല്യവും വിമ്മിഷ്ടവുമുണ്ടാക്കുന്ന ഒരു കൃതി
എന്തിന് പരസ്യപ്പെടുത്തുന്നുവെന്ന് യുക്തിപൂർവ്വം അദ്ദേ
ഹം ധരിച്ചുമിരിക്കും. പുറമെ ഒരു പുസ്തകമെഴുതി പാ
ണ്ഡിത്യത്തിൻെറ പന്തിയിലേക്ക് അദ്ദേഹത്തിന് കയറു
കയും വേണ്ടായിരുന്നു. തന്നെപ്പററി കെട്ടുകഥകളും രക്ത
ദാഹവും ഒട്ടും മടിയില്ലാതെ എഴുതിതള്ളിയവരാണ് അന്നു
ണ്ടായിരുന്ന പണ്ഡിതന്മാരെന്ന് നാം പറഞ്ഞതാണ്.
അത്തരക്കാരുടെ മദ്ധ്യത്തിൽ കഴിഞ്ഞ സുൽത്താൻ തൻെറ
ഹൃദയഭാരം ഇറക്കിവെക്കുവാൻ വേണ്ടി ഗോപ്യമായെഴുതിയ
തായിരിക്കണം ഈ ആത്മകഥ. അത് മററാരേയും കാ
ണിക്കാതിരുന്നതും ഇതുകൊണ്ടുതന്നെയാണ്.

രണ്ടാമത്തെ വാദഗതി തീരെ നിലനില്ക്കത്തക്കതല്ല.
തുഗ്ലക്ക് മുഹമ്മതിൻെറ ശാലീനമായ ശൈലിക്കും വൈ
ജ്ഞാനിക വൈഭവത്തിനും പററാത്ത രീതിയിലാണ് ഈ
ഏടുകളുടെ സംവിധാനമെന്നാണ് നിസാമി എഴുതുന്നത്.
[7] തുഗ്ലക്ക് അന്നുണ്ടായിരുന്ന മഹാപണ്ഡിതന്മാരിൽ
അഗ്രേസരനായിരുന്നുവെന്ന കാര്യത്തിൽ ആർക്കും തർക്ക
മില്ല. അദ്ദേഹം ധാരാളം കവിതകളെഴുതിയിട്ടുണ്ട്. ഭംഗി
യായി കത്തുകളെഴുതുന്നതിൽ കലാവല്ലഭനുമായിരുന്നു.
അദ്ദേഹത്തിൻെറ കൈവിരുത് കാണാത്ത, അറിയപ്പെട്ടി
രുന്ന ഒരൊററ ശാസ്ത്രവും അന്നുണ്ടായിരുന്നില്ല. ഒരാൾ
കവിതക്കും സാഹിത്യത്തിന്നും ഉപയോഗിക്കുന്ന അലങ്കാര
വും ശൈലിയും ചരിത്രരചനക്കും ആത്മകഥക്കുമുപയോ
ഗിക്കണമെന്ന് നിർബ്ബന്ധിക്കുന്നത് ശരിയല്ല. അതും
തൻെറ ദുഃഖഭാരം ഇറക്കിവെയ്ക്കുവാൻവേണ്ടി മാത്രം രഹ
സ്യമായി വല്ലപ്പോഴുമായി എഴുതിതള്ളിയ ഒരു പുസ്തക
ത്തിൽ. നാം അലങ്കാരത്തിനും തോരണത്തിനും മേനിപറ

7. Prof. K. A. Nizami, op. cit. P. 79.

ച്ചിലിനുമൊക്കെ പോകുന്ന സന്ദർഭം സത്യസന്ധമായി ആത്മപ്രകശനം നടത്തുമ്പോഴല്ല പലപ്പോഴും. സ്വന്തം കാര്യമെഴുതുന്നിടത്ത് അത്ര കസറാപുപിടിപ്പിക്കേണ്ടെന്ന് സുൽത്താൻ കരുതിയിരിക്കും. പ്രഫസ്സർ പരിതിപറയുന്നതുപോലെ അത്ര മോശപ്പെട്ട ഭാഷയോ ശുഷ്കമായ ഭാവനാപ്രകടനമോ ഒന്നും എനിക്ക് കാണുവാൻ സാധിക്കുന്നില്ല. ഒരു പക്ഷേ പേർഷ്യൻ ഭാഷയിലാണല്ലോ ഇതിൻെറ മൂലഗ്രന്ഥം. ഇംഗ്ലീഷിലുള്ള തർജ്ജമ വിശ്വസിക്കാമെങ്കിൽ മുഹമ്മത് തുഗ്ലക്കിൻെറ ബുദ്ധിവൈഭത്തെ ഇടിച്ചുതാഴ്ത്തത്തക്ക ഒന്നുമിതിലില്ല. [8] മാത്രമല്ല, ഹൃദയം മുററിനില്ക്കുന്ന സത്യപ്രകാശത്തിൻെറ ആത്മാഭിലാഷം ഓരോ വരിയിലും തുസിക്കുന്നുമുണ്ട്.

3. സുൽത്താൻ തൻെറ മുൻഗാമികളെക്കുറിച്ച് നല്ല അഭിപ്രായമല്ല രേഖപ്പെടുത്തിയിരിക്കുന്നത്. മൺമറഞ്ഞ തൻെറ പിതാമഹന്മാരെ ഒരിക്കലും സുൽത്താൻ ആക്ഷേപിക്കുമായിരുന്നില്ല എന്നതാണ് മററൊരു പോയിൻറ്. [9] മുഹമ്മതു തുഗ്ലക്കിനെക്കുറിച്ച് അമിതമായി പ്രശംസിക്കുന്ന ഗ്രന്ഥകാരൻ വളരെ ബാലിശമായ ഒരു ചിന്താഗതിയാണവതരിപ്പിക്കുന്നത് എന്നു ഖേദപൂർവ്വം എടുത്തു പറയേണ്ടതായിരിക്കുന്നു. സുൽത്താൻ തൻെറ മുൻഗാമികളുടെ പ്രവർത്തികളെക്കുറിച്ചെഴുതിയത് അപലപനീയമാക്കേണ്ടതുണ്ടായിരുന്നില്ല. അവരത്രയും നല്ലവരായിരുന്നുവെന്നോ ഭരണപടുക്കളായിരുന്നുവെന്നോ സുൽത്താനെഴുതിയിരുന്നെങ്കിൽ അവ ചരിത്രസത്യങ്ങൾക്ക് എതിരാകുമായിരുന്നില്ലേ? കഴിഞ്ഞകാലചരിത്രത്തെ അയവിറക്കുമ്പോൾ സ്വന്തം വിചാരവികാരങ്ങൾക്കിട കൊടുക്കുന്നത് സ്വീകാര്യമായ പ്രവണതയല്ല. ഇതറിഞ്ഞിരുന്നിട്ടുകൂടിയും പ്രഫസ്സർ തൻെറ നിഗമനം ശരിയാണെന്നു സ്ഥാപിക്കു

8. Vide Rise and fall of Mohamed Bin Tughlak. Also see Intermediate Magazine, M. U. Aligarh 1930.
9. Prof K. A. Nizami - op, cit. P. 80.

വാനുള്ള സാഹസത്തിൽ ചരിത്രത്തിന്റെ അനിവാര്യഘടകമായ വസ്തുനിഷ്ഠമായ പ്രതിപാദനമെന്ന തത്വത്തെ ഇക്കാര്യത്തിൽ വിഗണിക്കുന്നു. പണ്ഡിതനായ സുൽത്താൻ തനിക്കു ലഭിച്ചിരുന്ന ആധികാരികരേഖകളുടെ വെളിച്ചത്തിൽ ആത്മാർത്ഥമായി രേഖപ്പെടുത്തിയിരിക്കുന്ന വരികളാണിതിലുള്ളതെന്ന കാര്യത്തിൽ വളരെയൊന്നും സംശയിക്കേണ്ടതില്ല.

പ്രഫസ്സർ നിസാമിതന്നെ ഉദാഹരണമായി എടുത്തു ചേർത്തിരിക്കുന്ന ഭാഗം തന്നെ മതി അദ്ദേഹത്തിന്റെ അഭിപ്രായത്തെ തളർത്തുവാൻ. ബാൽബനെക്കുറിച്ച് തുഗ്ലക്കിന്റെ അഭിപ്രായം ഇതായിരുന്നു. ''ഈ സുൽത്താൻ ഭരണാധിപനായതോടുകൂടി അദ്ദേഹം കൊടുംക്രൂരതകളും പെരുത്ത് ദ്രോഹവുംചെയ്തു. അതിന്റെ ഫലമായി മതം തളരുവാനും ഇസ്ലാമികാശയങ്ങളെ വിഗണിച്ച് ജനങ്ങളും അത്തരം പ്രവർത്തികൾ ചെയ്യുവാനും തുടങ്ങി. ഇത്തരം ചീത്തപ്രവർത്തികൾ ലാഭകരമായി ജനങ്ങൾ വിശ്വസിച്ചു. ക്രൂരമായ ഭാവം രാജത്വത്തിന്റെ നിയാമകശക്തിയായി കണക്കാക്കിയിരുന്നു. തോന്ന്യാസകരമായ അക്രമപ്രവർത്തികൾ ആ പദവിയിലേക്കുയരാനുള്ള കോവണികളായും. അങ്ങിനെ സിംഹാസനം ഒരു അക്രമിയിൽനിന്നും മറെറാരക്രമിയിലേക്കും, ഒരു കലഹക്കാരനിൽനിന്നും വേറൊരു കലഹക്കാരനിലേക്കും മാറിമാറി വീണു.' ഈ ഭാഗത്തെയുദ്ധരിച്ച് നിസ്സാമി എഴുതുന്നത് ബാൽബന്റെ കാലത്ത് ഇസ്ലാമികശക്തിക്കു ക്ഷതംതട്ടിയിരുന്നില്ലെന്നും ബാൽബനെക്കുറിച്ച് ഈ എഴുതിയിരിക്കുന്നത് സത്യസന്ധമല്ലെന്നമാണ്.[11] ബാൽബൻ ചക്രവർത്തിയാകുന്നതുതന്നെ തന്റെ മകളുടെ ഭർത്താവും സുൽത്താനുമായിരുന്ന നാസറുദ്ദീനെ ഉപായത്തിൽ ഹിംസിച്ചതിനുശേഷമായിരുന്നുവെന്നു പ്രഫസ്സർ മറെറാരു അദ്ധ്യായത്തിൽ പറയുന്നുണ്ട്.'[12] ചക്രവർത്തിയായതിനുശേഷം അനേകായിരം പേരെ ഒന്നിച്ച് വധ

11. Ibid P.80
12. Ibid PP 56–59

ശിക്ഷ നടത്തി പൊതുനിരത്തിൽ ശവം കെട്ടിനിറുത്തിയി ബാൽബൻ ക്രൂരനായിരുന്നുവെന്ന് മുഹമ്മത് കുറിക്കുന്ന തുകൊണ്ട് അതദ്ദേഹം എഴുതിയതല്ലാതാകുന്നതെങ്ങിനെ? അങ്ങിനെയായിരുന്നുവെങ്കിൽ ബരാണിയുടേയും, അഫീ ഫിൻേറയും, ബത്തൂത്തയുടേയും ചരിത്രം അവരുടേതല്ലെ ന്ന് പറയേണ്ടതായിവരികയില്ലെ? പേരുകൊണ്ടുമുസ്ലീംകളാ യിരിക്കുന്നവരാണല്ലോ ഒട്ടുമിക്ക ആളുകളും. കള്ളത്തരങ്ങളും, ഗൂഢാലോചനകളും, മനുഷ്യഹത്യകളും ഏതു മുസ്ലീമിനു ചേർന്നതാണ്! ഒരിക്കലും ഇസ്ളാമികമല്ല അവയൊ ന്നും. ബാൽബൻ ചക്രവർത്തിയാകുന്നതിനുമുമ്പുള്ള ഇന്ത്യൻ രാഷ്ട്രീയത്തിലെ അസ്ഥിരാവസ്ഥയും അടിക്കടിമാറിക്കൊണ്ടിരുന്ന ഡൽഹി സിംഹാസനാധിപതി കളും എന്തൊന്നിനെയാണ് സൂചിപ്പിക്കുന്നത്? സുൽ ത്താൻ പറയുന്നതുപോലെ ഏതു കലഹക്കാരനും തന്ത്ര വും ക്രൂരതയുംകൊണ്ട് കടന്നുപിടിച്ചെടുക്കാവുന്ന ആ സ്ഥാനമായിത്തീർന്നിരുന്നു ഡൽഹി സിംഹാസനം എ ന്നതുകൊണ്ടുതന്നെയാണല്ലോ ബാൽബന് ചക്രവർത്തിയാ കുവാൻ പററുന്നതുതന്നെ. അധികാരത്തിനുവേണ്ടി മനു ഷ്യനെ കഴുത്തറുക്കുകയും വഞ്ചിച്ച് വധിക്കുകയും ചെ യ്യുന്ന രീതി പ്രഭുക്കന്മാരാകമാനം പരിശീലിച്ചിരുന്നു വെന്ന് ബരാണിയും മററും രേഖപ്പെടുത്തിയിട്ടുണ്ട് ആ അനുഭവപാഠം മനസ്സിൽ വെച്ചുകൊണ്ടാണ് ബാൽബൻ ചക്രവർത്തിയായപ്പോഠം ആദ്യം ഈ മുസ്ളീം പ്രഭുക്കൻ മാരെ മുഴുക്കെ കഥാശേഷരാക്കിയതും. , മനുഷ്യനെ വക വരുത്തുന്ന നീചപ്രവൃത്തി ക്രൂരമായിരുന്നുവെന്ന് സുൽ ത്താൻ മുഹമ്മത് കുറിച്ചുവെങ്കിൽ അതിൽ അപാകതയു ണ്ടെന്നോ രാജകീയതക്ക് യോജിക്കാത്തതാണെന്നോ ഒക്കെ വ്യവഹരിക്കുവാൻ സാദ്ധ്യമല്ല; തീർച്ച.

സുൽത്താൻ തൻെറ വിവരണത്തിൽ അലാവുദ്ദീൻെറ ഗുണഗണങ്ങളെ പറയുന്നതോടുകൂടി അദ്ദേഹത്തിൻെറ സ്വഭാവത്തെ ഇങ്ങനെയാണ് വരച്ചുകാട്ടുന്നത്. ''ഇസ്ലാമി

ൻെറ അടിസ്ഥാനതത്വങ്ങൾപോലും അദ്ദേഹത്തിന് വശമായിരുന്നില്ല. അതുമല്ലെങ്കിൽ ഗവൺമെൻറിനെപററിയോ രാജത്വത്തെക്കുറിച്ചോ അദ്ദേഹത്തിന് തെല്ലുപോലും ധാരണയുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ ഭരണകാലത്ത് ഇസ്ലാമിൻെറ അംശംപോലും അവശേഷിച്ചിരുന്നില്ല. നിയമാനുസൃതമായവയെന്തുണ്ടോ അവ നിയമരഹിതമാക്കുകയും ചെയ്യരുതാത്തവയ്ക്ക് നിയമാംഗീകാരം കൊടുക്കുകയും ചെയ്തിരുന്നു.'' അലാവുദ്ദീനെപററിയുള്ള ഈ പരാമർശവും നീതിക്കു നിരക്കാത്തതാണെന്ന് സ്ഥാപിക്കുവാൻ ബരാണിയുടെ ഒരുദ്ധരണിയാണ് പ്രഫസ്സർ ആശ്രയിക്കുന്നത്. ''9—ാമത്തെ അത്ഭുതമെന്നു പറയത്തക്കവണ്ണം അലാവുദ്ദീൻെറ അവസാനത്തെ പത്തു കൊല്ലമായപ്പോഴേക്കും, മുസ്ലീം ജനത സത്യസന്ധതയും, ബാദ്ധ്യതകളിലും ഇടപാടുകളിലും സത്യദീക്ഷയും. മര്യാദയുമെല്ലാം അനുഷ്ഠിക്കുവാൻ തുടങ്ങി. മനുഷ്യഹൃദയങ്ങൾ നല്ല പ്രവർത്തികളെക്കുറിച്ചു ചിന്തിക്കുവാനും അവ ചെയ്യുവാനും ആഗ്രഹം പ്രകടിപ്പിച്ചു. വീഞ്ഞിൻേറയും ചൂതുകളിയുടേയും അതുപോലുള്ള പാപകരമായ മററു പ്രവർത്തികളുടേയും പേരുപോലും ആരും ഉച്ചരിക്കാതെയുമായി''. [13] ബരാണിയുടെ ഈ പ്രസ്താവം ഏറെക്കുറെ ശരിയായിരുന്നിരിക്കണം. പക്ഷേ ഇവ നടപ്പിലായത് ഇസ്ലാമികശാസനകളനുസരിക്കുവാനുള്ള മുസ്ലീം പ്രഭുക്കളുടെ ചേതോഹാരിതകൊണ്ടായിരുന്നില്ല. അലാവുദ്ദീൻെറ കർക്കശമായ ക്രൂരനയംമൂലമായിരുന്നു. മുസ്ലീംപ്രഭുക്കളെ ബാൽബനെപ്പോലെതന്നെ കഠിനമായി ശിക്ഷിക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുകയും ചെയ്ത അലാവുദ്ദീൻ പ്രായോഗിക രാഷ്ട്രീയപടുവാണ്. വീഞ്ഞ് കുടി ചൂതാട്ടം, സംഘം ചേരൽ, തുടങ്ങിയവ നിയമം മൂലം നിരോധിച്ച അലാവുദ്ദീൻ രാജ്യരക്ഷയെ കരുതിയാണവ നടപ്പിലാക്കിയത്. തൻെറ മാർക്കററ് പരീക്ഷണം നടത്തിയപ്പോഴും, തൂക്കത്തിലും അളവിലും ചതി നട

13. Tarikh – Firozshahi - P. 341

ത്തിയവരുടെ മാംസം വെട്ടി തൂക്കമൊപ്പിച്ച കഥകറം ബരാണിതന്നെ വിസ്തരിക്കുന്നുണ്ട്. അങ്ങിനെ ഭയം ഒന്നുകൊണ്ടുമാത്രമായിരുന്നു ബരാണി പറയുന്ന മര്യാദയും സൽസ്വഭാവവും ഇൻഡ്യൻ മുസ്ലീമാന്മാർ ശീലിച്ചത്. അല്ലാതെ പരിശുദ്ധമായ ഇസ്ളാമികനിയമങ്ങളെ ഉറംക്കൊണ്ടിട്ടായിരുന്നില്ല. അല്ലെങ്കിൽ വീഞ്ഞുകുടിയും ചൂതുകളിയും വ്യഭിചാരവും നിർത്തുവാൻ നിയമം പുതുതായി വേണ്ടിവരികയില്ലായിരുന്നു. ഇതൊക്കെക്കൊണ്ടാണ് തുഗ്ലക്ക് ആലേഖ്യം ചെയ്തത് ''ഇസ്ളാമിൻെറ നിഴൽപോലും ശേഷിച്ചിരുന്നില്ലെ''ന്ന്.

അതുപോലെതന്നെ അലാവുദ്ദീന് ഇസ്ലാമികശാസനകറം ഒന്നുംതന്നെ അറിയില്ലെന്ന അദ്ദേഹം തന്നെ പ്രസ്താവിച്ചിരുന്നതായി ബരാണിയും മററും രേഖപ്പെടുത്തിയിട്ടുണ്ട്.[14] ''രാജ്യത്തിനു ഗുണമെന്നു തോന്നുന്നത്.'' ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. പ്രഖ്യാപിതമായ ഒരു നയം സുനിശ്ചിതമാക്കുവാനദ്ദേഹത്തിന്നതുമൂലമൊത്തിരിക്കുവാനും തരമില്ല. അലാവുദ്ദീൻെറ ഈ നയം കൂടുതൽ പ്രായോഗികമായിരുന്നിരിക്കാം. പക്ഷേ രാഷ്ട്രീയമീമാംസയും ശാസ്ത്രവുമൊക്കെ ഹൃദിസ്ഥമാക്കിയിരുന്ന വിവേകിയായ ഒരു പണ്ഡിതൻ അവയെ വിലയിരുത്തുമ്പോറം താൽക്കാലിക ജയപരാജയങ്ങളെ ആയിരിക്കുകയില്ല. കണക്കിലെടുക്കുക. പ്രത്യുത ദൃഢതരമായ സ്ഥായീഭാവങ്ങളെയായിരിക്കും. ഫലം കണ്ടതിനുശേഷം ഓരോ സംഗതികറംക്കും വിലയിടുന്ന രീതി ഉയർന്നതരമല്ല. അതിൽ ശാശ്വതമായ മൂല്യങ്ങറംക്ക് മുൻതൂക്കം നൽകുന്ന സുൽത്താൻ തീർച്ചയായും ഉത്തമനായ ഒരു ചരിത്രവിമർശകനാകുകയാണിവടെ. തീർച്ചയായും ഇത് മുഹമ്മതുതുഗ്ലക്കിൻെറ ബുദ്ധിക്കുമാത്രം ഉയർത്തികാട്ടുവാൻ കഴിയുന്ന വിലപ്പെട്ട നിഗമനവുമാണ്.

ഇത്രയുമെടുത്തുദ്ധരിച്ചുകൊണ്ടാണ് സുൽത്താൻ തൻെറ പൂർവ്വികന്മാരെ മുഴുക്കെ അപഹസിക്കുന്ന തര

14 Elliot & Dowson, Vol III, P. 183

ത്തിലാണ് എഴുതി ഒപ്പിച്ചിരിക്കുന്നതെന്നും മഹാനായ അദ്ദേഹം അതു ഒരിക്കലും ചെയ്തിരിക്കില്ലെന്നും തന്മൂലം ഇത് സുൽത്താനെഴുതിയതല്ലെന്നും ഉപസംഹരിക്കുന്നത്. ഇത് ഒട്ടും നിലനിൽക്കാത്ത ചിന്താഗതിയാണെന്ന് നാം കണ്ടു. മറിച്ചുള്ള പ്രതികരണമാണ് നമുക്കുണ്ടാകുന്നതും. ചരിത്രവിവരണത്തിൽ അവശ്യം അനുഷ്ഠിക്കേണ്ട സത്യസന്ധത സുൽത്താൻ ദീക്ഷിക്കുക മാത്രമേ ചെയ്തിട്ടുള്ളു. അദ്ദേഹത്തിൻെറ കൂർമ്മബുദ്ധി ഓരോ കാലത്തിൻേറയും നാഡിമിടിപ്പ് ശരിക്കും മനസ്സിലാക്കിയിട്ടുമുണ്ട് ഒരിക്കലും സുൽത്താൻെറ വലുപ്പത്തിനോ ബുദ്ധിയ്ക്കോ ഇടിച്ചിൽ വരത്തക്ക ഒന്നുമില്ലെന്നു മാത്രമല്ല അവ അദ്ദേഹത്തിൻെറ ജിജ്ഞാസയുടേയും വിവേചനാശക്തിയുടേയും പ്രതിഫലനവും കൂടിയാണെന്നതിൽ സംശയം വേണ്ട.

ഇതുതന്നെയാണ് തൻെറ സമകാലീനരായ താത്വികരേയും പണ്ഡിതന്മാരേയും കുറിച്ച് അദ്ദേഹം പുകഴ്ത്തിയില്ല എന്നു പറയുന്നതിൻെറ പിന്നിലുമുള്ളത്. ബരാണി വളരെ ഖേദപൂർവ്വം രേഖപ്പെടുത്തുന്നതിങ്ങനെയാണ്. ''ഒരു പണ്ഡിതനും സത്യസന്ധനോ നിസ്വാർത്ഥനോ അല്ല. അവസരസേവയും മുഖസ്തുതിയുമായി കഴിയുന്നവരാണധികവും'' [15] തൻെറ സഹപ്രവർത്തകന്മാരെക്കുറിച്ച് ബരാണി എഴുതുന്ന ഈ അഭിപ്രായത്തിൽ കൂടുതലായൊന്നും സുൽത്താനും പറയാനുണ്ടായില്ല എന്നത് ഒരു കുററമാകുന്നതെങ്ങിനെയെന്ന് പിടികിട്ടുന്നില്ല. പണ്ഡിതനായിരുന്ന ഈ സുൽത്താന് അറിവിൻെറ പുറം പൂച്ചു കാണിക്കുന്ന പൊങ്ങച്ചക്കാരോട് അത്ര മതിപ്പുണ്ടാകേണ്ട കാര്യമില്ല. അവരുടെ അറിവ് ഏതേത് മണ്ഡലത്തിൽ എത്രയെത്രയാണെന്ന് ശരിക്കും മനസ്സിലാക്കിയിരുന്ന അദ്ദേഹത്തിന് അവരോടൊക്കെ അമിതമായ പ്രീതി തോന്നേണ്ട കാര്യവുമുണ്ടായിരുന്നില്ല. വെറും ഹി

---

15 Ibid

പ്പോ(ക്രാററുകളായിരുന്ന ഇവർക്ക് അറിവിന്റെ അഹംഭാവം കാട്ടുവാൻ പററാതിരുന്നത് ഈ സുൽത്താനോട് മാത്രമായിരുന്നു. തങ്ങളുടെ ചരക്ക് വിററഴിക്കുവാനവർക്കതു മൂലം മററു പോംവഴികളാരേയേണ്ടതായും വന്നു. തൻമൂലം സുൽത്താനോടവർക്ക് അരിശവും പുഛവും തോന്നുക സ്വാഭാവികമാണ്. പുറമേ അദ്ദേഹത്തിന്റെ മതസഹിഷ്ണുതയും കൂടിയായപ്പോൾ ഇവരൊക്കെ സുൽത്താനെ ശപിക്കുകയും ചെയ്തിരുന്നു. ബരാണി പറയുന്ന ഈ പണ്ഡിത വ്യൂഹത്തെ സുൽത്താൻ മുഹമ്മത് അത്ര പുകഴ്ത്തിയില്ലെന്നതു തന്നെ അദ്ദേഹത്തിന്റെ വലുപ്പത്തെയാണ് പ്രതിനിധാനം ചെയ്യുക. മറിച്ചാകാൻ തരമില്ല. അല്ലാതെ നിസാമി വാദിക്കുന്നതുപോലെ സുൽത്താൻ വാർദ്ധക്യമായപ്പോഴേക്കും മുസ്ലീം പൗരോഹിത്യത്തിന്റെ പിടിയിലമർന്നതുകൊണ്ട് ദാർശനികരേയും ശാസ്ത്രകാരന്മാരേയും കുറിച്ച് മോശമായി രേഖപ്പെടുത്തിയതല്ല. സത്യമതായിരുന്നതുകൊണ്ടുമാത്രം. നാം ഒരാളുടെ പാണ്ഡിത്യത്തേയോ, കഴിവിനേയോ തുലനം ചെയ്യുന്നത് സ്വായത്തമായ ഗ്രാഹ്യ ശക്തിയും സിദ്ധിയും കൊണ്ടാണല്ലോ. പ്രഗത്ഭനെന്ന് എല്ലാവരാലും അംഗീകരിക്കപ്പെടുന്ന സുൽത്താൻ അദ്ദേഹത്തിന്റെ വലുപ്പം വെച്ചു തന്നെ മററുള്ളവരെ അളന്ന് തിട്ടപ്പെടുത്തിയപ്പോൾ ആരുംഅത്ര അധികം പ്രമാണികളായില്ലെന്നു മാത്രമേയുള്ളൂ ഇതൊററക്കാര്യം തന്നെമതി ഈ ലഭിച്ചിരിക്കുന്ന ഭാഗം സുൽത്തന്റെ ആത്മകഥയുടെ ശേഷിച്ചതാളുകളാണെന്ന് സമർത്ഥിക്കുവാൻ.

തന്റെ സമകാലീനരെക്കുറിച്ചും പൂർവ്വികരായ സുൽത്താൻമാരെക്കുറിച്ചും നിഷ്പക്ഷമായി രേഖപ്പെടുത്തിയപ്പോൾ പലർക്കും അത് രുചിക്കുകയില്ലന്ന് സുൽത്താൻ കണക്കാക്കിയതുതന്നെയാണ് ഇത് ആരുടേയും കണ്ണിൽപെടാതെ സൂക്ഷിക്കുവാൻ കാരണം. ആദ്യം കാണാനിടയായ ഏതോ ദ്രോഹി തനിക്കഹിതമായ കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഏടുകൾ നശിപ്പിക്കുകയായിരിക്കാം ചെയ്തത്. എങ്കിലും അവ

ശേഷിച്ച ഭാഗങ്ങളിൽ പലതും സുൽത്താനെക്കുറിച്ചറിയുവാനും അദ്ദേഹത്തിൻെറ നിശ്ചിതമായ ആദർശനിഷ്ഠയെ സ്ഥിരീകരിക്കുവാനും ഉതകുന്നവയാണ്,

മുഹമ്മത് തുഗ്ലക്ക് കലീഫയുടെ അംഗീകാരം തൻെറ രാജസ്ഥാനത്തിന് ലഭിക്കുവാൻ വളരെ സാഹസപ്പെട്ടുവെന്ന് നാം പറഞ്ഞതാണ്. കലീഫയുടെ പ്രതിപുരുഷൻ ഡൽഹിയിൽ വരുന്നതുവരെ ഈദു് നമസ്കാരംപോലും നീട്ടിവെച്ചെന്ന് ബരാണി എഴുതുന്നു [16] ബദർ ചാച്ചയുമിത് പ്രതിപാദിക്കുന്നു. പേരിനുമാത്രമായവശേഷിച്ചിരുന്നതും ഈജിപ്തിൽ, മംഗോളാക്രമണത്തിൽനിന്നും രക്ഷ തേടി അഭയംപ്രാപിച്ചിരുന്നതുമായ അക്കാലത്തെ കലീഫയുടെ അംഗീകാരം സുൽത്താനെപ്പോലെ ഒരു വലിയ സാമ്രാജ്യത്തിൻെറ അധിപതിക്കാവശ്യമായിരുന്നില്ല. എന്നിട്ടും വിശ്വാസത്തിനെ തിരായി ഒന്നും ചെയ്യാതിരുന്ന അദ്ദേഹം ഇസ്ലാമികശക്തിക്കാവശ്യം വേണ്ട ഒരു മഹൽപ്രസ്ഥാനമായി ഇതു കണക്കാക്കിയിരുന്നതാണ് അതിനു കാരണം. ഇത് ഒന്നുകൂടി വ്യക്തമാകും, ബാൽബനുമുമ്പുള്ള സുൽത്താന്മാരെക്കുറിച്ച് അദ്ദേഹത്തിൻെറ പരാതി വായിക്കുമ്പോൾ. 'പ്രവാചകൻ കാണിച്ചുതന്നതും, മുസ്ലീം സമുദായത്തിൻെറ വർദ്ധനവിന് നിദാനമായതുമായ ശരിയായ ഇമാമിനെ (കലീഫ) പിൻതുടരുകയെന്നത് ജനഹൃദയങ്ങളിൽ നിന്നും മാഞ്ഞിരിക്കുന്നു. ആര് തപോവന്ദ്യനായ ഈ ഗുരുവിനോട് (ഇമാം) അനാദരവ് കാണിക്കുന്നുവോ അവൻ തീർച്ചയായും ഇസ്ലാമിൻെറ പട്ടികയിൽനിന്നും നീക്കപ്പെടുകയും ചെയ്യും' [17] (കലീഫയുടെ അംഗീകാരം വരുന്നതുവരെ വെള്ളിയാഴ്ച നമസ്കാരം നിർത്തി വെച്ച സുൽത്താനിൽനിന്നല്ലാതെ ഇത്തരം ഒരു പരാമർശം ഒരിക്കലുമുണ്ടാകുകയില്ല. എന്തുകൊണ്ടാണ് താൻ ഈ നാമമാത്രമായവശേഷിച്ചിരുന്ന കലീഫയുടെ ആശീർവാദത്തിന്നാശിച്ച

16. Tarikh–i–Firozshai–P. 492
17. Vide Mohamed Bin Tughlak Nama

തന്നെ ന്നത് സ്പഷ്ടമാക്കുന്നതോടുകൂടി ഇത് ചെയ്യാതി രുന്ന കാലഘട്ടത്തിന്റെ നേരെ രോഷാകുലനാകുകകൂടി ചെയ്യുന്നുണ്ട്. ഇതെഴുതിയത് ഈ സുൽത്താൻതന്നെയായി രുന്നുവെന്നുള്ളതിന് ഇതിനുമേലെ എന്ത് തെളിവുകളാ ണ് ഇനി വേണ്ടത്?

ഇതിനൊക്കെ ഉപോൽബലകമാണ് പിൻഗാമിയായ ഫി റോസ് തുഗ്ലക്കിന്റെ ആത്മകഥാകഥനം. ബേബർ ചക്രവർ ത്തി 'ബേബർ നാമ' എന്ന ഓർമ്മക്കുറിപ്പുകളെഴുതിയത് അദ്ദേ ഹത്തിന്റെ മുത്തച്ഛനായ തീമൂറിനെ അനുകരിച്ചാണെന്ന് ലൈൻപൂൽ രേഖപ്പെടുത്തുന്നു [18] 'തുസുക്കീജഹാംഗീരി' എഴുതിയ ചക്രവർത്തി ജഹാംഗീർ തന്റെ മുത്തച്ഛനെയായി രിക്കണം മുന്നിൽ കണ്ടിരുന്നത്. ഡൽഹി സുൽത്താന്മാരിൽ ആരും ആത്മകഥകളിതിന്നു മുമ്പെഴുതിയിട്ടില്ലാത്തപ്പോൾ ഫിറോസ് തുഗ്ലക്കതെഴുതിയത് അദ്ദേഹം തന്റെ വിവരമുള്ള മുൻഗാമിയെ അനുകരിച്ചാണെന്ന് വ്യവഹരിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. പ്രത്യേകിച്ച് മേലുദ്ധരിച്ച കാര്യങ്ങൾ കൂടി ഒന്നിപ്പിച്ച് ചിന്തിക്കുമ്പോൾ മറിച്ചു സംഭ വിക്കുക അസാദ്ധ്യമാണെന്നുകൂടി പറയേണ്ടതായിവരും.

ഏതായാലും മഹാനായ ഈ ചക്രവർത്തിയെ പൊതി ഞ്ഞിരിക്കുന്ന മാറാലകൾ കുറേയധികം മാറുവാൻ ഉപകരി ക്കുമായിരുന്നു ഇത് അതിന്റെ പൂർണ്ണാവസ്ഥയിൽ ലഭ്യ മായിരുന്നുവെങ്കിൽ. നിർഭാഗ്യവാനായ ചരിത്രവിദ്യാർത്ഥി ഇനിയും കാലങ്ങൾ ഒരുപക്ഷേ കാത്തിരിക്കേണ്ടതായിവ ന്നാലും ഇന്നല്ലെങ്കിൽ നാളെ സത്യം സത്യമായി പുലരുക പ്രകൃതിയുടെ ധർമ്മനീതി ശാസ്ത്രങ്ങളാണ്. കണ്ടെടു ത്തിട്ടുള്ള ഈ ഏടുകൾ നിശ്ചയമായും സുൽത്താന്റെ ആ ദർശനിഷ്ഠയേയും സഹജാവബോധത്തേയും പ്രകാശനം ചെയ്യുന്ന അനർഘമായ സമ്പത്താണെന്നതിൽ തർക്കമില്ല. പക്ഷേ അവ ഉപയോഗപ്പെടുത്തേണ്ട രൂപത്തിൽ ഉപയോ ഗിച്ചാൽ തീർച്ചയായും ഈ ചെറിയ താളുകൾ നമുക്ക് അദ്ദേ ഹത്തെക്കുറിച്ചുള്ള പഠനത്തിന് വളരെ ഉപകരിക്കുമെന്ന് നിശ്ചയമാണ്.

---

18. Lanepoole–Babur

## അദ്ധ്യായം എട്ട്

# മഹാനായ ധിക്കാരി

തുഗ്ലക്ക് മുഹമ്മത് ഇന്നും ചരിത്രത്തിലെ ഒരാനപ്രേതമാണ്. കഴിഞ്ഞകാല ഇൻഡ്യയുടെ സാമൂഹിക സാംസ്കാരിക ചരിത്രത്തിൽ അനർഘമായ വ്യക്തിമുദ്ര പതിച്ച ഈ സുൽത്താൻ ചരിത്രകാരൻമാരുടെ പഴിക്കും വിദ്യാർത്ഥികളുടെ പുഛത്തിനും, മാത്രം പാത്രീഭൂതനായി കഴിയുക ചരിത്രാഭാസമല്ലേ. ഇന്നലെയുടെ സാംസ്കാരിക രാഷ്ട്രീയചരിത്രത്തിലെ മുഖ്യഘടകങ്ങളെ അർഹിക്കുന്ന സ്ഥാനം നല്കി ആദരിച്ചില്ലെങ്കിൽ തീർച്ചയായും നാം ആ കാലഘട്ടത്തിലെ ഇൻഡ്യൻ സാമൂഹത്തോടും അവരുടെ സംസ്കാരത്തോടും ചെയ്യുന്ന കനത്ത ദ്രോഹമായിരിക്കും. കാരണം സമഷ്ടിയുടെ സ്തൂലാവിഷ്ക്കരണമാണല്ലോ ചരിത്രമഹാത്മാക്കൾ. അവരുടെ ഉയർച്ച സമൂഹത്തിൻെറ ഉയർച്ചയായും അവരുടെ തകർച്ച സമൂഹത്തിൻെറ തളർച്ചയായും തീരുക ചരിത്രയാഥാർത്ഥ്യങ്ങളാണെങ്കിൽ നിശ്ചയമായും, ഉൽക്കർഷത്തിൻെറ മഹത്തായ ഒരദ്ധ്യായം നാം അപകർഷമാക്കി അധഃപതിപ്പിക്കുകയാണ് തുഗ്ലക്ക് മുഹമ്മതിനെക്കുറിച്ച് നിലവിലുള്ള പ്രതിപാദനരീതികൊണ്ട്. ഇത്തരം ചരിത്രവങ്കത്തങ്ങൾ നമ്മുടെ മഹൽസംസ്കാരത്തോടും നമ്മുടെ വന്ദ്യരായ പൂർവ്വികരോടും ചെയ്യുന്ന അപരാധവും കൂടിയാകും. ആ നിലയ്ക്കെങ്കിലും അർഹതയുള്ളത് അർഹിക്കുന്നവർക്ക് നൽകേണ്ടതു വെറും നീതിമാത്രമാണ്

മുഹമ്മതു തുഗ്ലക്ക് ജീവിച്ചിരുന്ന കാലഘട്ടത്തിൻെറ പ്രത്യേകസ്വഭാവങ്ങൾ ചിലയിരുത്തി പഠിക്കവാൻ മിനക്കെ

ട്ടാൽ, തീർച്ചതന്നെ, എന്തുകൊണ്ടാണ് അദ്ദേഹം അക്കാല ത്തെമിക്ക എഴുത്തുകാരുടേയും പഴിക്ക് വിധേയനായതെന്നു മനസ്സിലാകും. ലോകത്തെമ്പാടും നിലവിലിരുന്ന ദൂഷ്യ ങ്ങളിൽ പ്രധാനമായതായിരുന്നു മദ്യപാനം, ഇസ്ലാം സുരാ പാനം നിഷിദ്ധ്യമാക്കിയെന്നും അതു വിജയകരമായി നടപ്പി ലാക്കിയിരുന്നെന്നും കൊട്ടിഘോഷിക്കപ്പെടാറുണ്ട്. ആദ്യ ഘട്ടങ്ങളിൽ മതാവേശം നൈമിഷികമായ സുഖാനുഭൂതികളെ യൊക്കെവെന്ന് വിജയക്കൊടി നാട്ടിയിരുന്നെന്നത് പരമാർ ത്ഥംതന്നെ. പക്ഷേ മതം സ്വാർത്ഥമോഹികളായ രാജാ ക്കൻമാരുടേയും പ്രഭുക്കൻമാരുടേയും പണ്ഡിതൻമാരുടേ യും കയ്യിൽ അകപ്പെട്ട് വീർപ്പുമുട്ടാനധിക കാലം പിടി ച്ചില്ല. ചേതോഹരമായ ഐസ്ലാമികാശയങ്ങൾ ദൂരീകൃതമാ യതിന്നു പുറമേ മററനവധി അനിസ്ലാമികപ്രവണതകൾ മു സ്ളീംകളുടെ ജീവിതങ്ങിൽ സ്ഥാനം പിടിക്കുകയും ചെ യ്തിരുന്നു. അങ്ങിനെ തുഗ്ലക്ക് മുഹമ്മതിന്റെ കാലം ആയ പ്പോഴേക്കും മദ്യപാനം സാർവ്വത്രികമായി. വീഞ്ഞുതുളു മ്പുന്ന പാനപാത്രവും, ഒഴിയുന്ന ചഷകത്തിൽ വീണ്ടും. നിറക്കുവാൻ സുന്ദരികളായ സ്ത്രീജനങ്ങളും, മദാലസമായ പശ്ചാത്തലവും ഒക്കെയാണ് അക്കാലത്തെ ചിത്രകലകള ധികവും. ബാൽബനും, അലാവുദ്ദീനും തുഗ്ലക്ക് മുഹമ്മ തിന്നുമുമ്പ് വിഞ്ഞുകുടി നിയമംമൂലം നിരോധിച്ചവ രാണ്. പക്ഷേ ഇൻഡ്യൻ പ്രഭുവർഗ്ഗത്തിന്റെ സുഖഭോ ഗേഛ ഏതു നിയമത്തേയും മറികടക്കത്തക്ക ധിക്കാരസ്വഭാവ ത്തോടുകൂടിയതായിരുന്നു.

മററൊരു ദുഷ്ടമായ സ്ഥിതിവിശേഷം, അടിമക ളേയും വെപ്പാട്ടികളേയും സൂക്ഷിക്കുകയെന്നതായിരുന്നു. ഓരോ ചക്രവർത്തിയും പ്രഭുവും അവരുടെ പദവിക്ക് യോജ്യമാംവിധം അന്തഃപുര സ്ത്രീകളുടെ എണ്ണം വർദ്ധിപ്പി ച്ചിരുന്നു. ലൈംഗികാരാജകത്വത്തിനും മാംസദകത്തങ്ങളുടെ അഴിഞ്ഞാട്ടത്തിനും രംഗം എവിടേയും ഒഴിഞ്ഞുകിടന്നു. ഇവയ്ക്കൊക്കെ മകുടം ചാർത്തുന്ന മററൊരു വൈകൃതമാ യിരുന്നു സമൂഹത്തിൽ ഒരുതരം നപുംസകങ്ങളെ വളർത്തി

യെടുത്തിരുന്ന സ്ഥിതി. അവരെ ഷണ്ഡൻമാർ എന്ന് വിളിച്ചിരുന്നു. അടിമക്കമ്പോളത്തിൽ ഇക്കൂട്ടർക്ക് കൂടുതൽ വിലകിട്ടുമെന്നതുകൊണ്ട് ധാരാളം നപുംസകങ്ങൾ ഈ നാട്ടിലുണ്ടായി. ലൈംഗികവിചാരമോ ആസക്തിയോ ഇവർക്കുണ്ടായിരുന്നില്ല. അതിനാൽ, ഇവർ 'യജമാനൻമാരെ' കൂടുതൽ വിശ്വസ്തതയോടുകൂടി സേവിക്കുന്നു. അന്തഃപുരത്തിലെ നൂറുകണക്കിന് സ്ത്രീകളുടെ കാവൽക്കാരെന്ന നിലയിൽ ഇത്തരക്കാരെയാണ് ഉപയോഗിച്ചിരുന്നത്. ഇതിനു പുറമെ ഏതു തരത്തിലും ഉള്ള അടിമകളെ കമ്പോളസാധനങ്ങളെപ്പോലെ സമം വാങ്ങുകയും സാദ്ധ്യമാകുമായിരുന്നു. ഫ്യൂഡൽ ഭൂസ്വപ്രഭുത്വത്തിന്റെ അധഃപതനത്തോടുകൂടി ഈ വൈകൃതങ്ങൾ സമൂഹത്തിന്റെ ആചാരസമ്പ്രദായവും സമുദായത്തിന്റെ അംശവും ആയിത്തീർന്നിരുന്നു. അങ്ങിനെ വീഞ്ഞും വീണയും വിലാസിനികളും അവരുടെ സംരക്ഷണത്തിനുള്ള രാജാക്കന്മാരും ഷണ്ഡൻമാരും ഇതിന്റെയൊക്കെ യജമാനൻമാരായ ജന്മിവർഗ്ഗവും സൃഷ്ടിച്ചിരിക്കാവുന്ന ആചാരാഭാസങ്ങൾ ചിന്തിക്കുകയാണ് ഭേദം. ഇതോടനുബന്ധമായി ഓർക്കേണ്ട മറ്റൊരു സംഗതികൂടിയുണ്ട്. മുസ്ലീം പ്രഭുക്കളെന്നു പറയുമ്പോൾ മുസ്ലീം വൈദികരേയും പണ്ഡിതൻമാരേയും വേറെ കാണുവാൻ സാദ്ധ്യമല്ലെന്നതാണത് മിക്കവാറും മുസ്ളീം പണ്ഡിതൻമാർ അതാതുകാലത്തെ പ്രഭുക്കളുമായിരുന്നു. അപ്പോൾ ജൻമികളെ എതിർക്കുവാനൊരുമ്പെടുന്ന ഒരു മുസ്ലീംചക്രവർത്തി ഒപ്പം ഫ്യൂഡൽ സമ്പ്രദായത്തേയും മുസ്ളീം പൗരോഹിത്യത്തേയും എതിർക്കേണ്ടതായി വന്നുകൂടിയിരുന്നു. കാരണം ഇവ രണ്ടും രണ്ടായിരുന്നില്ല. അലാവുദ്ദീന്റെ തൊട്ടുമുമ്പുള്ള കാലഘട്ടത്തിന്റെ സ്വഭാവത്തെ ചൂണ്ടി സമകാലിക ചരിത്രകാരൻ സിയാവുദ്ദീൻ ബരാണി പറയുന്നത് 'പ്രഭുക്കൻമാർ ഒരു കാലത്തുമില്ലാത്തത്ര പൊങ്ങച്ചക്കാരും സുഖാഡംബരങ്ങളിൽ ആകൃഷ്ടരുമായിരുന്നു. ഒരു പ്രാവശ്യം ധരിച്ച് പിന്നെ കൂടിയ വസ്ത്രങ്ങൾ പിന്നീടൊരിക്കലും അവർ അണിയുമായിരുന്നില്ല '' അങ്ങിനെ രാഷ്ട്രീയാധികാരവും കുന്നുകൂടിയ ധന

വും ഇവയെയെല്ലാം താലോലിച്ച് മദാലസരായ പ്രഭുവർഗ്ഗവും തലതിരിഞ്ഞ ഒരു വൈകൃതലോകത്തിന് പിറവി കൊടുത്തു.

ഇത്തരം സമൂഹത്തെയാണ് മുഹമ്മത് തുഗ്ലക്കിന് നേരിടേണ്ടതായിവന്നത്. അദ്ദേഹമാകട്ടെ നിലവിലിരുന്ന ഈ ചീത്തസ്വഭാവങ്ങളെ അവജ്ഞയോടുകൂടി വീക്ഷിച്ചിരുന്ന സൽസ്വഭാവിയായിരുന്നു. വ്യക്തിജീവിതത്തിൽ ഏററവും നിഷ്കൃഷ്ടമായി സന്മാർഗ്ഗസദാചാര നിഷ്ഠകളനുഷ്ഠിച്ചിരുന്ന സുൽത്താൻ സാമൂഹ്യപരിഷ്ക്കർത്താവിൻെറ നിലയിലേയ്ക്കുയർന്നപ്പോൾ പ്രഭുവർഗ്ഗമിടഞ്ഞു. മതശാസനകളുടേയോ, മറേറതെങ്കിലും പ്രത്യയശാസ്ത്രങ്ങളുടെയോ മറപററിനിന്നു അവരുടെ ഹീനകൃത്യങ്ങൾക്ക് ന്യായീകരണം കൊടുക്കുവാനും അവർക്കസാദ്ധ്യമായിരുന്നു. കാരണം, ഈ സുൽത്താൻ പണ്ഡിതനും, വിവേകിയും വിജ്ഞനുമായിരുന്നു. അങ്ങിനെ തങ്ങളുടെ ഒന്നും സുൽത്താൻെറ അടുക്കൽ പററുന്നില്ലെന്നു വന്നപ്പോൾ അവരത്രയും അദ്ദേഹത്തെ ശപിക്കുകയും ശകാരം വർഷിക്കുകയും ചെയ്തു. അതാണ് അവർക്കെല്ലാവർക്കും ഈ സുൽത്താൻ രക്തമോഹിയും ഭ്രാന്തനുമൊക്കെയായത്.

ഒഴുക്കിന്നെതിരെ നീന്തി കരപററിയവർ ദുർല്ലഭമാണ് ചരിത്രത്തിൽ. അത്തരം ദുർല്ലഭം പേരിൽ ഒരാളാണ് മുഹമ്മത് തുഗ്ലക്ക്. ഈ വക സ്വഭാവവൈകൃതങ്ങളുണ്ടായിരുന്ന മുസ്ലീം സമൂഹം അവരുടെ പ്രഭുത്വവും അധികാരദുരയും നിലനിർത്തുവാൻ, രാഷ്ട്രീയാവകാശവും മേന്മയും സ്വായത്തമാക്കിയിരുന്നു. ഹിന്ദുപ്രഭുത്വത്തിനെ രാഷ്ട്രീയവും സാമ്പത്തികവുമായ ഉയർച്ചയിൽനിന്നും തടഞ്ഞുനിർത്തുവാനും സ്വാർത്ഥതാല്പര്യത്തിനു വേണ്ടി അധികാരത്തിൻെറ കുത്തക ഭേസുവാനും ഇവർ ഉപാധിയാക്കിയിരുന്ന ഉപകരണം മതത്തേയും വർഗ്ഗീയവാദത്തേയുമാണ്. അങ്ങിനെ മുസ്ലീം പ്രഭുത്വത്തിൻെറ മറെറാരു പ്രത്യേകത അവരുടെ മതഭ്രാന്തും, വർഗ്ഗീയതയുമായിരുന്നു. എന്നാൽ

മുഹമ്മത് തുഗ്ലക്കാകട്ടെ, ഇസ്ലാമിൻെറ സഹിഷ്ണുതയും സാർവ്വലൌകികസ്വഭാവവും ഉൾക്കൊണ്ട മഹാനായിരുന്നു. അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ ഒരു ജ്യോതിർഗോളം കണക്കെ അധഃപതിച്ച ഈ സമൂഹത്തിൽ ഒററയായി അദ്ദേഹം പ്രകാശിച്ചു. തൻെറ രാജധർമ്മം പ്രജകളെയെല്ലാം ഒരുപോലെ പരിരക്ഷിക്കുന്നതിലാണെന്നും, ഉദാത്തമായ മതസഹിഷ്ണുത ഉദീരണം ചെയ്യുന്നതിലാണെന്നും, ആ മഹാനറിയാമായിരുന്നു. അങ്ങിനെ സാംസ്കാരികഉദ്ഗ്രഥനവും മതസഹിഷ്ണുതയുടെ സാർവ്വത്രികത്വവും, സാഹോദര്യത്തിൻെറ സൌഹൃദവും, ഇവിടെ വിളയണമെന്നു കരുതി ബോധപൂർവ്വം പ്രവൃത്തിച്ച മഹാനായിരുന്നു ഈ ചരിത്രപുരുഷൻ. അദ്ദേഹം വിതച്ച സൗഹൃദത്തിൻെറ വിത്ത് വളർന്ന് പന്തലിച്ചതായിരുന്ന അക്ബറുടെ കാലം. പെട്ടെന്നൊരു ദിവസം അക്ബർ ഒരു മതാചാര്യനായതല്ല. അനുസ്യൂതമായി ഇവിടെ പ്രവഹിച്ചുകൊണ്ടിരുന്ന സാംസ്കാരികസംഘാതത്തിൻെറ സാക്ഷാൽക്കാരം കണ്ടതായിരുന്നു 'ദീനി ഇലാഹി'. അതിൻെറ പ്രചോദകൻ ദാർശനിക ചക്രവർത്തിയായ മുഹമ്മത് തുഗ്ലക്കായിരുന്നു.

പക്ഷേ അദ്ദേഹത്തിൻെറ വിശാലമായ മതവീക്ഷണവും തദ്വാരായുള്ള പരിഷ്കാരങ്ങളും മുസ്ലീം പൗരോഹിത്യ പ്രഭുത്വത്തെ ചൊടിപ്പിച്ചു. അവർ എതിരിടാൻ വാളെടുത്തു. ലഹളയുടെ കൊടിക്കൂറയുയർത്തി. ധീരനായ സുൽത്താൻ നിർദ്ദാക്ഷിണ്യം ഇവയെ അടിച്ചമർത്തി തൻെറ ആദരണീയമായ ഭരണസംവിധാനം നടപ്പാക്കി. ഇതൊക്കെ കൊണ്ടാണ് സമകാലികരുടെ സംഘടിതമായ എതിർപ്പിന്നു അദ്ദേഹം ഇരയായത്. പക്ഷേ ഇന്ന് നമുക്ക് ഇത്തരം സൽപ്രവൃത്തികളെ വിലവെക്കാവുന്നതേയുള്ളു. അതിന് നാം തുനിഞ്ഞില്ലെങ്കിൽ മാനുഷികമൂല്യങ്ങൾ പോലും തകരാറിലാകും.

സദാചാര സാൻമാർഗ്ഗികമൂല്യങ്ങളെ സാർവ്വത്രികമായി നിഷേധിച്ചിരുന്ന കുത്തഴിഞ്ഞ ഒരു സമൂഹത്തെ

ധീരതയോടുകൂടി എതിരിട്ട്, സമകാലികരുടെ മുഴുക്കെ പഴിക്ക് പാത്രീഭൂതനായ സുൽത്താൻ തീർച്ചയായും മഹാനായ ഒരു ധിക്കാരിയാണെന്നതിൽ സംശയമില്ല. കാലത്തിന്റെ ഗതിക്കൊത്ത് കോലംകെട്ടി, മഹത്വത്തിന്റെ പന്തിയിലേക്ക് കയറിവന്നിട്ടുള്ളവർ ദുർല്ലഭമല്ല ചരിത്രത്തിൽ ഗത്യാത്മകമായ മാററങ്ങൾക്കുവേണ്ടി വിപ്ലവവീര്യമൂറുന്ന ധീരപ്രവൃത്തികൾ ചെയ്ത് ചലനംസൃഷ്ടിച്ച മത്മാക്കൾ, അവർ ജീവിച്ചിരുന്ന സന്ദർഭങ്ങളിൽ സമകാലീനരുടെ ശകാരത്തിനും ശിക്ഷക്കും പാത്രീഭൂതരായിട്ടുള്ളവരാണ്. സോക്രട്ടീസും, കോപ്പർ നിക്കസ്സും, ബേക്കനും തുടങ്ങി നിരവധി മഹാത്മാക്കൾ സ്ഥിത്യാത്മക സമൂഹത്തിന്റെ ക്രൂരമായ മർദ്ദന വേദികളിൽ ക്രൂശിക്കപ്പെട്ടവരാണ്. എന്നാലും അവർ പഠിപ്പിച്ച പാഠങ്ങളും, അവർ ചിന്തിയ ചോരയും, അവർ നടത്തിയ ജീവത്യാഗങ്ങളും, അവർ വിതച്ച വിപ്ലവവിത്തുകളും വൃഥാവിലായിട്ടില്ലെന്ന് ചരിത്രവിദ്യാർത്ഥികൾക്കറിയാം. മുഹമ്മത് തുഗ്ലക്ക് പരമാധികാരിയായ ഒരു ചക്രവത്തിയായിരുന്നതുകൊണ്ട് മററാർക്കും ശിക്ഷിക്കുവാൻ സാധിച്ചില്ലെന്നുമാത്രം. കൊലപാതക ശ്രമങ്ങളേയും, ഗൂഢാലോചനകളേയും തകർത്ത് തരിപ്പണമാക്കുവാൻ സാധിക്കുകയും ചെയ്തു. ജീവിച്ചിരുന്നപ്പോൾ ഭരണാധിപനായിരുന്നതുകൊണ്ട് കാര്യമായി അദ്ദേഹത്തെ ഉപദ്രവിക്കുവാൻ ഒക്കാത്തവരും ലഹളക്കൊരുങ്ങി പരാജിതരായവരും, അദ്ദേഹത്തിന്റെ മരണശേഷം ആഭിചാരവാക്കുകൾകൊണ്ട് ചീത്തവിളിക്കുകയും തേജോവധം നടത്തുകയുമാണ് ചെയ്തത്. മററുള്ള മഹാത്മാക്കളുടെ കാര്യത്തിലെന്നതുപോലെ തുഗ്ലക്ക് മുഹമ്മതിന്റെ സൽപ്രവൃത്തികൾ കൂടുതൽ ധധ്യമാകാതിരിക്കുകയില്ല. പ്രകൃതിയുടെ സുനിശ്ചിതവിശേഷമതാണെന്നതുകൊണ്ടുതന്നെ. കൂടുതൽ കൂടുതൽ മഹത്വത്തോടുകൂടി പ്രകാശമാനമായി അവ പ്രശോഭിക്കുമെന്നതിൽ സംശയത്തിന്നവകാശമില്ല. മഹത്വത്തിന്റെ അമൂല്യസംഭാവനകളെ മനസ്സിലാക്കുവാൻ കുറെയേറെ സമയം വേണ്ടിവരുമെന്നു മാത്രം. എന്നു കരുതി അവ വിസ്മരിക്കപ്പെടാറുമില്ല. അതത്രേ മുഹമ്മത് തുഗ്ലക്കെന്ന മഹാപുരുഷന്റെ സ്ഥിതിയും

# BIBLIOGRAPHY


1. Administration of the Sultanate of Delhi — Dr. Istiaq
2. Administration of the Sultans of Delhi — U. N. Day
3. Agrarian system in ancient India — Moreland
4. An advance History of India — Dr. Roy Chaudry
5. Alberuni's India–Translation — Sad[illegible]u
6. Ancient India — Macrindle
7. Ancient India — R. C. Majumdar
8. A description of the Coasts of East Africa & Malabar — Barbosa
9. Administration of Sultanate of Delhi — J. H. Qureshi
10. Administration and Justice in Medieval India — M. B. Ahmed
11. Akbar – ul – Akhiar — Abdul Haq Delhav[illegible]
12. Beginning of South Indian History — S. Krishnaswam Iyengar
13. Bernier's Travel Archibald Constable
14. Cambridge History of India Vols. I, II, III
15. Coins of Madras Museum catalogue No. II
16. The Coins and Metellurgy of the Sultans of Delhi — Wright Nilson
17. The Coins of India — C. J. Brown
18. A concise history of Indian people — H. G. Rawlinson

19. Delhi — Past and present — Faushawe
20. Education in Muslim India — S. M. Jafar
21. Elliot and Dowson Vol III
22. Elliot and Dowson Vol IV
23. Ferishta — Briggs
24. Futuwa – i – Jahandari — Ziauddin Barni
25. Futuh Salatin — Isami
26. Futuwa i – Firoshai Firozshah
27. A History of Freedom Movement Vol I — R. C. Majumdar
28. History of Freedom Movement Vol I — Dr. Tarachand
29. Historical Journal series — M. U. Aligarh
30. History of India Vol II. —Prof. Neelakanta Sastri
31. Histroy of India —Elphinstone
32. History of Muslim Rule —Dr. Iswariprasad
33. History of the Sultanate —Dr. Sreevasthav
34. Histroy of India —Elliot
35. A Histroy of South India K. A. N. Sastri
36. History of the rise of Mohammedan Power in India—J. Biggs
37. History of India —Sinha and Banerji
38. A History of Quraunah Turks —Dr. Iswariprasad
39. Historical inscription of Southern India—Robert Sewell
40. Indian Muslims – A political History — Ram Gopal
41. Indian Pandits in the land of snow — S. C. Das
42. Influence of Islam on Indian culture — Dr. Tarachand
43. Kas aid of Badar Chach — Badruddeen
44. Massalik – ul – Absar wa Mamalik – ul – Ambar—Alumeri
45. Medieval Indian History — Elphin stone
46. Medieval Hstory of India — K. A. Nizami

47. Medieval India — S. M. Jafar
48. Munshath–ul-Mahad —Aimul Mulk Multani
49. Muntakabt–u–Tawarikh — AbdulKadir Badauni
50. Oxford history of India — V. A. Smith
51. A Political and cultural history of India — R. Satyanathaier
52. Religion and politics of Medieval India — K. A. Nizami
53. Rise and fall of Mohamed Bin Tuglak— Dr. MehdiHussain
54. Some aspects of Muslim Administration — Dr. Iswariprasad
55. Some aspects of Muslim administration — Dr. Tripati
56. Studies in Medieval Indian history — K. A. Nizami
57. TabqatiNassiri Minhaju siraj
58. Tarikh–i–Ferozshai — Z. Barni
59. Tarikh –i– Ferozshai — Shamsi Siraj Afif
60. The travels of Idn Battuta — H. R. A. Gibb
61. Tarikhi Mubarak shai — Ahmed Sirhindi
62. Tuqluk Nama (Trans) — Pro. Habeeb
63. Tipu Sultan M. H. Khan
64. The wonders of the East — Col. H. Yule
65. What happened in History — Gorden Childe
66. Introduction to history — Ibn Kaldun (Trans) France Rossenthal

# മലയാളം

67. കേരള ചരിത്രം — കെ. ദാമോദരൻ
68. കേരളം നൂററാണ്ടുകൾക്കുമുമ്പ് — പി.എ. സെയ്തുമുഹമ്മദ്
69 സഞ്ചാരികൾ കണ്ട കേരളം ,,
70 ചരിത്രകേരളം ,,

71. കേരളവും ബുദ്ധമതവും — എസ്സ്. ശങ്കു അയ്യർ

72. കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ
— ഇളംകുളം കുഞ്ഞൻപിള്ള

73. കേരളം മലയാളികളുടെ മാതൃഭൂമി — ഇ. എം. എസ്സ്.

74. അമ്പലംവിഴുങ്ങി — സി. കെ. നമ്പൂതിരി

75. ഖിലാഫത്ത് സ്മരണകൾ
—മോഴിക്കുന്നത് ബ്രഹ്മദത്തൻ നമ്പൂതിരി

76. കേരളം അറുനൂറുകൊല്ലങ്ങൾക്കുമുമ്പ്
—വേലായുധൻ പണിക്കശ്ശേരി

77. ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ —പണിക്കശ്ശേരി

78. ഇൻഡ്യാ ചരിത്രത്തിന് ഒരു മുഖവുര —സി. കെ. കരീം

79. ശക്തൻതമ്പുരാൻ —പുത്തേഴത്ത് രാമൻമേനോൻ